032.3M792.12
GO

032:3M792:12 GO
MENON
MUL
066853

Madras University Library.

DOCTRINA VIM PROMOVET INSITAM

Call Number 032:3M792:12 Go

Accession Number 66853

Available for loan from

This book should be returned on or before the date last marked below.

15 AUG 1948
1 MAR 1949
28 [illegible]
8 NOV 19[illegible]
8 FEB 1951
27 JUN 1951
19 FEB 1954

61

# വിക്രമനീതി.

ഗ്രന്ഥകർത്താവ്:

## വി. ടി. ശങ്കുണ്ണിമേനോൻ.

പത്മാവതി, മനോഹര കഥകൾ, രസികൻ കഥാവലി
മുതലായവയുടെയെല്ലാം കർത്താവ്.)

UNIVERSITY ... 16 MAR 1932 ... MADRAS

**FIRST EDITION.**

1000 Copies.

CALICUT:

VIDYA VILASAM PRESS, CALICUT.

**1930.**

വില അണ 12.

66853

16 MAR 1932
MADRAS

# പ്രസ്താവന.

“ഉരുളയ്ക്കുരുളയ്ക്ക് ഉപസ്തരിക്കുക,” “തൊഴുമ്പോൾ, തൊഴുമ്പോൾ അനുഗ്രഹിക്കുക,” അതുപോലെതന്നെ ഒരേ സഞ്ചികയിൽ തന്നെയുള്ള പുസ്തകങ്ങൾ പുറപ്പെട്ടമ്പോഴൊക്കെയും ഓരോ പുതുപ്രസ്താവന അല്ലെങ്കിൽ അവതാരികയെഴുതുക, ഇവയൊക്കെതന്നെയും, കൂടിയേ കഴിയൂ എന്ന ഇനത്തിൽപെട്ടവയല്ലെന്നു മാത്രമല്ല അനാവശ്യ കാര്യങ്ങളാണെന്നു കൂടിയിരിക്കെ, സൽകഥാസഞ്ചികയിൽപെട്ട ഈ പുസ്തകത്തിന്നും ഒരു പുതുപ്രസ്താവന എഴുതുവാൻ ചില പ്രത്യേക കാരണങ്ങളുണ്ട്.

നാടകാരംഭത്തിൽ രംഗപ്രവേശനം ചെയ്ത സൂത്രധാരൻ, തൽകർത്താവിനേയും കൃതിയേയും കുറിച്ചു സമഷ്ടിയായി പ്രസ്താവിച്ച്, ശേഷംഭാഗം അഭിനയം കണ്ട് സ്വാഭിപ്രായം രൂപീകരിപ്പാനായി കാണികളെ വിടുംപോലെ ഞാനും, ഈ സഞ്ചികയിലെ 1-ം, 2-ം നമ്പർ പുസ്തകങ്ങളുടെ പ്രസ്താവനകളിൽ, ഇതിന്റെ ആവിർഭാവഹേതുവും, കൃതിയുടെ സമ്പ്രദായങ്ങളും മററും വിവരിച്ചെഴുതുകയുണ്ടായിട്ടുണ്ട്. സൽകഥാസഞ്ചിക 1-ം, 2-ം നമ്പർ പുസ്തകങ്ങൾ വെളിക്കിറങ്ങിയ ഉടനേയാണ്, ഏതാണ്ട് ഈ മാതിരിതന്നെ മാസംതോറും ഓരോ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുവാനുറച്ചുകൊണ്ട് നോർമ്മൻ പുസ്തകശാലക്കാരും ഒരു പുതുപ്രസിദ്ധീകരണം തുടങ്ങിയത്. നോ

മ്മൻ പുസ്തകശാലക്കാരും കഥകൾക്ക് പ്രാഥമ്യം നൽകിക്കണ്ടതിനാൽ ഞങ്ങളുടെ രണ്ടു കൂട്ടരുടേയും ഉദ്ദേശ്യം ഏതാണ്ട് ഒന്നുതന്നേയായിരുന്നു. അതുകൊണ്ടു സൽക്കഥാസഞ്ചിക നോർമ്മൻ പ്രസിദ്ധീകരണത്തോട് ഏകീകരിപ്പിക്കാമെന്ന ഉദ്ദേശത്തോടെ, സൽകഥാസഞ്ചികയിലെ 3-ാം നമ്പറായി ഞാനെഴുതി ആ അച്ചുക്കൂടത്തിൽ അച്ചടി തുടങ്ങിയ ശ്രീദേവീരാഘവം, നോർമ്മൻ പുസ്തകശാലക്കാർ ആവശ്യപ്പെട്ടപ്രകാരം, അവരുടെ 2-ാം പുസ്തകമായി പ്രസിദ്ധീകരിക്കയാണുണ്ടായത്. ഈ വിവരങ്ങളെല്ലാം ശ്രീദേവീരാഘവത്തിലെ എന്റെ പ്രസ്താവനയിൽ വിശദമാക്കിയിട്ടുമുണ്ട്. പക്ഷേ നോർമ്മൻ പുസ്തകശാലക്കാർ അവരുടെ പ്രസിദ്ധീകരണം തൽക്കാലത്തേക്ക് നിർത്തിക്കാണ്കയാൽ, എന്റെ സൽകഥാസഞ്ചിക വീണ്ടും മുമ്പേത്തെപ്പോലെ ഞാൻ സ്വന്തമായിത്തന്നെ തുടരുവാൻ നിശ്ചയിച്ചിരിക്കുന്നു. തൽഫലമായി, ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന ഈ പുസ്തകവും, അതിന്റെ പൂർവ്വഗാമികളേപ്പോലെതന്നെ എന്റെ മാന്യ വായനക്കാർ സ്വീകരിപ്പാനും, ഇതിന്നു നേരിട്ട ദീർഘിച്ച കാലവിളംബത്തെപററി അന്യഥാ ധരിക്കാതെ, അനന്യസഹായിയായ എനിക്ക് മാപ്പുതരുവാനും ഞാൻ ഒന്നാമതായി സവിനയം അപേക്ഷിച്ചുകൊള്ളുന്നു.

ഏതൽസഞ്ചികയിലെ 1-ാം പുസ്തകത്തിന്റെ അവതാരികയിൽ സാമാന്യമായും, 2-ാം പുസ്തകത്തിൽ പ്രത്യേകിച്ചും തുറന്നുപറഞ്ഞിട്ടുള്ളപോലെതന്നെ ഈ കഥയും അതേ മഹാകവിയുടെ മറെറാരു നാടകത്തെ ആസ്പദ

മാക്കി എഴുതീട്ടുള്ളതാണ്. ഇത് വീണ്ടും പറയുന്നത്, ഇതിന്റെ പൂർവ്വഗാമിയായ ശ്രീദേവീരാഘവത്തിന്റെ പ്രസ്താവനയിൽ, അത് കുമരനല്ലൂർനിന്നു തുടർച്ചയായി പുറപ്പെടുന്ന സല്ക്കഥാസഞ്ചികയിലെ 3-ാമത്തെ പുസ്തക മായുദ്ദേശിക്കപ്പെട്ടെഴുതിയത ണെന്നു ഞാൻതുറന്നു പറക യുണ്ടായിട്ടും, അതിനാൽ ഞാൻ നിർദ്ദേശിച്ചിട്ടുള്ളതെന്തെന്നോ, അവയിൽ പ്രസ്താവിച്ചിട്ടുള്ളതെന്തെന്നോ ഒന്നും തന്നെ അന്വേഷിപ്പാനൊ ആലോചിപ്പാനൊ, ക്ഷമയും, നിരൂപകന്മാരുടെ ഉത്തരവാദിത്വബോധവുമില്ലാത്ത ചി ലർ പറഞ്ഞാക്ഷേപിച്ചാശ്വസിച്ചപോലെ, ഈ പുസ്തക വും, "ഇതാ ഷേക്സ്പിയർ മഹാകവിയുടെ മറെറാരു നാട കത്തെ ആസ്പദിച്ചെഴുതിയ"താണെന്നൊരു പുതിയ കണ്ടുപിടുത്തവും പ്രഖ്യാപനം ചെയ്ത് സാഹിത്യലോ കത്തിൽ ഒരു നവീന കുളംബസ്സിന്റെ സ്ഥാനം ലഭ്യമായെന്നു ചാരിതാർത്ഥപ്പെടേണ്ടതില്ലെന്നറിയിപ്പാ നാണ്. അന്യഭാഷയിലെ വിശിഷ്ടകൃതികളെ ആസ്പദ മാക്കി ഇത്തരം വിവർത്തനങ്ങൾ അല്ലെങ്കിൽ അനുകര ണങ്ങൾ എഴുതുമ്പോൾ, അവയുടെ മൂലമിന്നതാണ്, അതിൽനിന്നു ഇന്നിന്ന വ്യതിചലനങ്ങളെല്ലാം ചെയ്തി ട്ടുണ്ടു, എന്നും മററും ഗ്രന്ഥകാരൻ സ്വയം മുന്നോട്ടു ണഞ്ഞു പറയുന്നത്, രംഗപ്രവേശം ചെയ്ത നടൻ, താനിപ്പോൾ കെട്ടിയ വേഷമിന്നതാണ്; വാസ്തവത്തി ൽ താൻ അംഗീകരിച്ച വേഷമല്ലാ തന്റേത്; നേരെ മ റിച്ച് തന്റെ കുലനാമങ്ങളെല്ലാം ഇന്നിന്നവയാണ്; ഈ വേഷംകെട്ടുമ്പോൾ താൻ ഇന്നിന്നവിധത്തിലുള്ള വേ

ഷപ്പകൎച്ചകളെല്ലാം ചെയ്തിട്ടുണ്ടു; എന്നും മററും സ്വാശയപ്രഖ്യാപനം ചെയ്യുമ്പോലേയുള്ള ഒരു വിഡ്ഢിത്വമാകയില്ലേ, എന്നുകൂടി ഞാൻ സംശയിക്കുന്നതിനാലാണ്, ഇത്തരം വേഷപ്പകൎച്ചക്കൊരുങ്ങുമ്പോൾ, ഉള്ളു കള്ളി മുഴുവനും പുറത്തിടുവാൻ സങ്കോചിക്കുന്നത്. എന്നാൽ മാന്യന്മാർ അപഹരണക്കുററമാരോപിക്കാതിരിപ്പാൻ വേണ്ടിയാണ് ആരംഭത്തിൽ ഇതൊരു അനുകരണമാണെന്നു പ്രസ്താവിച്ചതും. ഈ വിവൎത്തനരീതിയിൽ ഉള്ള ഔചിത്യാനൌചിത്യങ്ങളെക്കുറിച്ചു അഭിജ്ഞന്മാർ നിഷ്പക്ഷമായി തരുന്ന സൎവ്വ ഉപദേശങ്ങളും ഞാൻ സവിനയം സ്വീകരിക്കുന്നതും മേലിൽ എഴുതുമ്പോൾ അവ നല്ലതിന്മണ്ണം ശ്രദ്ധിക്കുന്നതുമാകുന്നു.

എന്റെ മററുചിലപുസ്തകങ്ങളേപ്പോലെ ഈസഞ്ചികയിലെ 1-ം,൨-ം പുസ്തകങ്ങൾ മദ്രാസ് പാഠ്യപുസ്തകക്കമ്മററിക്കാർ അംഗീകരിച്ചിരിക്കുന്നുവെന്നും കൃതജ്ഞതാപൂൎവ്വം പ്രസ്താവിച്ചുകൊള്ളട്ടെ. അതുപോലെതന്നെ ഈ സഞ്ചികയിൽപെടുന്ന മററുപ്രസിദ്ധീകരണങ്ങളും, മേലാൽ അവരും, കൊച്ചി, തിരുവിതാംകൂർ, ഈ സംസ്ഥാനങ്ങളിലെ പാഠ്യപുസ്തകക്കമ്മററിക്കാരും അംഗീകരിക്കുമെന്നും വിശ്വസിക്കുകയും, പൊതുജനങ്ങൾ എന്റെ പ്രസിദ്ധീകരണങ്ങൾക്കു കിട്ടുമാറുള്ള അനുഭാവം മേലിലുംഅവരിൽ നിന്നു പ്രതീക്ഷിക്കയും, അതിന്നായി അവരോടു നന്ദി പറകയും ചെയ്തുകൊള്ളുന്നു.

എന്നു ഗ്രന്ഥകൎത്താവ്.

---

ഈ സഞ്ചികയിലെ ഇനിയത്തെ പുസ്തകത്തിന്റെ പേർ "സ്ലഥാവിക്രമം" എന്നു. ൯ കുന്നും

# വിക്രമനീതി.

## പ്രധാന കഥാപാത്രങ്ങൾ.

മാനവിക്രമനെന്ന സാമൂതിരിപ്പാട്ടു തമ്പുരാൻ.

പാറാപരമേശ്വരൻനമ്പി. } തമ്പുരാന്റെ മന്ത്രിമാർ.
മങ്ങാട്ടച്ചൻ. }

കൈതമനെ ഗോവിന്ദൻകുട്ടി നായര്.

കേശവൻ നായര്.

ഗുരുവായൂരമ്പലത്തിലെ മേൽശാന്തി നമ്പൂതിരി.

,, കീഴ്ശാന്തി നമ്പൂതിരി.

കൊത്തുവാൾ, (ഒരു രാജകീയോദ്യോഗസ്ഥൻ.)

കൈതമനെ ഇട്ടിച്ചിരുതേയി എന്ന ഉണിച്ചിരിക്കുട്ടി.

തലശ്ശുന്നവരുടെ മകൾ മാധവിക്കുട്ടിയമ്മ.

കുന്നത്തിലക്ഷ്മിഅമ്മ (ഗോവിന്ദൻകുട്ടിയുടെ അനുരാഗ ഭാജനം.)

ഒരു അന്തർജ്ജനം.

ഭൃത്യന്മാർ, ഭടന്മാർ, നായന്മാർ, രാജസേവന്മാർ, ഭജനക്കാർ മുതലായവർ.

# ശുദ്ധപത്രം.

| ഭാഗം. | വരി. | അബദ്ധം | സുബദ്ധം |
|---|---|---|---|
| 19 | 8 | കുതിരയോടെന്ന | കുതിരയെന്ന |
| 22 | 5 | ഗോപ | ഗോപ്യ |
| 34 | 10 | പതിക്ക | നിപതിക്ക |
| 47 | 3 | തതന്റെ | തന്റെ |
| 53 | 14 | ഐഹികത്തി | ഇഹത്തി |
| | 25 | വശി | വശ്യ |
| 54 | 17 | സന്തോഷിച്ച്. | (കുത്ത് വേണ്ടാ) |
| 57 | 18 | തന്നെ | തന്റെ |
| 62 | 1 | സ്വച്ഛന്ദ | സ്വച്ഛന്ദം |
| 64 | 12 | ധാരി | ധാരിണി |
| ,, | ,, | യുവതികളെ | യുവതികളുടെ |
| 73 | 1 | വിഢി | വിഡ്ഢി |
| 75 | 3 | സ്വാഗതി | സ്വാഗത |
| 82 | 22 | അദേഹം | അദ്ദേഹം |
| 47 | 7 | എഴുന്നള്ളി | എഴുന്നള്ളി |
| 106 | 20 | ഔമ്മ | ഓമ്മ |
| 108 | 22 | നിഷ്ക്കരുഷണം | നിഷ്ക്കരുണം |
| 119 | 2 | എന്നെള്ളുന്നു | എഴുന്നള്ളുന്നു |
| 126 | 11 | പചറവാൻ | പറവാൻ |
| 129 | 11 | വഴിയുന്നത്. | പൂർണ്ണവിരാമംവേണ്ട |
| 142 | 24 | നമ്പയോട് | നമ്പിയോട് |
| 144 | 18 | ,ഉദ്വ്രത്ത | ഉദ്വൃത്ത |
| 146 | 17 | പലതെല്ലാം | ചിലതെല്ലാം |
| 151 | 18 | വീയിൽ | വീഥിയിൽ |
| 164 | 10 | നടിച്ചിന്ന | നടിച്ചിരുന്ന |

16 MAR 193
MADRAS

# വിക്രമനീതി.

## അദ്ധ്യായം I

മാനവിക്രമന്മാരുടെ വാളിന്റെ മൂർച്ചപോലെതന്നെയായിരുന്നു അവരുടെ ഭരണതന്ത്രനൈപുണ്യവും എന്നതിന്നു പല ചരിത്രലക്ഷ്യങ്ങളുമുണ്ട്. ഒടുവിലത്തെ ചേരമാൻ പെരുമാളുടെ കേരളവിഭജനത്തിൽ "കൊടകോഴിക്കോട്ടും ചുള്ളിക്കാട്ടും കോഴികൂകിയാൽ കേൾക്കുന്ന സ്ഥലവും" മാത്രം കിട്ടി, പോരാത്തതൊക്കെ വെട്ടിപ്പിടിച്ച് രാജ്യവിസ്തൃതി വരുത്തിക്കൊൾവാനുള്ള അനുമതിയോടുകൂടി, അനുഗ്രഹവാചാ സിദ്ധിച്ച വാളിന്റെ മൂർച്ചകൊണ്ട് മാത്രം, ഈ കേരളത്തിലെ ഒട്ടു മിക്ക ഭാഗവും തങ്ങൾ നേരിട്ടും, മറ്റു ഭാഗങ്ങളുടെ ഭരണകർത്താക്കളെക്കൊണ്ട് മേൽക്കോയ്മ സമ്മതിപ്പിച്ചും, അനവധി കാലം സകല മാമാങ്കത്തിലും നിലപാടു നിന്നുകൊണ്ടും, ഇങ്ങിനെ എത്രതാനും നൂറാണ്ടുകളോളം യാതൊരു മറുകോയ്മക്കും തല താഴ്ത്താതെയും, അന്തഃഛിദ്രങ്ങളേതും ഉത്ഭൂതമാകാതേയും ഒരു വംശപരമ്പരയിലെ രാജാക്കന്മാർക്ക് ഭരിപ്പാൻ സാധിച്ചുവെന്നു, ഏത് അപരിഷ്കൃത രാജ്യക്കാരുടെ ഇടയിലും സംഭാവ്യമല്ല. വാസ്കോഡിഗാമ മുതൽ പേർ വന്ന കാലത്തും കേരളത്തിലെ പ്രധാന രാജാവ് സാമൂതിരിപ്പാട് തന്നെയെന്നും രാജാവിന്റെ അധികാരം കേരള

ത്തിൽ മിക്ക ഭാഗത്തും വ്യാപിച്ചിരുന്നുവെന്നും അവരുടെ എഴുത്തുകളിൽനിന്നും നമുക്കറിവാനിടവന്നിട്ടുണ്ടല്ലൊ.

മാനവിക്രമന്മാരെ, രാജ്യാതിൎത്തി വൎദ്ധിപ്പിക്കുവാൻ അവരുടെ മൂൎച്ചയേറിയ വാാം സഹായിച്ചിട്ടുണ്ടെങ്കിൽ, ആ കിട്ടിയ രാജ്യത്തെ സമാധാനകരമായ ഭരണത്തിന്നു സഹായിച്ചത് അവരുടെ സുപ്രസിദ്ധനയചാതുരി ഒന്നു മാത്രമായിരുന്നു. കൌടില്യന്റെ അൎത്ഥശാസ്ത്രപ്രകാരം രാജാക്കന്മാൎക്കു നൂതനരാജ്യങ്ങൾ സമ്പാദിപ്പാനുള്ള വഴി യാലോചിക്കുന്നതിനേക്കാൾ കിട്ടിയതിനെ സംരക്ഷിപ്പാനുള്ള "ലബ്ധപ്രശമന"മെന്ന പ്രകരണമത്രെ അധികം ശ്രദ്ധേയമായിട്ടുള്ളത്. അങ്ങിനെ വെട്ടിപ്പിടിച്ച രാജ്യത്തെ നയംകൊണ്ടു ഭരിപ്പാൻ ശക്തിയില്ലാഞ്ഞാൽ, വന്നവെള്ളം നില്ക്കുന്ന വെള്ളത്തേയും കൂടികൊണ്ടുപോകുമെന്നപോലെ, ഒടുവിൽ തങ്ങളുടെ പൂൎവ്വസ്വംകൂടി നശിച്ചുപോകുന്നതും ലോകത്തിൽ അപൂൎവ്വമല്ലല്ലൊ.

ഇങ്ങിനെ ബാഹുവീൎയ്യംകൊണ്ടും നയചാതുരികൊണ്ടും ഏകദേശം ഏഴെട്ടു ശതാബ്ദകാലത്തോളം കേരളത്തിൽ, അധിപതിയ നാഥന്മാരായി വാണ സാമൂതിരിസ്വരൂപത്തിൽ ഈ കഥാരംഭകാലത്ത് പ്രസിദ്ധനായ ഒരു നയകോവിദനായിരുന്നു രാജ്യം ഭരിച്ചുവന്നത്. ഇദ്ദേഹം സ്ഥിരവാസമാക്കിയിരുന്ന വെന്മയനാട എന്ന ദിക്ക് ഗുരുവായൂർ ക്ഷേത്രത്തിൽനിന്നു സുമാറ നാലു നാഴിക തെക്കുകിഴക്കായിട്ടാണ്.

പാശ്ചാത്യ കച്ചവടസംഘക്കാരുമായി യോജിച്ച് കൊച്ചി രാജാക്കന്മാർ തങ്ങളുടെ ശക്തി വൎദ്ധിപ്പിക്കാൻ

ശ്രമിച്ചുവരുന്ന ആ കാലങ്ങളിൽ തെക്കൻ അതിർത്തിക ളിൽ പല യുദ്ധങ്ങളും വേണ്ടിവരികയാൽ മിക്ക സാമൂതി രിപ്പാടന്മാരും തങ്ങളുടെ തലസ്ഥാനം കോഴിക്കോട്ടുനി ന്നു തെക്കോട്ടു നീക്കി, വെന്മയനാട, ചാവക്കാട, തൃശ്ശിവ പേരൂർ, ചെമ്പലങ്ങാട, പൊന്നാനി എന്നീ സ്ഥലങ്ങളി ലാക്കിയിട്ടുണ്ടെന്നുള്ള വസ്തുതയും കേരളചരിത്രാന്വേഷി കൾക്ക പുത്തരിയല്ല.

സ്ഥാനാരോഹണം സിദ്ധിച്ച മുതൽ അല്പകാലം സ്വപൂർവ്വികന്മാരെപ്പോലെതന്നെ കഥാനായകനായ മാ നവിക്രമ തമ്പുരാനും, ശത്രുക്കളുടെ നിരന്തരാക്രമണം കൊണ്ട് സ്വസ്ഥമായിരിപ്പാൻ സാധിച്ചിട്ടില്ല. എങ്കി ലും അവിടേക്ക മൂപ്പ് കിട്ടിയ ഉടൻ സ്വയം പോൎക്കള ത്തിലിറങ്ങി അദ്ദേഹം തന്റെ ബഹുവീൎയ്യം ശത്രുക്കൾക്ക ബോദ്ധ്യപ്പെടുത്തി കൊടുക്കുകയും തന്റെ ആ വാസം ത ന്നെ കോഴിക്കോട്ടുനിന്നു തെക്കമാറി ശത്രുക്കൾക്കടുത്താ യി വെന്മയനാട് എന്ന മേൽ പ്രസ്താവിച്ച ദിക്കിലാക്ക കയും ചെയ്കയാൽ, പുറമെയുള്ള ശല്യങ്ങൾ ക്ഷണത്തിൽ അവസാനിച്ചു. അതിനാൽ അവിടുത്തെ ദീൎഘവാഴ്ചകാ ലം പ്രജകൾക്ക തുലോം സമാധാനപരമായിരുന്നുവെന്നു തന്നേ പറയാം.

പോൎക്കളത്തിലെത്തിയാൽ അജയ്യ വീൎയ്യപരാക്രമ ങ്ങൾ കാണിക്കുംപോലെ തന്നെ സമാധാനമുള്ള കാലങ്ങ ളിൽ സ്വപ്രജാവൃന്ദത്തിന്റെ നീതിധൎമ്മാനുഷ്ഠാനങ്ങ ളിലും, അവരിൽ സാധു ജനങ്ങളുടെ കുശലാന്വേഷണ ങ്ങളിലും, അവിടുത്തെ ശ്രദ്ധ പതിഞ്ഞിരുന്നു. അതുകൊ

ണ്ടാണ് അവിടുന്നു ചെറുപ്പത്തിൽത്തന്നെ ബഹുജനങ്ങളുടെ പ്രീതിക്കും ബഹുമാനത്തിന്നും പാത്രീഭവിച്ചു, അവിടുത്തെ സംബന്ധിച്ചിടത്തോളം മഹാരാജാ എന്ന പേര് അർത്ഥവത്താക്കിത്തീർത്തതു.

വെന്മയനാട് വാണ മാനവിക്രമ സാമൂതിരിപ്പാട തമ്പുരാന്റെ ഭരണനൈപുണ്യത്തെ ദൃഷ്ടാന്തീകരിപ്പാൻ പല ഐതിഹ്യങ്ങളും അപ്രദേശത്തുകാർ പറഞ്ഞുവരാറുള്ളതിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണ് ഈ പുസ്തകത്തിലെ കഥാവസ്തു.

ആ തമ്പുരാന്റെ ചെറുപ്പത്തിൽ ഒരുനാൾ തമ്പുരാൻ തന്റെ ആസ്ഥാനത്ത് എഴുന്നള്ളിയിരുന്ന പ്രധാനമന്ത്രിയായ മങ്ങാട്ടച്ചനെ വിളിച്ചിപ്രകാരം അരുളിച്ചെയ്തു.

തമ്പു—രാജ്യഭരണതന്ത്രത്തിലെ രഹസ്യങ്ങൾ നാം പറയാതെതന്നെ ഗ്രഹിക്കത്തക്ക ബുദ്ധിശക്തി മങ്ങാടന്നുമുണ്ടല്ലോ. അമ്മാമന്മാരെക്കൂടി നേർവഴിയിലൂടെ നയിച്ച് അവരുടെയെല്ലാം പ്രീതി സമ്പാദിച്ച മങ്ങാടനോട് ഒന്നുംതന്നെ നാമുപദേശിക്കുന്നില്ല. നിങ്ങളുടെയെല്ലാം പ്രാപ്തികൊണ്ടാണ് നമുക്ക് ശത്രുക്കളെയെല്ലാം കീഴടക്കി സമാധാനത്തോടെ രാജ്യം ഭരിക്കാൻ സാധിക്കുന്നത് എന്ന് നമുക്കെന്നപോലെ മററുള്ളവർക്കറിയാം. ഈ രാജ്യനിവാസികളുടെ സ്വഭാവവും, നമ്മുടെ രാജ്യത്തിലെ ഭരണവ്യവസ്ഥകളും, നീതി മുറകളും എല്ലാം ഭവാനറിയാമല്ലോ. അതിനാൽ നമുക്ക് അടിയന്തരമായി ഒരിടത്തേക്ക് ഒന്നു പോകേ

ങ്ങളുള്ളതുകൊണ്ട് അല്പകാലത്തേക്ക് നമ്മുടെ സൎവ്വാധികാരങ്ങളും ഏല്പിച്ച് നാം മടങ്ങിവരുന്നത് വരെ യാതൊരു ദോഷവും തട്ടാതെ ഈ രാജ്യം പരിപാലിപ്പാൻ നമ്മുടെ പ്രതിനിധിയായി_ആരവിടേ? നീ പോയി പരമേശ്വരനെ ഇങ്ങു കൂട്ടിക്കൊണ്ടുവാ—(ആജ്ഞ കേട്ടാറെ ഒരു പരിചാരകൻപോയി) പരമേശ്വരനെ ഏല്പിച്ചാലൊ? നമ്മുടെ പരിപൂൎണ്ണാധികാരവും അവനിൽ ഏല്പിക്കുന്നതായാലെങ്ങിനെയിരിക്കുമെന്നാണ് മങ്ങാടന്റെ അഭിപ്രായം? നാം ആലോചിച്ചുറച്ചിട്ടുള്ളത് ആയാളെ നമ്മുടെ സൎവ്വശക്തികളോടുംകൂടി ഭരണാധികാരം ഏല്പിപ്പാനാണ്. ചില പ്രത്യേക കാരണങ്ങളാൽ, നാം ഇല്ലാതിരിക്കുന്നകാലത്ത് രാജ്യഭാരം നമ്മുടെ പേൎക്ക് നടത്തുവാൻ, പരമേശ്വനെ ഏല്പിപ്പാനാണ നാം തല്ക്കാലം തീരുമാനിച്ചിരിക്കുന്നത്. നമ്മുടെ രാജകീയാജ്ഞയും പ്രജാവാത്സല്യവും എന്നുവേണ്ട നമ്മുടെ രാജ്യത്ത് നാം നടത്തുന്ന എല്ലാ അധികാരാവകാശങ്ങളും മടങ്ങിവരുംവരെ അവനിൽ സമൎപ്പിപ്പാനാണ് നാം വിചാരിക്കുന്നത്. അതിനെക്കുറിച്ച് മങ്ങാടന് എന്തു തോന്നുന്നു?

മങ്ങാ—ഈ മലയാഴ്മയിൽ അങ്ങിനത്തെ അധികാരവും മാന്യതയും ആരെങ്കിലും അൎഹിക്കുന്നുണ്ടെങ്കിൽ അത് പരമേശ്വരൻ നമ്പിയാണെന്നാണ് അടിയന്റെ പഴമനസ്സിൽ തോന്നുന്നത്. "അതാ പരമേശ്വരൻ നമ്പിയും വരുന്നു"_ എന്നുപറഞ്ഞ് തിരിഞ്ഞുനോക്കിയപ്പോഴേക്ക് പാറപരമേശ്വരൻ നമ്പിയെന്ന തമ്പുരാ

ന്റെ യുവമന്ത്രിപ്രവരനും അടുത്തണഞ്ഞ് യഥോചിതം
ഉപചാരാദികളോടെ തമ്പുരാനെ അഭിവാദ്യം ചെയ്തു.
പര—തിരുമനസ്സിലെ ആജ്ഞകൾക്കെപ്പോഴും അധീനനായ
അടിയൻ അവിടുത്തെ തിരുവുള്ളം ഗ്രഹിപ്പാനായി
ഇതാ വിടകൊണ്ടിരിക്കുന്നു.
തമ്പു—പരമേശ്വരാ,-സ്വപ്രകൃതിയും ചരിത്രവും ശരി
യാംവണ്ണം കാണികൾക്കറിവാൻ സാധിക്കുന്ന ഒരു
സ്വഭാവവിശേഷം നിന്നിലുണ്ട്. എന്നാൽ നിന്റെ
ആ ഗുണഗണങ്ങൾ, അവ നിന്നേയും നീ അവയേയും
മാത്രം അന്യോന്യം ആശ്രയിച്ച്, മററാക്കും യാതൊ
രു ഉപകാരവുമില്ലാതെ വൃഥാ കാലക്ഷേപം ചെയ്യുത്ത
ക്കവണ്ണം സ്വാത്ഥപരമാക്കിക്കളഞ്ഞുകൂടാ. ചൂട്ടിന്ന്
കാണ്മാൻവേണ്ടിയല്ല നാം ചൂട്ടിന്ന് തീ കൊളുത്തുന്ന
ത്. അതുപോലെതന്നെ ദൈവം തന്നെത്താൻ വെ
ളിച്ചം കാണുവാൻ വേണ്ടിയല്ലാ ഒരുവനെ ശോഭി
പ്പിക്കുന്നത്. നമുക്കെന്തെങ്കിലും ചില ഗുണങ്ങളുണ്ടാ
യാൽ ആ ഗുണം നമ്മിൽനിന്നും പുറമേയ്ക്കു് വ്യാപി
ക്കാത്തപക്ഷം നമുക്കതുണ്ടായിട്ടെന്തുഫലം? മഹാ
ന്മാരുടെ മഹനീയഗുണങ്ങളും പരോപകാരാത്ഥമുപ
യോഗപ്പെടുന്നില്ലെങ്കിൽ സ്തുത്യഹമായി തീരുന്നതല്ല
ല്ലോ. പ്രകൃതി ദേവിയും തന്റെ ഭണ്ഡാരം ഒരു ലുബ്ധ
യെപ്പോലെ മാത്രം അത്യാവശ്യമായ കാൎയ്യങ്ങൾക്കു
തുറക്കുമാറുള്ളൂ. അഥവാ വല്ലവക്കും കടമെന്നപോലെ
കൊടുക്കുന്നതായാൽക്കൂടിയും അത് ഉപയോഗപ്പെ
ടുത്താതെ, സിദ്ധമായ സൽഗുണങ്ങളെ പോഷിപ്പിച്ച്

ണ്ണിന്ന് പത്തുവീതം നന്ദിയോടെ മടക്കി ഉപകരിപ്പി ക്കുമെന്നവക്കേ താൻ സുലഭമായി ഗുണപ്രദാനം ചെ യ്യുമാറുള്ളൂ. നാമിത്രയെല്ലാം പറയുന്നത്, നമ്മുടെ പ്ര തിനിധിയായി, നാം അകലെപോകാൻ വിചാരിക്കു ന്നകാലത്ത് പ്രഖ്യാപനംചെയ്യാൻ വിചാരിക്കുന്ന ഒരു വനോടായതുകൊണ്ടാണ്. പരമേശ്വരന്ന് മനസ്സി ലായില്ലേ ? അതിനാൽ ഈ മലയാഴ്മയിലെ ക്രൌയ്യവും കാരുണ്യവും, നിൻെറ നാവിലും ഹൃദയത്തിലും വസി ക്കട്ടെ. പ്രായംചെന്ന മണ്ടാടൻ ഉപദേശത്തിൽ പ്ര ധമനെങ്കിലും അധികാരത്തിൽ നിൻെറ ദ്വിതീയനാ യുമിരക്കുന്നതാണ്.

പരമേശ്വരൻനമ്പി—ദയാലുവായ തിരുമേനി! ഇത്രയും മഹനീയവും അധികാര പൂൎണ്ണവുമായ ഒരു ത്രാപം അടി യനിൽ സമൎപ്പിതമാകുന്നതിന്നു മുമ്പായി അവിടുന്ന് അടിയൻെറ ലോഹം അതിന്നു പററിയതോ എന്നറി വാൻ ചില പരീക്ഷകൾ കൂടി നടത്തി തിട്ടപ്പെടുത്തേ ണ്ടതാണ്.

തമ്പു—ഇനി നമ്മുടെ നിശ്ചയത്തെ എത്രുംതന്നെ ഇള ക്കേണമെന്ന് വിചാരിക്കുന്നില്ല. നാം വളരെ ആലോ ചിച്ചും കരുതിക്കൂട്ടിയുമാണിപ്പോൾ നിന്നോടിങ്ങിനെ ആജ്ഞാപിക്കുന്നത്. അതിനാൽ ബഹുമതികളെല്ലാം സ്വീകരിച്ചു കൊൾക. നമുക്കു ഉടൻതന്നെ ഇവിടം വിടേണ്ടിവരുന്നകാൎയ്യം എത്രയും ഗുരുതരമായിട്ടുള്ള തും, നമ്മുടെ വേൎപ്പാട് എത്രയും വേഗത്തിലായിരിക്കേ ണ്ടതുമാകയാൽ അതിൻെറ കാരണവും അതിൻെറ

ആവശ്യവും പറവാൻ നില്ക്കാതെ യാത്രചെയ്യാൻ തന്നെ നാം മുതിൎന്നിരിക്കുന്നു. നാം നമുക്കു സൌകൎയ്യമായി തോന്നുന്ന സ്ഥലത്തുവെച്ചും സമയത്തും, നമ്മുടെ സുഖവൎത്തമാനത്തെ കുറിച്ചും മററും നിണക്കു് എഴുത്തുകൾ എഴുതുകയും ഇവിടെ എവ്വിധം നടക്കേണമെന്നുള്ള സംഗതികളെ കുറിച്ചു് വേണ്ടിവരുന്നപക്ഷം കല്പനകൾ അയക്കയും ചെയ്യാം. അതിനാൽ നീ സുഖമായി വാഴുക. നിന്റെ ഈ ഗുരുതരമായ കൃത്യം നീ ധൎമ്മാനുസൃതം അനുഷ്ഠിക്കുമെന്നും നാം വിശ്വസിക്കുന്നു.

പരമേ—എതായാലും തിരുമേനി, അവിടേക്കു മാൎഗ്ഗത്തിൽ വല്ലതും കൊണ്ടുവരുവാനെങ്കിലും അടിയന്നനുവാദം തരേണമേ.

തമ്പു—എന്റെവേഗത അതിന്നനുവദിക്കുന്നില്ല. എന്നു തന്നെയല്ല എന്റെ ആ വക സംഗതികളിൽ നീ യാതൊന്നും ശ്രദ്ധവെക്കേണ്ടതുമില്ല. ഇവിടത്തെ ഭരണത്തിലും നീ ഞാൻ തന്നെ എന്നനിലയിൽ വാണുകൊള്ളുക. എനിക്കുള്ള സൎവ്വാധികാരങ്ങളും നാം മടങ്ങിവരുന്നതുവരെ നിന്നിൽസമൎപ്പിക്കുന്നു. നീ ആത്മാൎത്ഥം നന്നെന്നു വിചാരിക്കുന്നമട്ടിൽ നമ്മുടെ രാജ്യത്തുള്ള നീതിമുറകൾ നടത്തുവാൻ-വേണ്ടിവന്നാൽ മാററിത്തീൎക്കുകപോലും ചെയ്യാൻ നാം നിന്നെ അധികാരപ്പെടുത്തിയിരിക്കുന്നു. എന്റെയാത്ര ഗോപ്യമായിക്കരുതേണ്ടതുമാണ്. എന്നാൽ ഞാൻ പോയിവരട്ടെ. നാം നമ്മുടെ പ്രജകളെ സ്നേഹിക്കുന്നുണ്ടെങ്കിലും അവരുടെ ദൃഷ്ടിയിൽ നമ്മെ ബഹുമാനിക്കത്തക്ക വിധത്തി

ൽ ഒരു അരങ്ങേററം കഴിക്കുവാനും, അവരുടെ ബഹുമാനസൂചകമായ ആഘോഷങ്ങാം കാണാനും കേഠംപ്പാനുംനെമുക്കിഷ്ടമില്ല. എന്നുമാത്രമല്ല ബുദ്ധിമാനും തൻെറ കൃത്യാനുഷ്ഠാനങ്ങളിൽ ശ്രദ്ധാലുവുമായ ഒരുവൻഇതെല്ലാം ഇഷ്ടപ്പെട്ടുമെന്നും നാം വിചാരിക്കുന്നില്ല. അതിനാൽ നാം ഇപ്പോഠം പിരിയുക. എന്നാൽ യാത്രയാകട്ടെ.

പര—ദൈവം അവിടുത്തെ ഉദ്ദേശ്യങ്ങളെ സഫലീകരിക്കട്ടെ.

മങ്ങാ—തിരുമേനിപോകുന്ന കാൎയ്യമെല്ലാം വിജയപ്രദമാക്കി അവിടുത്തെ മടക്കി അയക്കുവാൽ ദൈവമനുഗ്രഹിക്കട്ടെ.

„ഞാൻ നിങ്ങളോടു നന്ദിപറയുന്നു.'' എന്നും പറഞ്ഞ് തമ്പുരാൻ യാതൊരു പരിവാരങ്ങളേയും പിന്തുടരാനനുവദിക്കാതെ എങ്ങോട്ടോ എന്തിന്നോ എന്നൊന്നും അറിയിക്കാതെ രാജധാനിയിൽനിന്ന് മറകയും ചെയ്തു.

തമ്പുരാൻ ദൃഷ്ടിയിൽനിന്നും മറഞ്ഞ ഉടൻ മങ്ങാട്ടച്ചനും പാറനമ്പീശനും തങ്ങഠംക്ക് കിട്ടിയ ആജ്ഞാധികാരങ്ങളുടെ സ്വഭാവത്തെക്കുറിച്ച് തമ്മിൽ തമ്മിൽ വിചിന്തനം ചെയ്തുതുടങ്ങി.

മങ്ങാ—എനിക്ക് അവിടുത്തോട് എപ്പോഴും ഉഠംതുറന്ന് സംസാരിപ്പാനുള്ള സ്വാതന്ത്ര്യം തരേണമെന്ന് ഞാനങ്ങയോട് പ്രാൎത്ഥിക്കുന്നു. എൻെറ സ്ഥാനത്തെക്കുറിച്ച് എനിക്ക് ഗാഢമായാലോചിക്കേണ്ടിയുമിരിക്കുന്നു. എനിക്കെന്തോ ചില അധികാരങ്ങളെല്ലാമുണ്ട്.

എന്നാൽ അതിൻെറ ശക്തിയുടേയും സ്വഭാവത്തി ൻെറയും വ്യാപ്തിയെക്കുറിച്ച് യാതൊരറിവും കിട്ടിയിട്ടില്ല.

പാം.പര—ശരി. അതുപോലെ തന്നെയാണെനിക്കും. എൻെറ അധികാരസീമയും ക്ലിപ്തപ്പെടുത്തീട്ടില്ല. ആട്ടെ നമുക്കതിനെക്കുറിച്ചു എല്ലാം സാവധാനത്തിൽ ആലോചിച്ച് നിർണ്ണയിക്കാം.

മങ്ങാ—ഞാനിവിടുത്തെ കല്പന പ്രകാരം അനുഷ്ഠിപ്പാൻ തയ്യാറാണ്.

ഇത്രത്തോളം പറഞ്ഞ് അവർ തങ്ങളുടെ അന്നത്തെ സംഭാഷണമവസാനിപ്പിച്ചു.

---

## അദ്ധ്യായം II

ഭൂരിപക്ഷാഭിപ്രായ ഭരണസിദ്ധാന്തത്തിൽ സാമ്രാജ്യത്തിന്നാധിപത്യം വഹിച്ച ചക്രവർത്തി മുതൽ എളിയ കുടിലിലലഞ്ഞുനടക്കും യാചകൻവരെ, സർവ്വക്കും ഒരുപോലെ അനുസരണീയവും ആദരണീയവുമായിട്ടുള്ള ഒന്നാണ്, നീതി, അല്ലെങ്കിൽ നിയമം. ഈ ലോകത്തിൽ ഇതര രാജ്യങ്ങളിലുള്ളവർ കേവലം കാടന്മാരായി നടന്നിരുന്ന കാലത്തും ഭാരതീയർ നിയമബദ്ധരായിരുന്നു. മനുഷ്യർ കേവലം മാത്സ്യന്യായേന തന്നിൽ എളിയത് തനിക്കിര എന്ന നിലയിൽ വർത്തിച്ചിരുന്ന കാലത്ത് ഭൂരിപക്ഷസുഖത്തെ ലാക്കാക്കി ജനങ്ങളെ ഒത്തൊരുമിപ്പിച്ചിണക്കി ഭരിക്കുന്നതിനുള്ള ഏകോപായമായി വൈവസ്വതമനു,

ലോകാനുഗ്രഹാൎത്ഥം ഇദംപ്രഥമമായി ഗ്രഥിച്ച നിയമസമുച്ചയമത്രെ, മനുസ്മൃതി എന്ന നാമത്താൽ പാശ്ചാത്യരുടേയും പൌരസ്ത്യരുടേയും ആദ്യത്തെ നിയമനിൎമ്മാണത്തിലെ മാൎഗ്ഗദൎശിയായിത്തീൎന്നിട്ടുള്ളത്. പാശ്ചാത്യ നാഗരികത്വത്തിൻെറ അരുണോദയമായ ഗ്രീക്കുകാരുടെ പ്രജാധിപത്യഭരണസിദ്ധാന്ത സ്ഥാപനകാലത്തിലെ ആദിമനിയമനിൎമ്മാതാവായ „സോളൻ" പോലും തൻെറ നീതിനിൎമ്മിതിക്കു നമ്മുടെ പൌരാണികമനുസ്മൃതിയുടെ സഹായം അപേക്ഷിക്കയുണ്ടായിട്ടുണ്ട് എന്ന് ചരിത്രകാരന്മാർ ഉല്ഘോഷിക്കുന്നു. അന്നും ഇന്നും ഭാരതീയർ ഒരുപോലെ നിയമബദ്ധരാണ്. സ്വേച്ഛാധികാരപ്രമത്തരായ സാമ്രാട്ടുകൾപോലും നിലവിലുള്ള നിയമങ്ങളെ അതിലംഘിക്കുവാൻ സങ്കോചിച്ചിട്ടുണ്ട്. പ്രസ്തുത കഥാനായകനായ മലയാളത്തിലെ സാമൂതിരിപ്പാട് തമ്പുരാനും തൻെറ രാജ്യഭരണം കേവലം സ്വേച്ഛാധീനം മാത്രമാക്കിച്ചെയ്തിരുന്നില്ല. എന്നാൽ പലേടങ്ങളിലുമുള്ള നിയമത്തിൻെറ ക്രൂരങ്ങളായിത്തോന്നിയേക്കാവുന്ന പല ശിക്ഷാവിധികളും, പിതൃസന്നിഭനായ പ്രജാധിപൻെറ കരുണയേറിയ ഹൃദയത്തിലൂടെ ഒഴുകുമ്പോൾ കാഠിന്യവും കാൎക്കശ്യവും വിട്ട് ഒരുവിധം മൃദുലവും സഹ്യവുമായിത്തീരാറുള്ളതിനാൽ, അങ്ങിനത്തെ നിയമങ്ങളുടെ ഉഗ്രതയേതും അവിടുത്തെ പ്രജകൾ അറിയാറില്ലെന്നുതന്നെ പറയാമായിരുന്നു. എന്നാൽ, അവിടുത്തെ പ്രവാസത്തിൽ പുതുതായി ഭരണാധികാരം സിദ്ധിച്ച യുവാവും, അപരിപക്വഹൃദയനുമായ മന്ത്രിപുംഗവന്നാകട്ടെ

തമ്പുരാന്റെ ഹൃദയസംസ്കരണവും വിവേകവും ശൂന്യമായിരുന്നതിനാൽ, ഏട്ടിൽ കണ്ടതു് പ്രകാരം പ്രവൎത്തിപ്പാൻ മാത്രമെ ശേഷിയുണ്ടായിരുന്നുള്ളു. അതിനാൽ അദ്ദേഹം ചിരകാലമായുറങ്ങിക്കിടന്നിരുന്ന പല നിയമക്കടന്നലുകളേയും കൂടിളക്കി, അവയുടെ തീക്ഷ്ണതരങ്ങളായ കൊമ്പുകളുടെ മൂൎച്ച പ്രജാസമൂഹത്തെ അറിയിച്ചു തുടങ്ങി. രാജപ്രതിനിധിയുടെ ഭരണവൈശിഷ്ട്യത്തിന്റെ ഉഗ്രത ഒന്നാമതായനുഭവിയ്ക്കുമാറായതു് അപ്രദേശത്തെ ഒരു സൎവ്വസമ്മതനും അവിടുത്തുകാരാൽ വിശിഷ്ടനെന്നറിയപ്പെടുന്നവനുമായ കൈതമനെ ഗോവിന്ദൻകുട്ടിയെന്ന ഒരു നായർ യുവാവിന്നാണു്.

ഒരുനാൾ കാലത്തു് പുരവാസികളെല്ലാം കുളിയും ക്ഷേത്രത്തിൽ പോയി ദേവദൎശനം മുതലായതുമെല്ലാം കഴിച്ചു് തങ്ങളുടെ കുലജാതിമൎയ്യാദക്കനുസരിച്ചുള്ള ഓരോ തൊഴിലുകളിലേപ്പെട്ടിരിക്കുമ്പോൾ, വെൺമയനാട്ടു് രാജവീഥികളിലൊന്നിലൊരു കോണിലായി, ഒരു നായർ തറവാട്ടുകാരി എന്നു പറവാനും, എന്നാൽ വേഷഭൂഷാദ്യലങ്കാരങ്ങൾകൊണ്ടു്, അതിലും താണതരക്കാരിയെന്നു് കല്പിപ്പാനും വയ്യാത്തവളും, പ്രൌഢവയസ്കയുമായ ഒരു സ്ത്രീയും, അവളുടെ ഒരു സേവകനും മദ്ധ്യവയസ്കനുമായ ഒരു നായരും അയാളുടെ ചില അനുചരന്മാരുമായി അരമന രഹസ്യങ്ങളെക്കുറിച്ചുള്ള ചില അങ്ങാടിപ്പാട്ടുകളുടെ ശ്രുതിയാരംഭിക്കുകയായിരുന്നു.

നായർ പ്രധാനി—എന്തോ നീ കേട്ടുവെന്നു് പറഞ്ഞതു്?

സ്ത്രീ—കേൾക്കുകയല്ല കാണുകയും ചെയ്തു.

മറെറാരു നായർ__ആരാത് ? എന്തേ കണ്ടത് ?

സ്ത്രീ__എൻെറ കേശവൻ നായരേ, അതാ ആ കൈത മനെ ഗോവിന്ദൻകുട്ടിയെ ബന്ധനത്തിലാക്കിയിരിക്കുന്നു.

വേറൊരുനായർ__കൈതമനെഗോവിന്ദൻകുട്ടിയേയോ? എന്ത് ബന്ധനത്തിലോ? അങ്ങിനെ വരാൻതരമില്ല.

സ്ത്രീ__തരമില്ല. ശരിതന്നെ. പക്ഷെ ഞാനായാളെ വിലങ്ങുവെച്ചുകണ്ടു. അതാ, പട്ടക്കാര് കൊണ്ടുപോകുന്നതും കണ്ടു. അതിലേറെ കഷ്ടം, ഇനി മൂന്നു ദിവസത്തിലകത്ത് ആ ചെറുപ്പക്കാരൻെറ കഴുത്തു വെട്ടുവാനും കല്പനയായിരിക്കുന്നതാണ്.

കേശവൻ നായർ__ഈ വിസ്മയത്തരം എന്തു കേട്ടാലും ഞാനതു സമ്മതിക്കില്ല. ഇതിനെക്കുറിച്ച് നിണക്ക് നല്ല തീർച്ചയുണ്ടോ?

സ്ത്രീ__എനിക്ക് നല്ല തീർച്ചയുണ്ട്, എന്നു മാത്രമല്ല; അതിൻെറ കാരണം അക്കരപ്പാടത്ത് കുഞ്ഞിലക്ഷ്മിക്ക് ഗർഭമുണ്ടായതുമാണത്രെ !

കേശവൻനായർ__എന്നാലൊരുസമയം അങ്ങിനെയായിരിക്കാം. ഗോവിന്ദൻകുട്ടി നാലുനാഴികക്കുള്ളിലിങ്ങു വരാമെന്നെന്നോട് ഏററു പറഞ്ഞിരുന്നു. അവനെപ്പോഴും പറഞ്ഞവാക്ക് തെററിനടക്കയും പതിവില്ല.

ഒരു നായർ__ഓഹോ! എന്നാലിത് നമ്മൾ പറഞ്ഞ മട്ടിൽതന്നെ വന്നു ചേർന്നുവല്ലോ.

മറേറനായർ__അതേ! കേട്ടില്ലേ, ഇന്നാള ത്തെ കിണ്ണംമുട്ടലും ?

"ഏതായാലും നമുക്ക് പോയി സൂക്ഷ്മവത്തമാന മന്വേഷിച്ച് വരിക" എന്നും പറഞ്ഞു, ആ പുരുഷന്മാരെപ്പേരും നിരത്തില്പൂടെ കോവിലകം ഭാഗത്തേക്ക് പോയി.

അവർ പിരിഞ്ഞാറെ ആ വഴിയെ വരുന്ന തൻെറ ഒരു സേവകനായിരുന്ന മറെറാരു നായരോട്,

സ്ത്രീ—എന്താണെടോ, ആ കോലാഹലമെന്നത്? താനെവിടുന്നു വരുന്നു?

നാ—അതാ, ആ പോണ ആളെ കാരാഗ്രഹത്തിലേക്കാണ് കൊണ്ടുപോകുന്നത്.

സ്ത്രീ—ശരി, എന്താണായാൾ പ്രവൎത്തിച്ചത്?

നാ—ഒരു സ്ത്രീ—

സ്ത്രീ—ആയാളുടെ കുററം?

നാ—ആരും ഇറങ്ങിട്ടില്ലാത്ത കുളത്തിൽ പോയി കുളിച്ചു.

സ്ത്രീ—എന്ത്! കുഞ്ഞോടുംകൂടി ഒരു കന്യ ആയാളുടെ കൂടെയുണ്ടോ?

നായർ—ഇല്ല. കന്യാത്വം വിടാത്ത ഒരു സ്ത്രീയാണായാളുടെ കൂടെ. രാജകീയവിളംബരത്തെക്കുറിച്ചൊന്നും നിങ്ങൾ കേട്ടിട്ടില്ലേ?

സ്ത്രീ—എന്ത് വിളംബരം നായരേ!

നാ—ഈ വെന്മയനാട്ടെ ചുററും പുറമേയുമുള്ള സകല വീടുകളും നശിപ്പിക്കേണമെന്ന്.

സ്ത്രീ—നഗരത്തിലെയോ?

നാ—അവ വിത്തിന്നു വേണം. അവയും നശിപ്പിക്കുമായിരുന്നു. പക്ഷെ അപ്പോഴേക്കും കുറെ ജ്ഞാനിയായൊരു

പുരവാസി അതിന്നിടയിലുണ്ടാവുകകൊണ്ട് പ്രജക ൾ രക്ഷപ്പെട്ടു.

സ്ത്രീ—അതിനാൽ ഈ പുരിക്കു ചുററും, നമ്മുടേതുപോ ലെയുള്ള "സഹായസ്ഥലങ്ങ"ളെല്ലാം നശിപ്പിക്കേണ്ടി വരുമോ ?

നാ—തീർച്ചയായും ചുട്ടു വെണ്ണീറാക്കും.

സ്ത്രീ—ഇന്നാട്ടിൽ വല്ലാത്തൊരു വാഴ്ചതന്നെ, എന്നാൽ ഞാനെന്താണിനി ചെയ്യേണ്ടത്?

നാ—വത്സ, നിങ്ങൾ പേടിക്കേണ്ടാ. നല്ല ഉപദേഷ്ടാക്ക ൾക്കെപ്പോഴും കക്ഷികളുണ്ടാകാതെ വരില്ല. നിങ്ങൾ സ്ഥലം മാററിയാലും തൊഴിൽ നിർത്താൻ പോണ്ടാ. അതിനൊക്കെ ഞാൻ തന്നെ വഴിയുണ്ടാക്കിത്തരാം. നിങ്ങളീപ്രായംവരെ ഇവിടെത്തന്നെ ഇങ്ങിനെ കഴി ഞ്ഞുകൂടിയ സ്ഥിതിക്ക് നിങ്ങൾക്കൊന്നും യാതൊരു ദോഷവും വരുത്തുകയില്ല.

സ്ത്രീ—ഇനി എന്താണതിനു വേണ്ടത്? നമുക്കേതായാലും ഇവിടുന്ന് വീട്ടിലേക്കു പോകം.

നാ—അതാ, വരുന്നു ഗോവിന്ദക്കുട്ടിനായരെ മുൻനടത്തി ക്കൊണ്ട് കൊത്തുവാൾ. അതാ, അവരുടെ പിന്നിൽ കുഞ്ഞിലക്ഷ്മി എന്ന പെൺകിടാവും ! ഞാനും ഒപ്പം പോരാം. തദനന്തരം അവർ രണ്ടു പേരും ആ സ്ത്രീയു ടെ വസതിയിലേക്കു കയറിപ്പോയി.

# അദ്ധ്യായം III

രാജ്യനിയമത്തിന്നധീനന്മായി മരണശിക്ഷക്ക വിധിക്കപ്പെട്ട കൈതമനെ ഗോവിന്ദക്കുട്ടിയെന്ന യുവാവിനേയുംകൊണ്ട് കൊത്തുവാളും പട്ടക്കാരും രാജപാതയിലൂടെ പോകുന്നതിനിടയിൽ നാലുഭാഗത്തുനിന്നും പൌരജനങ്ങൾ കാണുമ്പോൾ കഷ്ടം വെച്ചും, അനുകമ്പാസൂചകമായോരോന്ന് തങ്ങളിൽ നോക്കിപ്പറഞ്ഞും, തങ്ങളുടെ ആർദ്രത അപരാധികളെന്നു വിധിക്കപ്പെട്ട ഈ ദമ്പതിമാരിൽ പ്രദർശിപ്പിക്കുന്നുണ്ടെങ്കിലും, അത്രത്തോളം അഭിമാനിയായ ഗോവിന്ദൻകുട്ടിനായക്ക് മനസ്സുല്യം വർദ്ധിച്ചു വരികയാണുണ്ടായത്. ഒടുവിൽ ആയാൾ കൊത്തുവാളോടായി,

"എന്തിനാണ് ഹേ! താങ്കളെന്നെ ഈ ജനങ്ങൾക്കൊക്കെ കാണിച്ചുംകൊണ്ട് നടക്കുന്നത്? എന്നെ ബന്ധനത്തിലാക്കേണ്ട ആകാരഗൃഹത്തിലേക്ക് നേരെ കൊണ്ടുപോയാൽ പോരെ?"

കൊത്തുവാൾ—ഞാനിത് യാതൊരു ദുരുദ്ദേശ്യത്തോടും ചെയ്യുന്നതല്ല. എന്നാൽ പാറനമ്പിയുടെ പ്രത്യേക കല്പന അനുസരിക്ക മാത്രമെ ഞാൻ ചെയ്യുന്നുള്ളൂ.

ഗോവിന്ദൻകുട്ടി-"യൽഭാവി തൽ ഭവതു." എല്ലാംഎന്റെ ശിരോവിധിയാണ്. ഞാൻചെയ്ത കുററത്തിന്റെ ശിക്ഷ ഞാൻതന്നെ അനുഭവിക്കണം.

മുന്നദ്ധ്യായത്തിൽ ഗോവിന്ദൻകുട്ടിയെ അന്വേഷിച്ചു പോയിരുന്ന കേശവൻനായരും ആയാളുടെ അ

അച്ഛന്മാരും അപ്പോഴേക്കും അവിടെയെത്തി ഗോവി ന്ദൻകുട്ടിയെ കണ്ടു ഉടൻ,

കേ. നാ—എന്താണിത് ഗോവിന്ദൻകുട്ടി? ഈ ബന്ധനം തനിയ്ക്കെങ്ങിനെ വന്നുകൂടി.?

ഗോ. കു—എന്റെ കേശവൻ നായരെ! അത്യധികസ്വാ തന്ത്ര്യത്തിൽനിന്ന്. അമിതഭക്ഷണം പട്ടിണിക്ക് കാര ണമായിത്തീരും പോലെ അരുതാത്ത പരിഭോഗവും അവസാനം നമ്മെ അസ്വതന്ത്രരാക്കാതിരിക്കയില്ല. നമ്മുടെ പ്രകൃതിക്ക്, എലികൾ തങ്ങളുടെ നാശത്തി ന്നായ്ക്കൊണ്ടുള്ള പാഷാണത്തെ അന്വേഷിച്ചുദ്ധ്വാനി ച്ച് തേടിപ്പിടിക്കുംപോലെ, ആത്മനാശത്തെ നായാ ടിത്തേടുന്ന ഒരു ദാഹവികൃതിയുണ്ട്. അങ്ങിനെ മഹാ യത്നേന സിദ്ധിച്ചത് നാം പാനംചെയ്യുന്നു. ചെയ്തുക ഴിഞ്ഞാൽ ഉടൻ നാം നശിക്കയും ചെയ്യും!

കേ. നാ—ഹാ! ബന്ധനത്തിൽ പെട്ടിട്ടും ഇത്ര വിവേക ത്തോടെ സംസാരിപ്പാൻ എനിക്ക് സാധിച്ചുവെങ്കിൽ ഞാൻ എന്റെ കടക്കാരിൽ കുറേ പേരെ ഇപ്പോഴെ ആളയച്ചു വരുത്തിയിരുന്നു. എന്നിരുന്നാലും എനി ക്ക സ്വാതന്ത്ര്യ ത്തിലിരിക്കുമ്പോഴത്തെ വിഡ്ഢിത്തങ്ങ ളാണ്, ബന്ധനത്തിൽപെട്ടതത്വജ്ഞാനങ്ങളെക്കാൾ പ്രിയതരങ്ങളായി തോന്നുന്നത്. (എന്നിങ്ങിനെമനോ രാജ്യം കണ്ടതിനുശേഷം ആയാളോടായി) എന്താഗോ വിന്ദകുട്ടി താൻ ചെയ്ത കുററം?

ഗോ. കു—ഏതൊന്നോ ഉച്ചരിക്കുന്നതായാൽ കൂടി രണ്ടാ മതൊരു കുററമായിത്തീരുന്നത്, അത്.

കേ. നാ—എന്താണത്? കൊലക്കററമോ?

ഗോ. കു—അല്ല.

കേ. നാ—വ്യഭിചാരമോ?

ഗോ. കു—അങ്ങിനെപറഞ്ഞു കൊള്ളൂ.

കൊത്തുവാൾ - പോകൂ, ഹേ! നിങ്ങൾ അകലെപ്പോകണം എന്നായി കേശവൻനായരെത്തടഞ്ഞു.

ഗോ. കു—ഹേ! കൊത്തുവാളെ! ദയവുണ്ടായി ഒരു വാക്ക പറഞ്ഞുകൊള്ളട്ടെ. കേശവൻനായരെ! നിങ്ങളോടൊന്നു പറയട്ടെ.

കേ. നാ—ഒന്നല്ല നൂറായിക്കൊള്ളട്ടെ, അവകൊണ്ട് തനിക്ക് വല്ല ഗുണവും ഉണ്ടാകുമെങ്കിൽ! വ്യഭിചാരം ഇങ്ങിനെ പരിശോധിച്ചുവരുന്നുണ്ടോ?

ഗോ. കു—ഇതാണെന്റെ സ്ഥിതി. സത്യമായൊരു കരാറിന്മേൽ ഞാൻ കുഞ്ഞിലക്ഷ്മിയുമായി സഹവസിച്ചുതുടങ്ങി. ആ സ്ത്രീയെ നിങ്ങൾക്കറിയാമല്ലോ. അവൾ എന്റെ ഭാര്യ തന്നേയാണ്. പക്ഷേ, ഞങ്ങളുടെ പൊടവകൊട അടിയന്തരം നാലാളറികെ ചെയ്തിട്ടില്ലെന്നേയുള്ളൂ. അതിന്റെ കാരണം, അവൾ അവളുടെ തറവാട്ടിലെ അരുമസ്സന്തതിയായതുകൊണ്ട് ഞങ്ങളുടെ വിവാഹം കുറെ ഭേദപ്പെട്ട നിലയിൽ ആഘോഷപൂർവ്വം നടത്തേണമെന്നുണ്ടായ അവളുടെ കാരണവന്മാരുടെ നിർബ്ബന്ധംകൊണ്ട് കാലം വൈകിച്ചതാണ്. എന്നാൽ, അതിനിടയിൽ ഞങ്ങൾ മററാരെയുമറിയിക്കാതെ സ്വകാര്യമായിത്തന്നെ പല കൂടിക്കാഴ്ചകളും സമ്മേളനങ്ങളും നടത്തുക ഉണ്ടായിട്ടുണ്ട്. അതി

ന്റെ ഫലം ഇതാ, ഒളിച്ചുവെച്ചാലൊളിയാത്തമട്ടിൽ അവളിൽ പ്രത്യക്ഷമായിക്കണ്ടുതുടങ്ങി.

കേ. നാ—ഗർഭമായിരിക്കാം, അല്ലേ?

ഗോ. കു—നിർഭാഗ്യവശാലങ്ങിനെതന്നെ. തമ്പുരാന്റെ പുതിയ പ്രതിനിധി—എന്നുകിൽ പുതിയ ഭരണവ്യവസ്ഥയുടെ ന്യൂനതകൊണ്ട്; അല്ലെങ്കിൽ, ഈ രാജ്യത്തെ പൌരന്മാരെല്ലാം ഭരണാധികാരിക്ക് യഥേഷ്ടം കയറിസ്സവാരിചെയ്യാനുള്ള ഒരു കുതിരയൊടെന്നവണ്ണം അടങ്ങിയൊതുങ്ങിയിരിക്കുമെന്ന ഉറപ്പോടുകൂടി, അദ്ദേഹം എന്തു ചെയ്താലും ഇവർ സഹിയ്ക്കുമെന്ന ഗർവ്വോടെ, തന്റെ ഏതു വഴിക്കും തെളിപ്പാനുള്ള പാടവം കാണിക്കുന്നതായിരിക്കും; ഈ സ്വേച്ഛാപ്രഭുത്വം തന്റെ സ്ഥാനത്തിന്റെയതോ, അല്ലെങ്കിൽ ആ സ്ഥാനാരോഹണം ചെയ്ത പുതിയ മഹാന്റെയതോ, എന്നൊന്നും എനിക്ക് തീർച്ചപറവാൻ സാധിക്കയില്ല—ഏതായാലും ഈ പുതിയ ഭരണാധികാരി, എത്രയോ കാലമായി ആരുമറിയാതെ അഴക്കോലിന്മേൽ മടക്കിക്കെട്ടിയിട്ടുള്ള അങ്കിപോലെ, പൂപ്പു തുടയ്ക്കാതെ കിടക്കുന്ന നിഷ്ഠുരനിയമങ്ങളെയെല്ലാം കെട്ടഴിച്ചൊന്നായി എന്റെ മേലേക്ക് വിട്ടിരിക്കുന്നു. പേരിന്നു മാത്രം, ഏതോ ഒരു ഉറങ്ങിക്കിടന്ന രാജനീതിയെ പുതുതായി എന്റെ മേൽ നിപതിപ്പിച്ചിരിക്കുന്നു. തീർച്ചയായും ആ നിയമം പേരിന്നുമാത്രം നിലവിലുള്ളതായിരുന്നു.

കേ. നാ—സംശയമില്ല. അതങ്ങിനെതന്നേയാണ്. അതിന്റെ ഫലം, ഒരുവന്റെ തലയെ, ഏതെങ്കിലും

ഒരു പാൽക്കാരത്തിപ്പെണ്ണിന്ന്, അവൾ അവനെക്കാമി
ക്കുന്നപക്ഷം, അവളുടെ ഒരു ദീൎഘനിശ്വാസംകൊ
ണ്ട് താഴെവീഴ്ത്താവുന്നതരത്തിൽ, അത്ര ചുമലിൽഉറ
യ്ക്കാത്തതരത്തിൽ ചഞ്ചലമാക്കിത്തീൎക്കുകയും ചെയ്യുന്നു.
താനടനേ തമ്പുരാനെഴുന്നള്ളിയിരിക്കുന്നിടത്തേക്ക്
ഒരാളെ പറഞ്ഞയച്ച് ആവലാതി ബോധിപ്പിക്കണം.

ഗോ. കു—ഞാനപ്രകാരം ചെയ്യാം. പക്ഷെ, തമ്പുരാനെ
യെങ്ങും കാണ്മാനില്ല. അതിനാൽ കേശവൻനായരേ,
നിങ്ങളെനിക്ക് ദയവു ചെയ്ത് ഇങ്ങിനെയൊരു സഹാ
യം ചെയ്യണം. ഇന്ന് എന്റെ സോദരി ഗുരുവായൂര
മ്പലത്തിൽ സ്ഥിരം ഭജനം തുടങ്ങുവാൻ പോകുന്നു.
എനിക്ക് വേണ്ടി അവളോട് പോയി പറയൂ: ഈ പു
തിയ ദുൎവ്വാശിക്കാരനായ മന്ത്രിയോട് പരിചയമാകാ
ൻ ഞാൻ പറഞ്ഞുവെന്ന് പറയൂ. അവൾ തന്നെ അ
ദ്ദേഹത്തെ നേരിട്ട്പോയിക്കണ്ട് സങ്കടം ബോധിപ്പി
ക്കേണമെന്നു പറയൂ. അങ്ങിനെ ചെയ്താൽ തീൎച്ചയാ
യും ഫലമുണ്ടാകുമെന്ന് ഞാനാശിക്കുന്നു. അവൾക്ക്
മനുഷ്യരെ ഇളക്കിത്തീൎക്കത്തക്ക വാക്ക്സാമൎത്ഥ്യവും
സ്വരമാധുൎയ്യവുമുണ്ട്. അതിന്നു പുറമേ യുക്തിയോടും
സരസമായും അവൾ സംഭാഷണം ചെയ്യുന്നപക്ഷം
ആരേയും വശീകരിപ്പാനുള്ള പാടവവും അവൾക്ക്
പ്രകൃത്യാ സിദ്ധിച്ചിട്ടുണ്ട്.

കേ. നാ—അതു തരക്കേടില്ല. അവളൊന്നു ശ്രമിച്ചുനോ
ക്കട്ടെ. ഇത്ര നിസ്സാരമായ ഒരു സംഗതിക്ക് തനിക്ക്
മരണം അനുഭവിക്കേണ്ടിവരുമെന്നറിയുമ്പോൾ അവൾ

തന്റെ നോമ്പും വ്രതവും എല്ലാമുപേക്ഷിച്ച് തീൎച്ചയായും ഉടൽപിറന്നവന്റെ ജീവരക്ഷക്കായി കഴിയുന്നതും ശ്രമിക്കാതിരിക്കയില്ല. ഞാൻ വേഗം അവളുടെ അടുത്തേക്ക് പോകുന്നു.

ഗോ. കു_സ്നേഹിതാ. ഞാനതിന്ന് നിങ്ങളോട് നന്ദി പറയുന്നു.

കേ. നാ_രണ്ടു നാഴികക്കുള്ളകത്ത് ഞാനവിടെയെത്തും.

ഗോ. കു_ഇനി പോകാം കൊത്തുവാൾ, എന്നും പറഞ്ഞ് അവർ കാരാഗൃഹത്തിലേക്ക് യാത്രയായി.

---

## അദ്ധ്യായം. IV.

തന്റെ മന്ത്രിമാരായ പാറനമ്പീശനും മങ്ങാട്ടച്ചനുമായി, സൎവ്വാധികാരങ്ങളും, രാജമുദ്രകളും, തന്റെ പ്രവാസകാലത്ത് ഭരിച്ചു കൊൾവാൻ ഉള്ള പരിപൂൎണ്ണ സ്വാതന്ത്ര്യത്തോടെ നല്കിയതിനുശേഷം, യാതൊരു ആഡംബരവും അകമ്പടിയുംകൂടാതെ തമ്പുരാൻ ഏകനായിഒരു സാധാരണ പൌരന്റെമട്ടിൽ, വേഷച്ഛന്നനായി പുരപ്രദക്ഷിണം ചെയ്ത് അന്ന് വൈകുന്നേരമായതോടുകൂടി ഗുരുവായൂർ ക്ഷേത്രത്തിലെത്തി.

ആൎത്തത്രാണതൽപരനായി, ഭക്തപരായണനായി, കരുണാപൂരിതനേത്രനായി, സൎവ്വൎക്കു മഭയപ്രദനായി, സകല ചരാചരാന്തൎയ്യാമിയായിരിക്കുന്ന സാക്ഷാൽ ശ്രീകൃഷ്ണസ്വാമിയെ ഭജിച്ച്, ആരു മറിയാതെ അത്താഴപൂജ കഴിയുംവരെ അവിടെത്തന്നെ കഴിച്ചുകൂട്ടി. ഒടുവിൽ അമ്പലത്തിലെ മേൽശാന്തി നമ്പൂതിരിയുടെ അടുത്ത് ചെ

ന്ന് സ്വന്തം വേഷമാന്ന് തമ്പുരാൻ, താൻ അല്പദിവസത്തേക്കൊരു അജ്ഞാതവാസ മനുഷ്ഠിക്കേണമെന്ന് വിചാരിക്കുന്നുവെന്നും, അതിനാൽ തന്റെ അവിടെയുള്ള വാസം ആരും തന്നെ അറിഞ്ഞുപോകരുതെന്നും, തനിക്കനുവദിക്കുന്ന സ്ഥലം എത്രയും ഗോപ്യമായിരിക്കേണമെന്നും, അങ്ങിനത്തെ രഹസ്യ വാസത്തിന്നു മറെറാരു ജീവജാലങ്ങൾക്കും പ്രവേശം പാടില്ലാത്ത അദ്ദേഹത്തിന്റെ ഇല്ലത്തിലെ അന്തഃപുരത്തെ വിനിയോഗിച്ചാൽ കൂടി വിരോധമില്ലെന്നും, അരുളിച്ചെയ്തു.

തമ്പു—മററുവിധത്തിലുള്ള യാതൊരുസംശയവുംവേണ്ട, നമ്പൂതിരി! ധർമ്മാർത്ഥ മോക്ഷമെന്നീ ത്രിവിധപുരുഷാർത്ഥകാംക്ഷിയായി, സദാചാരനിഷ്ഠനായ ഒരുവന്റെ സുസ്ഥിര ഹൃദയം, വെറും ചപലമാനസന്മാരെ മാത്രം പാവ കളിപ്പിക്കുന്ന മന്മഥ ബാണങ്ങളാൽ തുരക്കപ്പെടുന്ന ഒന്നല്ല. എനിക്കെന്തിനാണ് ഇത്രയും രഹസ്യമായൊരു സങ്കേതം തരുന്നതിന്നു ഞാൻ ആവശ്യപ്പെടുന്നത് എന്നോക്കുമ്പോൾ, പതയ്ക്കുന്ന യൌവനത്തിന്റെ ഉദ്ദേശ്യ ഫലങ്ങളേക്കാൾ കുറെക്കൂടി ഗുരുതരമായും പരിപക്വമായുമുള്ള ഒരു കാരണമുണ്ടെന്ന് അങ്ങ് ധരിച്ചാൽ മതി.

നമ്പൂ—ഹൈ! ഇല്ലത്ത് പാർക്കുന്നതിന്ന് അങ്ങിനെയൊന്നും അവിടുത്തെ സംശയിച്ചിട്ടല്ല. എന്താണവിടുത്തെ ഈയൊരു നിശ്ചയത്തിന്റെ കാരണമെന്നറിയാഞ്ഞുഴലുന്നു എന്നു മാത്രം.

തമ്പു—ഈ ആഡംബരപ്രധാനവും, നയകുടിലവും ത

ന്ധുസംബന്ധവുമായ ഈ ക്ഷോണീഭാരത്തെക്കാൾ എത്രയോ അധികം ഞാൻ കാംക്ഷിക്കുന്നത് അങ്ങയെപോലുള്ള വിശിഷ്ടബ്രാഹ്മണരുടെ പരിശുദ്ധമായ ഈശ്വരഭജനമാണെന്നങ്ങേക്ക് മുമ്പേതന്നെ അറിയാമല്ലോ. അതിനാൽ ഞാൻ ഇപ്പോൾ, നമ്മുടെ സർവ്വഭരണാധികാരങ്ങളോടും കൈമുദ്രയോടുംകൂടി രാജ്യഭാരം ഒഴിഞ്ഞുകൊടുത്ത്, ഏതാനും കാലം നമ്മുടെ രാജ്യം വെന്മയനാട്ട് കോലോത്തിരുന്ന് ഭരിപ്പാനായി പാറപരമേശ്വരനെ ഏല്പിച്ചിരിക്കയാണ്. അവൻ നാം അമ്പലപ്പുഴക്ക് പോയിരിക്കയാണെന്നാണൂഹിച്ചിട്ടുള്ളത്. ഞാനങ്ങിനേയാണ് പൊതുജനങ്ങളുടെ ഇടയിൽ പരത്തിയിട്ടുള്ളതും; അതങ്ങിനെതന്നെ വിശ്വസിക്കപ്പെട്ടുമിരിക്കുന്നു. എന്നാൽ അങ്ങ് ഞാൻ എന്തിനാണിങ്ങിനെ ചെയ്യുന്നത് എന്ന് ഇനിയും ചോദിക്കുമായിരിക്കാം.

നമ്പൂതിരി:—(സന്തോഷത്തോടെ) തീർച്ചയായും എനിക്ക് കേൾക്കണം മഹാരാജാവേ!

തമ്പു:—വിജ്ഞാനികളും മഹാന്മാരും പ്രജാക്ഷേമകാംക്ഷികളും കരുണാനിധികളുമായ അമ്മാമന്മാരുടെ കാലങ്ങൾ മുതൽക്കേ, രാജ്യഭരണവ്യവസ്ഥയെ തിട്ടപ്പെടുത്തുന്ന പല നിയമങ്ങളും നടവടികളും “ഗ്രന്ഥവരിയിൽ” എഴുതിവെച്ചിട്ടുണ്ട്. അതിൽ പല ശിക്ഷാക്രമങ്ങളും, കഠിനതരങ്ങളും ക്രൂരതരങ്ങളും, ചിലടത്ത് അല്പാപരാധത്തിന്ന് മഹാനിഷ്ഠുരമായിതോന്നിക്കുന്നവയുമാണ്. എന്നാൽ പ്രയോഗ ദൌർല്ലഭ്യം

കൊണ്ട്, ഇരയെടുപ്പാൻ പുറമേപോകാതെ ഗുഹയിൽ കിടന്നുറങ്ങുന്ന വൃദ്ധമൃഗരാജനേപ്പോലെ, ഇങ്ങിനെ ചില രാജനീതികൾ നിലവില്ലുണ്ടോ എന്നുകൂടി പ്രജാസമിതിക്കറിയാതായിത്തീൎന്നിരിക്കുന്നു. സ്വസന്താനങ്ങളെ അതിയായി ലാളിക്കുന്ന പിതാക്കന്മാർ ഉപയോഗിക്കേണമെന്ന് കരുതാതെ, തങ്ങളുടെ കുട്ടികളെ ഭയപ്പെടുത്തുവാൻവേണ്ടി മാത്രം വെട്ടിക്കൊണ്ടുവന്ന് ബാലന്മാരിലൊരിക്കലും പ്രയോഗിക്കാതെ, അവർ കാണ്കെ സൂക്ഷിക്കുന്ന ചൂരൽക്കോലുകൾ, എങ്ങിനെ കാലാന്തരത്തിൽ അതിൻെറ ഭീകരത്വം വിട്ട്, കുട്ടികൾക്ക് പരിഹാസ്യവസ്തുവായിത്തീരുന്നുവോ, അതുപോലെ നമ്മുടെ നാട്ടിലെ നിയമസംഹിതകളും പ്രയോഗരാഹിത്യംഹേതുവായി, മൃതപ്രായമായിത്തീരുന്നു. ഇങ്ങിനേയായാൽ ഒടുവിൽ സ്വാതന്ത്ര്യം നീതിന്യായത്തിൻെറ ചുമലിൽ കയറുകയും, ശിഷ്യൻ ഗുരുവിനെ ശാസിക്കയും, ഇങ്ങിനെ സമ്പ്രദായങ്ങളെല്ലാം തല കീഴായിത്തീരുകയും ചെയ്വാനിടയാകും എന്ന് നമുക്ക് തോന്നി.

നമ്പൂതിരി—എന്നാൽ അവിടേക്ക് തന്നെ ഇഷ്ടമുള്ളപ്പോൾ അയച്ചു വിടാവുന്ന തരത്തിലുള്ള പിടി മുറുക്കത്തോടുകൂടിയായിരുന്നുവല്ലൊ ഈ നിയമ സമുച്ചയം അവിടുത്തെ സ്വാധീനത്തിലുണ്ടായിരുന്നത്. എന്നുതന്നെയല്ല അത് അവിടുത്തെ അധികാരത്തിൻ കിഴിലായിരിക്കുമ്പോഴാണല്ലൊ കുറേക്കൂടി അധികം ഭയങ്കരവുമായി ത്തോന്നുക.

തമ്പു:—അത്യധികം ഭയങ്കരമായിത്തീരുമെന്നാണ് നമ്മുടെയും ശങ്ക. അവരെ യഥാമതി ആചരിച്ചുവരുവാൻ വിട്ടത് നമ്മുടെ കയ്യിൽ വന്നതെററാണ്. ഇനി ജനങ്ങളെ നാം ചെയ്യാൻ നിർബ്ബന്ധിച്ച ഒന്ന് ചെയ്യതിന്നു ശിക്ഷിക്കയെന്നത് സ്വേച്ഛാധികാരപ്രമത്തതയായിത്തിരുന്നതുമാണ്. എന്തുകൊണ്ടെന്നാൽ, ദുഷ്പ്രവൃത്തികൾക്കു ശിക്ഷക്കുപകരം സ്വൈരസഞ്ചരണ മാർഗ്ഗമനുവദിക്കുന്നതുകൊണ്ടു നാം ദുർവൃത്തന്മാരെ അപ്രകാരംനടപ്പാൻ നിർബ്ബന്ധിക്കയത്രെ ചെയ്യുന്നത്. അതിനാലാണ് നമ്പൃതിരി, നാം പാറചരമേശ്വരനെ നമ്മുടെ പ്രതിപുരുഷനായി ഏല്പിച്ചുപോന്നത്. അവന്നാകട്ടെ എപ്പോഴെന്നറിയാതെ അണഞ്ഞേക്കാവുന്ന നമ്മുടെപേർ പറഞ്ഞ് അത്തരം നിയമങ്ങളെയെല്ലാം നടപ്പിൽ വരുത്താവുന്നതും നമുക്കതിൽ യാതൊരു ദുഷ്പേരിന്നു മിടയില്ലാത്തതു മാകുന്നു. എന്നാൽ അവന്റെ ഭരണമെങ്ങിനെയിരിക്കുന്നു വെന്നൊന്നു പാർത്തറിവാൻ ഞാൻ മററാരുമറിയാത്തൊരിടം തേടി അങ്ങയെ വിശ്വസിച്ചിവിടെ വന്നിരിക്കയാണ്. എനിക്കു ഈ അമ്പലത്തിൽ പുതുതായി എത്തിയ ഒരു ഭജനക്കാരന്റെമട്ടിൽ കൃത്രിമതാടിയും മീശയുമെല്ലാം വെച്ച്, കാവിവസ്ത്രവും ചുററി, പകലെങ്ങും നടന്ന് രാജ്യസ്ഥിതിയുടെ സൂക്ഷ്മങ്ങൾ ആരാഞ്ഞറികയും ചെയ്യാം. രാത്രിയായാൽ ഇവിടെവന്ന് വിശ്രമിക്കയും വേണം. അത്രയേവേണ്ടു. ഇനി ഈസംഗതിയെക്കുറിച്ചുതന്നെ അധികം പറവാനുള്ളതെല്ലാം സാവകാശത്തിൽ നാം ന

മ്പൂതിരിയെ പറഞ്ഞു ധരിപ്പിക്കാം. എന്നാൽ ഒന്നുംകൂടിയുണ്ട്. പാറപംമേശ്വരൻ വലിയ കണിശക്കാരനാണ്. മററുള്ളവരാരും തനിക്ക് സമനല്ലെന്നു അവന്നു ഒരു നാട്യവുമുണ്ട്. അവന് യൌവനത്തിളപ്പുണ്ടെന്നൊ, അവൻെറവിശപ്പ് അന്നത്തോടാണ അല്ലാതെ കല്ലിനോടല്ലാ എന്നോ ഒരിക്കലും അവൻ സമ്മതിക്കുന്നുമില്ല. അതിനാൽ നമുക്കത്തും ഒന്ന് പരീക്ഷിച്ചറിയേണ്ടതുണ്ട്. അധികാരം ഉദ്ദേശ്യത്തെ മാററിത്തീൎക്കുന്നതാണെങ്കിൽ, നമ്മുടെ ഈ നാട്യക്കാരുടെയെല്ലാം സ്വഭാവമെന്താണെന്നും അറിയാമല്ലൊ.

ഇത്രയും തമ്പുരാൻ പറഞ്ഞുകഴിഞ്ഞപ്പോഴക്ക് അവിടത്തെ വിശ്വസ്തനായ ബ്രാഹ്മണശ്രേഷ്ഠൻ അവിടേക്ക് വേണ്ടുന്ന സൌകൎയ്യങ്ങളെല്ലാം ചെയ്തുകൊടുപ്പാനുള്ള ശ്രമമായിക്കഴിഞ്ഞു. കാലത്തേഴരനാഴിക പുലരാനുള്ളപ്പോൾ കുളിച്ച് വേഷംമാറി അമ്പലത്തിൽപോയി, സ്വാമിദൎശനംകഴിഞ്ഞ് മടങ്ങി ഇല്ലത്ത് വരുമ്പോഴക്ക് അദ്ദേഹത്തിൻെറ ഭക്ഷണത്തിന്നെല്ലാം ഇല്ലത്ത് തെയ്യാറാക്കിക്കൊടുപ്പാൻ ഏൎപ്പാടുചെയ്യും. ഇങ്ങിനെഭക്ഷണത്തിന്നൊഴികേ പകലൊരിക്കലും അദ്ദേഹം അവിടെ വരാറില്ല. പകൽ മററുസമയങ്ങളിലെല്ലാം ക്ഷേത്രത്തിലും പുററുമുള്ള ഗൃഹങ്ങളിലും, പിന്നീട് രാജധാനിക്കടുത്തുള്ള സ്ഥലങ്ങളിലും, ഉലാത്തിസഞ്ചരിച്ച് ജനക്കാരൻെറമട്ടിൽ രാത്രിയും ഇല്ലത്ത് മടങ്ങിവന്നു, മററാൎക്കും തന്നെപ്രവേശമില്ലാത്ത ഇല്ലത്തെ അകായിൽ അവിടേയ്ക്കായൊഴിച്ചുവെച്ച ഒരു മുറിയിൽപോയി വിശ്രമിക്കയുംപതിവായിത്തീൎന്നു.

# അദ്ധ്യായം V

മരണശിക്ഷക്ക് വിധിക്കപ്പെട്ട ഗോവിന്ദൻകുട്ടിനായരുടെ സോദരിയായ കൈതമെന്നെ ഇട്ടിശ്രീദേവി എന്നും, ഉണിച്ചിരിക്കുട്ടിയെന്നും, വിളിക്കപ്പെട്ടുവന്ന പെൺകിടാവ് സൽസ്വഭാവയും വിദ്യാസമ്പന്നയും ഈശ്വരഭക്തയുമായായിരുന്നു. പ്രസ്തുതകഥ നടക്കുന്നകാലത്ത്, അവർ ഗുരുവായൂരമ്പലത്തിൽ, ഒരു മണ്ഡലക്കാലം ഭജിക്കേണമെന്നുറച്ച്, അമ്പലത്തിന്നടുത്തുള്ള ഒരു ബ്രാഹ്മണഗൃഹത്തിൽപോയി, അവിടുത്തെ ഒരു അന്തർജ്ജനത്തോട് ക്ഷേത്രത്തിൽ ഭജിക്കുമ്പോഴത്തെ വ്രതാനുഷ്ഠാനങ്ങളേയും ദിനചര്യാക്രമങ്ങളേയുംകുറിച്ച് വേണ്ടും വിവരങ്ങളെല്ലാം ചോദിച്ച് മനസ്സിലാക്കുകയായിരുന്നു. ഇതിന്നിടയിലാണ്, ഗോവിന്ദൻകുട്ടിയോട് സോദരിയെക്കണ്ട് വിവരം ഗ്രഹിപ്പിക്കാമെന്ന് ഏറ്റുപറഞ്ഞു പിരിഞ്ഞ കേശവൻനായർ ആ ഇല്ലത്തെത്തിയത്. പുറത്ത് പുരുഷന്മാരാരോ വന്നു വിളിക്കുന്നുണ്ടെന്നറിഞ്ഞപ്പോൾ അന്തർജ്ജനം, ഉണിച്ചിരക്കുട്ടിയോട് വാതിൽ തുറന്ന് ഉമ്മറത്ത് ചെന്ന് വന്ന ആൾ ആരെന്നന്വേഷിപ്പാനായിപറഞ്ഞ് അകത്ത് നാലുകെട്ടിലേക്കുപോയി. „ആരാത് വിളിച്ചിരുന്നത്?" എന്ന് ചോദിച്ച് ഉണിച്ചിരിക്കുട്ടി വാതിൽ തുറന്നു.

കേ. നാ:—കണ്ടാൽ വളരെ സുന്ദരിയായ നിങ്ങളാരാണെന്നു എനിക്കറിഞ്ഞുകൂടാ. നിങ്ങൾ ദയവു ചെയ്തു ആ കൈതമെന്നെ ഉണിച്ചിരക്കുട്ടിയോട് ഞാനിവിടെ വന്നിട്ടുണ്ടെന്നു പറഞ്ഞ് അവളെ ഒന്ന് ഇങ്ങോട്ട്

കൂട്ടികൊണ്ട് വരികയൊ, അല്ലെങ്കിൽ എന്നെ ആ കു ട്ടിയുള്ളേടത്തെക്ക് ഒന്നു കൊണ്ടുപോകയൊ ചെയ്യു മൊ? ആ നിൎഭാഗ്യവാനായ ഗോവിന്ദൻകുട്ടിനായരു ടെ സോദരി.

ഉണി—എന്താ നിൎഭാഗ്യവാനെന്ന് പറവാൻ കാരണം? അതാദ്യം പറയു. എന്തിനെന്നുവെച്ചാൽ, ഞാനാണ ദ്ദേഹത്തിൻെറ സോദരിയായ ഉണിച്ചിരിക്കുട്ടി.

കേ. നാ:—ഹേ! സുശീലയും സുമുഖിയും ആയ ഉണിച്ചി രിക്കുട്ടിയോട തൻെറ പ്രിയസോദരൻ ഒരു ദയചെയ്യാ നായി അപേക്ഷിക്കുന്നു. ഞാൻ കുട്ടിയെ വലയ്ക്കുന്നില്ല. ആയാറം ഇപ്പോറം കാരാഗൃഹത്തിലാണ്.

ഉണി—അയ്യോ! ഇതെന്തുകഥ! കാരാഗൃഹത്തിലൊ? എന്തിന്ന്?

കേ. നാ:—എന്തിനെന്നോ? ഞാനാണ് ആയാളുടെ ന്യാ യാധിപതി എന്നാൽ ആയാളെ നന്ദികൊണ്ടു ശി ക്ഷിക്കുമായിരുന്ന ഒരു സംഗതിക്ക്. ആയാറം ആയാ ളുടെ കൂട്ടാളിക്കു ഒരു ശിക്ഷവെ പ്രദാനം ചെയ്തു.

ഉണി—നിങ്ങറം എന്നോട് ഇങ്ങിനെ കഥാവിസ്താരം തു ടങ്ങാതെ കാരണം പറയു.

കേ. നാ:—അത് ശരിയാണ്. ഇല്ല. ഇതെൻെറ ചിരകാ ലപരിചിതമായ ഒരു ദോഷമാണ്. പെൺകുട്ടികളെ കണ്ടാൽ അവരുമായി വൎത്തമാനം പറയുമ്പോറം വ ക്രോക്തികറംകൊണ്ട് അവരെ കളിയാക്കുന്നത്. എ ന്നാൽ ഞാനിങ്ങിനെ പറയുന്നുണ്ടന്നേ ഉള്ളു. എൻെറ മനസ്സിൽ മറിച്ചൊന്നുമില്ല. ഇങ്ങിനെ എല്ലാ പെൺ

കിടാങ്ങളോടും കളിവാക്കുകൾ പറക എന്റെ ഒരു പ്രകൃതിവാണ്. എന്നാൽ എനിക്ക് കുട്ടിയെ ആകാശത്തിൽനിന്നിറങ്ങിവന്ന ഒരു ഈശ്വരിയേപ്പോലെയാണ് തോന്നുന്നത്. ഇത്ര ചെറുപ്പത്തിൽതന്നെ ഇത്ര ദൈവഭക്തിയും വ്രതാനുഷ്ഠാനങ്ങളും ഒക്കെ തുടങ്ങുന്ന ഒരു കുട്ടിയോട് കളിയായിട്ടൊന്നും പറവാൻ പാടില്ലെന്നു തോന്നുന്നുണ്ട്. ഇങ്ങിനത്തവരോട് ഒക്കെ കാര്യമെ പറയാവൂ. പറകയുമുള്ളു.

ഉണ്ണി—എന്നെ ഇങ്ങിനെ കളിയാക്കുന്നതുകൊണ്ടു നിങ്ങൾ സാക്ഷാൽ ദേവിയുടെ ഗുണങ്ങളേക്കൂടി നിന്ദിക്കുന്നു.

കേ. നാ:—അതൊന്നും വിശ്വസിക്കേണ്ട. ഞാൻ പറവാൻ കൊണ്ടുവന്നതിന്റെ ചുരുക്കവും സത്യവുമിതാണ് നിന്റെ ജ്യേഷ്ഠനും ആയാളുടെ കാമുകിയുമായി പരിരംഭണക്രിയ കഴിഞ്ഞു. ഭക്ഷണം ചെല്ലുന്തോറും ആൾ വലുതാവുമ്പോലെ, ഉഴുതു വിതച്ച് വെറുതെ കിടക്കയാണെന്ന് തോന്നിക്കുന്ന വയലിൽ, ഏതു വിധത്തിലാണൊ മുളക്കേണ്ട കാലം വരുമ്പോൾ വിത്തൊക്കെ മുളച്ച് വലുതായി തുററ് വളൎന്നുവരുന്നത്, ആ വിധത്തിൽ അവരുടെ വളം ചേൎത്ത കൃഷിയുടേയും ഉഴവിന്റെയും ഫലം അവളുടെ നാൾക്കുനാൾ വൎദ്ധിക്കുന്ന ഗൎഭം വെളിപ്പെടുത്തി.

ഉണ്ണി—ഗൎഭമായി ആരെങ്കിലും ഒരുവളൊന്നുമല്ല. അതെന്റെ സോദരി കുഞ്ഞിലക്ഷ്മിയാണ്.

കേ. നാ:—അവൾ നിന്റെ സോദരിയാണൊ ?

ഉണ്ണി—എന്റെരത്തൊട്ടത്തസോദരിഎന്നുധരിച്ചുകൊള്ളു.

കേ. നാ:—എന്നാൽ അവനാംതന്നെ.

ഉണ്ണി—എന്നാൽ ജ്യേഷ്ഠൻ അവളെ വിവാഹം ചെയ്തു കൊള്ളട്ടെ.

കേ. നാ:—ഇങ്ങിനെയാണ് സ്ഥിതി. തമ്പുരാൻ അസാധാരണ വിധത്തിൽ പൊടുന്നനവെ എങ്ങോട്ടോ പോയിരിക്കുന്നു. ഇത് സൂക്ഷ്മമാണ്. എന്നാൽ രാജ്യരഹസ്യങ്ങളുടെ ഉള്ളുകള്ളി അറിയുന്നവരെല്ലാവരുടേയും അഭിപ്രായം, തിരുമേനി പുറമേ പറഞ്ഞിട്ടുള്ളത് അവിടുത്തെ യഥാൎത്ഥമായ ഉദ്ദേശ്യത്തിൽനിന്നു വളരെ അകന്ന ഒന്നാണെന്നാണ്. അവിടുത്തെ സ്ഥാനത്തും പരിപൂൎണ്ണാധികാരത്തോടുകൂടിയും ഇപ്പോൾ നാടുവാഴുന്നത് പാറ പരമേശ്വരൻനമ്പീശനാണ്. അദ്ദേഹം ഒരു ചോരത്തിളപ്പും പതറിപ്പുമില്ലാത്തൊരു ചെറുപ്പക്കാരനാണ്. സദാപി കാൎയ്യം കാൎയ്യമെന്ന ഏകവിചാരമല്ലാതെ ഒരു കളിതമാശയുമില്ലാതെ ശസ്ത്രവും ശാസ്ത്രവുമായി കാലം കഴിക്കുന്ന ഒരു ദേഹമാണ്. അദ്ദേഹം ജനങ്ങളുടെ താന്തോന്നിത്തത്തിന്നും സ്വാതന്ത്ര്യത്തിന്നും ഒരു ഭയമുണ്ടാക്കുവാനായി എത്രയോ കാലമായി ഉറങ്ങികിടന്നിരുന്ന ഒരു രാജ്യനിയമത്തെക്കണ്ടെത്തി, ദുരാചാരപ്രിയരായ പ്രജകൾക്കൊരു പാഠം പഠിപ്പിപ്പാൻവേണ്ടി, അത് ഈയിടെ പെരുമ്പറയടിച്ച് പ്രഖ്യാപനം ചെയ്കയുണ്ടായി. ആ നിയമപ്രകാരം നിന്റെ ജ്യേഷ്ഠന്റെ ആയുസ്സ് രാജശിക്ഷക്ക് പണയപ്പെട്ടുപോയിരിക്കുന്നു. ആ നിയമപ്രകാരമാണ് അവനെ ബന്ധനത്തിലാക്കിയിരിക്കുന്നത്. ഇനി ആ നിയ

മത്തിൻെറ കാഠിന്യം വ്യക്തമാക്കുമാറ്, അവനെ അതി
ന്നൊരു ദൃഷ്ടാന്തവുമാക്കിത്തീൎക്കുവാനാണത്രെ വിധി.
ഇനിയാതൊരു സുപ്രതീക്ഷയുമില്ല. നിണക്ക് പോയി
നമ്പിശനോട് താണു തൊഴുതപേക്ഷിച്ച്, അദ്ദേഹ
ത്തിൻെറ ഹൃദയമൊന്നലിയിക്കാൻ സാധിക്കുമോയെ
ന്നൊരുന്നിനി പരീക്ഷിപ്പാനുള്ളൂ. ഇതാണ് നിൻെറ ജ്യേ
ഷ്ഠൻേറയും നൻേറയും ഇടയിൽ എനിക്കുള്ള കാൎയ്യം.

ഉണി;—അങ്ങിനെ ഞാനൊന്നു പോയി പറഞ്ഞു നോക്കു
ണമെന്നു ജ്യേഷ്ഠൻ പറയുന്നുവോ?

കേ. നാ:—മരണശിക്ഷക്കു വിധിക്കപ്പെട്ടുകഴിഞ്ഞു ഞാൻ
കേട്ടതു ശരിയാണെങ്കിൽ കൊത്തുവാഠവശം നിഗ്രഹാ
ജ്ഞതന്നെ എഴുതിക്കൊടുത്തു വെന്നാണറിയുന്നത്.

ഉണി:—അയ്യോ. കഷ്ടം! അദ്ദേഹത്തിന്നൊരു ഗുണം ചെ
യ്യാനെന്തു പ്രാപ്തിയാണെനിക്കുള്ളത്?

കേ. നാ:—നിണക്കുള്ള ശക്തി നീയൊന്നു പരീക്ഷിച്ച്
നോക്ക്.

ഉണി:—എൻെറ ശക്തിയോ? അയ്യോ, ഞാൻ പിന്നീം
സംശയിക്കയാണ്.

കേ. നാ:—നമ്മുടെ സംശയങ്ങൾ നമ്മുടെ വഞ്ചകന്മാ
രാണ്. പലപ്പോഴും അവ, നമ്മെ ശ്രമിപ്പാൻതന്നെ ഭയ
പ്പെടുത്തുകയാൽ, നമുക്കസിദ്ധിക്കാവുന്ന വിജയങ്ങളെ
ദൂരീകരിക്കുന്നു. വേഗം പാറനമ്പീശന്നടുത്തേക്കു ചെല്ലു.
എന്നിട്ട് പെൺകിടാങ്ങളിരന്നാൽ, മനുഷ്യൎക്കും ദേവ
ന്മാരെപ്പോലെ ദാതാക്കളാവാനെ നിൎവ്വാഹമുള്ളൂ
വെന്ന് ആയാളെ പഠിപ്പിക്കു. അവർ വെറുതെ കര

ഞ്ഞു കമ്പിട്ടുകമാത്രം ചെയ്താൽ അവരുടെ അൎത്ഥനക ളെല്ലാം, അവർ കടം ചോദിക്കുമ്പോഴെന്നപോലെ ആ ൎക്കും കൊടുക്കാതിരിപ്പാൻ ധൈൎയ്യം വരികയില്ല.

ഉണ്ണി:—എനിക്കു കഴിയും പോലെ ഞാൻ ശ്രമിച്ചു നോക്കും.

കേ. നാ:—എന്നാലതു് വേഗം വേണം.

ഉണ്ണി:—ഇതാ ഞാനങ്ങോട്ടുതന്നെയാണു് പുറപ്പെടുന്നതു്. അതിന്നിടയിൽ ഇവിടെ അകത്തുപോയി അകത്തുള്ളാ ളെ ഒന്നുകൂടിക്കണ്ടു എനിക്കു പോകാനുള്ള കാൎയ്യമെ ന്തെന്നു പറഞ്ഞു അനുജ്ഞ വാങ്ങണം. അല്ലാതെ വേ റേയൊരു താമസവുമില്ല. ഞാൻ നിങ്ങളോടു നന്ദിപ റയുന്നു. ഏട്ടനോടു് വന്ദനമെല്ലാം പറഞ്ഞേക്കു. ഇന്നു രാത്രിക്കു തന്നെ ഞാൻ എന്റെ പരിശ്രമഫലത്തെ ക്കുറിച്ചുള്ള അറിവു കൊടുക്കും „ഞാൻ എന്നാൽ ഇനി വൈകിക്കുന്നില്ല" എന്നും പറഞ്ഞു് കേശവൻനായർ പടി കടന്നു പുറത്തേക്കും, ഉടൻതന്നെ വിവരം പറ ഞ്ഞു് അന്തൎജ്ജനത്തോടു യാത്രചോദിപ്പാനായി ഉണ്ണി ച്ചിരിക്കുട്ടി നാലുകെട്ടിലേക്കും പോയി.

---

# അദ്ധ്യായം VI.

അന്നേദിവസം കോവിലകത്തു് രാജകീയാസ്ഥാന ത്തിൽ, മങ്ങാട്ടച്ചൻ, കൊത്തുവാൾ, കാൎയ്യക്കാർ, കിഴി ക്കാർ മുതലായ മേലുദ്യോഗസ്ഥന്മാരുടെ സഹായത്തോടു കൂടി, രാജപ്രതിനിധിയായ പാറപ്പരമേശ്വരൻനമ്പീശൻ രാജ്യകാൎയ്യങ്ങളാലോചിപ്പാൻ തുടങ്ങി. പരമേശ്വരൻ

നമ്പീശൻ അല്പവക്താവായും, എന്നാൽ പറയുന്നതിന്റെ ഓരോന്നിന്റെയും ഗൌരവവും ഗാംഭീര്യവും ശ്രോതാക്കൾക്കറിയിച്ചുകൊണ്ടും നീതിന്യായപരിപാലനത്തിലെ ന്യായാധിപന്റെ മുറയെക്കുറിച്ച് ഒരു പ്രസംഗം ചെയ്തു.

പാ. ന:—നാം രാജനീതിയെ ഒരിക്കലും പക്ഷികളെ പേടിപ്പിക്കാൻ വെക്കാറുള്ള ഒരു കളിപ്പാട്ടമാക്കരുത്. നീതിശിക്ഷകൾ, എന്നും തങ്ങളുടെ ദൃഷ്ടിയിൽ യാതൊരു ചേഷ്ടയുംകൂടാതെ കാണപ്പെടുമ്പോൾ അവസാനം ജനങ്ങൾക്ക് ഭയംപോയി അതിനെക്കൊണ്ട് പരക്കെ ഒരു പരിഹാസം മാത്രമായിത്തീരും.

മങ്ങാ:—എന്നാൽ നാം ഉന്നംവെച്ച് എററിഅല്പം ഒന്നു നോവിക്കയായിരിക്കും, ഒന്നായുക്കോടെ എറിഞ്ഞ് വീഴ്ത്തി എല്ലൊടിച്ചു കൊന്നുകളയുന്നതിനെക്കാൾ ഭേദം. കഷ്ടം! ഈ മാന്യയുവാവിന്ന് വളരെ മഹാനായ ഒരു അച്ഛനുണ്ടായിരുന്നു. അങ്ങറിയില്ലല്ലൊ. അദ്ദേഹത്തിനെ ഓർത്തിട്ടെങ്കിലും ഞാനിയാളെ രക്ഷിക്കേണമെന്ന് അഭിപ്രായപ്പെടുന്നു. അങ്ങ് വളരെ സദാചാരനിഷ്ഠയുള്ള ഒരാളാണല്ലൊ. എന്നാൽ അങ്ങ്തന്നെ ഒരു ആത്മ പരിശോധനകഴിക്കുക. ചെറുപ്പത്തിലെ ചോരത്തിളപ്പുകൊണ്ട് ഏതെല്ലാം മനോവികാരങ്ങൾ അങ്ങയുടെ തലയിലൂടെ പോയിരിക്കാം? സന്ദർഭാനുകൂല്യംകൊണ്ട് അങ്ങുതന്നെ എന്തെല്ലാം ചെയ്യാൻ പ്രേരിതനായിട്ടുണ്ടായിരിക്കും? അല്ലെങ്കിൽ, സദാ ചഞ്ചലമായ മനസ്സിലൂടെ പോയ്ക്കൊണ്ടിരിക്കുന്ന ചിന്തകൾക്ക് സന്ദർഭാനുകൂല്യങ്ങളുണ്ടാകുവാൻ അങ്ങു

തന്നെ എത്രകുറി പ്രാൎത്ഥിച്ചിട്ടുണ്ടാകാം? ഇവനെ ഇപ്പോൾ മരണശിക്ഷാൎഹനാക്കിത്തീൎത്ത ഈ സംഗതിയിൽതന്നെ, അങ്ങയുടെ ബുദ്ധി ആയുസ്സുകാലത്തിലൊരിക്കലും വ്യാപരിച്ചിട്ടില്ലെന്നും അങ്ങക്കുറപ്പിച്ചുപറയാമോ? അപ്പോൾ ഈ കഠിനനിയമപ്രകാരം അവിടുന്ന് ദണ്ഡിതനാവുകയാണെങ്കിലോ? എന്നും ഒന്നാലോചിച്ചുനോക്കേണ്ടതാണ്.

പാം. നം:—ബുദ്ധിയോടെ, പഞ്ചേന്ദ്രിയങ്ങൾ ആകൎഷിക്കപ്പെടുകയെന്നത് ഒന്ന്. അപ്രകാരം തന്റെ സദാചാരം പതിക്കയെന്നത് മറ്റൊന്നാണ്. മങ്ങാട്ടച്ഛൻ! ആ കാരാഗൃഹസ്ഥന്റെ തന്നെ അകൃത്യവിചാരണകേട്ട് ഞെളിഞ്ഞിരിക്കുന്ന ഈ ന്യായാധിപന്മാരിൽ തന്നെ, അവനെക്കാളും അപരാധികളായി ഒന്നോ രണ്ടോ പേർകളുണ്ടാകയില്ലെന്നു ഞാൻ ഖണ്ഡിക്കുന്നില്ല. എന്നാൽ നീതിക്ക് തന്റെ ദൃഷ്ടിയിൽ വെളിവിൽ പെടുന്നതിനെ മാത്രമെ ഗ്രഹിപ്പാൻ കഴിയൂ. ലോകത്തിൽ എത്ര കള്ളന്മാർ മററു കള്ളന്മാരെക്കൊണ്ടുപജീവിച്ചുവരുന്നുണ്ട് എന്നൊക്കെ നിയമത്തിന്നറിയാമൊ? നാം ഒരു രത്നം വഴിയിൽ കാണ്മാനിടവന്നാൽ അതിനെ കുമ്പിട്ട് എടുക്കതന്നേ വേണം. കാരണം, നാമതു കണ്ടതുതന്നെ. എന്നാൽ, എത്ര വസ്തുക്കൾ നാം കാണായ്കയാൽ, അവയ്ക്കുമേൽ അറിയാതെ നമ്മുടെ കാൽ ചവിട്ടിപ്പോകാറുണ്ട്? അതിനേക്കുറിച്ച് നാം ഒട്ടും ആലോചിക്കയും പതിവില്ല. ഒട്ടുവേണ്ടതാനും. എനിക്കിതുപോലെയുള്ള ദോഷങ്ങളുണ്ടെന്നു പറഞ്ഞ

അവന്റെ അപരാധത്തെ ലക്ഷ്യകരിപ്പാനും അങ്ങ് ശ്ര മിക്കേണ്ട. അങ്ങിനെ ഒരുകാലം വരുമ്പോൾ അങ്ങ് പറഞ്ഞുകൊള്ളൂ. ഇപ്പോഴിതാ ഞാൻ ശിക്ഷിക്കുന്നു. ഇവനേപ്പോലെ ഞാനൊരപരാധം ചെയ്യുന്നകാലം ഞാൻ തന്നെ അന്നും ന്യായാധിപനായിരിക്കുന്നപക്ഷം, മാതൃക കാണിപ്പാൻ ഞാൻ എന്നെത്തന്നെ മരണശിക്ഷക്ക് വിധിക്കും. യാതൊരു പക്ഷഭേദവും കാണിക്കയില്ല. അതുകൊണ്ടു സംശയിക്കേണ്ട. അവനെ നിഗ്രഹിക്കതന്നെ വേണം.

മങ്കാ—അങ്ങയുടെ ജ്ഞാനം വിധിക്കുംപോലെയാവട്ടെ.

പാം. ന—കൊത്തുവാളെവിടെ ?

കൊത്തുവാൾ:—ഇതാ, ഇവിടത്തെ കല്പന കേൾപ്പാൻ തെയ്യാറായി നില്ക്കുന്നു.

പാം. ന:—നമ്മുടെ നിഗ്രഹാജ്ഞക്ക് മററന്നാൾ കാലത്ത് പത്തുനാഴിക പുലരുമ്പോൾ ഗോവിന്ദക്കുട്ടിയെ ലക്ഷ്യമാക്കണം. അതിനിടക്ക് അവന്റെ അവസാനാഗ്രഹമെന്താണെങ്കിലതൊക്കെചോദിച്ചുകൊൾക. കൊലച്ചോറൂട്ടുക മുതലായതെല്ലാം കഴിഞ്ഞ് തെയ്യാറായികൊള്ളട്ടെ. അതാണവന്റെ ഐഹികജീവിതയാത്രയുടെ അതിര്ത്തി. താൻ ഇപ്പോൾ പോയ്ക്കോള്ളൂ. എന്നും പറഞ്ഞ് കൊത്തുവാളെ അയച്ചു.

"ഹാ! ദൈവമേ! ആ ദണ്ഡ്യനും ഞങ്ങൾക്കെല്ലാവർക്കും മാപ്പു തരേണമേ! ഇതാണ് ലോകഗതി. ചിലർ ദുർവൃത്തികളെക്കൊണ്ട് ഉന്നതി പ്രാപിക്കയും മററു ചിലർ സദ്വൃത്തികളെക്കൊണ്ട് അധഃപതിക്കയും ചെയ്യുന്നു.

ചില വീരന്മാർ തങ്ങളുടെ അപരാധങ്ങളെ മററുള്ളവരെ അറിയിക്കാതെ കഴിക്കുന്നു. അത്രയും സാമൎത്ഥ്യമില്ലാത്തവർ തങ്ങളുടെ പരിചയക്കുറവു നിമിത്തം ആദ്യത്തെ കുററത്തിന്ന്തന്നെ ദണ്ഡിതരായിത്തീരുന്നു.” എന്നു മങ്ങാട്ടച്ചൻ ആത്മഗതമായുച്ചരിച്ചു.

അതിന്നുശേഷം അന്നു തന്നെ പലതരം ആവലാതികളും കേട്ട് ഗൌരവമേറിയ കുററങ്ങൾക്കെല്ലാം രാജപ്രതിനിധിയായ നമ്പീശൻതന്നെ വിധി പറഞ്ഞ്, ശേഷം ഭാഗമുള്ള ന്യായവിചാരമെല്ലാം മങ്ങാട്ടച്ചനെ ഏല്പിച്ച് താൻ ആ സ്ഥാനം വിട്ട്പോയി. മങ്ങാട്ടച്ചനാകട്ടെ തൻെറ പതിവിൻപടിക്കുള്ള കരുണയോടെ ഓരോ ആവലാതികളും കേട്ട്, അപരാധികളെ മുമ്പിൽവരുത്തി, അവരെ വിചാരണ ചെയ്ത് അവരെത്തന്നെ മേലാൽ നന്നാക്കിത്തീൎക്കുവാൻ തരമുള്ളേടത്തോളം പരീക്ഷിച്ച്, അതിന്നുതകുംതരത്തിലുള്ള ലഘുശിക്ഷയോ, അഥവാ ചിലപ്പോൾ മേലാൽ അത്തരം അപരാധത്തിൻെറ ആവൎത്തനത്തിന്നിടവരികയില്ലെന്നുള്ള ഉടമ്പടിയിന്മേൽ മാപ്പുതന്നേയോ, അവൎക്ക് ഏകി സന്തുഷ്ടരാക്കി പറഞ്ഞയച്ചു. ചില പുള്ളികളെ ശിക്ഷിക്കാതെ വിടുന്നപക്ഷം മററു പ്രജാവൃന്ദത്തിന്ന് അതുകൊണ്ടുണ്ടാകാവുന്ന സുഖവിരോധത്തെ വിചാരിച്ച്, അപരാധികളെ ദണ്ഡിപ്പിക്കാതെ വിട്ടാൽ അതൊരു ദുഷിച്ച ദൃഷ്ടാന്തമായിത്തീൎന്നേക്കാമെന്നു കരുതിയും, തൻെറ ഹൃദയകാരുണ്യമൊതുക്കി, യഥാക്രമം പല ശിക്ഷകളും വിധിച്ചും, തന്നെ ഏല്പിച്ച പ്രവൃത്തി ശരിയാംവണ്ണം അനുഷ്ഠിച്ചു. വിചാരണ

യും വിധിയുമെല്ലാം കഴിഞ്ഞു് സദസ്സുപിരിയുമ്പോൾ മാറവിടെക്കൂടിയിരുന്ന സദസ്യരെല്ലപ്പേരും കൈതമനെ ഗോവിന്ദക്കുട്ടിനായരെ നിഗ്രഹിപ്പാനുള്ള രാജപ്രതിനിധിയുടെ വിധികേട്ടു് വളരെ വ്യസനം പ്രദർശിപ്പിച്ചു.

മഞ്ഞാ:—എനിക്കും ആയാളുടെ നിഗ്രഹത്തെ കുറിച്ചാലോചിക്കുമ്പോൾ അതിയായ വ്യസനം തോന്നുന്നു. എന്നാലും ഇനി യാതൊരു പ്രതിവിധിയുമില്ല.

കൊത്തുവാൾ:—നമ്പീശൻ വളരെ കഠിനനാണു്.

മഞ്ഞാട്ട:—എന്നാലതാവശ്യവുമാണു്. പലപ്പോഴും പുറമെ തോന്നുംപോലെ ദയാപരമല്ല കാരുണ്യം. മാപ്പു് എപ്പോഴും രണ്ടാമതും ഒരു കുററം ചെയ്യാനുള്ള അവസരം കൊടുക്കുന്നു. എന്നിരിക്കിലും സാധു ഗോവിന്ദക്കുട്ടിയുടെ കാര്യം കഷ്ടമായി! ഇങ്ങിനെ അന്നേത്തെ കച്ചേരി അവസാനിപ്പിച്ചശേഷം അദ്ദേഹം ഓരോന്നു പറഞ്ഞുകൊണ്ടിരുന്നു.

---

## അദ്ധ്യായം VII

പാറപരമേശ്വരൻനമ്പി ആ സ്ഥാനത്തുനിന്നും പുറപ്പെട്ടു് വിശ്രമിപ്പാൻ ചെന്നതു് തന്റെ മണിമന്ദിരത്തിലേക്കായിരുന്നു. നവമായി തനിക്കു സിദ്ധിച്ച അധികാര ബഹുമതികൾക്കു ചിതമായ വിധത്തിൽ പ്രത്യേകിച്ചു് അലങ്കരിച്ചു് വിതാനിച്ചിരുന്ന ഒരു മണിയറയിൽ രാജോചിതമായ ഭക്ഷണവും കഴിഞ്ഞു്, പുതുതായി ലന്തക്കാരാൽ സല്ക്കരിക്കപ്പെട്ട ചാരുകസേരകളിലൊന്നിൽ കിടന്നു് പാർശ്വസേവകന്മാരെക്കൊണ്ടു് വീയിച്ചും കൊണ്ടു്, രാജ്യഭരണക്ലേശങ്ങളെ ദൂരീകരിക്കുമാറു്, ഐഹികസൗഖ്യ

സുഖമനുഭവിക്കുന്നതിന്നിടയിലാണ്, ഒരു പരിചാരകൻ പ്രവേശിച്ച് കൊത്തുവാൾ വന്ന് സമയം പാക്കുന്നുവെന്ന് പറഞ്ഞത്. രാജ്യകാൎയ്യങ്ങൾക്ക് തന്റെ സുഖലോലുപതചം പ്രതിബന്ധമായിത്തീരുന്നുവെന്ന്, പാൎശ്വവൎത്തികളായ മററുദ്യോഗസ്ഥന്മാൎക്ക തോന്നിക്കൂടെന്ന നിശ്ചയത്തിന്മേൽ, ഉടൻതന്നേ അവിടേനിന്നും എഴുനേററ് പാററനമ്പി സഗൌരവം പൂമുഖത്തേക്ക് ചെന്നു.

കൊത്തുവാളാകട്ടേ, അപ്പോൾ ഗോവിന്ദൻകുട്ടിയുടെ വധകാൎയ്യത്തേക്കുറിച്ചുള്ള മനോരാജ്യത്തിലുമായിരുന്നു. "അദ്ദേഹം പറഞ്ഞാൽ കേൾക്കുമെന്ന് തീരെ തോന്നുന്നില്ല. കഷ്ടം! ആയാളുടെ അപരാധം കേവലം സ്വപ്നപ്രായമാണ്. ഏതു വൎഗ്ഗത്തിലും ഏതു കാലത്തിലും ഈ കുററം വന്നുപോകുന്നതാണ്. അതിന്നുവേണ്ടി ഇവൻ മാത്രം മരിക്കേണ്ടിയും വരുന്നു!!!" എന്നിങ്ങിനെ തന്നെത്താൻ ചിന്തിച്ചു കഴിഞ്ഞപ്പോഴക്ക് നമ്പീശനും എത്തി.

അന്യോന്യം കണ്ട ഉടൻ ചെയ്യേണ്ട ആചാരോപചാരങ്ങൾ കഴിഞ്ഞശേഷം,

പാ. ന:—കൊത്തുവാൾ എന്താണിപ്പോൾ വന്നത്? വല്ല പ്രത്യേക കാരണവുമുണ്ടായിട്ടോ?

കൊത്തു:—അവിടുത്തെ ഇഷ്ടം ഗോവിന്ദൻകുട്ടിയെ മററന്നാൾ തന്നെ നിഗ്രഹിക്കേണമെന്നാണൊ?

പാ. ന:—അതേ എന്ന് ഞാൻ തന്നോട് പറകയുണ്ടായില്ലേ? അതിന്നുള്ള കല്പനയും കിട്ടിയില്ലേ? പിന്നെ എന്തിന്നു വീണ്ടും അതു ചോദിക്കുന്നു?

കൊത്തു:—പിന്നീട് ഞാൻ അല്പം ധൃതിയായി സാഹസം കാണിച്ചുവെന്ന് വരേണ്ടെന്ന് കരുതി. പലപ്പോഴും പല മഹാന്മാരും വധം കഴിഞ്ഞതിന്നുശേഷം, തങ്ങളുടെ ദണ്ഡത്തേക്കുറിച്ചു പശ്ചാത്തപിച്ചതായി ഞാൻ കണ്ടിട്ടുണ്ടെന്നറിയിക്കുന്നതിൽ അബദ്ധമുണ്ടെങ്കിൽ ഇവിടുന്ന് ക്ഷമിക്കുമാറാകണം!

പാ. ന:—എന്നാൽ പോയ്ക്കൊള്ളു. ഇതെന്റെ വിധിയാണ്. അതിന്റെ ഭാരം ഞാനേററു. താൻ തന്റെ കൃത്യമനുഷ്ഠിക്കു. അല്ലെങ്കിൽ ഉദ്യോഗം വേണ്ടെന്നു വെച്ചോളൂ. എന്നാൽ തന്നെ ഒഴിവാക്കിത്തരാം.

കൊത്തുവാറം:—ദയവുചെയ്ത് ഇവിടുന്ന് ക്ഷമിക്കണം. ആ ഗർഭിണിയായ കുഞ്ഞിലക്ഷ്മിയെ എന്തു ചെയ്യേണമെന്നു കല്പിച്ചാലും.

പാ. ന:—അവളെ മററൊരിടത്തേക്കു വേഗം മാററി താമസിപ്പിച്ചുകൊള്ളുക.

ഇതിനിടയിൽ ഒരു രാജ്യഭൃത്യൻ വന്ന് "ദണ്ഡശിക്ഷയ്ക്കു വിധിക്കപ്പെട്ടവന്റെ സോദരിയായ ഒരുവറം ഇതാ, പടിക്കൽ വന്ന് മുഖം കാണിക്കാൻ സമയം പാത്തു നില്ക്കുന്നു" എന്നറിയിച്ചു.

പാ. ന:—അവന്ന് ഒരു സോദരിയുണ്ടോ?

കൊത്തു:—ഉവ്വ് അങ്ങുന്നെ! വളരെ ഉൽകൃഷ്ടസ്വഭാവയും ഭഗവൽഭക്തയുമാണവറം. ഇതാ ഒരു മണ്ഡലക്കാലം ഭജിപ്പാനായി നോൽമ്പ് എടുത്ത് തുടങ്ങീട്ടില്ലെങ്കിൽ അടുത്തു തുടങ്ങുവാനുള്ള പുറപ്പാടായി എന്നു കേട്ടിരുന്നു.

"എന്നാൽ അവളോട് ഇങ്ങോട്ടു് വരുവാൻ പറയു ക," എന്നു് ഭൃത്യനോടും "മറെറ വ്യഭിചാരിണിയെ ഇ ന്നുതന്നെ താൻ സ്ഥലം മാററണം. അവൾക്ക് അത്യാവ ശ്യമായിട്ടുള്ളവയല്ലാതെ അന്യായമായ സുഖഭോഗങ്ങ ളൊന്നും അനുവദിക്കരുത്. അതിന്നു് പ്രത്യേകം കല്പന കൊടുക്കു" എന്നു് കൊത്തുവാളോടും ആജ്ഞാപിച്ചു ക ഴിഞ്ഞപ്പോഴേക്കു് കേശവൻ നായരാൽ നയിക്കപ്പെട്ട ഇട്ടി ശ്രീദേവിയെ കാണായി.

കൊത്തുവാൾ ഉടനെ യാത്രചോദിച്ചപ്പോൾ അല്പം കഴിഞ്ഞു പോകാമെന്നും നമ്പി കല്പിച്ചു.

നമ്രമുഖിയായി, ബദ്ധകുന്തളയായി, തൻെറ പ്രി യസോദരൻെറ പ്രാണമാത്രകാംക്ഷിണിയായി, വല്ല ക്ഷേത്രസന്നിധിയിലേക്കും ചെല്ലുമ്പോൾ ഉണ്ടാകുന്ന വി നയാദരഭാവങ്ങളോടെ, ആ അങ്കണത്തിലെത്തിയ മനോ ഹര രൂപിണിയെ കണ്ട ഉടൻ, പാറ നമ്പി രാജ്യം ഭരി ക്കുന്ന തമ്പുരാൻെറ ഗാംഭീര്യവാത്സല്യങ്ങളെ നടിച്ചു്, "ഇങ്ങോട്ടു് വരാം. ഭയപ്പെടേണ്ട. നീ വന്ന കാര്യം?" എന്നായി പ്രശ്നംചെയ്തു.

ഇട്ടി ശ്രീ:—ഞാൻ ഇവിടത്തെ സന്നിധാനത്തിലേക്ക വ രുന്ന ഒരു സങ്കടക്കാരിയാണ്. അവിടുന്നു് ദയവുചെയ്തു് എൻെറ സങ്കടം കേൾക്കണം.

പാ. ന:—ആവട്ടെ, എന്താണ് നിൻെറ സങ്കടം?

ഇട്ടിശ്രീ:—നാമമാത്രശ്രവണത്താൽത്തന്നെ ഞാൻ നടു ങ്ങുന്നതും, ഞാൻ ലോകത്തിൽവെച്ചു് അത്യധികം വെറുക്കുന്നതും, നീതിയുടെ കഠിനതരമായ ദണ്ഡനി

പാത്രത്തിൽനിന്ന് ഒരിക്കലും ഒഴിച്ചുകൂടാത്തതെന്ന് ഞാനഭിപ്രായപ്പെടുന്നതും, ആയ ഒരു ദുഷ്കർമ്മമാണത്. ഒരു കാലത്തും ഞാൻ അതിനെ സാധൂകരിച്ചു വാദിക്കുന്നതുമല്ല. എന്നാൽ, എനിക്കിപ്പോഴതു് വേണ്ടിവന്നിരിക്കുന്നു. ഒരിക്കലും ഞാൻ അതിനെ നീതീകരിപ്പാൻ തുനിയുന്നതുമല്ല. എങ്കിലും ഞാൻ അതിന്നു നിർബ്ബന്ധയായിത്തീർന്നിരിക്കയാൽ, എന്റെ ഹൃദയം ഇപ്പോൾ വേണമെന്നും വേണ്ടെന്നുമുള്ള ഒരു വ്യാമർദ്ദക്കളരിയായിപ്പരിണമിച്ചിരിക്കുന്നു.

പാ. ന:—ശരി; കാര്യം?

ഇട്ടിശ്രീ:—എന്റെ ഒരു സോദരൻ മരണശിക്ഷക്ക് വിധിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഞാനവിടുത്തോടു പ്രാർത്ഥിക്കുന്നത് മരണശിക്ഷ അദ്ദേഹത്തിന്റെ അപരാധത്തിന്നാക്കി, എന്റെസോദരനെ ഒഴിവാക്കേണമെന്നാണ്.

ഇത് കേട്ടുംകൊണ്ട് നിന്നിരുന്ന കൊത്തുവാൾ അപ്പുറത്ത്നിന്ന് "ഇദ്ദേഹത്തെ ഇളക്കുവാനുള്ള ശക്തി ദൈവം ഇവൾക്ക് കൊടുക്കേണമേ" എന്ന് പ്രാർത്ഥിച്ചു. അവളുടെ പ്രാർത്ഥനോദ്ദേശ്യത്തെ ഗ്രഹിച്ചു.

പാ. ന:—എന്താനീ പറയുന്നത്? കുററത്തെ നിഗ്രഹിച്ച് തല്കൎത്താവിനെ ഒഴിച്ചുവിടുകയോ? ഇതെന്തുകഥ! എല്ലാ കുററവും ചെയ്യപ്പെടുന്നതിന്റെ മുമ്പുതന്നെ വദ്ധ്യമാണ്. നമ്മുടെ നവീനഭരണം, കുററത്തിന്ന് വിധിച്ച ശിക്ഷകൾ നിലവിലിരിക്കെ, തല്കൎത്താക്കൾ നിർബ്ബാധം പോവാനിടയാക്കിയാൽ, അതൊരു പരിഹാസത്തിന്നു പാത്രമായിത്തീരുമല്ലോ.

“ന്യായ്യമെങ്കിലും അതികഠിനമായനീതിയാണ് ഇവിടത്തേത്. ഇവിടുന്ന് കനിഞ്ഞ് മാപ്പരുളാത്ത പക്ഷം എന്റെസോദരന്റെ കഥകഴിഞ്ഞു! എന്ന് ഇച്ഛാഭംഗത്തോടെ ഉച്ചരിച്ചു ഭഗ്നാശയായി ഇട്ടിശ്രീദേവി അവിടെനിന്നും പോകാൻ പുറപ്പെട്ടാറെ കേശവൻ നായർ സ്വകാര്യമായി “ഇങ്ങിനെ വിട്ടുകൊടുക്കരുതു. എനിയ്യും അങ്ങോട്ടുതന്നെ ചെല്ലു. ഒന്നുകൂടി കനിഞ്ഞു പറയു. കാല്ക്കൽ പോയികുമ്പിട്ടു അനങ്ങാനയക്കാതെ അങ്ങോട്ടുമിങ്ങോട്ടും ചാഞ്ഞ് നമസ്കരിക്കു. നീയൊരു മഹാതണുപ്പത്തിയാണ്. നീയെന്തേ ഇപ്പോൾ ഉണ്ടായതു? വല്ലിടത്തും ചെന്നു ഒരിക്കൽ മുറുക്കാൻ ചോദിക്കുന്നതു പോലെ, വായ്, നിവത്തി “ഇല്ലേ”ന്നു കേട്ടപ്പോൾ മടങ്ങുകയൊ! ചെല്ലു! അങ്ങോട്ടു ചെല്ലു” എന്നു മന്ത്രിച്ചു മുന്നോട്ടു ചെന്ന്,

ഇട്ടി:—അദ്ദേഹം മരിക്കയല്ലാതെ നിവൃത്തിയില്ലയോ?

പാ. ന:—ഹേയുവതി! ഒരു നിവൃത്തിയുമില്ല.

ഇട്ടിശ്രീ:—ഉവ്വ്. അവിടേക്കു മാപ്പുകൊടുപ്പാൻ ശക്തിയുണ്ടെന്നു എനിക്കറിയാം. അങ്ങിനത്തെ കാരുണ്യത്തിൽ ദൈവത്തിന്നും മനുഷ്യൎക്കും യാതൊന്നും വ്യസനിപ്പാനമില്ല.

പാ. ന:—ഞാനതൊരിക്കലും ചെയ്യുകയില്ല.

ഇട്ടി:—എങ്കിലും അവിടേക്കു വേണമെങ്കിൽ അങ്ങിനെ ചെയ്യാമോ?

പാ. ന:—നോക്ക്. ഞാൻ ചെയ്യാത്തത് എനിക്ക് വയ്യാത്തതാണ്.

ഇട്ടി:—എന്നാൽ അവിടുന്നങ്ങിനെചെയ്യുന്നപക്ഷം അത്

ഈ ലോകത്തോടും അവിട്ടത്തെ സ്ഥാനത്തോടും യാതൊരപരാധവുമാകുന്നതല്ലല്ലൊ. എൻെറ ജ്യേഷ്ഠൻെറ സങ്കടത്തിൽ എൻേറതുപോലെ അവിട്ടത്തെ ഹൃദയവും അലിയുമായിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു!

പാ. ന:-വിധിക്കപ്പെട്ടുപോയി. ഇപ്പോൾ കാലവും വൈകി.

ഇട്ടി:—കാലം വൈകിയെന്നൊ? എന്തിന്ന്! അത് ഒരിക്കലുമില്ല. ഞാനൊരിക്കലൊന്നുച്ചരിച്ചുപോയാൽ അത് എനിക്ക് മടക്കിവിളിക്കാം. ഇവിടുന്നൊന്നുധരിക്കണം. മഹാന്മാൎക്കുള്ള സൎവ്വവിധമായ അധികാരങ്ങൾക്കും, രാജാവിൻെറ കിരീടത്തിന്നും, രാജാധിരാജൻെറ ചെങ്കോലിന്നും, സേനാധിപൻെറ വാളിന്നും, ന്യായാധിപതിയുടെ നാരാചത്തിന്നും, കാരുണ്യമാകുന്ന മഹാഗുണത്തോട കൂടാത്തപക്ഷം യാതൊരു ശോഭയുമില്ല. എൻെറ ജ്യേഷ്ഠൻെറ സ്ഥാനത്ത് അങ്ങും, അങ്ങയുടെ സ്ഥാനത്ത് അദ്ദേഹവും ആയിരുന്നുവെങ്കിൽ, അങ്ങും ഒരു സമയം നേർവഴിയിൽ നിന്ന് വ്യതിചലിക്കുമായിരുന്നു. എന്നാൽ എൻെറ ജ്യേഷ്ഠൻ തീൎച്ചയായും ഇത്ര കൃപാഹീനനായി വൎത്തിക്കയില്ല.

പാ. ന:—ആവട്ടെ, നീ പോയ്ക്കൊള്ളുക! മതി.

ഇട്ടി:—എനിക്കവിട്ടത്തെ അധികാരശക്തി സിദ്ധിച്ചും, അവിടുന്ന് ഉണ്ണിച്ചിരിക്കുട്ടി ആയും കാണ്മാൻ ഞാൻ ദൈവത്തോട പ്രാൎത്ഥിക്കുന്നു. എന്നാലിപ്രകാരമാകുമൊ? ഒരിക്കലുമില്ല. അപ്പോൾ ഞാൻ ഒരു വ്ധി കൎത്താവ് എവ്വിധമെന്നും വിധിബന്ധിതൻ എങ്ങിനെയിരിക്കുമെന്നും പറഞ്ഞ് തരാമായിരുന്നു.

പാ. ന:—നിൻെറ ജ്യേഷ്ഠൻ രാജനീതിയാൽ ദണ്ഡിക്ക പ്പെട്ടുപോയി. നീ ഇനി വെറുതെ കണ്ഠക്ഷോഭം ചെയ്യ യാണ്.

ഇട്ടി:—ഹാ! കഷ്ടം! കഷ്ടം! നമുക്കെല്ലാവക്കും ഉപരിയാ യി സ്വൎഗ്ഗത്തിലിരിക്കുന്ന ആ ന്യായാധിപതി അങ്ങ യുടെ സകല പ്രവൃത്തികളേയും സൂക്ഷ്മമാനം ചെയ്ത് ഒരു കഠിന വിധി വിധിക്കുന്നതായാലോ! അതൊന്നാ ലോചിക്കൂ! എന്നാൽ ദയ താനേ അങ്ങയുടെ ജിഹ്വാ മാൎഗ്ഗമായി ഒഴുകിക്കൊള്ളും.

പാ. ന:—ഹേ സുന്ദരീ, നീ ഇതുകേട്ട് തൃപ്തിപ്പെട്ടുകൊ ൾക. ഞാനല്ല, ഇവിടത്തെ രാജനീതിയാണ് നിൻെറ ജ്യേഷ്ഠനെ നിഗ്രഹിക്കുന്നത്. അവനെൻെറ ബന്ധുവാ യാലും സോദരനായാലും മകനായാൽ പോലും ഇ തുതന്നെയാണ് ഫലം. അവൻ മററന്നാൾ മരിക്കണം.

ഇട്ടി:—മററന്നാളോ? അത് വളരെ പെട്ടന്നനവെത്രയായി പ്പോയി! അല്പംകൂടി കഴിയട്ടെ. കശാപ്പുകാരൻെറകയ്യി ൽകിട്ടിയ മൃഗങ്ങൾക്കും, ബലി ചെയ്യാനുഴിഞ്ഞിട്ട ആട്, കോഴി മുതലായവക്ക കൂടിയും, ചില പ്രത്യേക ദിവസങ്ങളിലേ വധം നടക്കമാറുള്ളൂ. ഉൽകൃഷ്ടജീവി എന്നഭിമാനിക്കുന്ന ഈ മനുഷ്യപ്രാണി അത്രയും ഭ്രവാ സത്തിന്നു അനൎഹനാണെന്നോ? എൻെറ മഹാനായ സ്വാമിയല്ലയോ? അങ്ങുന്നാലോചിച്ചു നോക്കൂ. ഇതേ അപരാധത്തിന്നു മുമ്പു എത്രപേർ നിഗ്രഹിക്കപ്പെട്ടിട്ടു ണ്ട്? അപരാധികളായി എത്രയോ പേർ ഉണ്ടായി ട്ടുണ്ട്.

കേശവൻനായർ അപ്പുറത്ത് നിന്നുകൊണ്ട് „അങ്ങിനെ പറയൂ" എന്ന കൈകൊണ്ട് ആംഗ്യംകാട്ടി.

പാ. ന.__രാജനീതി ഉറങ്ങിട്ടുണ്ടായിരുന്നുവെങ്കിലും മരിച്ചിട്ടുണ്ടായിരുന്നില്ല. ആ ആദ്യം ചെയ്ത അപരാധിതന്നെ അതിന്നുള്ള ശിക്ഷ അനുഭവിച്ചിരുന്നുവെങ്കിൽ, രണ്ടാമതൊരാൾ അതൊന്നാവത്തിപ്പാൻ മുതിരുകയില്ലായിരുന്നു. ഇപ്പോഴിതാ, നീതി ഉറക്കമുണൎന്ന് അപരാധികളുടെ കണക്കെടുത്തുതുടങ്ങുന്നു. എന്നാൽ അപ്രത്യക്ഷം സുഗ്രഹമായി കാട്ടിക്കൊടുക്കുന്ന മഷിനോട്ടക്കാരെപ്പോലെ, ഇന്നടിക്കിൽ ഇത്രയുണ്ട്; ഇനി ഇത്രവരാനുണ്ട്; ഇത്രമൂല്യം; ഇത്രകാൎയ്യം; എന്നും മറ്റും അപ്രത്യക്ഷം കണക്കാക്കാൻ നില്ക്കാതെ, നീതി, അത്തരം അപരാധങ്ങളുടെ ആവൎത്തനമേ നിഹനിക്കമാറ, അവ ഉണ്ടായവഴിയെത്തന്നെ നശിപ്പിക്കുന്നേത്തുമാണ്.

ഇട്ടി:—എന്നാലും, അവിടുന്ന് ഈ സംഗതിയിൽ അല്പം ദയകാണിക്കാൻ ഞാൻ കനിഞ്ഞപേക്ഷിക്കുന്നു.

പാ. ന.__ഞാൻ നിയമപ്രകാരമുള്ള വിധികല്പിക്കുന്നതിലാണ് അത്യധികം ദയകാണിക്കുന്നത്. കാരണം, എനിക്കറിയാത്തവരിലും ഞാൻ ദയകാണിക്കുന്നു. അല്ലെങ്കിൽ അദണ്ഡിതനായ ഒരു അപരാധി അവരെയെല്ലാം ഉപദ്രവിക്കും. തന്റെ അപരാധത്തെ അവരിലെല്ലാം പരത്തുകയും ചെയ്യും. ഒരു മഹാപരാധി അവന്റെ കുററത്തിന്നുള്ള ശിക്ഷ അനുഭവിച്ചുകഴിഞ്ഞാൽ ഒരു പുനരാവൎത്തനത്തിന്ന് സംഗതിവരായ്ക

യാൽ തോന്നവന്നും ഗുണംതന്നെ ചെയ്യുന്നു. അതിനാൽ ഭവതി തൃപ്തിപ്പെട്ടിരിക്കു. ഭവതിയുടെ ജ്യേഷ്ഠൻ നിശ്ചിതദിനംതന്നെ മരിക്കും ! അതുകൊണ്ട് അടങ്ങി പാൎത്തുകൊള്ളുക.

ഇട്ടി:—അവിടുന്നാണ് ഇങ്ങിനത്തെ ഒരു ശിക്ഷ ഒന്നാമതായി നല്കുന്നതും ജ്യേഷ്ഠനാണ് അത് ഒന്നാമതായി അനുഭവിക്കുന്നതും. ഹാ ! ഒരു രാക്ഷസന്റെ ബലം ഉണ്ടാകുന്നത എത്രയോ ആശാസ്യമാണെങ്കിലും, ഒരു രാക്ഷസനെപ്പോലെ അത് ഉപയോഗിക്കുന്നത് അധികാരപ്രമത്തതയാണ്.

കേ. നാ:—(പതുക്കെ ഇട്ടിച്ചിരിയോട്)ഇപ്പോൾപറഞ്ഞത് വളരെകാൎയ്യമാണ്. അങ്ങിനെപറയൂ.

ഇട്ടി:—ഈ ഭൂമിയിലെ മനുഷ്യൎക്ക് ഇന്ദ്രഖഡ്ഗനിപാതമാകുന്ന ഇടിരവമുണ്ടാക്കുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ, പിന്നെ ആകാശം സൎവ്വദാ ശബ്ദമയമായിത്തീരുമായിരുന്നു. എന്നാൽ എത്ര എളിയ അധികാരസ്ഥനും തന്റെ സ്വല്പലോകത്തിൽ ഇടിരവമുണ്ടാക്കിക്കൊണ്ടേ ഇരിക്കുന്നതായിരിക്കും. ദൈവികമായ ഇടിരവമാകട്ടെ, തന്റെ ദ്രുതവൈദ്യുത നിപാതംകൊണ്ട്, വിയന്മാൎഗ്ഗം തലോടുന്ന മഹാശ്വത്ഥവൃക്ഷത്തെയോ, സാലതരുവെയോ, അല്ലാതെ വല്ല കുളത്തിന്നടിയിലും ആണ്ടു കിടന്ന് പരിലസിക്കുന്ന താമരപ്പൂവിനെയോ ആമ്പലിനേയോ പിളൎന്നു കത്തിച്ചുപുകയ്ക്കാറില്ല. എന്നാൽ ഈ അഹങ്കാരിയായ മനുഷ്യനാകട്ടെ, തനിക്ക് അല്പമായിസിദ്ധിച്ച അധികാരപ്രമത്തതകൊണ്ട് വിണ്ണവ

രയും കരയിക്കുമാറ് കോപിശായന മദമത്തനും വൃശ്ചികദംഷ്ടനും, പിശാചഗ്രസ്തനും ആയ കപിയെപ്പോലെ, എന്തെല്ലാം വികൃതസാഹസങ്ങൾ കാട്ടി തതന്റെ സഹജീവിയെ മുട്ടിക്കുന്നു!

ഇട്ടിശ്രീദേവിയുടെ വാഗൈഭവം കേട്ട ഉടൻ കേശവൻനായർ, „അതെ അങ്ങിനെതന്നെ പറയു. അങ്ങോട്ടു ചെല്ലു" എന്ന് ആംഗ്യം കാണിക്കയും, കൊത്തുവാൾ „രാജപ്രതിനിധിയെ വശീകരിപ്പാൻ ഉള്ള ശക്തി ഈ പെൺതയ്യലിന്ന് ഉണ്ടാകേണമെ" എന്ന് പ്രാർത്ഥിക്കയും ചെയ്തു.

അവൾ പിന്നയും തുടൻു:— „നമുക്കു നമ്മുടെ സോദരനെ നമ്മുടെ മാനദണ്ഡംകൊണ്ടു അളന്നുനിർണ്ണയിച്ചു കൂടാ. മഹാന്മാർ ദേവന്മാരെക്കുറിച്ചും അപഹസിക്കുമാറുണ്ട്. അവരിൽ അത് ബുദ്ധിവൈഭവം എന്നാൽ എളിയവർ അപ്രകാരം ചെയ്യുന്നപക്ഷം അവരിൽ അത് ഈശപരനിന്ദയുമായി ഗണിക്കപ്പെടുന്നതാണ്."

കേ. നാ:—(സപ്രകാശം) അങ്ങിനെ പറയു. പറഞ്ഞത് കാര്യമാണ്. കുട്ടി, നിൎത്തേണ്ടാ.

ഇട്ടി:—ദൃഷ്ടാന്തമായി ഒരു പടനായകന്റെ വെറും കോപഭാഷണം ഒരു ഭടന്റെ വായിൽനിന്നു പുറപ്പെട്ടാൽ അത് അക്ഷന്തവ്യമായ ഒരു ധിക്കൃതി വചനമായിത്തിരുന്നതാണ്.

കേ. നാ:—(ഇട്ടിശ്രീദേവിയോടു സപ്രകാശം) ഇത് നിനക്കാരെങ്കിലും പറഞ്ഞുകേട്ടു തൊന്നിയതാണൊ? ഇനിയുംപറയു.

പാം നം:—ഭവതിയെന്തിനാണ് ഈ വകതത്തജ്ഞാനങ്ങ ൾ എൻെറ മേൽ വൎഷിക്കുന്നത്?

ഇട്ടി:—കാരണം. അധികാരസ്ഥന്മാർ മററുള്ളവരെപ്പോ ലെതന്നെ അബദ്ധം പ്രയോഗിച്ചാലും തങ്ങളുടെ ദു ൎവൃത്തിയെ മൂടിവെപ്പാനുള്ള മരുന്നു അവരുടേ കൈ വശംതന്നെ ഉണ്ട്. അങ്ങയുടെ ഹൃദയ കവാടത്തെത്ത ന്നെതുറക്കു. എന്നിട്ട് ചോദിക്കു, എൻെറ ജ്യേഷ്ഠൻെറ കുററത്തെപ്പോലെ വല്ലതും അങ്ങയുടെ ഹൃദയത്തിന്നറി യാമൊ എന്ന്. എന്നിട്ടു അങ്ങിനത്തെ പ്രകൃതിസിദ്ധ മായ ദോഷത്തിൻെറ വല്ല ലാഞ്ഛനയും ജ്യേഷ്ഠൻെറ തുപോലെ ഉള്ളതായി അവിടം സമ്മതിക്കുന്നപക്ഷം എൻെറ ജ്യേഷ്ഠൻെറ ജീവഹാനി വരുത്തുന്ന ഒരു ശ ബ്ദം അങ്ങയുടെ നാക്ക് ഉച്ചരിക്കാതിരിക്കട്ടെ.

പാം നം:—(ആത്മഗതം) ഇവൾ പറയുന്നത് കാൎയ്യമാണ്. ഇങ്ങിനത്തെ സംഗതികളാണ് എൻെറ ഇന്ദ്രിയങ്ങ ളേയും സൎവ്വദാ ആകൎഷിച്ചു കൊണ്ടിരിക്കുന്നത്. (പ്ര കാശം) ആകട്ടെ ഭവതിപൊയ്ക്കൊള്ളുക.

ഇട്ടി:—ശാന്തനായ പ്രഭോ! ഒന്നു ഇങ്ങോട്ടുതിരിഞ്ഞ് ഞാ ൻ പറയുന്നത് മുഴുവൻ ശ്രദ്ധിക്കു.

പാം നം:—ആട്ടെ. ഞാനാലോചിക്കാം. ഭവതിനാളെ ഒരി ക്കൽ കൂടി ഇങ്ങോട്ടു വരു.

ഇട്ടി:—ഇതു കേൾക്കു. ഞാൻ അങ്ങേക്കു എന്ത് പ്രതിഫലം തരാമെന്നു കേൾക്കു. അങ്ങ് ദയാശീലനല്ലയോ? തിരി ഞ്ഞുപോകാതെ ഇത് കൂടി ചെവിക്കൊള്ളു.

പാം നം:—എന്ത്! എനിക്കു പ്രതിഫലം തരികയോ?

ഇട്ടി.—അതെ! തരികയല്ലെങ്കിൽ ദൈവത്തെ കൊണ്ടുതരുവിക്കാം. എൻെറ പ്രതിഫലം, കല്ലിന്മേൽ ഉരച്ചു നോക്കി, മാററിൻെറ കൂടുതലോ, കുറവോ അനുസരിച്ചു വില നിൎണ്ണയിക്കുന്ന സുവൎണ്ണനാണ്യങ്ങൾകൊണ്ടൊ, വെറും കണ്ണേറ്റം കൊണ്ടുമാത്രം താൽ‌ക്കാലികമായി ഉയൎത്തിയൊ, ആവശ്യക്കാരുടെ ആധിക്യത്തിനനുസരിച്ചു വിലമതിക്കുന്ന രത്നങ്ങളെക്കൊണ്ടോ ഉണ്ടാക്കിയതല്ല. എന്നാൽ പുലരാൻ ഏഴരനാഴികകം മുമ്പായി കുളിച്ചു ശുദ്ധജലത്തിൽനിന്നു ഐഹികമായ യാതൊരു ചിന്തയുംകൂടാതെ നിഷ്കളങ്ക ഭക്തിപരമായി ഭഗവൽപാദാരവിന്ദങ്ങളിൽ ഭവദഭ്യുദയാൎത്ഥം അൎപ്പിക്കുന്ന പ്രാർത്ഥനാവാണികളെക്കൊണ്ടുള്ളവയാണ്.

പാ. ന:—ആവട്ടെ. നാളെ നമ്മുടെ അടുത്തേക്കുവരും. കേശവൻനായർ „അത്രമതി; പൊയ്ക്കോള്ളൂ. ഇനി നില്ക്കേണ്ടാ !" എന്നാംഗ്യം കാണിച്ചു.

ഇട്ടി:—ദൈവം അങ്ങു സുഖമാംവണ്ണം പരിപാലിക്കട്ടെ.

പാ. ന:— (സ്വഗതം) ഈവക പ്രാൎത്ഥനകൊണ്ടൊന്നും ഇളകാത്ത ഞാനിതാ ഈവഴിക്കാകർഷിക്കപ്പെടുന്നു.

ഇട്ടി:—(പോകാൻപുറപ്പെട്ട് തിരിഞ്ഞ്നിന്ന്) നാളെ ഏതു സമയത്താണാവോ ഇവിടുത്തേക്കവസരം?

പാ. ന:—ഉച്ചക്കുമുമ്പ് എപ്പോഴും.

"എന്നാലങ്ങിനെയാവട്ടെ" എന്നു പറഞ്ഞ് ഇട്ടിച്ചിരിക്കുട്ടി കേശവൻനായരോടുംകൂടി യാത്രയായി. വേറെ ഉദ്ദ്യോഗസംബന്ധമായ ചില കാൎയ്യങ്ങളും കൂടി പറഞ്ഞ്

കൊത്തുവാളും പിരിഞ്ഞും രാജപ്രതിനിധി താൻ തനിയേയായപ്പോൾ ഇങ്ങിനെ ഓരോ മനോരാജ്യം ചിന്തിച്ചുകൊണ്ടേ ഇരുന്നു സന്ധ്യയാക്കി.

"അവളാൽ—അവളുടെ വിനയാദിസൽസ്വഭാവങ്ങളാൽ—അല്ല; അവളാൽത്തന്നെ, ഞാൻ വശീകൃതനാകുന്നു. ഇതെന്തു കഥ! ഇതെന്താശ്ചര്യം! ഇത് അവളുടെ കുററമോ? എന്റെ കുററമോ? വശീകരിക്കുന്നതോ വശപ്പെടുന്നതോ അധികം വലിയ അപരാധം? ഹാ! അവളല്ലതന്നെ! അവളൊട്ടു വശീകരിക്കുന്നുമില്ല. എന്നാൽ, ഞാനത്രെ, ഇളവെയിലിൽ കിടന്നു ശ്വാസം മുട്ടുന്ന മത്സ്യത്തെപ്പോലെ—അല്ലാതെ അതേ വെയിലിൽത്തന്നേ പരിലസിച്ചുല്ലസിക്കുന്ന ചെന്താമരപ്പൂപോലെയല്ല—യാതൊരു ദുരുദ്ദേശ്യവുമില്ലാത്ത പ്രഭാപൂരത്തിൽ കിടക്കൊള്ളാതെ പിടയുന്നത്! സ്ത്രീസഹജമായ രൂപരമ്യതയേക്കാൾ അവരുടെ വിനയാദി സൌശീല്യങ്ങൾ നമ്മുടെ ഇന്ദ്രിയങ്ങൾക്ക ആകാംക്ഷകങ്ങളായിത്തീരുമോ? മനസ്സേ! പുറംപോക്ക്സ്ഥലങ്ങൾ വേണ്ടുവോളമുള്ളപ്പോൾ അവിടെയെങ്ങും സ്മരിക്കാതെ, പുണ്യക്ഷേത്രങ്ങളെപ്പാടെ നശിപ്പിച്ച് അവിടെത്തന്നെ നമ്മുടെ പാപബീജത്തെ വിതയ്ക്കേണമെന്നുണ്ടോ! ഹാ! മോശം! മോശം!! പാറ പരമേശ്വരാ! നീ ആരാണ്? അല്ലെങ്കിൽ നീ എന്തുചെയ്യുന്നു? അവളിത്ര സൽഗുണസമ്പന്നയായതുകൊണ്ടാണോ നീ അവളെ അധർമ്മമായി കാംക്ഷിക്കുന്നത്? ആട്ടെ, അവളുടെ സോദരൻ ജീവിച്ചുകൊള്ളട്ടെ. ന്യായാധിപന്മാർതന്നെ ചൌൎയ്യകർമ്മത്തിന്ന് മുതിരുമ്പോൾ ചോരന്മാൎക്ക

ങ്ങളുടെ പാതകങ്ങൾക്ക മാതൃക സിദ്ധിച്ചുവല്ലോ! എ
ന്ത്? അവൾ ഇനിയും സംസാരിക്കുന്നത് കേൾപ്പാനും
അവളെ എൻെറ നേത്രങ്ങൾക്ക മൃഷ്ടാന്നഭുക്തിചെയ്യാനും
എൻെറ മനം ആഗ്രഹിപ്പാനെന്തു കാരണം? എനിയ്ക്കവ
ളിൽ അഭിനിവേശമോ? ഞാനിതൊക്കെ സ്വപ്നം കാ
ണുകയാണൊ? ഹാ! ജാലക്കാരനായ കന്ദപ്പദാശൻ, ഒരു
സന്ന്യാസി മത്സ്യത്തെപ്പിടിക്കവാൻ മറെറാരു സന്ന്യാസി
നീ ബളിശത്തെ തൻെറ ചൂണ്ടലിന്മേൽ കോൎക്കുന്നു!
സൽസ്വഭാവത്തെ അഭിനന്ദിക്ക എന്ന വ്യാജേന ദുൎന്നയ
ത്തിലേക്കാകൎഷിക്കുന്ന വിദ്യയേയത്രെ ഏററവും ഭയപ്പെ
ടേണ്ടത്. അധികം ആപൽക്കരവും അതുതന്നെ. പ്ര
കൃതിസിദ്ധവും അഭ്യസ്തസിദ്ധവും ആയ ഉഭയവശീകര
ണപാടവങ്ങളെക്കൊണ്ടും യാതൊരു വേശ്യയ്ക്കും ഇതി
ൽകിഴിൽ ഒരിക്കലെങ്കിലും എന്നെ വശഗനാക്കവാൻ
സാധിച്ചിട്ടില്ല. എന്നാൽ, ഈ പരിപാവനസ്വഭാവയാ
കട്ടെ, എന്നെ തീരെ കീഴടക്കിക്കഴിഞ്ഞു. ഇതുവരെ എ
പ്പോഴും പുരുഷന്മാർ കാമലോലുപന്മാരായി കാണുമ്പോ
ഴൊക്കയും ഞാൻ പുഞ്ചിരിക്കൊൾകയും, ഇവരെങ്ങിനെ
വശീകൃതരായെന്നാശ്ചൎയ്യപ്പെടുകയും ചെയ്തിരുന്നു—ഹാ! ആ
ഞാനും! ഹാ! ... ... ... ...”

---

## അദ്ധ്യായം VIII

വിപ്രോത്തമനാൽ സൽകൃതനാകിയ മഹാരാജാവ്,
ദിനംപ്രതി വേഷച്ഛന്നനായി പ്രയാണം ചെയ്ത്, തൻെറ
പ്രജകളുടെ അററകുററങ്ങൾ അന്വേഷിച്ചുവരുന്നു. തു

ന്നെ ആക്കം കണ്ടാലറിവാൻ വയ്യാതിരിപ്പാനും, എന്നാൽ തനിക്കെവിടേയും പ്രവേശം നിഷ്പ്രയാസം സിദ്ധിപ്പാനുമുതകുന്നതായ ഒരു വൈരാഗിയുടെ വേഷമെടുത്താണ് അവിടുന്ന് പകൽ മുഴുവനും, ക്ഷേത്രാന്തർഭാഗത്തിലും, കുളക്കടവിലും, ഊട്ടുപുരകളിലും, രാജവീഥികളിലും കോവിലകംവക ഗോപുരങ്ങളിലും എന്നുവേണ്ട നാലാംകൂടി "അരമനരഹസ്യം അങ്ങാടിപ്പാട്ടാ"കുന്ന സകല സ്ഥലങ്ങളിലും സ്വച്ഛന്ദംസഞ്ചരിച്ച്, പലരുമായിസംഭാഷണം ചെയ്തും വാദപ്രതിവാദങ്ങൾ നടത്തിയും, അവിടവിടെ നടക്കുന്ന പല രഹസ്യ വത്തമാനങ്ങളും അറിഞ്ഞുവരുന്നത്. ഇങ്ങിനെ അവിടുന്ന് നവമായംഗീകരിച്ച വേഷപ്പകച്ച്കൊണ്ടും, അതിൽ വരുത്തിയ തന്മയത്വംകൊണ്ടും, ചിരാഭ്യസനംകൊണ്ട് പണ്ടേ വശഗമാക്കീട്ടുള്ള വിവിധസ്വരത്തിൽ സംസാരിക്കാവുന്ന കലാവിദ്യകൊണ്ടും അവിടുത്തെ ബാല്യകാലം മുതൽ കണ്ടു പരിചയിച്ചിട്ടുള്ളവൎക്കപോലും യാതൊരു സംശയത്തിന്നും ഇടയുണ്ടായില്ലെന്നു പറഞ്ഞാൽ പൂൎവ്വകാലങ്ങളിലെ ചാരഗമനങ്ങളേക്കുറിച്ചും, മഹാരാജാക്കന്മാരുടെ പ്രച്ഛന്നസഞ്ചാരങ്ങളേക്കുറിച്ചും കേട്ടും വായിച്ചും അറിഞ്ഞിട്ടുള്ളവൎക്ക ഇതിൽ യാതൊരു അത്ഭുതമോ, പുതുമയോ, അസംഭാവ്യതാശങ്കയോ ഉണ്ടാകുന്നതല്ല.

അന്നു തമ്പുരാൻ കാഷായവസ്ത്രവും, കൃത്രിമജടാഭാരവും കൃതാക്കളും അണിഞ്ഞ്, മേലാസകലം ഭസ്മവും പൂശി, രുദ്രാക്ഷമാല്യവും, കമണ്ഡലുവും ധരിച്ച് യോഗദണ്ഡും കയ്യിലേന്തി രാജകീയ കാരാഗൃഹത്തിന്നടുത്തേക്ക്

ചെന്നു അവിടെ അടുത്തായിത്തന്നേ അന്നത്തെ കാരാഗൃഹ മേൽവിചാരിപ്പുദ്ദ്യോഗസ്ഥനായ കൊത്തുവാൾ സ്വസ്ഥാനത്തിരുന്ന് തന്റെ കൃത്യങ്ങൾ മുറക്ക് നടത്തുന്നതിൽ ഉത്സുകനായി കാണപ്പെട്ടു. കൊത്തുവാളെ കണ്ട ഉടൻ നമ്മുടെ രാജവൈരാഗി അല്പം ഭസ്മമെടുത്ത് നീട്ടികൊണ്ട്, "വന്ദനം കൊത്തുവാൾ! കൊത്തുവാൾതന്നേയല്ലേ?" എന്നു ചോദിച്ചു.

കൊത്തുവാൾ—ഞാൻ കൊത്തുവാൾതന്നേയാണ്. ഹേ, സാധോ! എന്താണങ്ങക്ക് വേണ്ടത്?

രാജസ:—"നല്ലതുവരട്ടെ. ഞാനെപ്പോഴും ദീനശുശ്രൂഷണം, ആപദിസഹായം, മുതലായ സംഹജീവിസേവനമാർഗ്ഗത്തെ തുടൎന്നുനടക്കയാണ്. ഇവിടെകാരാഗൃഹത്തിൽ പലവിധപാതകികളും ഉണ്ടായിരിക്കും. അവൎക്കിജന്മത്തൊ അവരുടെ ദുഷ്കൃതികളുടെ ഫലമായി ഐഹികത്തിൽനിന്നുതന്നെ വേണ്ടുംവിധത്തിലുള്ള ശിക്ഷ കിട്ടിക്കഴിഞ്ഞിരിക്കും. എന്നാൽമേലാലക്കെങ്കിലുംഅവൎക്ക് സന്മാൎഗ്ഗോപദേശംചെയ്തും, ഭഗവൽകഥകൾ കേൾപ്പിച്ചും മനശ്ശുദ്ധിവരുത്തി അവരുടെ സങ്കടങ്ങളെ കഴിയുന്നതും ലഘൂകരിപ്പാനും, മരണശിക്ഷയ്ക്ക് വിധിക്കപ്പെട്ടവൎക്ക് മോക്ഷോപായമുപദേശിച്ച്മായാവിമോഹത്തെ ദൂരികരിപ്പാനുമുള്ള വഴിയുമാലോചിച്ചു നടക്കകയാണ്. മരണദണ്ഡത്തിന്ന് മുമ്പായി കൊലപാതകിക്ക് ക്ഷണഭംഗുരമായ ദേഹത്തിനുള്ള പോഷണപദാൎത്ഥങ്ങളോടെ മൃഷ്ടാന്നമൂട്ടുന്നതിനേക്കാൾ അത്യാവശ്യമായിട്ടുള്ളത്, അവന്റെ ആത്മാവിന്നെ നിൎവൃതി

പഥത്തിലേക്ക് നയിക്കുന്ന തത്വോപദേശമത്രെ, എന്ന് തന്റെ രാജ്യസഞ്ചാരത്തിന്നിടയിൽ കണ്ടെത്തിയ ഒരു ക്രൈസ്തവമതാചാര്യന്റെ അഭിപ്രായം നമ്മുടെ മഹാരാജാവ് അഭിനന്ദിക്കയും, സ്വന്തം ഇംഗിതസിദ്ധിക്കായി ഗുരുവായൂരമ്പലത്തിൽ ഭജിപ്പാൻ പുറപ്പെട്ട ഒരു ഹൈന്ദവസന്ന്യാസിയായ നമ്മെ വഴിയിൽ കണ്ടപ്പോഴം സന്തോഷിച്ച്. ഗൂഢമായി കാരാഗൃഹസ്ഥക്ക് മോക്ഷമാർഗ്ഗോപദേശം ചെയ്യാൻ നമ്മെ അധികാരപ്പെടുത്തുകയും, കാരാഗൃഹോദ്യോഗസ്ഥനെക്കണ്ട് വിവരമറിയിപ്പാനും, വേണ്ടിവന്നാൽ ബോദ്ധ്യപ്പെടുത്താനുമായി തൃക്കയ്യിൽ ധരിച്ചിരുന്ന തിരുവാഴിതന്നെ തന്നയക്കയും ചെയ്തു!! ” എന്നു പറഞ്ഞ സംശയപരിഹാരാർത്ഥം രാജമുദ്രയായ രത്നാംഗുലീയം കാട്ടി കൊത്തുവാളെ ബോദ്ധ്യപ്പെടുത്തി. ഈ വസ്തുത കഴിയുന്നതും ഗോപ്യമായിവെക്കേണമെന്നും നിർബ്ബന്ധം വന്നാൽ മാത്രമല്ലാതെ പുറത്തുപറയരുതെന്നും, കാരാഗൃഹത്തിൽ വസിക്കുന്ന സർവ്വരേയും തനിക്കെപ്പോഴും കാണ്മാനുള്ള അവസരം തരേണമെന്നും, തന്നെക്കുറിച്ച് യാതൊന്നുംതന്നെ സംശയിക്കേണ്ടതില്ലെന്നും മററും സുദീർഘമായോരു പ്രസംഗവും ചെയ്തു.

സന്ന്യാസി:—എനിക്കു അവരെ ഓരോരുത്തരേയും വെവ്വേറെ കാണുകയും അവരുടെ കുററത്തിന്റെ സ്വഭാവമറികയുംവേണം. അവർ ദണ്ഡിതരാണെങ്കിൽ ശിക്ഷയുടെ സ്വഭാവവും അറിയുമാറാകണം. എന്നാൽ മാത്രമെ എനിക്കു അത്യാതുരപേക്ഷ പറയുന്ന തരത്തിലുള്ള ഉപദേശങ്ങളാം കൊടുപ്പാൻ സാധിക്കയുള്ളൂ.

കൊ:—“തിരുമേനിയുടെ പ്രത്യേക ബഹുമാനാദരങ്ങൾക്ക് പാത്രവും, വിശിഷ്ടനുമായ അവിടുത്തെ ഉദ്ദേശ്യങ്ങൾ ദോഷകരമല്ലായ്കയാൽ, അവിടെക്കാവശ്യമുള്ള സൌകൎയ്യങ്ങളെല്ലാം ചെയ്തുതരുവാൻ ഞാൻ സന്നദ്ധനാണ്.

ഇങ്ങിനെ പറയുന്നതിന്നിടയിൽ അടുത്ത മുറി തുറന്ന് അതിന്നകത്ത് തന്റെ ഭൎത്താവിന്റെ സ്ഥിതിയോൎത്ത് തേങ്ങി തേങ്ങിക്കരഞ്ഞുകൊണ്ടിരിക്കയാൽ, ക്ഷീണിച്ച് കണ്ണുകളോടും, നിലത്തിട്ടടിച്ച് വിലപിക്കയാൽ കെട്ടഴിഞ്ഞ് പൊടിയണിഞ്ഞ കുന്തളഭരത്തോടും, കാരാഗൃഹത്തിലെ അഴുക്കേല്ക്കയാൽ മലിനങ്ങളായ വസ്ത്രങ്ങളോടും, അശരണയായി, ദയനീയമാംവണ്ണം മാറത്തടിച്ചുതൊഴിച്ചും, ആ ഇരുട്ടിലമൎന്നിരിക്കുന്ന ഗൎഭിണിയായ കുഞ്ഞിലക്ഷ്മി നമ്മുടെ രാജസന്ന്യാസിക്ക് ദൃശ്യമായി. ഇവളെ ചൂണ്ടി, കൊത്തുവാൽ “ഇതാ, ഈ മാന്യയുവതി, ഇവിടെ ഈ കാരാഗൃഹത്തിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. അവളുടെ പ്രായത്തിന്ന് സാധാരണമായവിധത്തിൽ അല്പമായ ഭോഗത്തെക്കാംക്ഷിക്കയാൽ ഇപ്പോഴത്തെ രാജനിയമത്താൽ ദണ്ഡിതയായിരിക്കുന്നു. ഇവൾ പ്രത്യക്ഷഗൎഭിണിയാകയാൽ, അവളെ രഹസ്സമാഗമിച്ച പുരുഷൻ വദ്ധ്യനായി വിധിക്കപ്പെട്ടിരിക്കുന്നു. വളരെ ചെറുപ്പക്കാരനായ ആ യുവാവിന്ന് ഇത് നിമിത്തം മരിക്കേണ്ടിവരുന്നതോൎക്കുമ്പോഴാണ മഹാകഷ്ടമായിത്തോന്നുന്നത്. അങ്ങേക്ക് തിരുമേനി ഇപ്പോഴെവിടെയുണ്ടെന്നറിയാമോ?”

സന്ന്യാ:—ഇല്ല. എന്നാണായുവാവിന്റെ വധദിനം?

കൊത്തുവാറം:—മററന്നാറംതന്നെയാവുമെന്നാണ് തീച്ച്യയാക്കേണ്ടത്.

വൈരാഗിയെക്കണ്ടഉടൻ സംഭ്രാന്ത ചിത്തയായി കെട്ടിപ്പിടഞ്ഞെഴുന്നേററ്നിന്ന കുഞ്ഞിലക്ഷ്മിയെനോക്കി.

സന്ന്യാസി:—കുഞ്ഞേ, നീചെയ്ത അപരാധത്തെക്കുറിച്ച് നീ പശ്ചാത്തപിക്കുന്നുവോ?.

കുഞ്ഞി—വേണ്ടുവോളം! ഇത് കൊണ്ടുവന്ന അവമതിയും ക്ഷമയോടെ സഹിക്കുന്നതും അങ്ങ് കാണുന്നില്ലെ?

സന്ന്യാ:—അതുതന്നെയാണ് കുഞ്ഞേ മേലിലെക്കെങ്കിലും ഒരു ഗതിനൽകുന്നത്. ഐഹികമായി നാം ചെയ്യുന്ന ദുഷ്കമ്മങ്ങറംക്കിവിടംകൊണ്ടുതന്നെ ശിക്ഷ കിട്ടിക്കഴിഞ്ഞാൽ പിന്നെ അതിന്നായി വീണ്ടും ഒരു ജന്മമെടുക്കേണ്ടതില്ല. നിന്നോട അപരാധിയായ പുരുഷനേയും നീ സ്നേഹിക്കുന്നുണ്ടോ?

കുഞ്ഞി:—അദ്ദേഹത്തിൻെറ അപരാധം സഹിച്ച സ്ത്രീയെക്കാളധികം ഞാൻ ആ പുരുഷനെയാണ് സ്നേഹിക്കുന്നത്.

സന്ന്യാ:—അപ്പോറം നിങ്ങളുടെ പരസ്പരാപരാധം അന്യോന്യസമ്മതത്തോടുകൂടിആചരിക്കപ്പെട്ടതാണല്ലൊ.

കുഞ്ഞി:—തീച്ചയായും അതെ.

സന്ന്യാ:—അക്കണക്കിൽ നീ ചെയ്തതാണല്ലൊ അവൻെറതിനെക്കാറം വലിയ പാപം.

കുഞ്ഞി:—അതേ സ്വാമി! അത് ഞാൻ സമ്മതിക്കുന്നുമുണ്ടു. അതിന്നായിവളരെ പശ്ചാത്തപിച്ചും കഴിഞ്ഞു.

സന്ന്യാ:—ഈ പാശ്ചാത്താപംകൊണ്ടു മേലാലത്തരം അപരാധത്തിന്റെ ആവൎത്തനം ഉണ്ടാവില്ല. എന്നു മാത്രമല്ല ചെയ്തുപോയ ഒരു അപരാധത്തിന്നു നമ്മാൽ ചെയ്യാൻ കഴിയുന്ന ഏററവും വലിയ പ്രായശ്ചിത്തവും അതുതന്നെ. ദൈവദൃഷ്ടിയിലും പാതകികൾ അനുഗ്രഹിക്കപ്പെടുന്നതും പശ്ചാത്താപം കൊണ്ടേവരും.

കുഞ്ഞി:—സ്വാമീ, പശ്ചാത്താപം പ്രായശ്ചിത്തമാകുമെങ്കിൽ അത് ഞാനെത്രയൊ അനുഭവിച്ചുകഴിഞ്ഞു. ഞാൻ അനുഭവിക്കുന്ന ഈ അപമാനവും സന്തോഷത്തോടുകൂടെയല്ലെ ഞാൻ സഹിക്കുന്നേത്.

സന്ന്യാ:—ആകട്ടെ; നീ ഇവിടെ വിശ്രമിച്ചു കൊൾക. ഞാൻ ഇനി പോകട്ടെ. അപ്പുറത്തെങ്ങോ നിന്റെ കൂട്ടാളിയുണ്ടെന്നു കേൾക്കുന്നു. അവൻ മരണശിക്ഷക്കു ദണ്ഡിതനായുമിരിക്കുന്നു. മററന്നാളാണ് അവന്റെ മൃത്യുദിനം. ഞാൻ അതിന്നു മുമ്പായി അവന്നും ചില ഉപദേശങ്ങൾകൊടുപ്പാനായിഅങ്ങോട്ടുപോകയാണ്. നിനക്കു നല്ലതുവരട്ടെ! എന്നുംപറഞ്ഞ് പുറത്തിറങ്ങി.

കുഞ്ഞിലക്ഷ്മിതന്നെ കാമുകന്റെ മരണവൃത്താന്തം കേട്ടു രാജനീതിയുടേയും, ദൈവഗതിയുടേയും കാഠിന്യമാലോചിച്ച്, വീണും, കരഞ്ഞും, മാറത്തടിച്ചും, നിലവിളിച്ചും, ആ കാരാഗൃഹത്തിന്നകത്തു കിടന്നുതന്നെശേഷം ദിവസവും കഴിച്ചുകൂട്ടി. അവളുടെ ദയനീയാവസ്ഥയിൽ മനമുരുകിക്കൊണ്ടും, ഗത്യന്തരമില്ലെന്നോൎത്ത് വ്യസനിച്ചും, വാതിൽ പൂട്ടിക്കൊണ്ടു നമ്മുടെ കൃത്രിമയോഗിയുടെ പിന്നാലെ കൊത്തുവാളും നടകൊണ്ടു.

---

## അദ്ധ്യായം IX.

പാറനമ്പിയുടെ വസതിയിൽനിന്നു പിറേറന്നു വന്നു കൊള്ളുവാനുള്ള അനുമതിയോടുകൂടി, ഇട്ടിശ്രീദേവി വിട്ടു പോയതിൽപിന്നെ അദ്ദേഹത്തിന്നു വേറെ യാതൊരു വിചാരവുമുണ്ടായിട്ടില്ല. കുളിച്ചു സന്ധ്യാവന്ദനത്തിന്നിരിക്കുമ്പോഴും, ചിന്തയിൽ ഉണിച്ചിരിക്കുട്ടിതന്നെ. ഹരിനാമങ്ങൾ ഉച്ചരിക്കുന്നുണ്ടെങ്കിലും അവ വെറുംവായിൽ തട്ടിയ കാററുകൾ എന്നല്ലാതെ അവയ്ക്കു ബുദ്ധിസ്പൎശമുണ്ടായിട്ടില്ല. അദ്ദേഹത്തിൻെറ ആലോചനയെല്ലാം ഉണിച്ചിരിക്കുട്ടിയെക്കുറിച്ചായിരുന്നു. നാവുകൊണ്ട് നാല്ക്കാലികൾ അയവിറക്കുംപോലെ, മുൻകൂട്ടി താൻ പഠിച്ച സ്തോത്രകീൎത്തനങ്ങൾ ഉരുക്കഴിക്കമാത്രം ചെയ്തു. അന്നുരാത്രിയും അദ്ദേഹത്തിന്നു വേറെ ചിന്തയൊന്നുമുണ്ടായില്ല. ഉറക്കവും വളരെ കുറച്ചേ സിദ്ധമായുള്ളു. കൺചിമ്മിയാൽ ഉണിച്ചിരിക്കുട്ടിതൊഴുകയ്യുമായി വിനയാനമിതയായി തൻെറ മുമ്പിലുണ്ടെന്നു സ്വപ്നം കാണ്കയാൽ ഉണരും. പിന്നേയും ഉറങ്ങുവാൻ കിടക്കും. അപ്പോഴക്കും അതാ ആ മോഹനരൂപം മുമ്പിൽ പ്രത്യക്ഷമാവും. ഇങ്ങിനെ രാത്രി ഒരു വിധം കഴിച്ചുകൂട്ടി അടുത്തുവാഴുന്ന പരിചാരകഗണങ്ങളെ ബോദ്ധ്യപ്പെടുത്തുവാനായി മാത്രം, കുളിമുതലായ നിത്യകൎമ്മങ്ങളും കഴിച്ചു, പൂമുഖത്തിന്നടുത്തു തൻെറധ്യാനത്തിന്നൊരുക്കിയ മുറിക്കകത്തു ഏകാകിയായിരുന്ന്, ഇങ്ങിനെ ഓരോന്ന് തന്നെത്താൻ ഉച്ചരിച്ചുതുടങ്ങി.

പാ. ന:—„എനിക്കിന്ന് മററു യാതൊരു കാൎയ്യങ്ങളിലും തന്നെ ശ്രദ്ധ നില്ക്കുന്നില്ല. എൻെറ മനസ്സ് കുടിലമ

യങ്ങളെ ആരായുന്നു. കാലത്തു കുളിച്ച് ഈശ്വരധ്യാനംകൊണ്ടോ, മററു കാൎയ്യാലോചനകൊണ്ടൊ മനം കലുഷിപ്പിക്കയാണെന്നോക്കുന്ന മററു ജനങ്ങളാരെങ്കിലുമുണ്ടോ എന്റെ യഥാൎത്ഥമായ മനഃപ്രവൎത്തനമറിയുന്നു! അതും ഈ സ്ഥാന മാഹാത്മ്യം കൊണ്ടുതന്നെ. ഇങ്ങിനെ വേഷഭൂഷാദിബാഹ്യാലങ്കാരങ്ങൾകൊണ്ടല്ലേ, മഹാന്മാർപോലും വഞ്ചിതരാകുന്നത്? ആരും എന്റെ ശബ്ദം കേൾക്കാതിരിക്കട്ടെ. രാജകീയമായ ഈ വേഷത്തിലും അധികാരത്തിലും ഞാൻ സൎവ്വൎക്കും പൂജ്യനും ആദരണീയനുമായിരിക്കുന്നു. ഇവകൊണ്ടു എന്റെ ഹൃദയമുണ്ടോ മററു മനുഷ്യരിൽനിന്നും വ്യത്യസ്തമാകുന്നു. യൌവനം ആൎക്കും യൌവനം തന്നെ. പ്രകൃതിയുടെ വികൃതി രാജാവിലും പ്രജയിലും യാതൊരു ഭേദവുമില്ലാതെ ഒരുപോലെ വിലസുന്നു, ശൎക്കരയിൽ പൊതിഞ്ഞുവെച്ചാലും കാഞ്ഞിരക്കായ കാഞ്ഞിരക്കായതന്നെ. എങ്കിലും ഞാനെന്റെ ഗൌരവം വിടുന്നതല്ല" അന്തൎഗ്ഗതമിത്രയുമായപ്പോഴക്ക് ഒരു ഭൃത്യൻ പ്രവേശിച്ചു.

പാ. ന:—ആരാണവിടെ?

ഭൃത്യൻ:—ഒരുണിച്ചിരിക്കുട്ടിയമ്മ, അമ്പലത്തിലെ ഒരു ഭജനക്കാരിയാണ്. ഇവിടുത്തെ മുഖം കാണിപ്പാൻ സമയം പാൎത്തുനില്ക്കുന്നു.

"ആ പെൺകിടാവിന്ന് ഇങ്ങോട്ടു വഴികാണിച്ചു കൊടുക്ക്" എന്ന് പാറനമ്പി പറഞ്ഞു. ഭൃത്യൻ പോയശേഷം പിന്നേയും, "ഹാ ദേവന്മാരെ! എന്തിന്ന്

എൻെറ ഹൃദയം തുടിച്ച് ദേഹത്തിലുള്ള രക്തമൊന്നായി തിളച്ച് അവ ഹൃദയനാളത്തിൽ പ്രവേശിച്ച് മററു അവയവങ്ങളേയെല്ലാം ചേഷ്ടാരഹിതമാക്കിത്തീക്കുന്നു. ഇങ്ങിനെതന്നേയാണ് ഒരുവൻ മോഹാലസ്യപ്പെട്ടമ്പോഴും, നാനാഭാഗങ്ങളിലുള്ള രക്തം മുഴുവനും ഒരിടത്തുവന്നുകൂടി സ്തംഭിച്ച് വായുവിന്ന് ഗതാഗതമില്ലാതാക്കിത്തീക്കുന്നു. എല്ലാ രക്തസിരകളും സഹായത്തിന്ന് എത്തി, ഒടുവിൽ തങ്ങൾക്ക് ജീവിക്കേണമെങ്കിൽ വരേണ്ട കാററിന്നുകൂടി പ്രവേശദ്വാരമില്ലാതെ തുററു തുററണയുന്നു! അതുപോലെ തന്നേയാണ് പ്രജകൾ തങ്ങളുടെ ക്ഷേമകാംക്ഷിയായ രാജാവിന്നടുത്തേക്കും, അവർ സ്വസ്ഥാനം വെടിഞ്ഞ് അത്യധികം ബഹുമാനത്തോടെ കൂട്ടംകൂടി വന്ന് തങ്ങളുടെ ആദരാധിക്യംകൊണ്ട് രാജാവിന്ന അനിഷ്ടമാക്കിത്തീക്കുന്നത്!"

"ഇതാ ഈ സുകുമാരി എത്തിപ്പോയി" എന്നും പറഞ്ഞ് തിരിഞ്ഞുനോക്കിയപ്പോൾ, ഭഗവൽ ഭജനത്തിന്നുചിതമായ വേഷത്തോടും, രാവിലെ കുളിച്ച്, ലലാടദോർമദ്ധ്യബാഹ്വാദ്യവയവങ്ങളിൽ ധരിച്ച ഭസ്മചന്ദനക്കുറികളോടും, ഈറനായ് തുന്നം മാത്രം കെട്ടിയിട്ട തലമുടിയിന്മീതെ, തെച്ചി, തുളസി മുതലായ പുഷ്പങ്ങളോടും, ആടിയഎണ്ണ, തീത്ഥം, പഞ്ചഗവ്യം, നവകം മുതലായവയെല്ലാംകൂടി ഈററിററു വീഴുന്ന ശിരസ്സോടുംകൂടി, അമ്പലത്തിൽനിന്ന് സ്വഗൃഹത്തിൽ പോയി, യാതൊരാഹാർവും കഴിക്കാതെ, ശുഭ്രങ്ങളെങ്കിലും പകുതി മാത്രമുണങ്ങിയ ഈറൻ വസ്ത്രങ്ങൾ മാററുകപോലും ചെയ്യാതെ,

നേരെ, ഇരുകൈകൊണ്ടും തന്നെത്തൊഴുതുകൊണ്ട് യാതൊരു ദുശ്ചിന്തയും കൂടാതെ, നേരിട്ട്‌വന്ന് അകത്തു പ്രവേശിച്ച ആ മനോഹരാംഗിയെക്കണ്ട്,

പാ. ന:—ഹാ. എത്തിപ്പോയോ! സുന്ദരി, ഭവതി വന്നത് സന്തോഷം തന്നെ.

ഉണ്ണി:—ഞാൻ ഇവിടുത്തെ ഇഷ്ടമറിവാനാണ് വന്നത്.

പാ. ന:—അത് എന്നോട് ചോദിക്കുന്നതിനേക്കാൾ ഭവതി സ്വയമേ അറിയുന്നതായിരുന്നു എനിക്ക് എത്രയോ അധികം സന്തോഷത്തിന്ന് കാരണം. ഭവതിയുടെ സോദരന്ന് ഇനി ജീവിച്ചിരിപ്പാൻ കഴികയില്ല.

ഉണ്ണി:—എന്നാൽ അങ്ങിനേയാവട്ടെ. അതിൽ ദൈവം ഇവിടുത്തെ രക്ഷിക്കട്ടെ.

പാ. ന:—എന്നിരിക്കിലും അവന്ന് കുറെക്കൂടി കാലം ജീവിച്ചിരിക്കാം. അതിന്ന് ഭവതിയോ ഞാനോ— (ആലോചിച്ച്) എന്തായാലും അവൻ വദ്ധ്യനാണ്.

ഉണ്ണി:—ഇവിടുത്തെ വിധികൊണ്ടോ?

പാ. ന:—അങ്ങിനെതന്നെ.

ഉണ്ണി:—എപ്പോഴാണെന്നുകൂടി കല്പിപ്പാൻ ഞാനങ്ങയോടപേക്ഷിക്കുന്നു. അടുത്തായാലും അകലേയായാലും അതിന്നിടയിലെനിക്കൊന്ന് അദ്ദേഹത്തെ കണ്ട് പറഞ്ഞ് സമാധാനിപ്പിച്ച് അദ്ദേഹത്തിന്ന് ഐഹികവാസത്തിൽ മോഹമില്ലാതാക്കിത്തീർക്കണം.

പാ. ന:—ഹാ! ഹാ!! ഈ വക ദുരാചാരങ്ങൾ നശിക്കണം! പ്രകൃതിയിൽനിന്ന് ഒരു ശിശുവെ ചോരണം ചെയ്ത് സമ്പാദിക്കുന്ന ഒരുവന്ന് മാപ്പുകൊടുക്കുന്നത്,

അശാന്ത്യകളായവരുടെ ഇടയിൽ സ്വച്ഛന്ദ വിഹരിച്ച് യഥേഷ്ടം അവരെ പ്രാപിച്ച് അപരാധങ്ങൾ ചെയ്യാനുള്ള രാജശാസനം കൊടുക്കുമ്പോലെയാണ്. നീതിയുടെ ദൃഷ്ടിയിൽ, ന്യായമായി ജനിച്ച ഒരു ദേഹത്തിൽനിന്ന് ജീവൻ വേർപെടുത്തുന്നതും, അന്യായമായ ഒരു ശിശുവിനെ ഉല്പാദിപ്പിക്കുന്നതും ഒരുപോലെയാണ്.

ഉണ്ണി:—ഇതൊക്കെ അങ്ങ് പറയുന്നത് ദേവനീതികളായിരിക്കും. ദേവന്മാക്ക് ജീവന്റെ നിഗ്രഹത്തിന്നും പ്രദാനത്തിന്നും ഒരുപോലെ ശക്തിയുണ്ട്. അല്ലാതെ ഇങ്ങ് ഭൂമിയിലെങ്ങും നടപ്പില്ല.

പാം. ന:—അങ്ങിനേയാണോ ഭവതി പറയുന്നത്? എന്നാൽ ഭവതിയെ ഞാൻ ക്ഷണത്തിൽ വാദത്തിൽ മുട്ടിച്ചേക്കാം. ഏതാണ് ഇതിൽ ഭവതി കാംക്ഷിക്കുന്നത്? ഇതാ, ഏററവും സത്യനിഷ്ഠമായ രാജനീതി നിന്റെ സോദരന്റെ ജീവനെ ഇപ്പോൾ അപഹരിക്കുന്നു. അതോ, അയാളെ വീണ്ടെടുപ്പാൻ നീ നിന്റെ ദേഹത്തെ, അവനെ അശുദ്ധിപ്പെടുത്തിയവളേപ്പോലെ, ഐഹികസുഖപ്രദമായ ആ അശുചിക്കുവേണ്ടി പരിത്യജിക്കയോ ചെയ്യാനിഷ്ടപ്പെടുന്നത്?

ഉണ്ണി:—എന്നെസ്സംബന്ധിച്ച് അവിടുന്നൊന്നു മനസ്സിലാക്കിക്കൊള്ളൂ. ഞാൻ എന്റെ ആത്മാവിനേക്കാൾ എന്റെ ദേഹത്തെ ത്യജിപ്പാനാണിച്ഛിക്കുന്നത്.

പ. ന:—നാം നിന്റെ ആത്മാവിനേക്കുറിച്ചല്ല സംസാരിക്കുന്നത്. നമുക്കും നിർബ്ബന്ധങ്ങളായി ചില പാപ

ങ്ങൾ ചെയ്യാതെ ജീവിപ്പാൻ പ്രയാസം. എന്നാൽ ആ പാപങ്ങളുടെ എണ്ണമല്ല കാൎയ്യം, വണ്ണമാണ്.

ഉണ്ണി:—ഇവിടുന്ന് പറയുന്നതെന്താണ്?

പാ. ന:—ആട്ടെ. ഞാനങ്ങിനെ പറയുന്നില്ല. കാരണം, ഞാൻ പറയുന്നതിന്നെതിരായി എനിക്ക് വാദിപ്പാൻ കഴിയും. ഭവതി ഇതിന്നുത്തരം പറയൂ. ഞാനിപ്പോൾ രാജനീതിയുടെ വക്താവായി നിൻെറ സോദരനെ നിഗ്രഹിപ്പാൻ കല്പിച്ചിരിക്കുന്നു. ഈ സോദരൻെറ ജീവനെ രക്ഷിപ്പാൻ ഒരു പാതകമനുഷ്ഠിക്കുന്നതായാലും, അതിൽ ഒരു "ദയാസുകൃതം" സിദ്ധമാകില്ലയോ?

ഉണ്ണി:—അങ്ങ് ദയവുചെയ്ത് അപ്രകാരം ചെയ്യാലും. ഞാൻ എൻെറ ആത്മാവിനെപ്പിടിച്ച് ആണയിട്ടുപറയുന്നു, അതൊരിക്കലും പാതകമല്ല, ദയതന്നേയാണെന്ന്.

പാ. ന:—അങ്ങിനെ പാതകവും ദയാഗുണവും ഒരുപോലെ രണ്ടു തുലാസ്സിലും തുല്യമായി നില്ക്കുമ്പോൾ നീ ആത്മാൎത്ഥമായി പ്രവൎത്തിക്കുന്നതാണോ?

ഉണ്ണി:—ഞാനദ്ദേഹത്തിൻെറ ജീവന്ന് വീണ്ടും വീണ്ടും പ്രാൎത്ഥിക്കുന്നത് പാപമാണെങ്കിൽ അതിൻെറ ഫലമെല്ലാം ദൈവമെന്നെത്തന്നെ അനുഭവിപ്പിച്ചുകൊള്ളട്ടെ. അങ്ങ് എൻെറ വരത്തെ പ്രദാനം ചെയ്യുന്നത് അവിടേക്ക് ഒരു പാപമാകുമെങ്കിൽ, ഞാൻ അതിനെ ദിവസവും എൻെറ പ്രാതഃപ്രാൎത്ഥനയിലുൾപ്പെടുത്തി ആ പാപഫലം എന്നെക്കൊണ്ടനുഭവിപ്പിക്കയല്ലാതെ അങ്ങേക്കനുഭവിയ്ക്കുമാറാക്കിത്തീൎക്കരുതേ എന്ന് ദൈവത്തോടപേക്ഷിച്ചുകൊള്ളാം.

പാം നം:—അതൊന്നുമല്ല. ഞാൻ പറയുന്നതു കേൾക്കൂ. ഭവതിയുടെ ബുദ്ധി ഞാൻ പറയുന്നതിനെ തുടരുന്നില്ല. ഒന്നുകിലോ ഭവതി അജ്ഞയാണ്, അല്ലെങ്കിൽ സൂത്രത്തിൽ അങ്ങിനെ നടിക്കയാണ്, അത് ഭവതിക്ക് നന്നല്ല.

ഉണ്ണി:—നല്ലതല്ലാത്തതിലെല്ലാം ഞാനജ്ഞയായിക്കൊള്ളട്ടെ. അതാണ് എന്നെ, ഏതുംതന്നെ നല്ലതല്ലാത്തൊന്ന്, സദയം അറിയിക്കുന്നതിലും ഭേദം.

പാം നം:—വിനയാനചിതമായ ജ്ഞാനം, തപസ്സ് ഇവ ഭവതിയിൽ ഏററവും ശോഭനമായിക്കാണപ്പെടുന്നു! ഇതാ ഈ ക്ഷേത്രോപവാസവേഷമല്ലേ സ്വർണ്ണരത്നാഭരണപട്ടാംബരാലങ്കൃതവേഷധാരികളായ യുവതികളേതിനേക്കാറം പതിന്മടങ്ങ് സൌന്ദൎയ്യമഹിമയെ പ്രഖ്യാപനം ചെയ്യുന്നത്? ആട്ടെ; ഞാനീ പറയുന്നത് കേൾക്കൂ. ഇനി ഒന്നുംതന്നെ വളച്ചുകെട്ടാതെ വെളിവിൽ പറയാം. ഇപ്പോറം ഭവതിയുടെ ജ്യേഷ്ഠൻ മരിക്കാനടുത്തിരിക്കുന്നു.

ഉണ്ണി:—അതുകൊണ്ട്?

പാം നം:—അയാറം ചെയ്ത കുററത്തിന്ന് നിയമപ്രകാരം അങ്ങിനത്തെ ഒരു ശിക്ഷയുമാണുള്ളത്.

ഉണ്ണി:—സത്യമായിരിക്കാം.

പാം നം:—ആയാളുടെ ജീവനെ രക്ഷിപ്പാൻ വേറെ യാതൊരു വഴിയും ഇല്ല. അങ്ങിനെ ആയിക്കൂടെ? ഇങ്ങിനെയായിക്കൂടെ? എന്നെല്ലാം ചോദിച്ച് വൃഥാ സമയം കളയണ്ട, ആയാളുടെ സോദരി അയാളെ വീണ്ടു

കിട്ടുവാനായി ആഗ്രഹിയ്ക്കുയും ചെയ്യുന്നു. അവൾക്ക് ന്യായാധിപനായോ അല്ലെങ്കിൽ തൽസ്ഥാനത്തുള്ള ആളായോ സംസാരിച്ചതിൽ, നീതിരാക്ഷസിയുടെ നഖദംഷ്ട്രങ്ങളിൽനിന്ന് അല്പപ്രാണനായ തന്റെ സോദരനെ വീണ്ടെടുപ്പാൻ, ഒരു വഴിക്ക് മാത്രം ശ്രമിച്ചാൽ കഴിവുണ്ടെന്നും അറിവായി എന്നിരിക്കട്ടെ. അതല്ലാതെ ഐഹികമായി യാതൊരു മാൎഗ്ഗവുമില്ലതാനും. അങ്ങിനെവന്നാൽ, ഭവതി ഭവതിയുടെ സൌന്ദൎയ്യസമൃദ്ധമായ ദേഹം ഇൗയാൾക്ക് അൎപ്പിക്കയോ, അല്ലാത്തപക്ഷം ഭവതിയുടെ സോദരനെ മരിപ്പാൻ വിടുകയോ, ഇതിൽ ഏതാണ് ചെയ്യുക?

ഉണി:—എന്റെ ജ്യേഷ്ഠനുവേണ്ടിയായാലും എനിക്കുവേണ്ടിയായാലും ഒരുപോലെതന്നെ; അതായത് ഞാൻ മരണശിക്ഷക്ക് വിധിക്കപ്പെട്ടിരിക്കെ, എന്നെ ഭേദ്യം ചെയ്യാൻ കൊരടാവുകൊണ്ടടിക്കുന്നതായാൽ പോലും, ആ ഓരോ അടികളും നവരത്നങ്ങൾ അണിയുന്നതുപോലെയണിഞ്ഞു, ഓരോ അവയവവും മുറിക്കുന്നപക്ഷം, അവ ഖണ്ഡശഃ പതിക്കുമ്പോൾ എത്രയോ കാലമായി കിടപ്പാൻ കൊതിച്ച കിടക്കയിൽ കിടക്കുന്ന സുഖത്തോടുകൂടിയും സൎവ്വാവയവങ്ങളും മുറിഞ്ഞ് മരിക്കുന്നതായിരിക്കും, എന്റെ ദേഹത്തെ അപമാനത്തിന്നായി ഉഴിഞ്ഞിടുന്നതിനേക്കാൾ സന്തോഷകരമായി കരുതുന്നത്.

പാം ന:—അങ്ങിനെയായാൽ ഭവതിയുടെ ജ്യേഷ്ഠൻ മരിക്കതന്നേ ചെയ്തുകൊള്ളട്ടെ.

ഉണി:—എന്നാൽ ഇതാണല്ലോ അധികം സുഗമമാൎഗ്ഗം.

സംശയിപ്പാനില്ല. തന്നെ രക്ഷിപ്പാനായി തൻെറ സോദരി എന്നെന്നേക്കമായി മരണപ്പെടുന്നതിനേക്കാ ൾ, ഒരു സോദരൻ പെട്ടെന്ന് മരിക്കുന്നതാണ് അധി കം നല്ലത്.

പാ. ന:—അപ്പോൾ ഭവതി ഇത്രനേരം പഴിച്ച മരണവി ധികത്താവിനേപ്പോലെ തന്നെ ഭവതിയും ക്രൂരയാ ണല്ലോ.

ഉണ്ണി:—അപമാന്യമായ കൈക്കൂലികൊടുക്കലും, സേ ച്ഛാധികാരത്തിലുള്ള മാപ്പുകൊടുക്കലും രണ്ടും രണ്ടു കാൎയ്യമാണ്. നീതിപൂൎവ്വമായ കാരുണ്യത്തിന്ന് കു ത്സിതമാൎഗ്ഗമായുള്ള രക്ഷോപായത്തോട് സംബന്ധ മില്ല.

പാ. ന:—ഭവതി അല്പം മുമ്പ് നീതിയെ അതിക്രൂരമായി വൎണ്ണിക്കുംപോലെ തോന്നി. അതുപോലെ തന്നെ ഭവ തിയുടെ ജ്യേഷ്ഠൻെറ സന്മാൎഗ്ഗത്തിൽനിന്നുള്ള വ്യതി ചലനം ഒരു വിനോദമാത്രമായും വൎണ്ണിക്കുന്നത് കേ ട്ടുവല്ലോ.

ഉണ്ണി:—അങ്ങ് ക്ഷമിക്കണം. നമുക്കു ചില ഉദ്ദേശ്യങ്ങൾ സാധിപ്പാനുള്ളപ്പോൾ, നാം ഉള്ളിൽ കരുതാത്തത് പലതും നമ്മിൽനിന്നു പുറത്തേക്ക് പുറപ്പെട്ടുപോവു ക മിക്കപ്പോഴും സംഭാവ്യമാണ്. അങ്ങിനെ എന്തോ ഞാൻ എൻെറ ജ്യേഷ്ഠനിലുള്ള അതിവാത്സല്യം ഹേ തുവായി, എൻെറ മനസ്സുകൊണ്ട് അതിയായി വെറു ക്കുന്ന ചില അപരാധങ്ങളേയും ജ്യേഷ്ഠൻെറഭാഗം പ റയുമ്പോൾ നീതികരിപ്പാൻ ശ്രമിച്ചിട്ടുണ്ട്.

പാ. ന:—അങ്ങിനെയിരിക്കും. നമ്മുടെ എല്ലാവരുടേയും ബുദ്ധി ചപലമാണ്.

ഉണ്ണി:—അങ്ങിനെയാണെങ്കിൽ എന്റെ ജ്യേഷ്ഠൻ മരിച്ചുകൊള്ളട്ടേ. അല്ലെങ്കിൽ, ഒരു സമയം അദ്ദേഹം ജീവിച്ചിരിക്കുന്നതായാൽ, നിങ്ങളുടെ ചാപല്യം അദ്ദേഹത്തിന്നു പകൎന്നുപോയേക്കാനിടയുണ്ട്.

പാ. ന:—ഞങ്ങൾ മാത്രമല്ല. സ്ത്രീകളും ചപലകളാണ്.

ഉണ്ണി:—അതെ, അവനവൻ നോക്കുന്ന കണ്ണാടിയിൽ പ്രതിഫലിച്ചു കാണുംപോലെ. സ്ത്രീകളോ! ജഗദീശ്വരൻ രക്ഷിക്കട്ടെ. പുരുഷന്മാർ അവരെ വഞ്ചിക്കുന്നു. ഞങ്ങളെ പത്തുവട്ടം ചപലകളെന്നു വിളിച്ചാലുംവേണ്ടതില്ല. ഞങ്ങൾ മൃദ്വംഗികളെന്നവണ്ണം മൃദുമനസ്സുകളുമാണ്. കുടിലതന്ത്രങ്ങളിൽ അന്യായമായും വശപ്പെട്ടുപോയേക്കാം.

പാ. ന:—അങ്ങിനെയായാൽ നന്നല്ലോ. ഭവതി പറഞ്ഞപ്രകാരം സ്ത്രീകൾ മൃദുലമനസ്സുകളായിത്തന്നെ ഇരിക്കട്ടെ. ഞാൻ ഭവതിയുടെ വാക്കിനെ തന്നെ ലക്ഷ്യമാക്കി പറയുന്നതാണിത്. ഭവതി ഒരു സ്ത്രീതന്നെയായിരിക്കൂ. എന്നിട്ട് ആ സ്വരൂപം അനാച്ഛാദിതമായി എനിക്ക് അൎപ്പിച്ചാലും.

ഉണ്ണി:—എനിക്കൊരുനാക്കേ ഉള്ളൂ. അവിടുന്ന് ദയയുണ്ടായി ആദ്യം ഉപയോഗിച്ചിരുന്ന ഭാഷയാൽമാത്രം സംസാരിച്ചാൽ കൊള്ളാമെന്നുണ്ട്.

പാ. ന:—ഞാൻ വെളിവിൽ പറയാം. എനിക്ക് ഭവതിയിൽ താദൃശമായ ഒരഭിനിവേശം സംജാതമായിരിക്കുന്നു.

ഉണ്ണി:—എന്റെ ജ്യേഷ്ഠൻ കുഞ്ഞിലക്ഷ്മിയെ സ്നേഹിച്ചി

ന്നു. അതുകൊണ്ടു അദ്ദേഹം വദ്ധ്യനാണെന്നും അ
വിടുന്ന് പറയുന്നു.

പാ. ന:—പ്രിയപ്പെട്ട ഉണിച്ചിരിക്കുട്ടി! ഭവതി എന്നെ
സ്നേഹിക്കുന്നുണ്ടെങ്കിൽ ആയാറം വദ്ധ്യനല്ല.

ഉണി:—താങ്കളുടെ സ്വഭാവമഹിമയ്ക്കൊരു ഗുണംകൂടിയു
ണ്ട്. മററുള്ളവരേക്കൂടി ദൂഷിപ്പിക്കുന്നത് വരെ അതി
ന്ന് സ്വാതന്ത്ര്യമുണ്ടു്. "പാലംകടന്നാൽപിന്നെ കൂരാ
യണാ" അല്ലേ?

പാ. ന:—ഞാൻ പറയുന്നത് കേഠംക്കൂ. ഞാനെൻെറ ആ
ത്മാഭിമാനത്തെ പുരസ്കരിച്ച് ശപഥം ചെയ്യുന്നു. ഞാ
നെൻെറ യഥാൎത്ഥമായ ഉദ്ദേശ്യമാണ് പറഞ്ഞത്.

ഉണി:—ഈ ആത്മാഭിമാനത്തെ അത്രവളരെ വിശ്വസി
ച്ചുകൂടാ. ഉദ്ദേശ്യമോ കുടിലതരവും! എല്ലാം നാട്യം
മാത്രം! കപടഭാവം! വെറുംനാട്യം!! ഞാനിതൊക്കെ
പുറത്തു പറയുംനമ്പീശാ! അത് നോക്കിക്കൊള്ളൂ. എ
ൻെറ ജ്യേഷ്ഠൻെറപേക്ക് ഒരു മാപ്പുപത്രിക ഉടനെ
എഴുതിച്ചേപ്പിട്ടുതന്നുകൊള്ളൂ. അല്ലെങ്കിൽ ഞാൻ നിങ്ങ
ഠം ഏതുതരക്കാരനാണെന്നു ഉച്ചത്തിൽ മാലോകർ
കേഠംക്കെ വിളിച്ചുപറയും.

പാ. ന:—നിന്നെ ആർ വിശ്വസിക്കും ഉണിച്ചിരിക്കുട്ടി?
എൻെറ കളങ്കരഹിതമായ പേർ, എൻെറ ജീവിത
ത്തിൻെറ ഔന്നത്യം, നിനക്ക് എന്നോട് വെറുപ്പിനു
ള്ളകാരണം, ഈ രാജ്യത്ത് എനിക്കുള്ളപദവി, ഇതെ
ല്ലാം ആലോചിച്ചാൽ നിൻെറ ദോഷാരോപണത്തെ
നിനക്കുതന്നേ പുറമേ സംസാരിപ്പാൻ വയ്യാത്തതര

ത്തിൽ അത്രയും അഗണ്യമായി, വെറും മിഥ്യാപവാദമെന്നനിലയിലേ ലോകർ കൈക്കൊള്ളുകയുള്ളു. ഞാനിതാ, ഈ പന്തയത്തിന്നിറങ്ങിപ്പുറപ്പെട്ടു; കടിഞ്ഞാണിട്ടു അല്പംനേരം നിൎത്താം. അതിനിടയിൽ എന്റെ കത്തിക്കാളുന്ന ആൎത്തി ശമിപ്പിപ്പാൻ ഭവതി തയ്യാറായിക്കൊൾക. എന്നിട്ട് എന്റെ ഹൃദയവ്രണത്തെ ശമിപ്പിക്കുക! അപ്രകാരം ചെയ്യുന്നപക്ഷം ഭവതിയുടെ സോദരനെ വീണ്ടെടുക്കാവുന്നതുമാണ്. അല്ലെങ്കിൽ ഭവതിയുടെമാത്രം ക്രൌൎയ്യം ഹേതുവായി, ആ സാധു വധിക്കപ്പെട്ടുമെന്നു മാത്രമല്ല, മരണംവരെ പലവിധ ഭേദ്യങ്ങളും നിൎവ്വേദനകളും അനുഭവിക്കേണ്ടിയും വരും. നല്ലവണ്ണം ആലോചച്ച് നാളെ മറുവടിപറഞ്ഞാൽ മതി. എന്റെ ഇച്ഛക്ക് വഴിപ്പെടാത്തപക്ഷം, ഇപ്പോൾ എന്നെ മൃദുലശീലനാക്കിത്തീൎത്ത ഈ പ്രേമംതന്നേ തിരിഞ്ഞടിച്ചാൽ അവനെ ക്രൂരതരമായി ദണ്ഡിപ്പിക്കുകയും ചെയ്യുമെന്നു ഓൎമ്മയിരുന്നുകൊള്ളട്ടേ. ഇനി ഇഷ്ടംപോലെ ഭവതിക്ക് കഴിയുന്നതൊക്കെ പറഞ്ഞു നടന്നുകൊള്ളു. അതിലും എനിക്കു ഭയമില്ല. നിന്റെ വാസ്തവത്തേക്കാൾ എന്റെ കാപട്യത്തിന്ന് അധികാരശക്തികൂടും!

എന്നും പറഞ്ഞ് നമ്പി അവിടെനിന്നും എഴുന്നേറ്റുപോയി. നമ്പി എഴുന്നേറ്റ ഉടൻ ഉണിച്ചിരിക്കുട്ടി ആ മന്ദിരത്തിൽനിന്നും പുറമെ വന്ന് വിഷണ്ണയായി രാജവീഥിയിലൂടെ നടന്നു തുടങ്ങി. "ഞാനിനി ആരോടാണ് ആവലാതി പറയേണ്ടത്? ഞാനിതെല്ലാം പറഞ്ഞാൽ

എന്നെ ആർ വിശ്വസിക്കും? ഹാ! ഒരേ സംഗതിയിൽ തന്നെ തിരസ്കരണവും സ്വീകരണവും സാധിക്കുന്നതിന്നും യഥേഷ്ടം ചലിപ്പിക്കാവുന്ന ആപല്ക്കരമായ ജിഹ്വാഗ്രങ്ങളെ ഉള്ളിലൊതുക്കിയ മർത്ത്യസർപ്പവക്ത്രങ്ങളെ എങ്ങിനെ വിശ്വസിക്കാം! ഹാ! രാജനിയമത്തെ തങ്ങളുടെ വൈദാഹശമനാർത്ഥം യഥേഷ്ടം വളക്കാനും തിരിക്കാനും സാധിക്കുന്ന ഭരണാധികാരമേ! കഷ്ടമേ, കഷ്ടം! ഏതായാലും ഞാൻ ജ്യേഷ്ഠന്നടുത്തേക്ക് പോകട്ടെ. അദ്ദേഹം യുവചാപല്യത്താൽ പ്രേരിതനായി ധർമ്മപഥത്തിൽനിന്ന് വ്യതിചലനം ചെയ്തുവെങ്കിലും, ഇനിയും അദ്ദേഹം ആത്മാഭിമാനവിഹീനനായിത്തീർന്നിട്ടില്ല. അദ്ദേഹം തന്റെ സോദരിയുടെ ദേഹം, ഏവംവിധമായ അവമതിക്കപ്പിപ്പാൻ അനുവദിക്കുന്നതിന്നുമുമ്പെ, ഇതുപോലെ ഇരുപതുപ്രാവശ്യം ഇരുപതുവാളിന്റെ നേർക്ക് ഒരുപോലെ തന്റെ തല സസന്തോഷം നീട്ടിക്കൊടുക്കുന്നതാണ്. അതിനാൽ ഉണ്ണിച്ചിരിക്കുട്ടി! നീ ചാരിത്രവതിയായിത്തന്നെ വാണുകൊൾക. നിന്റെ ജ്യേഷ്ഠൻ മരിച്ചുകൊള്ളട്ടെ. ഒരു സ്ത്രീക്ക് തന്റെ സോദരനെക്കാളുമധികം സുരക്ഷ്യമായിട്ടുള്ളത് തന്റെ ചാരിത്രമാണ്. ഞാനേതായാലും ജ്യേഷ്ഠന്നടുത്തുപോയി നമ്പീശനും ഞാനുമായുണ്ടായ സംഭാഷണത്തേക്കുറിച്ചു പറഞ്ഞ് ജ്യേഷ്ഠന്റെ മനസ്സിന്നു മരിക്കത്തക്ക സമാധാനമുണ്ടാക്കിത്തീർക്കട്ടെ." എന്നിങ്ങിനെ ആലോചിച്ച് അവിടെനിന്നും യാത്രയാരംഭിച്ചു.

# അദ്ധ്യായം X.

കുഞ്ഞിലക്ഷ്മിയെക്കണ്ടു സമാധാനിപ്പിച്ചതു പോലെ തന്നെ നമ്മുടെ സന്ന്യാസിവയ്യൻ കാരാഗൃഹസ്ഥരായ മററുപേർകളേയും വെവ്വേറെ കണ്ട്, അവരുടെ ഓരോരുത്തരുടെ അപരാധത്തിൻേറയും, അവക്കു കിട്ടിയ ശിക്ഷയുടേയും സൂക്ഷ്മസ്വഭാവം മനസ്സിലാക്കി, അവരെ പശ്ചാത്തപിഷ്ഠമാറാക്കിത്തീക്കയും, ബഹുജനങ്ങൾക്കു ബഹുഗുണമുണ്ടാക്കിക്കൊടുപ്പാനായി വ്യവസ്ഥിതമായ ഒരു ഭരണവ്യവസ്ഥയിൽ എല്ലാക്കും കിട്ടുന്ന ശിക്ഷ, തങ്ങളുടെ അപരാധത്തിൻെറ ഗുരുലഘുത്വങ്ങൾക്ക് ശരിയായി വന്നു എന്നു വന്നിട്ടില്ലെങ്കിൽ കൂടി ഭരണാധികാരിയെ നിന്ദിക്കാതെ, ആ ശിക്ഷകളെ ക്ഷമയോടെ സഹിക്കേണ്ടതാണെന്നും മററും ഓരോരുത്തരോടും പ്രസംഗിക്കയും, തങ്ങൾക്ക് ലഭിച്ച ശിക്ഷയെ സസന്തോഷം സ്വീകരിക്കത്തക്ക മനസ്ഥിതി അവക്കുണ്ടാക്കയും ചെയ്തുവെന്നു പറഞ്ഞാൽ മതിയാകുന്നതാണ്.

ഇങ്ങിനെ വാദപ്രതിവാദം ചെയ്തതിൽ താൻ മനസാ വരിപ്പാൻ നിശ്ചയിച്ചവളും, തന്നിൽ തുല്യാനുരാഗിണിയുമായ കുഞ്ഞിലക്ഷ്മിയെ, സ്വജനങ്ങളറികെ ചെയ്യേണ്ട വിവാഹക്രിയ നടത്തുന്നതിന്നു മുമ്പായി, പ്രാപിച്ചുവെന്ന ഏകകാരണംകൊണ്ടു വദ്ധ്യനാക്കി കല്പിക്കപ്പെട്ട ഗോവിന്ദൻകുട്ടിയെ സമാധാനിപ്പിയ്ക്കു മാത്രമേ അല്പം പ്രയാസമുള്ളതായി അദ്ദേഹത്തിന്നു കാണപ്പെട്ടുള്ളു. ആയാൾ നാടുവിട്ടുപോയ തിരുമേനിയെ എങ്ങിനെയെങ്കിലും വിവരമൊന്നറിയിച്ചാൽ തനിക്കു നിവൃത്തികിട്ടു

മെന്നാശിച്ചാശ്വസിച്ചിരുന്നിരുന്നു. എന്നാൽ തിരുമേനി അടുത്തൊന്നും മടങ്ങിവരുന്നതല്ലെന്നു പറഞ്ഞു സന്ന്യാസി ആ ആശയെ ഉന്മൂലനം ചെയ്തു. ആയാളുടെ ഒട്ടവില ത്തെ ആശ പാറനമ്പിയുടെ അടുത്തേക്കു തന്റെ സോദരി പോയിട്ടുള്ളതിന്നാൽ തന്റെ ഈ സന്ദിഗ്ദ്ധാപരാധത്തിന്നു ഒരു മാപ്പു തീട്ടൂരം അവൾ കൊണ്ടുവരുമെന്നായിരുന്നു.

സന്ന്യാസി.—കണിശക്കാരനായ പാറനമ്പിയിൽ നിന്നും ഒരുമാപ്പുതീട്ടൂരം സിദ്ധിക്കുമെന്ന ആശയാണൊ നിങ്ങൾക്കുള്ളത്?

ഗോ. കു:—കഷ്ടപ്പാടിൽപ്പെട്ടവൎക്ക്, ആശയല്ലാതെ വേറെ യാതൊരൌഷധവുമില്ല. ഞാൻ ജീവിപ്പാൻപ്രതീക്ഷിക്കയും മരിപ്പാൻ തയ്യാറാവുകയും ചെയ്യുന്നു.

സന്ന്യാ:—മരണത്തെ ഹൃദ്യമായി വരിച്ചുകൊള്ളു. അങ്ങിനെയായാൽ ജീവിക്കുന്നതായാലും മരിക്കുന്നതായാലും രണ്ടും പ്രിയമായിത്തോന്നും. ജീവിതത്തെക്കുറിച്ച് ഇപ്രകാരം ആലോചിച്ചുനോക്കു. "നീ എനിക്കു നഷ്ടമായാൽതന്നെ, വിഡ്ഢികളൊഴികെ മററാരുംതന്നെ സൂക്ഷിച്ചുവെപ്പാനിച്ഛിക്കാത്തഒന്നുതിന്നു കഴിഞ്ഞു: അല്ലാതെന്തുള്ളു? ജീവിതമെന്നത ബാഹ്യാവസ്ഥാന്തരങ്ങൾക്കനുസരിച്ച് പലവിധ മാററങ്ങളും വന്നുകൊണ്ടിരിക്കുന്നതും, ഈ ജഡത്തിൽ വസിക്കുന്നതും, ആ വാസം ഹേതുവായിത്തന്നെ നാഴികതോറും ഓരോ ശല്യങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നതുമായ ഒരു ശ്വാസമാണ്! ഈ ജീവിതമെന്നത് കാലന്റെ കൊട്ടിന്നുതുള്ളുന്ന

ഒരു വിഢിമാത്രമാണ് എന്തെന്നാൽ തന്റെ ഓട്ടംകൊണ്ട് എപ്പോഴും കാലനെ ഒഴിഞ്ഞുപോകാൻ നോക്കുന്നു. എന്നാൽ അത്രത്തോളം അത് കാലനോട് അടുക്കുന്നതേയുള്ളൂ. ഹാ! മായാജീവിതമേ! നീ പരിശുദ്ധവുമല്ല. നിന്റെ ആവാസസ്ഥലത്ത് ഏതെല്ലാം മ്ലേച്ഛവസ്തുക്കളെ നീ സൂക്ഷിക്കുന്നുണ്ട്. നീ ഏതുവിധത്തിലാലോചിച്ചാലും സുധിരമല്ല. എന്തെന്നാൽ, ഒരു ചെറിയ ഉറുമ്പിന്റെ മൂട്ടവായ കൊമ്പിനെപ്പോലും നീ ഭയപ്പെടുന്നു. നിന്റെ ഏററവും നല്ല വിശ്രമം നിദ്രയാണ്. ആ നിദ്രയെത്തന്നെ നീ പലപ്പോഴം ഉണർത്തുന്നു. അങ്ങിനത്തെ ഉണരാത്ത ഒരു നിദ്രമാത്രമായ മരണത്തെ നീ ഭയപ്പെടുകയും ചെയ്യുന്നു! നിനക്കു സ്വാശ്രയശക്തിയുമില്ല. നിന്റെ നിലനില്പുതന്നെ ഈ മണ്ണിൽ നിന്നുണ്ടായ അനേകായിരം ധാന്യമണികളെ ആശ്രയിച്ചാണിരിക്കുന്നത്. നീ സന്തുഷ്ടനമല്ല. എന്തുകൊണ്ടെന്നാൽ, നിനക്ക് സിദ്ധമാകാത്തതിനെ തേടി നീ അനവരതം ക്ലേശിക്കുന്നു! നിനക്ക് സിദ്ധമായതിനെ നീ വിസ്മരിക്കയും ചെയ്യുന്നു. നീ സുസ്ഥിരനുമല്ല. നിന്റെ രൂപംതന്നെ ചന്ദ്രനെപ്പോലെ എപ്പോഴം മാറിമാറി കൊണ്ടിരിക്കുന്നു. നീ സമൃദ്ധവിഭവനാണെങ്കിൽ ദരിദ്രനമാണ്. എങ്ങിനെയെന്നാൽ പുറത്തു പിടിപ്പതു ഭാരവുംപേറി മുതുകെല്ല് വളഞ്ഞുനടക്കുന്ന കഴുതയെപ്പോലെ, നീയും നിന്റെ സമ്പന്നിവഹങ്ങളേയും വഹിച്ച് അന്തകൻ ഭാരമൊഴിക്കുന്നതുവരെയുള്ള ഒരു ദീർഘയാത്രമാത്രമാണ് നിറവേററുന്നത്.

പിന്നെ അതെല്ലാം എങ്ങിനെ നിൻേറതാകും! നിനക്കു മിത്രങ്ങളോ ആരുമില്ലതന്നെ! എന്തെന്നാൽ നിൻെറ സ്വന്തം ദേഹത്തിൻെറ ഭാഗമായ കുക്ഷി, അമിതമാം പടി പരിപുഷ്ടി പ്രാപിച്ചാൽ അപ്പോഴെക്കും കണ്ണുകടി കൊണ്ടെന്നപോലെ, മററംഗങ്ങളിൽ വാതം, പിത്തം, കഫം എന്നിദോഷങ്ങൾ കോപിച്ചു അവ നിന്നെതന്നെ അവസാനിപ്പിപ്പാനുള്ള വഴി തേടുന്നു! നിനക്കു ബാല്യ കൌമാരയൌവനവാൎദ്ധക്യങ്ങൾ യാതൊന്നും തന്നെയില്ല. വെറും സ്വപ്നംപോലെ അവയെല്ലാം ഉണ്ടെന്നു ഭ്രമിക്കമാത്രംചെയ്യുന്നു.! ഇനി സ്വപ്നപ്രായമായതാണെങ്കിലും ആ കാമ്യമായയൌവനം തന്നെയും, ക്രമേണ പ്രവൃദ്ധക്ഷീണമായി വാൎദ്ധക്യത്തെ പ്രാപിച്ച് രോഗത്തെത്തേടുന്നു. ഇനി യൌവനത്തിൽ ക്ലേശിച്ചരിഷ്ടിച്ച്, വാൎദ്ധക്യത്തിൽ നീ സൎവ്വസമ്പന്നനായാൽ, അപ്പോഴും തന്നെ നിൻെറ ആ വക സമ്പദ്വിഭവങ്ങളെ ആനന്ദകരമാക്കിത്തീൎക്കാവുന്ന യൌവനമോ അംഗസൌഷ്ഠവമോ സൌന്ദൎയ്യമോ ഒന്നും നിനക്കില്ലതാനും! ഈ ജീവൻ അല്ലെങ്കിൽ ജീവിതമെന്നു പേർ പറയപ്പെടുന്നതെത്ര അനിത്യമാണ്? ഈ ജീവിതത്തിൽ തന്നെ അനേകായിരംമരണവും ഒളിഞ്ഞുകിടക്കുന്നുണ്ടു. മേൽപറഞ്ഞ ദുർഘടസ്ഥിതികൾക്കെല്ലാം ഒരു നിവൃത്തിയരുളുന്ന ആ മരണത്തേയോ നാം ഭയപ്പെടുകയും ചെയ്യുന്നു.

ഗോ. കു:—ഞാനങ്ങയുടെ ഈ വക തത്വചിന്തോപദേശത്തിന്നായി നമസ്കരിക്കുന്നു. ഞാൻ ജീവിപ്പാൻ കാംക്ഷിക്കുന്നത് മരണത്തെ തേടുംപോലെയാണെന്നു

എനിക്ക തോന്നുന്നു. അതുപോലെതന്നെ മരണത്തെ ത്തേടുമ്പോൾ പുത്രജീവിതത്തെ കാണുംപോലെയുമ രിക്കുന്നു. അതിനാൽ മരണത്തിന്നു ഞാൻ സ്വാഗതരി മരുളുന്നു.

ഇത്രയും കേട്ടു സന്തോഷിച്ച താനിനിയും ഒരിക്കൽ കൂടി വന്നുകൊള്ളാമെന്നും പറഞ്ഞ് നമ്മുടെ സന്യാസി യുംയാത്രയായി.

തലേന്നു പാററമ്പിയുടെ മുമ്പിൽനിന്നും പരിചയ പ്പെട്ടവളും തൻെറ അനുകമ്പയ്ക്കും അഭിനന്ദനത്തിന്നും അ ർഹയായവളുമായ ഉണ്ണിച്ചിരിക്കുട്ടി, കാരാഗൃഹസ്ഥനായ സോദരനെ ഒന്നുകണ്ട് അവസാനയാത്രപറവാനായി അ നുവാദം നല്കേണമെന്ന് കൊത്തുവാളോടപേക്ഷിച്ച് അ ദ്ദേഹത്തോടൊന്നിച്ച് ഗോവിന്ദക്കുട്ടിയെപ്പാർപ്പിച്ചിട്ടുള്ള മുറിയിലേക്ക് നേരെ പുറപ്പെട്ടുവരുന്നത് മടങ്ങുന്ന നമ്മു ടെ സന്യാസിക്ക കാണുമാറായപ്പോൾ, അദ്ദേഹം കൊ ത്തുവാളോട് ദയവുണ്ടായി ഇവരിരുപേരും സംസാരിക്കു ന്നതിന്നടുത്തമുറിയിൽ, ഇവരുടെ അറിവിൽപെടാതെ ഒളിഞ്ഞിരിപ്പാനൊരിടം തരേണമെന്നർത്ഥിച്ചു. കൊത്തു വാൾ, അതിന്നനുമതിനൽകി, കാരാഗൃഹസ്ഥനേയും സോദരിയേയും സ്വൈരമായി സംസാരിച്ചുകൊൾവാനനു വദിച്ച് അവിടെനിന്നും മറഞ്ഞു. സോദരിയേക്കണ്ട ഉടൻ,

ഗോ. കു.__സോദരി, മനസ്സമാധാനത്തിന്ന് വല്ല വഴി യുമുണ്ടോ?

ഉണ്ണി:—മററനുഗ്രഹങ്ങളേപ്പോലെ ഏററവും നല്ല ഒരനു

ഗൃഹംതന്നെ ഇതും. പാറനമ്പിക്ക് സ്വൎഗ്ഗത്തിലേക്കുന്നോ ചില ദൂത്യങ്ങൾ അയക്കേണ്ടതുള്ളതിന്നു ജ്യേഷ്ഠനെ നിയോഗിച്ചിരിക്കയാണ്. ജ്യേഷ്ഠന്നവിടെ സുഖമായി വാഴുകയുംചെയ്യാം. അതിനാൽ ഈ ഉൽകൃഷ്ട ദൌത്യത്തിന്നു പുറപ്പെട്ടു തെയ്യാറായിരുന്നുകൊള്ളൂ. നാളെ അങ്ങേക്കു യാത്രയാകാം.

ഗോ. കു:—അതിന്നുയാതൊരു പ്രതിവിധിയുമില്ലേ?

ഉണ്ണി:—ഇല്ല. ഉണ്ടെങ്കിൽതന്നെ ഒരു തലയെ രക്ഷിപ്പാൻ ഹൃദയത്തെ രണ്ടായിപിളൎക്കണം.

ഗോ. കു:—അങ്ങിനെ വല്ലതുമുണ്ടോ ?

ഉണ്ണി:—ഉണ്ട് ജ്യേഷ്ഠാ. ജ്യേഷ്ഠന്ന് ജീവിക്കാം. ന്യായാധിപന്റെ പൈശാചികമായ ഒരു ദയക്ക് അങ്ങ് പ്രാൎത്ഥിക്കുന്നപക്ഷം അങ്ങേക്ക് ജീവിച്ചിരിക്കാം. പക്ഷേ മരണംവരെ ബന്ധനത്തിൽ പെടേണ്ടിവരും.

ഗോ. കു:—ശാശ്വതകാരാഗൃഹവാസമോ ?

ഉണ്ണി:—അതെ. ഒരു ശാശ്വത കാരാഗൃഹവാസംതന്നെ. ഈ ലോകത്തിന്റെ സൎവ്വവിസ്തൃതിയും സിദ്ധമാമെങ്കിലും, ഒരു കോണിലൊളിച്ചിരിപ്പാനുംകൂടി വയ്യാതാകും.

ഗോ. കു:—എന്നാലും അതിന്റെ സ്വഭാവമെന്താണ്? കേൾക്കട്ടെ.

ഉണ്ണി:—ജ്യേഷ്ഠനങ്ങിനത്തെ ഒരു പോരായ്മക്ക് സമ്മതിക്കുന്നപക്ഷം, അത് അങ്ങയുടെ ഈ തടിയിന്മേൽനിന്നു അഭിമാനത്തോൽമുഴുവനുമൂരി അങ്ങയെ നഗ്നമാക്കി ശേഷിപ്പിക്കുന്നതാണ്.

ഗോ. കു:—ആട്ടെ കാൎയ്യംപറയൂ. ഞാൻ കേൾക്കട്ടെ.

ഉണ്ണി:—ഞാൻ ജ്യേഷ്ഠനെ ശങ്കിക്കുന്നു. ജ്യേഷ്ഠൻ ഒരുനിരന്തരാഭിമാനത്തേക്കാൾ അധികം കാംക്ഷിക്കുന്നത്, എട്ടോ പത്തോ വൎഷങ്ങൾകൂടി കഴിച്ചുകൂട്ടുന്ന ഒരു ജൂരപൂരിതമായ ജീവിതത്തേയാണെന്ന് എൻെറ മനസ്സ് ചഞ്ചലപ്പെടുന്നു. ജ്യേഷ്ഠനു മരിപ്പാൻ ഒരുമ്പെട്ടുകൂടെയോ? ആസന്നമായ മരണചിന്ത ജ്യേഷ്ഠനെ വല്ലാതെ ഭീതിപ്പെടുത്തുന്നുവല്ലോ. നാം ഉരസുമ്പോൾ ചാകുന്ന ഉറുമ്പിന്നും, ഒരു ഭീമാകാരന്നും മരണത്തിൽ ദേഹത്തിന്ന് സിദ്ധിക്കുന്ന വേദന ഒരുപോലുള്ളതാണ്,

ഗോ. കു.:—നീ എന്തിനാണെന്നെ ഇങ്ങിനെ ലജ്ജിപ്പിച്ചു പറയുന്നത്? എനിക്ക് ഈ വക ചിന്തകളേക്കൊണ്ട് മനസ്സിന്നൊരു ഉറപ്പുമില്ലെന്നാണോ നീ വിചാരിക്കുന്നത്? വേണമെങ്കിൽ ഞാൻ മൃത്യുവെ ഒരു നവോഢയെപ്പോലെ സസ്നേഹം വരിക്കുന്നതാണ്.

ഉണ്ണി:—ഇപ്പോൾ സംസാരിക്കുന്നതെൻെറ ജ്യേഷ്ഠനാണ്. ഇതാ, എൻെറ പിതാവിൻെറ പ്രേതത്തിൽനിന്നും ഒരു ശബ്ദം കേൾക്കമാറാകുന്നു. വേണം ജ്യേഷ്ഠാ. അങ്ങ് മരിക്കണം. ലജ്ജാകരമായ നയം തുടൎന്നു, സംരക്ഷിപ്പാൻ മുതിരേണ്ട ഒന്നല്ല അങ്ങയുടെ ജീവിതം. പുറമേയ്ക്കു പൂച്ചമാമുനിവേഷം ചമഞ്ഞ ഈ രാജപ്രതിനിധിയില്ലെ? ഈയാളുടെ ഗൌരവം നടിക്കുന്ന മുഖവും, ദൃഢമായ വാക്കുകളും, ഈയാളുടെ ചെറുപ്പക്കാരെ മുഴുവൻചഴിക്കുന്ന സമ്പ്രദായവും കണ്ടിട്ട് ആരുംതന്നെ ഇയ്യാളെ ന്യായസ്ഥനായി ഗണിക്കരുതെ. ഈയാൾ ഈ കാണുന്ന മട്ടൊന്നുമല്ല. എന്തുചെയ്യാനും മടിയില്ലാ

ആ ഒരസുരനാണ്. അവൻെറ അകത്തുള്ള എച്ചിൽ കുപ്പയിലെ അഴുക്ക് മുഴുവൻ പുറത്തിടുന്നതായാൽ ഇവിടം മുഴുവനും കുന്നുപോലെ മൂടുവാനതുമതി.

ഗോ. കു:—അടാ നാട്യക്കാരനായ പാറനമ്പീ!

ഉണ്ണി:—ഈ പുറത്തേക്കുകാണുന്ന "മുഖംപത്മദളാകാരം വചശ്ചന്ദനശീതളം" ഇവയൊക്കെ കാളകൂടവിഷം നിറച്ച ഹൃദയത്തെ മറയ്ക്കുവാനുപകരിക്കുന്നു. എൻെറ ചാരിത്ര്യത്തെ ഞാനായാൾക്കു ബലികഴിച്ചിട്ടെങ്കിലും ജ്യേഷ്ഠന്ന് ജീവിച്ചിരിക്കേണമെന്നു ജ്യേഷ്ഠനാഗ്രഹിക്കുന്നുണ്ടോ?

ഗോ. കു:—ഹാ ദൈവമെ! അതൊരിക്കലും പാടില്ല.

ഉണ്ണി:—വേണമെങ്കിൽ ഈ മഹാപരാധത്തിന്ന് ഞാൻ വഴിപ്പെട്ട് അങ്ങിനെ ആയാളേക്കൊണ്ടുമൊരപരാധം ചെയ്യിച്ചാൽ ജ്യേഷ്ഠൻെറ ജീവൻ ആയാളേകും. പേർ പറയാൻതന്നെ ഞാൻ നടുങ്ങുന്ന ആ മഹാപരാധത്തിന്നു ഇന്നു രാത്രിയാണ് നിശ്ചയിച്ച സമയം. അതില്ലാത്തപക്ഷം അങ്ങക്ക് നാളെ മരണമാണ്.

ഗോ. കു:—അത് നീ ഒരിക്കലും ചെയ്യേണ്ട.

ഉണ്ണി:—എൻെറ ജീവനേയാണ് ജ്യേഷ്ഠനെ ജീവിപ്പിക്കാൻവേണ്ടി ആവശ്യപ്പെട്ടത് എങ്കിൽ ഞാൻ ഒരു പുല്ലുപോലെ എറിഞ്ഞിട്ടുകൊടുക്കുമായിരുന്നു.

ഗോ. കു:—പ്രിയ സോദരി, ഞാൻ നിന്നോട് നന്ദിപറയുന്നു.

ഉണ്ണി:—അതുകൊണ്ട് ജ്യേഷ്ഠൻ നാളെ മരണത്തിന്ന് തയ്യാറായിരുന്നുകൊള്ളു.

ഗോ. കു:—താൻ തന്നെ പേരിൽ ചെലുത്തുന്ന നീതിയെ

നിന്ദിച്ചിട്ടിന്നെ പറവാൻ തക്കമനശ്ചാഞ്ചല്യമുണ്ടാ
യോ ആയാറാംക്കം? അതുകൊണ്ട് ഞാൻ ചെയ്തത്
തീച്ചയായും ഒരു പാതകമല്ല. ആണെങ്കിൽതന്നെ
പഞ്ചമഹാപാതകങ്ങളിൽ പെട്ടകയുമില്ല.

ഉണ്ണി:—എന്താ പെടാത്തത്?

ഗോ. കു:—അതത്ര നിഷിദ്ധമാണെങ്കിൽ അത്ര വളരെ
ജ്ഞാനിയായ ആയാറാം, ഈ അല്പകാല വിനോദത്തി
നുവേണ്ടി ഇത്ര വലിയ ശിക്ഷ സഹിപ്പാനൊരുങ്ങു
മോ? ഹാ ഉണ്ണിച്ചിരിക്കുട്ടി!

ഉണ്ണി:—എന്താ ജ്യേഷ്ഠൻ പറയുന്നത്?

ഗോ. കു:—മരണം അതി ഭയങ്കരമായൊരു കാൎയ്യമാണ്.

ഉണ്ണി:—എന്നാൽ നാണംകെട്ട് ജീവിതം വെറുക്കപ്പെട്ട
തുമാണ്.

ഗോ. കു:—മരിക്കയെന്നു മാത്രമോ? പിന്നെ പോകുന്ന
തെവിടേയ്ക്കാണെന്ന് നമുക്കു യാതൊരു നിശ്ചയവുമി
ല്ലല്ലോ. മരിച്ചാലുണ്ടാവുന്ന തണുപ്പിൽ കിടന്നു ചീഞ്ഞ
ളിയണ്ടയോ? ഇപ്പോഴുള്ള ചൂടെല്ലാം പോയി ദേഹമാ
കെ തണുത്ത് വെറുങ്ങലിക്കും. ദേഹത്തെ വേർപെട്ട
ജീവനോ, പിന്നീട് ഏതെല്ലാം നരകത്തിലൂടെയെ
ല്ലാം പ്രയാണം ചെയ്യേണ്ടിവരും? ഏതെല്ലാം ദു
ഷ്പ്രാണികളുടെകൂടെ ബന്ധിക്കപ്പെടാം? എങ്ങിനെ
ത്തെ ചെമ്പുകിടാരത്തിലെല്ലാമിട്ട് പഴുപ്പിച്ചുവറക്കും?
അവിടെ ഏതെല്ലാം ക്രൂരമൃഗങ്ങളുടെ മുരൾച്ചയും അ
ലച്ചയും കേട്ടുകിടക്കേണ്ടിവരും? അയ്യോ! അതെല്ലാം
ആലോചിക്കുമ്പോൾ ഭയമാകുന്നു! എത്ര തന്നെ ക്ഷീ

ണിച്ചാലും, കഷ്ടപ്പെട്ടാലും, വാദ്ധക്യവും, വേദനയും, വ്യാധിയും, എന്തുതന്നെ പിടിപെട്ടാലും, നിരന്തരം കാരാഗ്രഹവാസം വിധിക്കപ്പെട്ടാലും മരണഭയത്തെ ഓൎക്കുമ്പോഴാം അവയൊക്കെ സ്വൎഗ്ഗമയമായിത്തോന്നുന്നതാണ്.

ഉണ്ണി:—കഷ്ടം! കഷ്ടം!

ഗോ. കു:—എൻെറ പ്രിയപ്പെട്ട സോദരിയല്ലയോ? പ്രിയ ഉണ്ണിച്ചിരി, ഞാൻ ജീവിച്ചിരുന്നോട്ടെ. ഒരു ജ്യേഷ്ഠൻെറ ജീവരക്ഷണത്തിന്നുവേണ്ടി നീ എന്തു പാപം ചെയ്താലും ദൈവമതിന്നു നിന്നെ ശിക്ഷിക്കാതെ അത് നിൻെറ ഒരു ദയാബുദ്ധിയായി കണക്കാക്കി നിന്നെ അനുഗ്രഹിക്കയേ ഉള്ളു.

ഉണ്ണി:—ഓ! എൻെറ മൃഗമേ! ആത്മവിശ്വാസമില്ലാത്തൊരു ഭീരു! നാണമില്ലാത്തപുരുഷൻ! എൻെറ ദുരാചാരംകൊണ്ട് ഒരു പുരുഷനായി ജീവിപ്പാൻ വിചാരിക്കുന്നുവോ? തൻെറ സോദരിയുടെ വ്യഭിചാരംകൊണ്ട് ജീവിതത്തെ നിലനിൎത്താൻ നാണമില്ലയോ? എന്താ ഞാനിതിന്ന് പറയേണ്ടത്? എൻെറ അച്ഛനോട് ഇവൻെറ ഉല്പാദനത്തിൽ അമ്മ വല്ല അപരാധവും പ്രവൎത്തിച്ചിരിക്കുമോ? അല്ലാതെ അദ്ദേഹത്തിനിങ്ങിനത്തെ ഒരു കീടം ജനിക്കയില്ല! എനിക്കൊരു സഹതാപവുമില്ല. മരിക്കു, കഴിയുന്നതും വേഗത്തിൽ തീരട്ടെ കഥ. ഞാൻ പ്രാൎത്ഥിച്ചാൽ വേഗം കഴിയുമെങ്കിൽ, ഞാനിതാ ഈ സോദരൻ മരിപ്പാൻവേണ്ടി യമപാദത്തിങ്കൽ ഓരായിരം പ്രാവശ്യം നമസ്കരിക്കു

നും കുലത്തിന്നുകൂടി അവമാനംവരുത്തുന്ന-നരകത്തിന്നുകൂടിഅറയ്ക്കുന്ന ഈ പുഴുവെ രക്ഷിപ്പാൻ അരശ്ശുണ്ടു മിനി ഉച്ചരിക്കുന്നതല്ല.

ഗോ. കു:—അരുത്, ഞാൻ പറയുന്നത് കേൾക്കു, ഉണിച്ചിരിക്കുട്ടി!

ഉണി:—വേണ്ട. എനിക്കൊന്നും കേൾക്കണ്ട. നിങ്ങളുടെ ഈ പാതകം ആകസ്മികമായിട്ടുണ്ടായതല്ല. ഇതൊരു ഇടവിടാത്തൊഴിലായിരിക്കണം. നിങ്ങളോടു കാണിക്കുന്ന ദയ അതിൻെറ മാഹാത്മ്യത്തെ വ്യഭിചരിപ്പിക്കമാത്രമേ ചെയ്യുന്നുള്ളു. അതുകൊണ്ട് കഴിയുന്നതും വേഗത്തിൽ മരിയ്ക്കുയാണുത്തമം !" എന്നിങ്ങിനെ നിവ്വേദത്തോടെ പറഞ്ഞ അവൾ പുറത്തുകടന്നു.

„വരട്ടെ, ഞാൻ പറയുന്നത് മുഴുവൻ കേൾക്കു", ഉണിച്ചിരിക്കുട്ടി," എന്നുപറയുന്നതും വിലവെയ്ക്കാതെ അവൾ അതാ, പൊയ്ക്കഴിഞ്ഞു.

---

## അദ്ധ്യായം XI.

ഉണിച്ചിരിക്കുട്ടിയും ഗോവിന്ദക്കുട്ടിനായരും കൂടിയുണ്ടായ സംഭാഷണം മുഴുവനും, കൊത്തുവാളുടെ അനുമതിപ്രകാരം അടുത്തമുറിയിൽ പ്രവേശിച്ച്, ഒരക്ഷരം പോലും വിടാതെ കേട്ടുകൊണ്ടിരുന്ന നമ്മുടെ സന്യാസിവയ്യൻ ഉടനെ പുറത്തപ്രവേശിച്ച് ഉണിച്ചിരിക്കുട്ടിയെക്കണ്ട് „വരട്ടെ, പോകാൻ വരട്ടെ; മകളെ! എനിക്ക് രണ്ടുവാക്ക് പറയേണ്ടതുണ്ട്. എനിക്കു പറവാനുള്ളതും കുട്ടിയുടെ കാൎയ്യത്തെസ്സംബന്ധിച്ചുള്ളതാണ്. അതി

നാൽ ഞാനെങ്ങോട്ട് വരേണമെന്ന് നി പറഞ്ഞാൽ അങ്ങോട്ട് വരാം".

ഉണ്ണി:—എനിക്കു ഈ കാരാഗൃഹത്തിൽ അധികനേരം നില്പാൻ അനുവാദമില്ല. അതിനാൽ നമുക്ക് പടിക്കലേക്കുപോകുക. ഞാനവിടേനില്ക്കാം.

സന്ന്യാ:—എനിക്കിവിടെ ഒന്നുരണ്ടുപേരെക്കണ്ടിട്ട് അല്പം കാൎയ്യമുണ്ട്. ഞാൻ ക്ഷണം എത്തിക്കൊള്ളാം.

"അധികനേരം നില്പാനെനിക്കും ഇടയില്ല. എന്റെകൂടെവന്ന ആൾ പടിക്കൽ നില്ക്കുന്നു," എന്നും പറഞ്ഞ് ഉണ്ണിച്ചിരികുട്ടിനടന്നു.

ഉടൻതന്നെ സന്ന്യാസി ഗോവിന്ദക്കുട്ടി കിടക്കുന്ന മുറിയിലേക്ക് ചെന്ന് ഇപ്രകാരംപറഞ്ഞു, "വത്സാ, നീയും നിന്റെസോദരിയും തമ്മിൽനടന്ന സംഭാഷണംഒന്നൊഴിയാതെഞാൻ കേട്ടിരിക്കുന്നു. പാറനമ്പിക്ക് അവളെ ദുൎവൃത്തിയിലേക്ക് ആകൎഷിപ്പാനുള്ള ആന്തരോദ്ദേശംഒരിക്കലുമില്ല. ഓരോരുത്തരുടേയും സ്വഭാവമറിവാൻവേണ്ടിമാത്രം അവളെഒന്ന്പരീക്ഷിച്ചു എന്നെയുള്ളു. അവളുടെ സത്യപരമായ ചാരിത്രശുദ്ധിനിമിത്തം അദ്ദേഹം ഇച്ഛിച്ചപടിതന്നെ, അദ്ദേഹത്തിന്ന് മനസ്സന്തുഷ്ടിയുണ്ടാകുംവണ്ണം നിന്ദിക്കയത്രെ അവൾചെയ്തത്. ഇന്നലെരാത്രി നമ്പീശന്റെ മഠത്തിൽ ആയിരുന്നു എന്റെ കിടപ്പ്. അപ്പോൾ ലോകവൎത്തമാനം പറഞ്ഞകൂട്ടത്തിൽ അദ്ദേഹം ഈ വൎത്തമാനം എന്നോട് പറകയാൽ ഞാനറിഞ്ഞതാണ്. അതുകൊണ്ട് നിന്റെ മരണത്തിൽനിന്ന് നിന്നെ രക്ഷിപ്പാൻ ഇതൊന്നുംതന്നെ ശക്തിമത്തല്ല. വെറുതെ

അസാദ്ധ്യമായ പ്രത്യാശകൊണ്ടൊന്നും മായയിൽ ഭ്രമിക്കേണ്ട. നിന്റെ മൃത്യുദിനം നാളെത്തന്നെയാണ്. ദൈവത്തോട് വേണ്ടപ്രാൎത്ഥനയെല്ലാം കഴിച്ച് അതിന്നായി ഒരുങ്ങിയിരുന്നോളൂ.

"അയ്യോ: എന്നാൽ ഞാനെന്റെ സോദരിയോട് മാപ്പചോദിക്കട്ടെ. എനിക്ക് ഇനി ജീവിച്ചിരുന്നത് മതി. എന്റെ ഗുരുവായൂരപ്പാ, എന്നെ അങ്ങയുടെ തൃപ്പാദങ്ങളോട് ചേൎക്കേണമേ!" എന്നും പറഞ്ഞ് ഗോവിന്ദൻകുട്ടി ഇരുന്നിടത്ത് വീണുനമസ്കരിച്ചു.

യോഗിവൎയ്യൻ അവിടെനിന്നും പിരിഞ്ഞ് കൊത്തുവാളുടെ അടുത്തുചെന്ന്, ആ പെൺകുട്ടിയെക്കണ്ട് കുറഞ്ഞൊന്ന് സംസാരിപ്പാനുള്ളതിനാൽ താൻ പടിക്കലേക്ക് പോകയാണെന്നുംപറഞ്ഞ് കാരാഗൃഹസ്ഥലംവിട്ട് രാജവീഥിയിലേക്കചെന്ന് ഇട്ടിശ്രീദേവി നില്ക്കുന്നേടത്തെത്തി.

സന്ന്യാ:—വത്സെ, നിനക്ക് ഈ സൌന്ദൎയ്യാതിരേകംതന്നെകൈതന്നെ അതിന്ന് യോജിച്ച സ്വഭാവവൈശിഷ്ട്യവും തന്നിരിക്കുന്നു. ഇവരണ്ടും അന്യോന്യാശ്രയംകൊണ്ട് തുലോം ശോഭിക്കട്ടെ. പാറനമ്പീശൻ നിന്നോട് ചെയ്ത അപമൎയ്യാദപ്രാൎത്ഥന ദൈവം എന്നേയും അറിയിച്ചു. ചാപല്യത്തിന്ന് കണ്ണുകണ്ടുകൂടന്നുള്ളതിന്ന് ഇതും ഒരു ദൃഷ്ടാന്തംതന്നെ. പാറനമ്പി കുറെ സ്ഥിരനിഷ്ഠനായിരുന്നുവല്ലൊ. ഏതായാലും ആയാളുടെ അൎത്ഥനക്ക് പകരം മറുവടിയായി നീ എന്തൊന്നു പറഞ്ഞിട്ടാണ് നിന്റെ ജ്യേഷ്ഠനെ രക്ഷിപ്പാൻ വിചാരിക്കുന്നത്?

ഉണി:— ഞാൻ ആയാളോട് തീൎച്ചപറവാൻ പോകയാണ്. നീതിക്കനുസരിച്ച് എൻെറ ജ്യേഷ്ഠൻ മരിക്കുന്നതാണ്, അനീതിയായി എനിക്ക് ഒരു പുത്രൻ ജനിക്കുന്നതിനെക്കാൾ അധികംസന്തോഷകരം. കഷ്ടം! ആ നല്ലതമ്പുരാൻ ഈ നമ്പീശനാൽ എത്രമേൽ വഞ്ചിതനായിരിക്കുന്നു; എപ്പോഴെങ്കിലും തിരുമനസ്സിൽനിന്ന് മടങ്ങിയെഴുന്നള്ളിയാൽ, എനിക്കു, തിരുമുമ്പാകെ ചെന്നു ഉണൎത്തിപ്പാൻ സാധിച്ചുവെങ്കിൽ, ഞാൻ തീൎച്ചയായും ഈ നടന്നതെല്ലാംപറഞ്ഞ് ആയാളുടെ ഭരണവൈശിഷ്ട്യം വെളിപ്പെടുത്താതിരിക്കയില്ല.

സന്ന്യാ:— അതിന്ന് വളരേ താമസിക്കേണ്ടിവരികയില്ല. എന്നാൽ കഴിഞ്ഞേടത്തോളം സംഭവംകൊണ്ടുമാത്രം പറയുന്നതായാൽ, ആയാൾക്ക് നീ ചെയ്യുന്ന അപരാധാരോപണത്തിൽനിന്ന് ഒഴിയാവുന്നതാണ്. ആയാൾനിന്നെ പരീക്ഷിക്കമാത്രം ചെയ്തുവെന്ന് പറഞ്ഞൊഴിയും. അതിനാലെൻെറ ഉപദേശം ചെവികൊള്ളുക. നന്മചെയ്വാൻ എനിക്കുള്ള ആഗ്രഹംകൊണ്ട് ഇതിന്നൊരു പ്രതിവിധി തോന്നുന്നുണ്ട്. വഞ്ചിതയായ ഒരുസ്ത്രീക്ക് അവളൎഹിക്കുന്ന ന്യായമായൊരു സഹായം ചെയ്വാൻ നീ മടിക്കുന്നതല്ലെന്നും ഞാൻ വിശ്വസിക്കുന്നു. നിൻെറ സോദരനെ കോപിഷ്ഠമായ നീതിയിൽ നിന്ന് രക്ഷിപ്പാനും അതുപകരിക്കാതിരിക്കയില്ല. നിൻെറ ചാരിത്രത്തെ കളങ്കപൂരിതമാക്കിത്തീൎക്കയുംവേണ്ടാ. അങ്ങിനെയായാൽ മടങ്ങിവന്ന് തമ്പുരാൻെറമുമ്പിൽ ഈവിവരം എപ്പോഴെങ്കിലും ഉണൎത്തിപ്പാ

നിടവന്നാൽ അവിടേക്ക് വളരെ രസിക്കയുംചെയ്യും.

ഉണ്ണി:—സ്വാമി പറയുന്നത് മുഴുവനും കേൾക്കട്ടെ. അധൎമ്മവും അന്ന്യായവുമാവാത്ത ഏതുകൎമ്മവും ആത്മാൎത്ഥം ചെയ്യാനുള്ള ധൈൎയ്യമെനിക്കുണ്ട്.

സന്ന്യാ:—ധൎമ്മമെപ്പോഴും ധീരമാണ്. നന്മചെയ്യുന്നവർ ഭീരുക്കളാകയുമില്ല. ലന്തപ്പടയിൽ നശിച്ച ചാവക്കാട തലശ്ശന്നവരുടെ മകൾ മാധവിയമ്മയുടെ പേർ നീ കേട്ടിട്ടില്ലെ.

ഉണ്ണി;—ആ മാന്ന്യയുവതിയുടെ പേർ ഞാൻ കേട്ടിട്ടുണ്ട. ആയമ്മയെക്കുറിച്ച എല്ലാവരും നല്ല അഭിപ്രായമാണു പറയാറുള്ളതും.

സന്ന്യാ:—ആയമ്മയേ ഈ പാറനമ്പീശൻ പുടവമുറിക്ക് നിശ്ചയിച്ച് ദിവസവും കൂടെ തീൎച്ചപ്പെടുത്തിയിരുന്നു. അപ്പോഴെക്കാണ് ലന്തപ്പടയോടെതിൎപ്പാൻ പോയ തലശ്ശന്നവർ കാലഗതിപ്രാപിച്ചത്. അതിൽ പിന്നെ തനിക്കു തിരുമുൽക്കാഴ്ച കിട്ടിയതു പോരെന്നും, പട്ടന്മാരെപ്പോലെ സ്ത്രീധനം കിട്ടേണമെന്നും മററും നമ്പി പറകയാൽ, സ്ത്രീയുടെ കക്ഷിക്കാർ തല്ക്കാലം അതിന്നു പ്രാപ്തന്മാരല്ലാത്തതുകൊണ്ട് ആവിവാഹം അലസിപ്പിരികയാണുണ്ടായത്. ആ സ്ത്രീക്കോ അവളുടെ വീരനും കീൎത്തിമാനുമായ അച്ഛനോടു കൂടിത്തന്നെ ഭൎത്താവും നഷ്ടമായി! അങ്ങിനത്തവനാണ്, ഈ മൎയ്യാദനാട്ട്യം നടിക്കുന്ന പാറനമ്പി.

ഉണ്ണി:—ഇങ്ങിനെ വരുമോ? ഈ പാറനമ്പി ആ സ്ത്രീയെ അങ്ങിനെ ഉപേക്ഷിച്ചുവോ?

സന്ന്യാ:—അവളെ അങ്ങിനെ കണ്ണീരും കയ്യുമായി ഉപേക്ഷിച്ചു. ഒരു സാമവാക്കുപറകയെങ്കിലും വേണ്ടേ? അതുമുണ്ടായില്ല. ആയാൾ മുമ്പു ചെയ്തിരുന്ന അർത്ഥനകളെ മുഴുവനും ഇപ്പോൾ വിഴുങ്ങിക്കളഞ്ഞു. അതുംപോരെങ്കിൽ അവളുടെനടവടിയിൽ പല ദോഷങ്ങളും താൻ കണ്ടെത്തിയിട്ടുണ്ടെന്നും പറഞ്ഞുപരത്തി. അവളോ, ആയാളെച്ചൊല്ലിയാണ് ഇന്നും ജീവസന്ധാരണം തന്നെ ചെയ്യുന്നതും. ഇവന്റെ ശിലാഹൃദയമുണ്ടോ അവളുടെ കണ്ണീർകൊണ്ടുരുകുന്നു!

ഉണ്ണി:—അവരെ ഈ ലോകത്തിൽനിന്നും വീണ്ടെടുത്താൽ കാലൻ എത്രദയാലുവാകുമായിരുന്നു! എന്നിട്ടും ഈ നിർദ്ദയൻ മര്യാദക്കാരന്റെ നിലയിൽ ജീവിക്കയും ചെയ്യുന്നു. ഈ ലോകം എത്ര ദുഷിച്ചുപോയിരിക്കുന്നു! എന്നാൽ നമ്മുടെ ഈ സംഗതിയിൽ ആയമ്മക്കെന്തൊന്നു ലഭിപ്പാനാണ്?

സന്ന്യാ:—നിനക്ക് എളുപ്പത്തിൽ ഉണക്കാവുന്ന ഒരു മുറിമാത്രമാണ് അവളുടേത്. എന്നുതന്നെയല്ല, അതിന്റെ ചികിത്സാവിധി നിന്റെ ജ്യേഷ്ഠനെ രക്ഷിക്കുമെന്നു മാത്രമല്ല, പ്രവൃത്തിയിലുള്ള അപമാനം നിനക്ക് കൂടാതെ കഴിക്കയും ചെയ്യാം.

ഉണ്ണി:—സ്വാമീ! എങ്ങിനെയാണത് എന്ന് എനിക്ക് പറഞ്ഞുതരു.

സന്ന്യാ:—ഞാൻ പറഞ്ഞ കന്യകക്ക് ഇപ്പോഴും ഈ നമ്പീശനിലുള്ള പ്രണയം നഷ്ടമായിട്ടില്ല. വേറെ ആരെയെങ്കിലുമാണെങ്കിൽ, വല്ലപ്രേമവും അവശേഷിച്ചി

ട്ടുണ്ടെങ്കിൽ അതിനെയും ഉന്മൂലനം ചെയ്വാൻ മതിയാ
യ ആയാളുടെ അന്യായമായ ദയാഹീനത്വം, അന്ത
ർവ്വാഹിനിയായ ഒഴുക്കുപോലെ, അവളെ പൂർവ്വാധികം
ക്ഷോഭിപ്പിക്കയും നിർഭരയാക്കുകയും ചെയ്തിരിക്കുന്നു.
നീ വേഗം പാറനമ്പീശ്ശന്നടുത്തേക്ക് പോവുക. ആയാ
ളുടെ ആഗ്രഹങ്ങൾക്കെല്ലാം അനുകൂലമായ മറുവടി പറ
ഞ്ഞുകൊൾക. ആയാളുടെ ഇച്ഛക്ക് വഴിപ്പെട്ടുകൊൾ
വാനേല്ക്കുക. അതോടുകൂടിത്തന്നെ ഒന്നുരണ്ടു കാര്യം
ആദ്യംതന്നെ സമ്മതിപ്പിക്കണം. അതായത് നിന്റെ
സാന്നിദ്ധ്യം അധിക നേരത്തേക്ക് നീട്ടരുതെന്നും, നി
ശ്ചിതസ്ഥലം, രഹസ്സമ്മേളനത്തിന്നു സൌകര്യപ്രദ
വും നിർജ്ജീവവും, സമയം അർദ്ധരാത്രിയും, യാതൊരു
വെളിച്ചംപോലും കാണ്മാൻ പാടില്ലാത്തതുമായിരി
ക്കേണമെന്നും സമ്മതിച്ചാൽ, എല്ലാം ശരിയായി. ഉട
നെ ഞാൻ പോയി ഈ പാവപ്പെട്ട സ്ത്രീയോട് നിന
ക്ക് പകരം അങ്ങോട്ടു പോകാൻ പറഞ്ഞുകൊള്ളാം.
ഈ സൂത്രം ഫലിക്കുന്നപക്ഷം, അവൻ ആ സ്ത്രീയെ വി
വാഹം ചെയ്വാൻ നിർബ്ബന്ധനാകും. ഏതായാലും ഈ
ഒരൊററ വിദ്യകൊണ്ടു നിന്റെ ജ്യേഷ്ഠൻ ഹതനാകാ
തെകഴിഞ്ഞു. നിന്റെ ചരിത്രം സുരക്ഷിതമായി. സാധു
മാധവിയമ്മക്കു ഗുണംവന്നു. ദോഷപൂർണ്ണനായ രാജപ്ര
തിനിധി പതിതനാകയുംചെയ്തു. ആയാളുടെശ്രമത്തി
ന്ന് തയാറാകത്തക്ക തരത്തിൽ ആ കന്യകയെഞാൻ
പറഞ്ഞു വശപ്പെടുത്തിക്കൊള്ളാം. നിനക്ക് കഴിയുന്ന
മട്ടിൽനീ ആലോചിച്ചു ഈതന്ത്രംഫലിപ്പിച്ചാൽ ഇതി

ലെ വഞ്ചനയിലെ നിന്ദ്യഭാഗം അതിലെ ഗുണപൌഷ്കല്യംകൊണ്ടു നീതീകരിക്കാവുന്നതാണ്. ഇതിനെക്കുറിച്ചു നീ വിചാരിക്കുന്നതെന്താണു?

ഉണ്ണി:—അതിന്റെ ഒരു ഛായപോലും എനിക്ക് വളരെ തൃപ്തിതരുന്നു. തീച്ചയായും നമ്മുടെ ഈ തന്ത്രം ആശാനുകൂലം തഴച്ചുപുളച്ച് പരിപൂർണ്ണത്വം പ്രാപിച്ച് ഫലപ്രദമാകാതിരിക്കയില്ല.

സന്ന്യാ:—ഇതിൽ സാമർത്ഥ്യം മുഴുവൻവേണ്ടത് നിന്റെ പെരുമാററത്തിലാണ്. നീ വേഗം പാറനമ്പിയുടെ അടുത്തേക്ക്തിരിക്കൂ. ഇന്ന് രാത്രിക്ക്തന്നെ തത്സമാഗമത്തിന്ന് ആയാൾ കാംക്ഷണിക്കുന്നുവെങ്കിൽ, ആയാൾക്ക് തൃപ്തികരമാംപടി വാഗ്ദാനം ചെയ്തുകൊള്ളണം. ഞാനുടൻതന്നെ ഈ പരിത്യജിക്കപ്പെട്ട കന്യ താമസിക്കുന്ന ചാവക്കാട്ടുകരക്കുപോകാം. സാധിക്കുമെങ്കിൽ നീ തന്നെ ഇന്നു വൈകുന്നേരത്തിന്നുമുമ്പായി അത്രത്തോളംവന്നാൽ തരക്കേടില്ല. ഒരാളെയും കൂട്ടിക്കൊള്ളൂ. അത്കൊണ്ട് പാറനമ്പിയുമായുള്ള കൂടിക്കാഴ്ചക്ക് ഒട്ടുംതന്നെ വൈകിക്കേണ്ട.

ഉണ്ണി:—അങ്ങയുടെ ഈ ഉപദേശത്തിന്ന് നമസ്കാരം. ഞാനവിടുത്തെ, ചാവക്കാട്ട് തലശ്ശുന്നവരുടെ ഗൃഹത്തിൽവന്നന്വേഷിച്ചുകൊള്ളാം.

എന്നിങ്ങിനെ പറഞ്ഞ് അവൻ നേരേ പാറനമ്പി പാക്കുന്ന ഗൃഹത്തിലേക്ക്തന്നെതിരിച്ചു. നമ്മുടെ സന്ന്യാസിയും അവിടെനിന്നു പുറപ്പെട്ടു.

---

# അദ്ധ്യായം XII

കൃഷ്ണാജ്ജുനവിജയത്തിലെ നാരദനെപ്പോലെ സജ്ജനങ്ങളും കൃപാഹ്തുമായവക്ക് ഗുണപ്രദവും ദുജ്ജനങ്ങാക്ക് ദോഷപ്രദവുമായ ചില ഏഷണികളും ചില തന്ത്രോപദേശങ്ങളുംചെയ്ത് കൃതാർത്ഥതയോടെ നമ്മുടെ സന്ന്യാസി പുറവുമുള്ളവരുടെ സ്ഥിതിഗതികാം ആരാഞ്ഞാൻ ചെവിയും കണ്ണും നാലുഭാഗത്തേക്കും വ്യാപരിപ്പിച്ച് സൈ്വരഗമനംതുടങ്ങി. ഇതിനിടയിൽ കോവിലകത്തിന്ന് പുറവുമുള്ള പരിജനങ്ങളുടെ, പുതിയഭരണാധികാരിയെക്കുറിച്ച് പലപ്രകാരത്തിലുള്ള അഭിപ്രായപ്രകടനങ്ങളും നമ്മുടെ സന്ന്യാസിപ്രവരൻ കേഠംക്കുകയും, പലരുമായി ഏററു മുട്ടുകയും പലദുസ്തക്കാരോടും മല്ലിട്ട് പുതിയഭരണരീതിയെ നിതീകരിക്കുകയുംചെയ്കയുണ്ടായിട്ടുണ്ട്. ഒടുവിലാണ് നമ്മുടെ വിടുവായനായ കേശവൻനായരുമായിക്കൂട്ടിമുട്ടിയത്. സവ്വരേയും പരിഹസിക്കുന്ന കേശവൻനായർ സന്ന്യാസി വയ്യനെക്കണ്ടപ്പോഠം ചിരകാലപരിചിതന്മാരെപ്പോലെ കുശലപ്രശ്നത്തിന്ന് പുറപ്പെട്ടു.

„എന്താസ്വാമി, എന്താ വൈരാഗി, നമ്മുടെതമ്പുരാന്റെ വല്ലവത്തമാനവും അറികയുണ്ടായോ? ”

സന്ന്യാ:—അപ്പനെ! നമുക്കൊന്നും അറികയില്ല. നിങ്ങഠം വല്ലതുംപറഞ്ഞാൽ കേഠംക്കാമായിരുന്നു. ”

കേ. നാ:—ചിലർപറയുന്നു. അവിടുന്ന് അമ്പലപ്പുഴക്കെഴുന്നള്ളിയിരിക്കുന്നുവെന്ന്, ചിലർ പത്മനാഭപുരത്തേക്കെന്നും. എന്നാൽ എവിടെയാണെന്നാണ് അങ്ങക്ക് തോന്നുന്നത്?

സന്ന്യാ:—നമുക്കദ്ദേഹമെവിടെയാണെന്നറികയില്ല. എവിടെയായാലും അവിടേക്ക് നല്ലതുവരുവാൻ ഞാൻ പ്രാർത്ഥിക്കുന്നു.

കേ. നാ:—ഈ തമ്പുരാനെന്തിനിങ്ങിനെ കോവിലകത്തെ വിഭവങ്ങളുമുപേക്ഷിച്ച് വെറും പിച്ചക്കാരെ അപഹരിച്ചുംകൊണ്ടിങ്ങിനെ ആരേയുമറിയിക്കാതെ അജ്ഞാതനായി യാത്രചെയ്യുന്നത്? അവിടുത്തെ ഒരു തലയിലെഴുത്തിൻെറ മൂപ്പുതന്നെയല്ലേ? എന്നാലും പാറനമ്പി പൊടിപാറി ഭരിക്കുന്നുണ്ടേ! ഇപ്പോഴാണ് തുരുമ്പുപിടിച്ച നീതിമുറകളെല്ലാം വെളിവിലിടുന്നത്.

സന്ന്യാ:—അദ്ദേഹം തൻെറകൃത്യം വേണ്ടവണ്ണം നിറവേററുന്നുണ്ട്.

കേ. നാ:—വ്യഭിചാരത്തിന്നു് കുറഞ്ഞൊന്നു് കണ്ണുചിമ്മിയാൽ ആയാറംക്കെന്താണൊരു ദോഷംവരാനുള്ളത്? ആവഴിക്ക്മാത്രം കുറെ ക്രൂരമാണ് തൻെറദണ്ഡനീതി.

സന്ന്യാ:—അത് ഇപ്പോറം സർവ്വസാധാരണമായൊരു ദുഷ്കർമ്മമായിത്തീൎന്നിരിക്കുന്നു. അതിനാൽ കഠിനശിക്ഷകൊണ്ട് അതിനെ ഉന്മൂലനംചെയ്യണം.

കേ. നാ:—ശരി, ആ ദുഷ്കർമ്മത്തിൻെറ ഉത്ഭവംതന്നെ വലിയവലിയ സ്ഥലങ്ങളിൽനിന്നാണ്. പ്രബലന്മാരായ ബന്ധുക്കളും അതിന്നുണ്ട്. അതെന്തായാലും, അന്നപാനിയാദികറം നിൎത്തിയാലല്ലാതെ, ആ ദോഷത്തെ നാട്ടിൽനിന്നു തീരെ നശിപ്പിക്കുവാൻ ആൎക്കുംതന്നെ സാധിക്കയില്ല. ഇവിടെയൊക്കെശ്രുതി ഈ പാറനമ്പിന

മ്മെപ്പോലെ ഇങ്ങിനത്തെ നിന്ദ്യമായവിധത്തിലൊന്നുമല്ല സൃഷ്ടിക്കപ്പെട്ടിട്ടുള്ളതെന്നാണ്. അത് ശരിതന്നെയാണൊ? അങ്ങേക്കെന്തുതോന്നുന്നു?

സന്ന്യാ:—അദ്ദേഹത്തിനെ പിന്നെ എങ്ങിനെയാണ് സൃഷ്ടിച്ചിട്ടുള്ളത്?

കേ. നാ:—ചിലർ പറയുന്നു. ആയാളെ ഒരു കടൽകന്ന്യ പക്ഷികൾ മുട്ടകയിടുംപോലെ, കരക്കുവന്നു മുട്ടകയിട്ടുപോയതാണെന്ന്. മററുചിലർ അദ്ദേഹത്തെ കടപ്പുറത്തുണക്കാനിട്ട രണ്ട് ഏട്ടകൾ ഇണയടിച്ചപ്പോൾ ഉണ്ടായതാണെന്നും വാദിക്കുന്നു. അതെന്തായാലും മൂപ്പക്കും ഒരു ജനനേന്ദ്രിയം ഉണ്ടെന്നതിന്നു ഈയുള്ളവൻ സാക്ഷിയാണ്.

സന്ന്യാ:—നിങ്ങൾ ആൾ വലിയ നേരം പോക്കുകാരനാണ്. നിങ്ങൾക്കെന്തും പറയാം.

കേ. നാ:—അല്ലാതെന്തൊന്നാണിതിന്റെ അർത്ഥം? രണ്ടുപേരൊത്തൊരുമിച്ചു മനമിണങ്ങിച്ചെയ്ത ഒരു മംഗലകർമ്മത്തിന്നു ഒരുവനെ നിഗ്രഹിക്കേണമെന്നു കൊടുത്ത കല്പന എത്ര ക്രൂരതരമാണ! നാടുവിട്ടുപോയ തിരുമേനി ഇപ്രകാരം കല്പിക്കുമെന്ന് അങ്ങ് വിചാരിക്കുന്നുവോ? നൂറച്ഛനില്ലാക്കുട്ടികളെ ഉണ്ടാക്കിയതിന്ന് ഒരാളെ കൊല്ലാൻ വിധിക്കുന്നതിന്ന് മുമ്പു അവിടുന്നു ആയിരമെണ്ണത്തിന്നു ചിലവിനുള്ള വക കൊടുത്തുകഴിയും. അവിടുന്ന്തന്നെ ഇതിലൊക്കെക്കുറെ അധികരസമെടുക്കുന്ന ആളാണ്. അതിന്റെ സുഖമവിടേക്കറിയാം. അതുകൊണ്ട് അവരിലൊക്കെ അനുകമ്പയുമുണ്ടു.

സന്ന്യാ:—നാടുവിട്ടുപോയ മഹാരാജാവ് സ്ത്രീലമ്പടനായിരുന്നുവെന്ന് ഞാനൊരിക്കലും കേട്ടിട്ടില്ല. അങ്ങിനെ ഒരു ചാഞ്ചല്യം കൂടി അദ്ദേഹത്തിന്നുണ്ടായിട്ടില്ല.

കേ. നാ:—സ്വാമി! നിങ്ങൾ ഒന്നുമറിയാഞ്ഞിട്ടാണ് പറയുന്നത്.

സന്ന്യാ:—അങ്ങിനെയൊരിക്കലുമുണ്ടാവില്ല.

കേ. നാ:—ആര്? തമ്പുരാന്നുണ്ടാവില്ലെന്നോ? അമ്പതു വയസ്സായ ഒരു കിളവത്തി പിച്ചക്കാരി കോലോത്തും പടിക്കൽ ചെന്നാൽ മതി. ചാരുപടിയിൽ കൂടെ അവളുടെ മടിയിലേക്ക് ഒരു വരാഹൻ വീഴുന്നു കാണാം. തമ്പുരാന് പാട്ടു കേൾക്കാൻ വളരെ ഇഷ്ടമാണ്. മോളിലേക്ക് പോകാം. കൂടെ ആരും വേണ്ടതാനും. ഇത് മാത്രമോ? അവിടേക്ക് മദ്യപാനത്തിലും ധാരാളം അസക്തിയുണ്ട്. അതും കൂടി ഞാൻ പറഞ്ഞുതരാം.

സന്ന്യാ:—ഹര ഹര! നിങ്ങൾ തീച്ചയായും തമ്പുരാനോട് അപരാധമാണീ പ്രവൎത്തിക്കുന്നത്.

കേ. നാ:—സ്വാമീ, ഞാൻ അവിടുത്തെ ഗൃഢാലോചനക്കാരിലൊരാളായിരുന്നു. തമ്പുരാനെത്ര വലിയ സ്ത്രീജിതനാണ്! എന്തിന്ന്? ഇപ്പോൾ അദ്ദേഹം ഗൃഢഗമനം ചെയ്തതും എന്തിനെന്ന് എനിക്കറിയാം.

സന്ന്യാ:—എന്നാൽ, അതെന്തിനാണന്നൊന്ന് പറഞ്ഞുതന്നാൽ കൊള്ളാം.

കേ. നാ:—ഛെ! പാടില്ല. അതിവാസ്യം പുറത്തു പോവാൻ പാടില്ലാത്തൊരു രഹസ്യമാണ്. എന്നാൽ ഒന്നു ഞാൻ പറയാം. അവിടുത്തെ പ്രജകളിൽ മുക്കാലേതു

രക്കാൽ ഭാഗവും അവിടുന്നു ഒരു മഹാനും ജ്ഞാനിയു മാണെന്ന അഭിപ്രായക്കാരാണ്.

സന്ന്യാ:—മഹാനും ജ്ഞാനിയുമാണെന്നതിന്ന് ആക്ഷേപമുണ്ടോ? അവിടുന്നങ്ങിനെ തന്നെയാണ്.

കേ. നാ:—ഒരു നാട്യക്കാരൻ. ഒരു മണ്ണും ചാണവുമറിയില്ല. ഒരു ഗൌരവവുമില്ലാത്ത മനുഷ്യൻ.

സന്ന്യാ:—ഒന്നുകിൽ ഇത് നിങ്ങൾക്കവിടുത്തോടുള്ള അസൂയ. അല്ലെങ്കിൽ നിങ്ങളുടെ വിഡ്ഢിത്തം. അതുമല്ലെങ്കിൽ നിങ്ങളുടെ തെററിദ്ധാരണ. അദ്ദേഹത്തിൻെറ ജീവിതഗതിയും, ഭരണനൈപുണിയും, ഓരോ സദുദ്ദേശ്യങ്ങളും, അവ നിറവേററുന്നതിൽ കാണിക്കുന്ന അനിതരസാമാന്യപാടവവും, അദ്ദേഹത്തെ ഒരു മഹാനെന്ന് പ്രഖ്യാപനം ചെയ്യിക്കത്തക്കവയാണ്. അവിടുത്തെ ഗൂഢവൃത്തികളെ ജനങ്ങൾക്കറിവാനിടവരട്ടെ. അപ്പോഴറിയാം അസൂയാലുക്കൾക്കെല്ലാം പരിഭവം തോന്നുമാറ് അദ്ദേഹമെത്ര ജ്ഞാനിയാണെന്നും, എന്തൊരു ഭരണതന്ത്രജ്ഞനാണെന്നും, എത്ര നല്ലൊരു വീരയോദ്ധാവാണെന്നും. അതുകൊണ്ട് ഇപ്പറഞ്ഞതൊന്നും അദ്ദേഹത്തിൻെറ സ്വഭാവമറിഞ്ഞിട്ടല്ല. അങ്ങിനെയാണെങ്കിൽ നിങ്ങൾ കല്പിച്ചുകൂട്ടി എന്തോ അവിടുത്തോടുള്ള വിരോധം ഹേതുവായി അവിടുത്തെ പേരിൽ കളങ്കമാരോപിക്കയാണ്.

കേ. നാ:—സ്വാമി, എനിക്കദ്ദേഹത്തെ നല്ലപോലറിയാം. ഞാനവിടുത്തെ സ്നേഹിക്കുന്നുമുണ്ട്.

സന്ന്യാ:—സ്നേഹമുണ്ടെങ്കിൽ ഇതിലും അധികം അറിഞ്ഞു

സംസാരിച്ചിരുന്നു. അറിവുണ്ടെങ്കിൽ ഇതിലും അധികം സ്നേഹിക്കയും ചെയ്യുമിരുന്നു.

കേ. നാ:—ആട്ടെ, എനിക്കറിയുന്നതെല്ലാം എനിക്കറിയാം.

സന്യാ:—നിങ്ങൾക്ക് നിങ്ങൾ പറയുന്നത് എന്താണെന്നറിയാത്തതു കൊണ്ട് എനിക്കത്ര ബോദ്ധ്യപ്പെടുന്നില്ല. ആട്ടെ എപ്പോഴെങ്കിലും തിരുമേനിതിരിച്ചെത്തിയാൽ, അതിന്നുതന്നെ നമ്മളൊക്കെ പ്രാൎത്ഥിക്കണ്ടല്ലോ-അപ്പോൾ നിങ്ങളീപ്പറഞ്ഞതെല്ലാം തിരുമുമ്പാകെ വെച്ച് ചോദിച്ചാൽ പറയേണ്ടിവരുന്നതിൽ നിങ്ങൾക്ക് വിരോധമുണ്ടാവില്ലല്ലോ. ഇതെല്ലാം വാസ്തവമാണെങ്കിൽ അതെല്ലാം സമൎത്ഥിപ്പാൻ വേണ്ട ധൈൎയ്യവുമുണ്ടാകുമല്ലോ. ഞാൻ ഇത് തിരുമുമ്പിൽ ഉണൎത്തിപ്പാൻ നിയുക്തനാകും. ഞാൻ അപ്പോൾ നിങ്ങളെ വിളിച്ചുകൊള്ളാം. നിങ്ങളുടെ പേരെന്താണ്?

കേ. നാ:—എന്റെ പേർ കേശവനെന്നാണ്. തമ്പുരാന്ന് നല്ലവണ്ണം അറിയാം.

സന്യാ:—എനിക്കീ വിവരം തിരുമുമ്പാകെ ഉണൎത്തിപ്പാനായുസ്സുണ്ടായാൽ നിങ്ങളെ ഇതിലുമധികം അറിവാൻ വഴിയായി.

കേ. നാ:—എനിക്ക് യാതൊരു ഭയവുമില്ല.

സന്യാ:—നിങ്ങൾ വിചാരിക്കുന്നതെന്താണ്? ഇനി തമ്പുരാൻ മടങ്ങിവരില്ലെന്നോ? അതോ, ഇവനൊരു ദോഷവും ചെയ്യാൻ കഴിയാത്ത പ്രതിമപോലെയെന്നോ? പക്ഷെ നിങ്ങൾക്ക് ദോഷമൊന്നും ചെയ്യാൻ എനിക്ക്

കഴിയില്ല. നിങ്ങൾ ഇപ്പോൾ പറഞ്ഞതൊന്നും ഇല്ലെന്ന് അവിടെ വെച്ച് ശപഥം ചെയ്യും.

കേ. നാ:—എന്റെ തല വെട്ടിക്കൊള്ളട്ടെ. സ്വാമി എന്നെ തികച്ചും അറിയില്ല. ആട്ടെ അതൊക്കെ പോട്ടെ. ആ ഗോവിന്ദൻകുട്ടി നായരെ നാളെ നിഗ്രഹിക്കുമോ എന്ന് തീർച്ചപറവാൻ അങ്ങക്ക് സാധിക്കുമോ?

സന്യാ:—എന്തിനാണായാളെ നാളെ നിഗ്രഹിക്കുന്നത്?

കേ. നാ:—അതോ ഒരു പുത്തൻ കുടംമയക്കിയതിനു! നമ്മൾ ഇപ്പോൾ സംസാരിച്ച തമ്പുരാൻ മടങ്ങിഎത്തിയാൽ എത്രനന്നായിരുന്നു! ഈ ജനനേന്ദ്രിയമില്ലാത്ത രാജപ്രതിനിധി ബ്രഹ്മചര്യംനടപ്പാക്കി തമ്പുരാൻ മടങ്ങിവരുമ്പോഴെക്ക് ഈരാജ്യം പ്രജാവിഹീനമാക്കിത്തീർക്കും. അദ്ദേഹത്തിന്റെ മാളികപ്പുറത്ത് അമ്പലപ്രാവിന്ന് കൂട്ടുകെട്ടിക്കൂടത്രെ! അവ വ്യഭിചരിക്കുംപോൽ! തമ്പുരാൻ രഹസ്യാചരാധമന്മാർക്ക് രഹസ്യമായി മാത്രമേ ശിക്ഷയും വിധിക്കാറുള്ളൂ. അല്ലാതെ, അവ ഒരിക്കലും വെളിയിൽ കൊണ്ടു വരാറില്ല. തിരുമേനി മടങ്ങിവന്നാൽ എത്ര നന്നായിരുന്നു! ഈ ഗോവിന്ദൻകുട്ടിയെ പുടവകൊട കഴിക്കാഞ്ഞിട്ടാണത്രെ നിഗ്രഹിപ്പാൻ വിധിച്ചത്. എന്നാൽ ഞാൻ പോയിവരട്ടെ. ഗോസായി! പിന്നെ തമ്പുരാന്റെ കാര്യം. അദ്ദേഹം മദ്യവും സേവിക്കും. കണ്ട പിച്ചക്കാരത്തികളോടു കൂടി സംയോഗവും ചെയ്യും. ഞാൻ പറഞ്ഞു എന്നു പറഞ്ഞേക്കു. ഇനി പിന്നെക്കാണാം.

ഇത്രയും പറഞ്ഞു കേശവൻനായർ യാത്രയായി.

കേശവൻനായർ ദൃഷ്ടിയിൽനിന്നും മറഞ്ഞാറെ, നമ്മുടെ രാജസന്ന്യാസി ‚‚മനുഷ്യൎക്കുള്ള ശക്തിയ്ക്കോ, മാഹാത്മ്യത്തിന്നോ, ഒന്നുംതന്നെ പൊതുജനവക്ത്രങ്ങളെ അടക്കാൻ സാധിക്കയില്ല. ജനങ്ങൾ വായിൽ തോന്നിയ അഭിപ്രായങ്ങൾ പറഞ്ഞുകൊണ്ടേ ഇരിക്കും. ദുൎവ്വാൎത്താപ്രിയന്മാർ എത്ര സൽസ്വഭാവന്റെ കീൎത്തിയേയും കളങ്കപങ്കിലമാക്കിത്തീൎക്കുന്നു. അപവാദവക്താക്കളുടെ ത്വരിതഗതിയായ ജിഹ്വാഗ്രത്തെ തടഞ്ഞു നിൎത്തുവാൻ ശക്തനായ രാജാവ ഇന്നാരാണ് ?'' എന്നിങ്ങിനെ ഓരോന്ന് മനോരാജ്യം കണ്ടുകൊണ്ട് പിന്നെയും തന്നെക്കുറിച്ചു കോവിലകം വക ഉദ്യോഗസ്ഥന്മാരുടെ ഇടയിലുള്ള അഭിപ്രായമെന്താണെന്നും മറ്റുമറിവാനുള്ള ഔത്സുക്യത്തോടെ കച്ചേരിസ്ഥലങ്ങളിലും മററും പോയ്ക്കൊണ്ടിരുന്നു. ‚‚സന്ന്യാസിമാൎക്ക തടവില്ലൊരിടത്തു മേത്തുകന്ന്യാഗേഹത്തിലുമവൎക്കഥ ചെന്നുപോരാം'' എന്നുണ്ടല്ലോ. ഇങ്ങിനെ നമ്മുടെ സന്ന്യാസി മങ്ങാട്ടച്ചൻ കച്ചേരിചെയ്യുന്ന സ്ഥലത്തെത്തി. അന്നേദിവസം പാറനമ്പിക്ക എന്തോ മറ്റാരുമറിവാൻ പാടില്ലാത്ത ഗുരുതരമായ രാജ്യകാൎയ്യങ്ങളിൽ, ഗ്രഢമായിരുന്ന് മനസ്സു ചെലുത്തേണ്ടതുള്ളതു കൊണ്ടായിരിക്കാം, അദ്ദേഹത്തെ ആ സ്ഥാനത്ത് കാണുകയുണ്ടായില്ല.

അപ്പോഴത്തെ ന്യായാധിപതിയുടെ മുമ്പാകേയും ഒരു വ്യഭിചാരക്കേയ്സ് വിചാരണ ചെയ്തിരുന്നു. അതിലെ പ്രതി ആ ദിക്കിൽ പേരെടുത്ത ഒരു വ്യഭിചാരണിയായിരുന്നു. ഇവളായിരുന്നു രണ്ടാമദ്ധ്യായത്തിൽ വൎണ്ണിച്ച

നായർപ്രമാണിയായ കേശവൻ നായരുമായി സംഭാഷണംചെയ്തിരുന്ന സ്ത്രീ.

അവളെ കാണുകയും അവളുടെ മേൽ കൊത്തുവാൾ ആരോപിച്ച കുററത്തിന്റെ സ്വഭാവം കേൾക്കയുംചെയ്ത മങ്ങാട്ടച്ചൻ അവളെ കാരാഗൃഹത്തിൽ പാർപ്പിപ്പാൻ കല്പനകൊടുത്തു.

സ്ത്രീ:—(മങ്ങാട്ടച്ചനോട്) എന്നിൽ ദയയുണ്ടാകണേ! ഇവിടുന്നു വളരെ ദയയുള്ളാളാണെന്നു പ്രസിദ്ധിയുണ്ടല്ലോ. എന്റെ പേരിൽ ദയയുണ്ടാകേണമേ!

മങ്ങാട്ട:—രണ്ടല്ല, മൂന്നല്ല. എത്ര പ്രാവശ്യം ഉപദേശവും താക്കീതും ഭീഷണിയും കഴിഞ്ഞു. എന്നിട്ടും ഈ കോലോത്തുംപടിക്കലിരുന്നു പിന്നീം അപരാധം ആവത്തിക്കയോ? പിന്നേയും ദയ ചെയ്താൽ അത് താന്തോന്നിത്തത്തിന്നു വളം കൊടുക്കലാകും.

കൊത്തു:—ഇവൾ പത്തുകൊല്ലമായി വ്യഭിചരിച്ചുംകൊണ്ടിരിക്കയാണ്.

സ്ത്രീ:—അയ്യോ! കഷ്ടം! ഇത് ആ കേശവൻ നായർ പറഞ്ഞുണ്ടാക്കിയതാണ്. തമ്പുരാന്റെ വാഴ്ചക്കാലത്ത് ആയാൾ അങ്ങേവീട്ടിലെ ചിരുതപ്പെണ്ണിന് പുടവകൊടുക്കാമെന്ന് തീർച്ചയാക്കി. ഒരു കുട്ടിയുമുണ്ടായി. ഞാനാണ് പിന്നീട് ആ കുട്ടിയെ വളർത്തിവന്നത്. കുട്ടിക്ക ഒന്നൊന്നര വയസ്സായി. എന്നിട്ടിതാ ഇപ്പോൾ എന്നെക്കുറിച്ചില്ലാത്ത നുണയെല്ലാംകെട്ടിച്ചമച്ചു പറയുന്നു.

മങ്ങാ:—അവനും ഒരു വ്യവസ്ഥയുമില്ലാത്തവനാണ്. അ

വനേയും നമ്മുടെ മുമ്പിൽ കൊണ്ടുവരേണം. ഇവളെ ഏതായാലും കൊണ്ടുപോയി തടവിൽ പാപ്പിക്കേ. പോ. ഇനി ഒന്നും പറയേണ്ട.

ഈ കല്പനയും കേട്ട് രാജകീയോദ്യോഗസ്ഥന്മാർ ആ സ്ത്രീയേയും കൊണ്ടുപോയി.

മങ്കോ:—കൊത്തുവാലം, നമ്മുടെ രാജപ്രതിനിധി പാറ നമ്പീശൻെറ നിശ്ചയത്തിന്നൊരിളക്കവുമില്ല. ഗോപി ന്ദൻകുട്ടിയെ നാളെത്തന്നെ വധിക്കണം. ആയാൾക്ക പതിവിൻപടി വേണ്ടപ്പെട്ട ആഗ്രഹങ്ങളൊക്കെ നിറ വേററി കൊടുക്കണം. എനിക്കായാളിലുള്ള അനുകമ്പ നമ്പീശനുമുണ്ടായിരുന്നുവെങ്കിൽ ആയാളെ നിഗ്രഹി ക്കയില്ലായിരുന്നു.

കൊത്തു:—ഇതാ, ഈ സന്യാസി ആയാളുടെ അടുത്തു പോയി ആയാളുടെ ആത്മാവിന്ന് നിർവൃതിയേകുന്ന പലവിധ ഉപദേശങ്ങളും കൊടുത്തിരിക്കുന്നു. നാളേ ക്ക് മരിക്കാൻ തയ്യാറാകുവാനും പറഞ്ഞിട്ടുണ്ട്.

മങ്കോ:—(സന്യാസിയെ നോക്കി) സ്വാമി, നമസ്കാരം.

സന്യാ:—ഭവാനു മംഗളം ഭവിക്കട്ടെ.

മങ്കോ:—അങ്ങയുടെ രാജ്യമേതാണ്?

സന്യാ:—ഈ രാജ്യമല്ല. എങ്കിലും തല്ക്കാലമിവിടെ വസി ക്കാൻ നിയുക്തനായിരിക്കുന്നു. ഞാൻ തെക്കേ ദിക്കിൽ നിന്ന് ഇങ്ങോട്ട് പുറപ്പെട്ട് പുണ്യക്ഷേത്ര ദർശനം ചെ യ്യാൻ വന്നിരിക്കയാണ്.

മങ്കോ:—എന്തൊക്കെയാണ് ലോകവർത്തമാനം?

സന്യാ:—പറയത്തക്കതായിട്ട് ഒരു പുതുവർത്തമാനവുമി

ല്ല. എല്ലാം പഴയ പടിതന്നെ. നന്മ എള്ളളവെട്ടപ്പാനെങ്ങുമില്ല. "വൃഷ്ടികലികാലമുണ്ടാകയില്ല പോൽ പുഷ്ടിയും നാട്ടിൽ കുറഞ്ഞുപോകും ദൃഢം" എന്നിത്യാദി കലികാല വൈഭവം അതിന്റെ മൂർദ്ധന്യത്തെ പ്രാപിച്ചിരിക്കുന്നു. സത്യം, തത്ഭാഗത്തിൽ മാത്രം സദാ ജാഗരൂകമായി പ്രവർത്തിക്കുന്നുണ്ട്. എവിടെ നോക്കിയാലും സജ്ജനങ്ങളെ കാണ്മാൻ പ്രയാസം. ഈ വക ദൃഷ്ടാന്തങ്ങൾക്ക് പഴക്കം ധാരാളമുണ്ട്. എങ്കിലും ഇന്നത്തെയും വർത്തമാനമിതുതന്നെയാണ്. ഇത് [illegible] അറിയാത്തതല്ല. നമ്മുടെ രാജ്യത്തെ രാജാവ് എങ്ങിനത്തെ ആളായിരുന്നു?

മങ്ങാ:—മററുള്ളവരെ അറിയുന്നതിലുമധികം തന്നെത്താനറിവാൻ ക്ലേശിക്കുന്ന ഒരാളായിരുന്നു.

സന്ന്യാ:—അവിടുത്തെ വിനോദങ്ങൾ എന്തൊക്കെയായിരുന്നു?

മങ്ങാ:—തന്നെ സന്തോഷിപ്പിക്കുമെന്ന് തോന്നപ്പെടുന്നവയെക്കാളധികം ആനന്ദം, അവിടേക്ക് മററുള്ളവരുടെ സന്തോഷം കാണുന്നതിലായിരുന്നു. ഏതു സുഖഭോഗങ്ങളിൽനിന്നും അദ്ദേഹം നിവൃത്തനാണ്. അദ്ദേഹം സ്വന്തമേല്പ്പെട്ടിട്ടുള്ള സകല കാര്യങ്ങളും ശുഭാന്തമായിരുന്നു. അങ്ങ് ഗോവിന്ദൻകുട്ടിയുടെ അടുത്ത് പോയിരുന്നു എന്നു കേട്ടു. ആയാൾക്ക് ഒരുവിധം മനസ്സമാധാനം വരുത്തുവാൻ സാധിച്ചുവോ, അങ്ങയുടെ തത്വോപദേശം കൊണ്ട്?

സന്ന്യാ:—ആയാൾ താൻ ന്യായാധിപതിയുടെ ക്രൂരതര

മായ യാതൊരു വിധിക്കും പാത്രമായിട്ടില്ലെന്നും, താൻ അർഹിക്കും പടി താൻ ചെയ്ത അപരാധത്തിന്ന് നിയമാനുസാരമുള്ള ശിക്ഷക്ക് മാത്രമാണ് താൻ വിധിക്കപ്പെട്ടിട്ടുള്ളതെന്നും, അതിന്ന് താൻ അർഹനാണെന്നും മററും വാദിക്കുന്നുണ്ട്. എങ്കിലും ബുദ്ധിചാപല്യംകൊണ്ട് തനിക്ക് ജീവിപ്പാൻ സാധിക്കുമെന്ന് പല വഞ്ചിതങ്ങളായ പ്രതീക്ഷകളും കണ്ട്, മനപ്പാൽ കുടിച്ചിരിക്കയായിരുന്നു. അതെല്ലാം എൻെറ സദുപദേശം കൊണ്ട് നീക്കി ഇപ്പോൾ മൃത്യുദേവൻെറ വരവിനേയും പ്രതീക്ഷിച്ചിരിക്കയാണ്.

മങ്ങാ:—അങ്ങ് ദൈവത്തോടും അങ്ങയോടുമുള്ള അങ്ങയുടെ കൃത്യമനുഷ്ഠിച്ചു. ഞാനായാൾക്ക് വേണ്ടി എത്രയും എളിയതരത്തിൽ കിഴിഞ്ഞുകെഞ്ചിനോക്കി. എന്നിട്ടും എൻെറ സഹമന്ത്രി, തന്നെയാണ് തമ്പുരാൻ സൎവ്വവും അധികാരപ്പെടുത്തിയിരിക്കുന്നത് എന്ന നിലയിൽ, അത്രയും കണിശമായി ആ സംഗതിയിൽ ശഠിക്കുന്നു.

സന്ന്യാ:—അദ്ദേഹത്തിൻെറ ജീവിതചര്യ്യ താൻ വിധികല്പിക്കുന്നതിന്നനുയോജിച്ചിരിക്കുന്നുണ്ടെങ്കിൽ എല്ലാം നല്ലതുതന്നെ. അതല്ലെങ്കിൽ, ആയാൾ തനിക്കെതിരായിത്തന്നെ വിധികല്പിക്കയാണ്.

മങ്ങാ:—ഞാൻ ഇപ്പോൾ കാരാഗൃഹം സന്ദൎശിപ്പാൻ പോകയാണ്. എന്നാൽ പിന്നെക്കാണാം.

"അങ്ങിനെയാവട്ടെ. ഭവാനു ശുഭം വരട്ടെ" എന്നും പറഞ്ഞ് സന്ന്യാസി അവിടെനിന്നും ചാവക്കാട് തലശ്ശുന്നവരുടെ ഗൃഹത്തിലേക്കും തിരിച്ചു. പോകുംവഴിയിൽ ഇ

പ്രകാരം ചിന്തതുടങ്ങി. "ദൈവദത്തമായ രാജ്യഭരണാധികാരം സിദ്ധിച്ചവൻ കുണിശക്കാരനെന്നോണംതന്നെ, പുണ്യാത്മാവുമായിരിക്കണം. ദയയുടേയും ഔദാൎയ്യത്തിന്റേയും ഇരിപ്പിടവുമായിരിക്കണം. തന്റെ ജീവിതചൎയ്യകൊണ്ട് ഇതരന്മാൎക്ക് ഒരു മാതൃകയായി വൎത്തിക്കേണം. താനിഷ്ടപ്പെടുന്നതും താൻ ചെയ്യുന്നതുമായ അപരാധങ്ങൾക്ക് മറ്റുള്ളവരെ ഹനിക്കുന്നവൻ സൎവ്വഥാ നിന്ദ്യൻതന്നെ. പാറനമ്പി എന്റെ സ്ഥാനത്തിരുന്ന് അവിടം അശുദ്ധമാക്കുമാറ് ഇത്തരം നീചകൎമ്മത്തിന്ന് മുതിൎന്നതിനാൽ ദ്വിധാ അപരാധിയായിത്തീൎന്നിരിക്കുന്നു. ഹാ! പുറമേ അമരത്വം അഭിനയിക്കുന്ന മനുഷ്യൻ എങ്ങിനെയെല്ലാം ആത്മസ്വഭാവത്തെ ഗോപനം ചെയ്യുന്നു! കാലംകൊണ്ട് മനുഷ്യർ അല്പാപരാധങ്ങളിൽ പഴകി, ഒടുവിൽ ആദ്യം തുലോം ലഘുവായ എട്ടുകാലിയുടെ വലയിലെ നൂൽകൊണ്ട്, ക്രമേണ ഘനമുള്ള വസ്തുക്കളും വലിച്ചെടുക്കാറാവുംപോലെ, ഏതു ഭയങ്കരാപരാധവും ചെയ്വാൻ മനുഷ്യൎക്ക് ഒരു പ്രയാസവുമില്ലാതായിത്തീരുന്നു! ദുൎവൃത്തിക്ക് കുടിലതന്ത്രംതന്നെ മറുമരുന്ന്! ഇന്നുരാത്രി പാറനമ്പീശനൊത്ത് അവന്റെ പരിത്യജിക്കപ്പെട്ട പത്നിതന്നെ സഹശയനം ചെയ്യുമാറാക്കിത്തീൎക്കണം. അങ്ങിനെ ഗോപ്യസ്വഭാവനെ ഗോപ്യരൂപംകൊണ്ടുതന്നെ—കപടക്കാരനെ കപടംകൊണ്ടുതന്നെ—ഊട്ടി അവന്റെ പഴയ കടപ്പാടും വീട്ടിക്കണം." എന്നിത്രയും സന്യാസി തന്റെ അനന്തര കാൎയ്യപരിപാടിയെക്കുറിച്ചാലോചിച്ചുറച്ചു.

# അദ്ധ്യായം XIII

ചാവക്കാട്ട് തലശ്ശുന്നവരുടെ മകളായ മാധവിയമ്മ തൻെറ വിവാഹനിശ്ചയം കഴിഞ്ഞ് ഉടൻ തന്നെയുണ്ടായ അച്ഛൻെറ നിൎയ്യാണാനന്തരം വരനാൽ പരിത്യജിക്കപ്പെട്ടതിനാലും, അപവാദദോഷം പ്രഖ്യാപനം ചെയ്യപ്പെട്ടതിനാലും, ഉണ്ടായ അവമാനത്തിനെക്കാളധികം, ആ കാമുകനിലുന്നിയ, തനിക്ക് തിരിച്ചെടുപ്പാൻ വയ്യാത്ത, പ്രേമബന്ധത്താൽ ഹതജീവിതയായിട്ടായിരുന്നു നാറംകഴിച്ചിരുന്നത്. അതിൽ പിന്നെ ആ സ്ത്രീക്ക് യാതൊന്നിലും ഒരു ഉത്സാഹവുമില്ലാതായി. ഇതരകന്യകറം സംഗീതസാഹിത്യാദികളും, പുരാണപാരായണാദികളുമായി, ബുദ്ധിക്ക് ഉല്ലാസകരങ്ങളായ വ്യാപാരങ്ങറം കൊണ്ട് സമയം പോക്കുന്ന ആപ്രായത്തിൽ മാധവിക്കുട്ടി യാതൊരു വിനോദങ്ങളിലും പങ്കുചേരാതെ, ഭഗ്നാശയായ തൻെറ ഭൂവാസത്തെ ഒരു ഭാരമായിതന്നെ കരുതിവരികയായിരുന്നു. അന്നുച്ചക്ക് വീട്ടിലെത്തിയ ഭജനക്കാരനായൊരു ബാലൻ തൻെറ നിത്യവൃത്തി കഴിഞ്ഞുകൂട്ടുവാൻ ചെല്ലുന്നേടത്തൊക്കെ പതിവുള്ള പോലെ, താൻ പഠിച്ച കൃഷ്ണഗാഥയിലെ ഒരുശൃംഗാരപദംഭംഗിയിൽ പാടിക്കൊണ്ട് എത്തി.

“പാട്ടുനിൎത്തി നിൻെറ വഴിക്കു പോടാ!” എന്നു ശാസിച്ച് മാധവിഅമ്മ അവനുള്ള പിച്ചകൊണ്ടു ചെന്നു കൊടുക്കാൻ പുറപ്പെട്ടാറെ, പടി കടന്നു നമ്മുടെ സന്ന്യാസിയും വരുന്നത് കാണുകയാൽ, „നീ പോ, ഇതാ വരുന്നു ഒരു വിശിഷ്ടയതി. എനിക്കു വേണ്ട ഉപദേശങ്ങറം തരു

വാൻ അദ്ദേഹത്തിന്ന് സാധിക്കും.” ഭജനക്കാരൻ ചെറു ക്കൻ ഇതിനിടയിൽ പടികടന്നു.

മാധവി:—(സന്ന്യാസിയെക്കണ്ടഉടൻ) സ്വാമി, അങ്ങയു ടെ അനുഗ്രഹത്തിന്നായി ഞാൻ പ്രാൎത്ഥിക്കുന്നു. ഈ പാട്ടും ഘോഷവും കേട്ട് ഞാൻ അഹങ്കരിക്കുന്നവളാ ണെന്ന് അങ്ങ് കരുതരുതെ! സംഗീതം എന്റെ ഇപ്പോ ഴത്തെ സ്ഥിതിക്ക് യോജിച്ചതല്ലെങ്കിലും അതിന്നു ഹൃദ യവേദനയെ താല്ക്കാലികമായെങ്കിലും നീക്കുവാൻ ശ ക്തിയുണ്ട്.

സന്ന്യാ:—ശരിയാണ് മകളേ! സംഗീതത്തിന്ന് ബുദ്ധി മാന്ദ്യത്തെത്തീൎപ്പാനും, അഹങ്കാരംകൊണ്ട് മദിപ്പിക്കാ നും ശക്തിയുള്ളപോലെ, മനസ്സിന്നുല്ലാസമുണ്ടാക്കിത്തീ ൎപ്പാൻ അത് സഹായിക്കയുംചെയ്യുന്നു. എന്നെ അന്വേ ഷിച്ച് ഇവിടെ ആരെങ്കിലും ഇന്ന് വന്നുവോ? ഏതാണ്ടി സമയത്താണ് ഞാനിങ്ങോട്ടു വരുവാനേല്പിച്ചിരുന്നത്.

മാധവി:—ഇവിടെ അങ്ങയെ അന്വേഷിച്ച് ആരും ത ന്നെ വരികയുണ്ടായിട്ടില്ല. ഞാനിന്നുമുഴുവനും ഇവിടെ ത്തന്നെയിരുന്നിരുന്നു.

അപ്പോഴേക്കും പടിക്കൽ ഉണിച്ചിരിക്കുട്ടിയെന്ന ഇട്ടിശ്രീ ദേവിയെക്കണ്ടപ്പോൾ,

സന്ന്യാസി:—ഇതാ, ഈ വരുന്ന കുമാരിയാണ്, സമയ മിപ്പോഴേ ആയിട്ടുള്ളൂ. ഞങ്ങൾ രണ്ടുപേരും ഭവതിക്ക് നന്മക്കുള്ള ഒരുകാൎയ്യം പറവാൻ വേണ്ടിവരുന്നതാണ്.

ഇത് കേട്ടാറെ, മാധവി തന്റെ അതിഥികളെ സ ല്ക്കരിപ്പാൻ അൎഘ്യപാദ്യാസനങ്ങളെ ടുപ്പാനായി അക ത്തേക്കുപോയി. ഉണിച്ചിരിക്കുട്ടിയോട്,

സന്ന്യാ:—ആട്ടെ; പറഞ്ഞപ്രകാരം ഇപ്പോഠംതന്നെ എ ത്തിയല്ലോ. എന്താണ് ആ വിശിഷ്ട രാജപ്രതിനിധി പറഞ്ഞത് ?

ഉണ്ണി:—അദ്ദേഹത്തിന്ന് കന്മതിൽകെട്ടിയ ഒരു പൂന്തോ ട്ടമുണ്ട്, ആ ഉദ്യാനത്തിലേക്ക് പിമ്പുറത്തുകൂടി ഒരു അഴിവാതിൽപടിയുണ്ട്. ആ അഴിവാതിൽപടിയുടെ പൂട്ടിൻെറതാണിവലിയതാക്കോൽ. ഈ മററത്താ ക്കോൽ, ആ പൂന്തോട്ടത്തിൽക്കൂടെപോയാൽ കാണു ന്ന കുളപ്പുരമാളികയുടെ വാതിലിൻേറതാണ്. അവി ടെഞാൻ അദ്ധരാത്രിയ്ക്കു ചെന്ന് അദ്ദേഹത്തെവിളി ച്ചുകൊള്ളാമെന്ന് വാഗ്ദാനംചെയ്തിട്ടുണ്ട്.

സന്ന്യാസി:—നീ തന്നെ സ്വയം ഈ സ്ഥലം കണ്ടുപിടി ച്ചുകൊള്ളാമെന്ന് വിചാരിക്കുന്നുവോ ?

ഉണ്ണി:—വേണ്ട. ആ സ്ഥലത്തിൻെറ ഒരു പരിപൂണ്ണവി വരം ഞാൻ കുറിച്ചെടുത്തിട്ടുണ്ട്. ആ വഴിയെല്ലാം ആയാഠം യാതൊരു ശബ്ദവുമുണ്ടാക്കാതെ രണ്ടു പ്രാവ ശ്യം എനിക്ക് ഒർപരാധിയുടെ സൂക്ഷ്മതയോടെ, ദൃ ഷ്ടാന്തപ്പെടുത്തി പരിചയപ്പെടുത്തിത്തന്നിട്ടുണ്ട്.

സന്ന്യാ:—നിങ്ങളുടെ ഈ ഗൂഢസമ്മേളനത്തിൽ വല്ല അടയാളവാക്യമോ മറേറാ ഉണ്ടോ ? ഉണ്ടെങ്കിൽ അതുംകൂടി ധരിപ്പിക്കാഞ്ഞാൽ അപ്പോഠം തന്നെ ആളെ അറിഞ്ഞുപോകും.

ഉണ്ണി:—ഇല്ല. ഒന്നുമില്ല. രാത്രി സങ്കേതസ്ഥലത്ത് ഗൂഢ മായെത്തും. അവിടെയെത്തിയാൽ എൻെറ കവിഞ്ഞ താമസം വളരെ കുറച്ചുനേരത്തേക്കു മാത്രമേ ഉണ്ടാ

കുവെന്ന് ഞാൻ നല്ലവണ്ണം പറഞ്ഞു ധരിപ്പിച്ചിട്ടുണ്ട്. എൻെറ കൂടെ ഒരു ഭൃത്യനുണ്ടാകും, അവനോട് ഞാൻ എൻെറ ജ്യേഷ്ഠനെക്കാണാൻ പോകയാണെന്നു പറഞ്ഞിട്ടാണ് കൂട്ടിക്കൊണ്ടുവരികയെന്നും പറഞ്ഞ് വിശ്വസിപ്പിച്ചിട്ടുണ്ട്.

"അത് നന്നായി നിൎവ്വഹിച്ചു. ഞാനിതുവരേയും മാധവിയോട് ഇതിനെക്കുറിച്ചൊരക്ഷരം പറഞ്ഞിട്ടില്ല" എന്നും പറഞ്ഞ് അകത്തേക്കു പോയ മാധവിയമ്മയെ വിളിച്ചു. മാധവിയമ്മ ഇവൎക്കു ഭക്ഷിപ്പാനായി ചില പഴങ്ങളും കൊണ്ടുവന്നു. മാധവിയമ്മ വന്ന ഉടൻ,

സന്ന്യാ:—എനിക്ക് ഭവതിക്ക് ഈ യുവതിയെ പരിചയപ്പെടുത്തേണമെന്നുണ്ട്. അവൾ നിങ്ങൾക്ക് ഗുണം ചെയ്യാൻ വേണ്ടിവന്നിരിക്കയാണ്.

ഉണ്ണി:—ഞാനതിന്നു തന്നേയാണ് നിങ്ങളുമായി പരിചയപ്പെടുവാനിച്ഛിച്ചത്.

സന്ന്യാ:—ഞാൻ ഭവതിയെ ബഹുമാനിക്കുന്നുണ്ടെന്ന് വിശ്വാസം ഭവതിക്കു തോന്നുന്നുണ്ടോ ?

മാധ:—സ്വാമി, ഉവ്വെന്ന് എനിക്ക് വിശ്വാസമുണ്ട്, അങ്ങയുടെ ഭാവത്തിൽനിന്നും അതു ഞാനറിഞ്ഞു.

"എന്നാൽ, ഈ ചങ്ങാതിയും നിങ്ങളുംകൂടി സ്നേഹമായി അകത്തുപോയിരുന്ന് വൎത്തമാനം പറവിൻ. അവൾക്ക് നിങ്ങളോട് സംസാരിപ്പാൻ ഒരു നവീനകഥയുണ്ട്. ഞാൻ നിങ്ങളുടെ വൎത്തമാനം പറയുന്നത് കഴിയുന്നത്‌വരെ ഇവിടെ ഇരിക്കാം. വേഗം വേണം, രാത്രി സമീപിക്കാറായി" എന്നും പറഞ്ഞ് അവരെ രണ്ടാളേ

യും അകത്തേക്ക് സംസാരിപ്പാനയച്ച് സന്ന്യാസി പുറത്തിരുന്ന് ഓരോ മനോരാജ്യം കണ്ടുതുടങ്ങി. "ഇങ്ങിനേയല്ലേ! വലിയ സ്ഥാനങ്ങളേയും മഹാത്മ്യത്തേയും നോക്കിക്കൊണ്ട് എത്ര കപടനേത്രങ്ങൾ ഇരിക്കുന്നു! അവരുടെ പ്രവൃത്തികളെ സൂക്ഷ്മമാനം ചെയ്വാൻ എത്ര പേർ ഒരുങ്ങിയിരിക്കുന്നു! ഒരുതരം ഏഷണിക്കാരുടെ അന്വേഷണത്തിൽ ഏതെല്ലാം ഇല്ലാ വാർത്തകളും ദുഷ് പ്രസ്താവങ്ങളും സിദ്ധമാകുന്നു! എന്നിട്ട് അവയെല്ലാം വൈദ്യുതവേഗത്തിൽ നാടെങ്ങും പരക്കുകയും ചെയ്യുന്നു!" എന്നിങ്ങിനെ സന്ന്യാസിവര്യൻ പൊതുവിൽ ലോകതത്വങ്ങളേകുറിച്ചോരോന്നാലോചിച്ചുകൊണ്ടിരുന്നു. കുറച്ചുനേരം കഴിഞ്ഞപ്പോൾ മാധവിയും ഉണ്ണിച്ചിരിക്കുട്ടിയും പുറത്തുവന്നു.

സന്ന്യാ:—ആട്ടെ, വരിൻ. അന്യോന്ന്യം സമ്മതിച്ചുവോ?

ഉണ്ണി:—അങ്ങ് ഉപദേശിച്ചാൽ എന്താപത്തുവന്നാലും ഏററു കൊള്ളാമെന്ന നിലയിൽ ഇതിന്നൊരുമ്പെടുവാൻ ഇൗയമ്മ തെയ്യാറാണ്.

സന്ന്യാ:—എന്റെ അനുവാദം മാത്രമല്ല, ഇതിൽ എന്റെ അപേക്ഷകൂടിയുണ്ട്.

ഉണ്ണി:—അദ്ദേഹത്തെ പിരിഞ്ഞുപോരുമ്പോൾ പത്തുകൊല്ലസംവത്സരത്തിൽ "എന്റെ ജ്യേഷ്ഠനെ ഓർമ്മവെക്കണേ" എന്നു മാത്രമേ പറയേണ്ടതുള്ളൂ.

മാധ:—എന്നെ ഒട്ടുംതന്നെ ശങ്കിക്കേണ്ട.

സന്ന്യാ:—വത്സെ, ഇൗ ഉപദേശത്തിലും ശങ്കിക്കേണ്ട. നിശ്ചയം മുമ്പിലത്തെകരാറുപ്രകാരം ആയാൾ നിന്റെ ഭർത്താവാണ്. അങ്ങിനത്തെ നിങ്ങളിരുപേരേയും ഒന്നി

ച്ചു ചേക്കുന്നത് ഒരുവിധത്തിലും പാപമല്ല. നിനക്ക് ആയാളുടെ പേരിലുള്ള അധികാരത്തിന്റെ ന്യായമോക്കുമ്പോൾ ഈ വഞ്ചനയും സാധുതന്നെ. ആട്ടെ നമുക്ക് പോകാം. നമ്മുടെ വിളകൊയ്യേണ്ടതിന്നുള്ള വിത്ത് ഇനിയും പാകാനിരിക്കുന്നതേയുള്ളൂ. എന്നും പറഞ്ഞു നടന്നു.

---

## അദ്ധ്യായം XIV.

പിറേറ ദിവസം വധശിക്ഷക്ക് വിധിക്കപ്പെട്ടവരുടെ നിഗ്രഹദിനമായതുകൊണ്ട്, അവരെക്കൊണ്ട് വിവരം നേരിട്ട് ധരിപ്പിക്കേണ്ടതും, അവക്ക് ആഗ്രഹമുള്ള ഭക്ഷ്യപേയങ്ങളെ വരുത്തിവെക്കേണ്ടതും, കാണേണ്ടപേരെ കാണ്മാൻ ആവശ്യപ്പെട്ടാൽ അവരുടെ ബന്ധുജനങ്ങളെ അറിയിക്കയും, നിഗ്രഹാജ്ഞാകാരന്മാക്ക് വേണ്ടുന്ന ആജ്ഞകൊടുക്കയും മററും ചെയ്യേണ്ടതും, ഉണ്ടാകയാൽ, കൊത്തുവാൾ പാതിരാത്രിവരേയും ഉജാറായി ഓരോ ജോലിനോക്കിക്കൊണ്ടേ ഇരുന്നു. തന്റെ അനുകമ്പയ്ക്കു് പാത്രമായ ഗോവിന്ദൻകുട്ടിയെ ഇത്രയും സ്വല്പമായ, അഥവാ—അപരാധമല്ലെന്നു തന്നെ പറയാവുന്ന—ഒരു കുററത്തിനായി വധിക്കേണ്ടിവരുമെന്നോൎത്തപ്പോൾ രാജനീതിയുടെ കാഠിന്യത്തേയും, മനസ്സാക്ഷിക്കെതിരായി അധികൃതന്മാരുടെ കല്പനപ്രകാരം ഓരോന്നു ചെയ്യേണ്ടിവരുന്നതിനാലുള്ള പാപത്തേയും, മററുംപററിച്ചിന്തിച്ച് മനോവേദനയോടെ നിദ്രക്കൊരുങ്ങാതെഇരിക്കുന്നതിന്നിടയിലാണ്, നമ്മുടെ സന്യാസിപ്രവരൻ കൊത്തു

വരുടെ കച്ചേരിസ്ഥലമായ കാരാഗൃഹഗോപുരത്തിലേക്ക് ചെന്നത്.

സന്ന്യാസിയെക്കണ്ട ഉടൻ കൊത്തുവാൾ എഴുനേററ് വന്ദിച്ച് ആ അസമയത്ത് പുറപ്പെട്ടതിൻെറ കാരണം ചോദിച്ചു.

സന്ന്യാ:—(കൊത്തുവാളെ അനുഗ്രഹിച്ചുകൊണ്ട്) ശുഭം വരട്ടെ. ഇവിടെ അല്പം മുമ്പാരെങ്കിലും വന്നു വിളിച്ചുവോ ?

കൊത്തു:—ഇല്ല. അത്താഴത്തിന്ന് ശേഷമാരും വന്നിട്ടില്ല.

സന്ന്യാ:—ഉണിച്ചിരിക്കുട്ടിയും ?

കൊത്തുവാൾ:—ഇല്ല.

സന്ന്യാ:—എന്നാൽ അവൾ വരും, അധികം താമസിക്കുന്നതിന്നു മുമ്പിൽ.

കൊത്തു:—ഗോവിന്ദൻകുട്ടിക്ക് വല്ല ആശ്വാസത്തിന്നും വഴിയുണ്ടോ ?

സന്ന്യാ:—കുറഞ്ഞൊന്നുണ്ടെന്നാശിക്കാം.

കൊത്തു:—ഈ രാജപ്രതിനിധി മഹാ കഠിനനാണ്.

സന്ന്യാ:—അങ്ങിനെ പറവാൻ പാടില്ല. അദ്ദേഹം തൻെറ നൈഷ്ഠികമായ സ്വഭാവപരിശുദ്ധത മററുള്ളവരിലും ഉണ്ടായിക്കാണ്മാൻ വേണ്ടിയാണ് ഇങ്ങിനെ നീതി നടത്തുന്നത്. അല്ലാതെ, താനും പങ്കുകൊള്ളുന്ന കുററങ്ങൾക്ക് പ്രജകളെ നിഷ്ക്കരുഷണം ശിക്ഷിക്കയാകുമ്പോഴേ അത് ദുരധികാരപ്രദശനമാകയുള്ളു. എന്നാൽ ഇത് അങ്ങിനെയല്ലാത്തതുകൊണ്ട് അദ്ദേഹം നീതിജ്ഞൻ തന്നെ.

പുറത്ത് നിന്നു ആരോ വിളിക്കുന്ന ശബ്ദം കേട്ടപ്പോൾ,

സന്ന്യാ:—ആ വരുന്നത് അവളായിരിക്കും.

കൊത്തുവാൾ ഉടനെ എഴുനീററ് വാതിൽ തുറന്നപ്പോൾ കണ്ടത്, പാററനമ്പിയുടെ പട്ടക്കാരനേയാണ്.

സന്ന്യാ:—ഇതാ, ഗോവിന്ദൻകുട്ടിക്കുള്ള മാപ്പതീട്ടൂരം. എന്നു പറഞ്ഞു.

പട്ടക്കാരൻ കൊത്തുവാളുടെ കയ്യിൽ ഒരു ശാസനലിഖിതം കൊടുത്തിട്ട്, „ഇത് എജമാൻ ഇവിടുത്തെ കയ്യിൽ തരാനായി തന്നയച്ചതാണ്. ഈ കല്പനയിലെഴുതിയതിൽനിന്ന് എന്തു സംഗതിവശാലും ഒരണുമാത്രവും, കാലത്തിന്നും, കാൎയ്യത്തിന്നും വ്യത്യാസം വരാതെ കല്പനപ്രകാരം അനുഷ്ഠിച്ച് കൊള്ളേണമെന്ന് പ്രത്യേകിച്ച് ഇവിടെ പറവാൻ ഏല്പിച്ചിട്ടുണ്ട്. നേരം ഏകദേശം വെളിച്ചാവാറായി."

"ഞാനവിടുത്തെ കല്പനയനുസരിച്ചുകൊള്ളാം"മെന്നും പറഞ്ഞ് കൊത്തുവാൾ അവനെ യാത്രയാക്കി. ഇതിനിടയിൽ ആത്മഗതമായി,

സന്ന്യാ:—ഇത് ആയാളുടെ മാപ്പതീട്ടൂരമാണ്. മാപ്പരുളിയ വിധികൎത്താവുതന്നെ അതേ പാതകംകൊണ്ട് അപരാധിയാക്കപ്പെടുകയാൽ സിദ്ധിച്ചതാണിത്. അധികാരസ്ഥന്മാരെ കരസ്ഥമാക്കിയാൽ, ഏതു ഭയങ്കരാപരാധത്തിന്നും എത്ര എളുപ്പത്തിൽ രൂപം മാറാൻ സാധിക്കുന്നു !

ദുഷ്കൎമ്മങ്ങൾകൊണ്ടുണ്ടാകുന്ന ഭയ അതേ കുററത്തിലുള്ള പ്രിയം ഹേതുവായി, സാധൎമ്മ്യം പ്രാപിച്ച് തല്ക്ക

ത്താക്കളെ ബന്ധുക്കളായി മാററിത്തീക്കുന്നു! (കൊത്തുവാളോട്) "എന്താണതിലുള്ള കാൎയ്യം?"

കൊത്തു:—ഞാൻ പറഞ്ഞില്ലേ? പാറാനമ്പി ഞാനെൻെറ കൃത്യത്തിൽ വല്ല ഉദാസീനതയും കാണിക്കുമോ എന്നു ശങ്കിച്ചിട്ട് അനാവശ്യമായി എന്നെ ഒരിക്കൽ കൂടി ഉണൎത്തിവിട്ടിരിക്കയാണ്. ഇതൊരസാധാരണ കല്പനയാണ്. ഇതിൻ കീഴിൽ ഇങ്ങിനെ ആദ്യകല്പനയെ ദൃഢീകരിപ്പാനായി ഒരു രണ്ടാംകല്പന എഴുതുകയുണ്ടായിട്ടില്ല.

സന്ന്യാ:—എന്താത്? ഒന്നുറക്കെ വായിക്കൂ.

കൊത്തുവാൾ ഇപ്രകാരം വായിച്ചു. 'ഇതിന്നു വിപരീതമായി എന്തുതന്നെ കേട്ടാലും ഗോവിന്ദൻകുട്ടിയെ നാളെ കാലത്ത് നാലുനാഴിക പുലരാനുള്ളപ്പോൾ നിഗ്രഹിക്കേണം. വൈകുന്നേരം കോരപ്പനെന്ന കാരാഗൃഹവാസിയേയും. എൻെറ അധികൃതത്വത്തിന്ന് ഗോവിന്ദൻ കുട്ടിയുടെ ശിരസ്സുതന്നെ പുലരുമ്പോഴേക്ക് എനിക്ക് നേരിട്ട് അയക്കണം. ഇത് കൃത്യസമയത്ത് തന്നെ കഴിയണം. ഞാൻ പുറമേ പറവാൻ വിചാരിക്കുന്നില്ലാത്ത ഗൌരവമേറിയ കാരണം ഇതിന്നുണ്ട്. തൻെറ പ്രവൃത്തിയിൽ വല്ല വീഴ്ചയും കാണിച്ചാൽ അത് തൻെറ നാശത്തിന്ന് കാരണമായി തീരുമെന്നും കരുതിക്കൊള്ളുക.' ഇതിനങ്ങ് എന്തു പറയുന്നു?

സന്ന്യാ:—ഏതാണ് വൈകുന്നേരം നിഗ്രഹിക്കേണ്ട കോരപ്പനെന്ന ബന്ധനസ്ഥൻ?

കൊത്തു:—അവൻ അന്ന്യദിക്കുകാരനാണ്.

അതിന്നു ശേഷം അവനെ ബന്ധിപ്പാനും, വധശിക്ഷ അനുഭവിപ്പാനും ഉണ്ടായ കാരണമെന്തെന്നും മററും ചോദിച്ചതിന്ന് അവൻ വാസ്തവത്തിൽ ദണ്ഡ്യനായ ഒരു കൊല പാതകിയാണെന്ന് കൊത്തുവാളിൽ നിന്നും ഗ്രഹിച്ച ഉടൻ, ചിന്താഗ്രസ്തനായി നിന്നതിൻെറ ശേഷം, സവ്യകാൎയ്യമായി,

സന്ന്യാ:—കൊത്തുവാളെ, നിങ്ങളുടെ മുഖംകണ്ടാൽ സത്യവും ധൎമ്മനിഷ്ടയും അവിടെ വിളയാടുന്നുണ്ടെന്നു വ്യക്തമാകുന്നു. ഞാനെൻെറ ദൃഷ്ടിയിൽ കാണുന്നത് സത്യമല്ലെങ്കിൽ എൻെറ ഈ ലക്ഷണകഥനംകൊണ്ടു യാതൊരു ഫലവുമില്ല. എന്നാൽ എൻെറ സൂത്രം ഫലിക്കുമെന്ന ഉറപ്പിന്നായി ഞാൻ എന്നെത്തന്നെ നിങ്ങാക്കു പണയംവെക്കാം. ഈ വധിപ്പാൻ വിധിക്കപ്പെട്ട ഗോവിന്ദൻകുട്ടിയില്ലേ, അവൻ ആയാളെ വിധിച്ച പാറനമ്പീശനെക്കാൾനീതിലംഘനം ചെയ്തിട്ടില്ല. ഈ സംഗതി നിങ്ങാംക്ക് ദൃഷ്ടാന്തസഹിതം—അതിൻെറ ഫലം ആയാൾക്കും—അനുഭവപ്പെടുത്തി കാണിച്ചുതരുവാനായി, ഞാൻ ഒരു നാലുദിവസത്തെ ഇട തരുവാനായി നിങ്ങളോടപേക്ഷിക്കുന്നു. അതിന്നുവേണ്ടി ഇപ്പോൾതന്നെ നിങ്ങാം ഒരു അപകടകൎമ്മം ചെയ്തു എന്നെ സഹായിക്കണം.

കൊത്തു:—എങ്ങിനെയാണെന്നു പറയൂ സവ്യാമി.

സന്ന്യാ:—ആ നിഗ്രഹം ഒന്നു നീട്ടിവെച്ചിട്ട്.

കൊത്തു:—അയ്യോ, കഷ്ടം! ഞാനെങ്ങിനെയാണത് ചെയ്യു? രണ്ടാമത്തും എഴുതിക്കിട്ടിയ ഈ കല്പനപ്രകാരം,

ക്ലിപ്തസമയത്തിന്നുള്ളിൽ ആയാളുടെ തല കൊണ്ടു പോയി പാറനമ്പിയെ കാണിച്ചിട്ടില്ലെങ്കിൽ ഞാൻ കഠിനശിക്ഷക്കു പാത്രമാകുമല്ലോ. ഇതിൽ എള്ളളവു പിഴച്ചാൽ എൻെറകഥ ഗോവിന്ദക്കുട്ടിയുടേതുപോലെ ഞാനാക്കിത്തീക്കുമെല്ലോ.

സന്ന്യാ:—ഞാൻ പറയുന്നതുപോലെ നിങ്ങൾ പ്രവൃത്തിച്ചാൽ നിങ്ങൾക്കു യാതൊരു ദോഷവും വരികയില്ലെന്നു ഞാനേല്ക്കാം. ഈ കോരപ്പനെന്നവനെ ഇപ്പോൾ തന്നെ നിഗ്രഹിച്ചു അവൻെറ തല നമ്പീശൻെറ അടുത്തേയ്ക്കയച്ചുകൊള്ളു.

കൊത്തു:—പാറനമ്പി അവരെ രണ്ടാളെയുംകണ്ടിട്ടുണ്ട് അതിനാൽ എൻെറ ഈ പക്ഷഭേദംകണ്ടുപിടിക്കും.

സന്ന്യാ:—ഹെ! മൃത്യു ആളെ മാററുന്ന വിദ്യയിൽ അദ്വിതീയനാണ്. പോരെങ്കിൽ നിങ്ങൾക്കു അല്പംകൂടി കൂട്ടുകയുംചെയ്യാം. അവൻെറ ശിരസ്സുമുഴുവനും മുണ്ഡനം ചെയ്തു മുഖത്തു മുഴുവനും ഭസ്മം പൂശി വധിക്കുക. മരിക്കുന്നതിൻെറ മുമ്പു അവനങ്ങിനെ ചെയ്യാനാവശ്യപ്പെട്ടിരുന്നു എന്നും പറഞ്ഞേക്കൂ. വദ്ധ്യൻെറ അന്ത്യാപേക്ഷ എപ്പോഴും സാധിപ്പിക്കേണമെന്നുണ്ടല്ലോ. മരിക്കാനാകുമ്പോൾ അങ്ങിനെ ചെയ്കയും പതിവുണ്ടു. ഇങ്ങിനെ പ്രവത്തിച്ചാൽ നിങ്ങൾക്ക് ഭാഗ്യവും നന്ദിയുമല്ലാതെ വല്ലതും വന്നുപെട്ടാൽ, എൻെറ ജീവനെ പണയംകെട്ടി ഗുരുവായൂരപ്പനാണ് ഞാൻ നിങ്ങളെ രക്ഷിച്ചുകൊള്ളാം.

കൊത്തുവാൾ:—അങ്ങ് നിരസപ്പെടരുതേ! അത് എൻെറ സത്യവാചകത്തിന്ന് വിപരീതമാണ്.

സന്ന്യാ:—നിങ്ങൾ തമ്പുരാനോടൊ, അതോ തൽപ്രതിനിധിയോടൊ സത്യം ചെയ്തിട്ടുള്ളത്?

കൊത്തു:—തമ്പുരാനോടും അവിടുത്തെ സ്ഥാനത്ത് വരുന്നവരോടും.

സന്ന്യാ:—എന്നാൽ നിങ്ങളുടെ തമ്പുരാൻ നിങ്ങൾ ചെയ്തത് ന്യായമാണെന്ന് സമ്മതിക്കുന്നപക്ഷം നിങ്ങൾ വല്ല അപരാധവും പ്രവർത്തിച്ചതായി വരുമോ?

കൊത്തു:—അവിടുന്നങ്ങിനെ സമ്മതിക്കുമെന്നെങ്ങിനെ ഉറപ്പിക്കാം?

സന്ന്യാ:—അത് ഒരു ഊഹമല്ല. തീർച്ചതന്നെയാണ്. എൻെറ ഈ കാവിവസ്ത്രവും രുദ്രാക്ഷമാലയും ഒന്നും തന്നെ നിങ്ങളെ വിശ്വസിപ്പിപ്പാൻ മതിയായിട്ടുള്ളതല്ലെന്നു തോന്നുകയാൽ, ഭയപ്പെട്ടു സംശയിച്ചുകാണുന്ന നിങ്ങളെ വിശ്വസിപ്പിപ്പാനും, ഭയവുംസംശയവും കളവാനും ഞാൻ ആദ്യം ഉദ്ദേശിച്ചിരുന്നതിൽനിന്ന് കുറേക്കൂടി അപ്പുറം പ്രവർത്തിപ്പാൻ നിശ്ചയിച്ചിരിക്കുന്നു. (മടിയിൽ നിന്ന് ഒരു ഓലച്ചുരുളെടുത്തിട്ട്) ഇതാ നോക്കു ഹേ! തമ്പുരാൻെറ തൃക്കൈ ലിഖിതവും മുദ്രയും! ഈ അക്ഷരങ്ങൾ നിങ്ങൾക്കറിയാമല്ലോ. ഈ ഒപ്പും നിങ്ങൾക്ക് പുതുമയല്ലല്ലൊ.

കൊത്തു:—(നോക്കി) ഇത് രണ്ടും അതുതന്നെ. സംശയമില്ല.

സന്ന്യാ:—ഇതിലെഴുതിയിരിക്കുന്നത് തമ്പുരാൻെറ മടങ്ങിഎഴുന്നള്ളത്തിനെ കുറിച്ചാണ്. ഇത് നിങ്ങൾക്ക് യഥേഷ്ടം വായിച്ചറിയാം. അതിൽ നിന്ന് രണ്ടുദിവസത്തിലകം തമ്പുരാനിവിടെ എത്തുമെന്നറിയാം. ഈ

വിവരം പാറനമ്പിക്കറികയില്ല. കാരണം ഇന്നുതന്നെ ആയാറാക്ക് വേറെ വിധത്തിൽ ചില എഴുത്തുകാറ കിട്ടും. അഥവാ അതിൽ തമ്പുരാൻ മരിച്ചവൎത്തമാനമായിരിക്കാം. അല്ലെങ്കിൽ അവിടുന്ന് വല്ല ദിക്കിലും ബന്ധനസ്ഥനായെന്നായിരിക്കും. അതെന്തായാലും, ഇതിലെഴുതിയ വിവരമായിരിക്കയില്ല. ഇനി നിങ്ങറക്കെന്താണ് പരിഭ്രമിക്കാനുള്ളത്? വേഗം പോയി ആ കോരപ്പനെ നിഗ്രഹിച്ചുകൊറവാൻ കൊലയാളികളെ ഏല്പിക്കൂ. നേരം കോഴിക്കുകിയല്ലൊ. നിത്യകൎമ്മം കഴിഞ്ഞ് ഞാനും എത്തിക്കൊള്ളാം.

എന്നുംപറഞ്ഞ് സന്ന്യാസി നടകൊണ്ടു.

---

## അദ്ധ്യായം XV.

തമ്പുരാൻറെ തൃക്കൈ ചാൎത്തിയ ലിഖിതം കാണ്കയാൽ തൃപ്തിപ്പെട്ടുകൊത്തുവാറ, ഗോവിന്ദൻകുട്ടി യിലാദ്യമേജനിച്ച അനുകമ്പ ഫലപ്രദമാക്കിത്തീൎക്കാമെന്നതിൽ സന്തോഷിച്ച്, സന്ന്യാസിയുടെ ഉപദേശപ്രകാരം ആദ്യം കോരപ്പനെത്തന്നെ നിഗ്രഹിക്കേണമെന്നുറച്ച് ആയാളെ കുളിപ്പിച്ച് യഥേഷ്ടം മൃഷ്ടാന്നം കൊടുപ്പാൻ കൊലയാളികറക്ക് ഉടൻതന്നെ അനുജ്ഞനല്കി.

ദുഷ്കൎമ്മത്തിലുള്ള ചിരകാലചരിചയം കൊണ്ട് മനസ്സാക്ഷിയെന്നൊന്നില്ലാതായിത്തീൎന്ന രണ്ടു ഘാതകന്മാർ ഉടനേ കല്ലറയിൽ ചെന്ന്, ബന്ധനസ്ഥനോട് “എഴുന്നേല്ക്കൂ; എടോ, തനിക്ക് യാത്രയാകുവാനുള്ള സമയമായി

രിക്കുന്നു. ഉറക്കമിനി കാലന്റെ കോട്ടയിൽ ചെന്നിട്ടാവാം.” “വേഗം പുറപ്പെട്ടുകൊള്ളു. ഏതായാലും കുളിച്ച് കറിയിട്ടിട്ടു കൊന്നാൽ മതി. ഇന്നെങ്കിലും നല്ലവട്ടം കൂട്ടി ഊണ് കഴിക്കാലൊ!” എന്നും മററും ഹൃദയമില്ലാത്ത മട്ടിൽ ഓരോന്നു സംസാരിച്ച് അവന്റെ കൈയ്യും കാലും ചങ്ങലവെച്ച് കുളിപ്പിപ്പാൻ ചിറയിലേക്ക് കൊണ്ടുപോകും വഴിയിൽ, നമ്മുടെ സന്യാസിപ്രവരൻ കണ്ട് അവനോളം ആർദ്രതയോടുകൂടി ചില ചോദ്യങ്ങളും തത്വോപദേശങ്ങളും ചെയ്തതിന്ന് അവൻ തൃപ്തികരമായി യാതൊരു മറുപടിയും പറയാത്തതായി കണ്ടപ്പോൾ, “ഇഹത്തിലേയ്ക്കും പരത്തിലേയ്ക്കും കൊള്ളരുതാത്ത ഒരുനീചൻ” എന്നും പിറുപിറുത്തുകൊണ്ടവിടെനിന്നും കൊത്തുവാളുടെ സങ്കേതത്തിലേക്ക് പോയി.

കൊത്തുവാൾ:—അത് കണ്ടില്ലേ? ആ കൊലപാതകിയെങ്ങിനെ?

സന്യാ:—കാലനും കയ്ക്കുന്ന ഒരു പ്രകൃതിക്കാരൻ! അവനെ ഈനിലയിൽ നിഗ്രഹിച്ചാൽ വരുംജന്മവും കെട്ടുപോകും.

കൊത്തു:—ഇവിടെ ഈ കാരാഗൃഹത്തിൽവെച്ചുതന്നെ ഇന്നുകാലത്ത് പനിയായികിടന്നിരുന്ന ഒരു തടവുപുള്ളി മരിച്ചിട്ടുണ്ട്. ഒരു വലിയകടൽക്കള്ളനാണ്. പ്രായവും ഗോവിന്ദക്കുട്ടിയോളംതന്നെയേഉള്ളു. അവന്റെ നിറവും തലയുടെ സമ്പ്രദായവുമെല്ലാം യോജിച്ചിരിക്കുന്നു. മറെറപുള്ളിയെ നിഗ്രഹിക്കാൻവരട്ടെ എന്നു വെച്ചാലൊ? എന്നിട്ട് പാറനമ്പിയുടെ തൃപ്തിക്കായി.

ഗോവിന്ദൻകുട്ടിയുടേതിനോട് അധികം സാമ്യമുള്ള ഇവൻെറ തലയയച്ചാലെന്താണ്?

സന്ന്യാ:—ആ! ഇത് ദൈവം നൽകുന്ന ഒരു യദൃച്ഛാസംഭവമാണ്. ഇപ്പോഠംതന്നെ അതയയ്ക്കേണം. പാറനമ്പി തിട്ടപ്പെടുത്തിയ സമയം ഇതാ സമീപിക്കുന്നു. അത് കല്പനപ്രകാരംതന്നെ നടക്കട്ടെ.

കൊത്തു:—അത് ഞാനിപ്പോഠംതന്നെ പൊയിനടത്തികളയാം. കോരപ്പനെ ഇന്നു ഉച്ചതിരിഞ്ഞ ഉടൻതന്നെ നിഗ്രഹിച്ചുകളയാം. ഗോവിന്ദൻകുട്ടിയെ വധിച്ചിട്ടില്ലെന്നറിവാനിടയായാൽ എനിക്കാപത്തുകൂടാതെ കഴിക്കത്തക്കവിധത്തിൽ അവനെ എങ്ങിനെയാണ് സൂക്ഷിക്കേണ്ടത്? സ്വാമി.

സന്ന്യാ:—ഇത് പറഞ്ഞപോലെചെയ്യു. എന്നിട്ട് ഗോവിന്ദൻകുട്ടിയേയും കോരപ്പനേയും ഒരു ഗൂഢസ്ഥലത്ത് കൊണ്ടുപോയിപാപ്പിക്കൂ. എന്നിട്ട് ആദിത്യഭഗവാൻ രണ്ടുവട്ടം ഉദിച്ചസ്തമിക്കുന്നതിന്ന് മുമ്പായി നിങ്ങളുടെ രക്ഷയ്ക്കുള്ള വഴി ഞാനുണ്ടാക്കിത്തരാം.

കൊ:—ഞാനങ്ങയുടെ ആജ്ഞാകരനായിത്തീന്നിരിക്കുന്നു.

"എന്നാൽ വേഗംനടന്ന്, തല നമ്പീശൻെറ അടുത്തേയ്ക്കയക്കൂ." "എന്നുപറഞ്ഞ് കൊത്തുവാളെ അയച്ചു. "ഇനിഞാൻ പരമേശ്വരനുള്ള എഴുത്തെഴുതട്ടെ. കൊത്തുവാഠംതന്നെ അതുകൊണ്ടുപോയികൊടുക്കട്ടെ. പരമേശ്വരനും മങ്ങാടനും പരിവാരസമേതനായി രാജധാനിവിട്ട് ഗുരുവായൂക്ക് വരട്ടെ. നാമവിടെക്കെത്തുമെന്നും അപ്പോഴേക്ക് നമ്മുടെ എഴുന്നള്ളത്തിന്ന് വേണ്ട അകമ്പടിക്കാരോടുംകൂടി അമ്പലവട്ടത്തെത്തിക്കൊള്ളണമെന്നും

നമ്മുടെ പ്രത്യാഗമനം പ്രജകൾക്കിടയിലെല്ലാംകൊട്ടി അറിയിക്കേണമെന്നും എഴുതിക്കളയാം. അവിടുന്ന് കൊവിലകത്തേയ്ക്കു് ഘോഷയാത്രയായി, മന്ത്രിമാരുമൊത്തു പോകാൻ വേണ്ട ഏപ്പാടുചെയ്യാനുമെഴുതിക്കളയാം." എന്നുമുറച്ച് കഴിഞ്ഞപ്പോഴേക്ക് കൊത്തുവാൾ മുതൻെറ ശിരസ്സുംകൊണ്ടെത്തി.. "ഇത് ഞാൻതന്നെ നേരിട്ട്കൊണ്ടുപോയ്ക്കളയാ" മെന്നുംപറഞ്ഞു.

സന്യാ:—അതാണധികം സൌകൎയ്യം എന്നിട്ടു വേഗം മടങ്ങിവരു. എനിക്കുവേറെ ആരെയും അറിയിക്കാൻ പാടില്ലാത്ത ചിലസ്വകാൎയ്യവാൎത്തകൾകൂടി തന്നോടു പറവാനുണ്ട.

"ഞാൻ ക്ഷണത്തിലെത്തിക്കളയാ" മെന്നുംപറഞ്ഞു കൊത്തുവാൾ നടന്നുതുടങ്ങി.

ഇതിനിടയിൽ കൊത്തുവാളുടെ കച്ചേരി സ്ഥലത്തിന്ന് പുറമേയായി ആരോ വിളിക്കുന്ന ശബ്ദം കേട്ടാറെ തിരിഞ്ഞുനോക്കിയ സന്യാസി "അതാ ആ സ്വരം ഉണിച്ചിരിക്കുട്ടിയുടേതാണ്. അവൾ തൻെറസോദരൻെറ മാപ്പുതീട്ടുരം ഇവിടെ എത്തിയില്ലേ, എന്നറിവാൻ വന്നിരിക്കയാണ്. ഏതായാലും അവളുടെ നന്മയെക്കുറിച്ചിപ്പോൾ അവളെ അറിയിക്കാതെതന്നെ കഴിക്കാം. എന്നാൽ മാത്രമേ,സൎവ്വപ്രത്യാശയുംവിട്ടുഭഗ്നാശയായിരിക്കുമ്പോൾ ദൈവദത്തമായ അനുഗ്രഹം പോലെ, ഓക്കാതിരിക്കുമ്പോൾ സിദ്ധിക്കുന്ന ഒരു സോദരലാഭംകൊണ്ടു അവളെ സന്തോഷിപ്പിപ്പാൻകഴിയു. ആ സന്തോഷത്തിന്നധികം രസവും കൂടും". എന്നിങ്ങിനെ സന്യാസി വിചാരിച്ചുറച്ചുകഴിഞ്ഞപ്പോഴേക്കു ഉണിച്ചിരിക്കുട്ടിയും എത്തി.

ഉണ്ണി:—സ്വാമി, നമസ്കാരം.

സന്ന്യാ:—നിനക്കു മംഗളം ഭവിക്കട്ടെ.

ഉണ്ണി:—ഇത്രയും മഹാനായ അങ്ങയുടെ അനുഗ്രഹം വ്യത്ഥമാകയില്ല. ഇതുവരേയും രാജപ്രതിനിധി എന്റെ ജ്യേഷ്ഠന്റെ മാപ്പുതീട്ടൂരം അയച്ചിട്ടില്ലേ?

സന്ന്യാ:—അദ്ദേഹം നിന്റെ ജ്യേഷ്ഠന്റെ ഐഹികക്ലേശങ്ങളെല്ലാം നശിപ്പിച്ചിരിക്കുന്നു. ഉണ്ണിച്ചിരിക്കുട്ടി, ആയാളുടെ ശിരച്ഛേദം ചെയ്തു, അതു നമ്പിയുടെ അടുത്തേക്കയച്ചിരിക്കുന്നു.

ഉണ്ണി:—ഛെ! അങ്ങിനെയൊരിക്കലും വരില്ല.

സന്ന്യാ:—അങ്ങിനെയല്ലാതെ മറെറാന്നും വന്നിട്ടില്ല. കുഞ്ഞേ, ക്ഷമയോടെ നിന്റെ തന്റേടം ഇപ്പോൾ കാണിക്കു.

ഉണ്ണി:—ഞാനിപ്പോൾ പൊയി ആയാളുടെ കണ്ണുകുത്തിപ്പൊട്ടിക്കും!

സന്ന്യാ:—നിന്നെ ഇനി ആയാളുടെ മുമ്പിലേക്കു തന്നെ പ്രവേശിപ്പിക്കയില്ല.

"നിർഭാഗ്യവാനായ ജ്യേഷ്ഠാ! പാപിയായ ഉണ്ണിച്ചിരിക്കുട്ടി! ഹാ ദുഷ്ടലോകമേ! ശപിക്കപ്പെട്ട പാറനമ്പി! ഹാ ഹാ!" എന്നിങ്ങിനെ വ്യസനത്തോടും ഈഷ്യയോടും അവൾ വിലപിപ്പാൻ തുടങ്ങി.

സന്ന്യാ:— ഇതു ആയാളെ തരിമ്പും ഉപദ്രവിക്കയോ, നിനക്കു വല്ല ലാഭവുമുണ്ടാക്കയോ ചെയ്യുന്നില്ല. നീ പ്രതിക്രിയക്കു ദൈവത്തോടു പ്രാത്ഥിക്കുക. ഞാൻ പറയുന്നതു കേൾക്കു. അതു നിന്റെ ഉദ്ദേശ്യം സഫലമാ

ക്കാൻ പശ്ചാപ്പമാകും. തമ്പുരാൻ നാളെ ഇങ്ങോട്ട് മടങ്ങി എന്നെള്ളുന്നു. കണ്ണീർ തുടക്ക്. ഈ വിവരം എനിക്ക് ഗുരുവായൂരമ്പലത്തിലെ ഒരു കീഴ്ശാന്തിക്കാരനാണറിവുതന്നത്. അദ്ദേഹം മങ്ങാട്ടച്ചനും പാററമ്പിക്കും തമ്പുരാന്റെ എഴുന്നള്ളത്തിനെസംബന്ധിച്ചുള്ള ആജ്ഞവഹിച്ചും കൊണ്ട് പോയിരിക്കുന്നു. ഇവരിരുപേരും പരിചാരകന്മാരോടു കൂടി ഗുരുവായൂരോളം ചെന്ന് തമ്പുരാനെ അവിടുന്ന് എതിരേററ് തങ്ങളുടെ സർവ്വാധികാരങ്ങളും രാജചിഹ്നങ്ങളും അവിടെ വെച്ചു തന്നെ മടങ്ങിക്കൊടുക്കേണമെന്നാണുത്തരവ്. നിനക്ക് കഴിയുമെങ്കിൽ ഞാൻ ചൂണ്ടിത്തരുന്ന ഉത്തമമാർഗ്ഗത്തിലൂടെ നിന്റെ ബുദ്ധിയെനയിക്കുന്നതായാൽ, നിനക്കീപാപിയെ ശിക്ഷിച്ച് പ്രതിക്രിയ സാധിക്കാനും, തമ്പുരാന്റെ കരുണ സമ്പാദിപ്പാനും, അങ്ങിനെ ബഹുജനങ്ങൾക്കിടയിൽ മാന്യതയേല്ക്കാനും കഴിയുന്നതാണ്.

ഉണ്ണി:—ഞാനിവിടുന്ന് പറയും പോലെ കേൾക്കാം.

സന്ന്യാ:—ഈ എഴുത്ത് നീ പോയി ഗുരുവായൂർ കീഴ്ശാന്തി നമ്പൂതിരിക്ക് കൊടുക്കണം. എന്നിട്ട് അദ്ദേഹത്തോട് ഇന്നുരാത്രി തലശ്ശുന്നവരുടെ വീട്ടിൽവന്ന് തമ്മിൽക്കണ്ടാൽ തരക്കേടില്ലെന്ന് ഞാൻ പറഞ്ഞുവെന്ന് പറയുക. ആ മാധവിയുടേയും നിന്റെയും ആവലാതികളെക്കുറിച്ച് ഞാനദ്ദേഹത്തോടുപദേശിക്കാം. പിന്നെ അദ്ദേഹം നിങ്ങളെ ഇരുപേരെയും തിരുമുമ്പാകെ കൊണ്ടു പോയി സങ്കടമുണർത്തിച്ച് ഈ നമ്പീശ

ന്റെ പേരിൽ ഉള്ളേടത്തോളം ആക്ഷേപങ്ങളെല്ലാം അവിടെ ഉണൎത്തിക്കും. ഞാൻ ആസമയത്ത്, എനിക്ക് ഒരു പ്രത്യേകപ്രതാനുഷ്ഠാനമുള്ളത്കൊണ്ട് അവിടെ ഉണ്ടായിരിക്കയില്ല. ഈ എഴുത്തും കൊണ്ട് വേഗം പുറപ്പെടുക. നിന്റെ കണ്ണിലൂറിയ നീർതുടച്ച് കുറേക്കൂടി സ്വസ്ഥഹൃദയയായിരിക്കൂ. നിനക്ക് എല്ലാവിധ സന്തുഷ്ടിയും സിദ്ധിക്കും!

ഇങ്ങിനെപറഞ്ഞ് യാത്രയാക്കുന്നതിന്നിടയിൽ നമ്മുടെവിട്ടുപായനായ കേശവൻനായർ, "സ്വാമി, കൊത്തുവാളെവിടെപോയി?" എന്ന ചോദ്യത്തോടെ അവിടെഎത്തി. സന്യാസി അകത്തില്ലെന്നും പറഞ്ഞു. ഉണിച്ചിരിക്കുട്ടിയെക്കണ്ടഉടനെ.

കേ. നാ:—ഹാ, സുന്ദരിയായ ഇട്ടിച്ചിരി! നിന്റെ കണ്ണുകൾ ചുവന്നുകാണുന്നതിൽ എന്റെ ഹൃദയത്തിലെ ചോരയോട്ടം നിന്നുപോകുന്നു! നീ കുറച്ചു ക്ഷമിച്ചിരിക്ക്. എന്താണെന്നുവെച്ചാൽ നാളെക്കു തമ്പുരാൻ തിരിച്ചു എഴുന്നള്ളുമെന്ന് ആളുകൾ പറയുന്നു. സത്യമായിട്ടും ഉണിച്ചിരിക്കുട്ടി,ഞാൻ നിന്റെ ജ്യേഷ്ഠനെ വളരെ സ്നേഹിച്ചിരുന്നു. കണ്ടമുക്കിലും മൂലയിലും പോയി പരിചയമുള്ള ആ മഹാമാതിരിക്കാരൻ തമ്പുരാൻ ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ, നിന്റെജ്യേഷ്ഠൻ ഇപ്പോൾ ജീവിച്ചിരിക്കുമായിരുന്നു.

ഇത്രത്തോളം മാത്രം കേട്ട്, ഉണിച്ചിരിക്കുട്ടി സമാധാനമൊന്നുംപറയാതെപോയ്ക്കളഞ്ഞു. കേട്ടുനിന്നിരുന്ന,

സന്യാ:—തമ്പുരാൻ നിങ്ങളുടെ ഇത്തരം അഭിപ്രായങ്ങൾ

ക്കു ഒരു കാരണവുമുണ്ടാക്കിയിട്ടില്ലല്ലൊ. പിന്നെ അതിലുള്ളൊരു സമാധാനമെന്താണെന്നുവെച്ചാൽ, നിങ്ങളുടെ ഈ വക അഭിപ്രായങ്ങൾക്കനുസരിച്ചല്ല അദ്ദേഹത്തിന്റെ ജീവിതമെന്നതാണ്.

കേ. നാ:—ഹേ, സന്യാസി, അങ്ങ് തമ്പുരാനെ ഞാനറിയുംപോലെനന്നായറികയില്ല. അവിടുന്നു നിങ്ങളൊക്കെവിചാരിക്കുന്നതിലും കവിഞ്ഞ ഒരു നായാട്ടുകാരനാണ്.

“ആട്ടെ ഇതിന്നൊരുദിവസം താനുത്തരം പറയേണ്ടിവരും. ഇപ്പോൾ ഞാൻ പോയിവരട്ടെ” എന്നുംപറഞ്ഞ് സന്യാസി നടന്നുതുടങ്ങി.

കേ. നാ:—നില്ക്കു; ഞാനും അങ്ങയുടെ കൂടെവരാം. തമ്പുരാനെക്കുറിച്ചു ഇനി എനിക്കു എന്തെല്ലാം രസകരമായ കഥകൾ പറവാനുണ്ട്!

സന്യാ:—ഇപ്പോൾതന്നെ, അവയൊക്കെ നേരാണെങ്കിൽ നിങ്ങൾ എത്രയോ അധികം പറഞ്ഞു കഴിഞ്ഞുവല്ലൊ. നേരല്ലെങ്കിലോ, ഇനി എത്രയായാലും ഒട്ടു അവസാനിക്കുകയുമില്ല.

കേ. നാ:—ഒരിക്കൽ ഞാൻ ഒരു വ്യഭിചാരിണിക്കു ഗർഭമുണ്ടായ സംഗതിക്കു തിരുമുമ്പാകെ പോകയുണ്ടായി

സന്യാ:—നിങ്ങൾ അങ്ങിനെയൊരു സംഗതിചെയ്കയുണ്ടായോ?

കേ. നാ:—ചെയ്തതുനേരാണ്. പക്ഷെ ഞാൻ തിരുമുമ്പാകെ ഒരു കള്ളസ്സത്യം ചെയ്തു രക്ഷപ്പെട്ടു. അല്ലെങ്കിൽ അവരെന്നെക്കൊണ്ട് ആ ചണ്ഡിപ്പണ്ടത്തിന്നെ വേൾപ്പിച്ചിരുന്നു.

"നിങ്ങളുടെ സംഭാഷണം അസത്യപൂർണ്ണമെങ്കിലും ര സപ്രദമാണ്. ആട്ടെ; സുഖമായിരിക്കു." എന്നു പ റഞ്ഞ് വീണ്ടും നടന്നുതുടങ്ങി.

കേ. നാ:—അല്ലാ സ്വാമി, ഞാനീവഴിയുടെ അററം വ രെ അങ്ങയുടെ കൂടെപ്പോരാം. എൻെറ ഗ്രാമ്യസംസാ രം അങ്ങേക്കിഷ്ടമല്ലെങ്കിൽ ഞാൻ അതു നിൎത്തിക്കള യാം. അല്ല സ്വാമി, എൻെറ സ്വഭാവമൊരുവിധം മു ള്ളുപോലെയാണ്, അതിന്നിടയ്ക്കിടയ്ക്ക് കുത്തിക്കൊ ണ്ടിരിക്കണം.

## അദ്ധ്യായം XVI.

തമ്പുരാൻ മടങ്ങി എഴുന്നള്ളുന്ന വിവരം കാണിച്ചു കൊണ്ടുള്ള തിരുവെഴുത്ത്, മന്ത്രിമാർ ഒരുവിധത്തിലും പ്ര തീക്ഷിക്കാതിരിക്കുമ്പോഴാണ് കിട്ടിയത്. അവിടുന്ന് അ തിന്നു മുമ്പയച്ചതീട്ടൂരത്തിൽ തൻെറ പ്രത്യാഗമനത്തെക്കു റിച്ച് യാതൊരക്ഷരവും എഴുതിയിരുന്നില്ലെന്ന് മാത്രമല്ല, തൻെറവരവ് അടുത്തകാലത്തൊന്നും ഉണ്ടാവില്ലെന്നൂഹി പ്പാൻ തക്കവണ്ണം പലസൂചനകളുമുണ്ടായിരുന്നുതാനും. ഇങ്ങിനെ അവിടുത്തെ എഴുത്തുകളുടെ പൂൎവ്വാപരവിരുദ്ധ ത കാണുകയാൽ നമ്പീശനോട്,

മങ്ങാ:—അവിടുത്തെ ഓരോ എഴുത്തും അതിൻെറ മുമ്പെ ഴുതിയതിനെ ഖണ്ഡിക്കുന്നു

പാ. ന:—അന്യോന്യസംബന്ധമൊന്നുമില്ലാതെ അവിടു ത്തെ പ്രവൃത്തികണ്ടാൽ ഭ്രാന്തുപിടിച്ചപോലെയിരി ക്കുന്നു. അവിടുത്തെ യാതൊരു ബുദ്ധിഭ്രമവും ബാധി

കാത്തിരിപ്പാനായി ദൈവത്തോട് പ്രാൎത്ഥിക്കുന്നു. എന്തിനാണ് നമ്മൾ ഗുരുവായൂർ പോയി അവിടുന്ന്‌തന്നെ നമ്മുടെ അധികാരങ്ങളും രാജചിഹ്നങ്ങളും മടക്കിക്കൊടുക്കുന്നത്?

മങ്ങാ:—എന്തിനോ എന്നെനിക്കൂഹിപ്പാൻ കഴിയില്ല.

പാറ:—അതിന്നും പുറമെ എന്തിനാണ് അവിടുത്തെ പുരപ്രവേശത്തിന്ന് നാലുനാഴിക മുമ്പെതന്നെ, നമ്മുടെ നീതിന്യായപരിപാലനത്തിൽ വല്ല ആക്ഷേപമോ ആവലാതിയോ നാട്ടുകാൎക്ക് ഉണ്ടെങ്കിൽ ആക്ഷേപക്കാർ, ഗുരുവായൂർ നടക്കൽ വെച്ചുതന്നെ തങ്ങളുടെ സങ്കടങ്ങളെ തിരുമുമ്പാകെ കൊണ്ടുവരുവാനായി പുരത്തിലെങ്ങും കൊട്ടി അറിയിക്കുന്നത്?

മങ്ങാ:—അതിന്നു അവിടുന്ന് തക്കകാരണവും പറയുന്നുണ്ടല്ലൊ. ആ വക ആവലാതികൾ ക്ഷണത്തിൽ തീൎത്ത് പിന്നീട് ആ വക ശല്യങ്ങളിൽനിന്നു നമ്മെ ഒഴിവാക്കാൻ. അങ്ങിനെയായാൽ പിന്നീട് ആൎക്കും നമ്മുടെ എതിരായി നില്പാൻ ശക്തിയുണ്ടാകയില്ല.

പാറ:—എന്നാൽ അത് രാവിലെക്കുമുമ്പായി അടുത്ത ദിക്കിലൊക്കെ കൊട്ടിയറിയിക്കണം. ഞാൻ നിങ്ങളുടെ വീട്ടിൽവന്നു വിളിച്ചുകൊള്ളാം. അവിടുത്തെ അകമ്പടിക്ക് വേണ്ടവൎക്കും മററും കല്പനകൊടുക്കൂ. എഴുന്നള്ളത്തിന്നുവേണ്ട സ്ഥാനികളേയും അടിയന്തരക്കാരെയും ഒക്കെ അറിയിക്കുക!

എന്നുംപറഞ്ഞു മങ്ങാടനെ അയച്ചു.

മങ്ങാട്ടച്ചൻ പോയതിന്ന്‌ശേഷം പാറനമ്പിക്ക് തന്റെ മനസ്സാക്ഷി സൈ്വരം കൊടുത്തിട്ടില്ല.

"ഈ ഒരു പ്രവൃത്തി എന്നെ അസ്ഥാളിപ്പിച്ച് എൻെറ സർവ്വഗൗരവത്തേയും ഉന്മൂലനം ചെയ്യുന്നു! എന്തൊക്കെയാണിനി ചെയ്യേണ്ടതെന്നും രൂപമില്ലാതാക്കിത്തീക്കുന്നു. ഒരു നിർമ്മാല്യകന്യ,—രാജനീതിയനുസരിച്ചു അതേ അകൃത്യത്തിന്നെതിരായി നടപടിനടത്തിയ അധികാരസ്ഥൻെറ കൈകൊണ്ട് തന്നെ അവളുടെ കന്യാതപാപഹരണത്തെനടത്തി! ആ കുമാരിക്കു നൈസർഗ്ഗികമായുള്ള ലജ്ജഹേതുവായി ഒരിക്കലും അവളെൻെറ പേർ വിളിച്ചുപറയില്ലെന്നുള്ള ഒരൊററ സമാധാനമില്ലെങ്കിൽ, എൻെറമേലെങ്ങിനെയെല്ലാമുള്ള അപരാധങ്ങൾ അവർക്ക് ചുമത്താമെന്നാലോചിപ്പാൻപോലും നടുങ്ങുന്നു! എങ്കിലും അവളുടെ തൻേറടംകൊണ്ട് അതൊരിക്കലും പുറത്തുവരില്ല. എന്തെന്നാൽ എനിക്കെതിരായി ആരെങ്കിലും ഒരപരാധംപറവാൻ പുറപ്പെട്ടാൽ, അത് വക്താവിനെ തിരിഞ്ഞടിക്കയല്ലാതെ എന്നെ ബാധിക്കാതിരിക്കത്തക്കവണ്ണം അത്ര ഉറച്ച ഒന്നാണ് എൻെറ അധികാരം. അല്ലെങ്കിൽ ഞാനവനെയും വധിക്കാതെ വിടാമായിരുന്നു. പക്ഷേ ഒരുസമയം അവനെങ്ങാനും, ഇത്രയും അപമാനകരമായ ഒരു കൈക്കൂലികൊണ്ടാണ് താൻ രക്ഷപ്പെട്ടതെന്നറിഞ്ഞ് ദുസ്സഹലജ്ജയോടെ, ഭാവിയിലെപ്പോഴെങ്കിലും എന്നോട് പ്രതിക്രിയചെയ്യേക്കാമെന്ന ഭയംകൊണ്ടാണ് ഞാനവനെ അപ്പോൾതന്നെ നിഗ്രഹിപ്പിച്ചത്. ഇപ്പോൾ അവൻ ജീവിച്ചിരുന്നാൽ വിരോധമുണ്ടായിരുന്നില്ല! ഒരിക്കൽ നമ്മുടെ നിലവിട്ടാൽ പിന്നെ ഒന്നും തന്നെ നേരെയാവില്ല" എന്നിങ്ങിനെ താൻചെയ്തുകഴിഞ്ഞ അനീതികളുടെ കാഠിന്യവും അവ അഥവാ വെ

ളിപ്പെടുന്നതായാൽ, തൻെറ മാർജ്ജാരമാമുനിയുടെ നാട്ട്യങ്ങൾക്ക് തമ്പുരാനിൽനിന്നു സിദ്ധിച്ചേക്കാവുന്ന ശിക്ഷയുമാലോചിച്ച് നമ്പി ചിന്താകുലനായിത്തീൎന്നു.

തൻെറ പ്രത്യാഗമനത്തെക്കുറിച്ച് നാട്ടിലെല്ലാടവും വിളംബരപ്പെടുത്തിയെന്നറിഞ്ഞശേഷം തമ്പുരാൻ മേൽശാന്തി നമ്പൂതിരിയുടെ ഇല്ലത്ത് ചെന്ന്, തൻെറ സന്യാസിവസ്ത്രങ്ങളെയെല്ലാം മാററി, അവിടെ ഗോപ്യമായി സൂക്ഷിച്ചിരുന്ന തൻെറ രാജവസ്ത്രങ്ങളും പൂൎവ്വവൽ എടുത്തണിഞ്ഞ്, തൻെറ വിശ്വാസത്തിന്നു പാത്രമായ കീഴ്ശാന്തി നമ്പൂതിരിയെ, തലേന്ന് തലശ്ശുന്നവരുടെ വീട്ടിൽ വെച്ച്, മാധവിയുടേയും ഇട്ടിച്ചിരുതേവിയുടേയും ആക്ഷേപത്തെക്കുറിച്ചു പറഞ്ഞ് മനസ്സിലാക്കിയത് വേണ്ടപോലെ ധരിച്ചിട്ടുണ്ടോ എന്നും, അത് രാജസമക്ഷം ബോധിപ്പിക്കേണ്ടമാതിരിയും അദ്ദേഹത്തിന്നറിയാമോ. എന്നും പരിശോധിച്ച് തൃപ്തിപ്പെട്ടതിന്നുശേഷം, തൻെറ ഘോഷയാത്രാമദ്ധ്യത്തിൽ അവരെ തൻെറ ദൃഷ്ടിപതിയത്തക്ക ഒരിടത്ത് നിൎത്തേണമെന്നും മററും ഉപദേശിച്ച്, രാജപരിവാരങ്ങൾ ക്ഷേത്രസന്നിധിയിലേക്കെത്തുവാൻ താൻ കല്പിച്ചിരുന്നസമയത്തിന്ന് അല്പം മുമ്പായിത്തന്നെ, അവിടുന്ന് ക്ഷേത്രത്തിൽപ്രദക്ഷിണം ചെയ്തുകൊണ്ടിരിക്കുന്ന കൃഷ്ണഭക്തപംക്തിക്കിടയിൽ, എങ്ങുനിന്നോ അവതരണം ചെയ്തപോലെ,—സൎവ്വേശ്വരനായ ഭഗവാൻെറ രൂപം ധരിച്ച നിഗ്രഹാനുഗ്രഹശക്തിപോലെ,—സൎവ്വവിധ ജയജയഘോഷങ്ങളോടെ ഏവൎക്കും കാണുമാറായി! അഹോ! അത്യത്ഭുതം! തമ്പുരാനെ ക്ഷേത്രത്തിൽ കണ്ടഉടൻ അവിടുത്തെ വാത്സല്യഭാജനങ്ങളായ പൌ

രാവലിയുടെ ആശ്ചൎയ്യാത്ഭുതവിനയാദരങ്ങളും അവിടേക്കുണ്ടായ ആനന്ദവിശേഷവും വൎണ്ണിപ്പാനസാദ്ധ്യം.

ഇതിന്നിടയിൽ തങ്ങളുടെ സങ്കടനിവൃത്തിക്കായി ഭഗവദ്ദൎശനവും രാജസംദൎശനവും ഒരുപോലെ സാധിക്കാമെന്ന കരുതലോടെ, മാധവിയും ഉണ്ണിച്ചിരിക്കുട്ടിയും കീഴ്ശാന്തിനമ്പൂതിരിയുടെ ഉപദേശാനുസൃതം ക്ഷേത്രത്തിലേക്കു പുറപ്പെട്ടിരിക്കുന്നു. അവർ വഴിയിൽ വെച്ച് ഏതു വിധത്തിലാണ് തങ്ങളുടെ ആവലാതികൾ അഭിമാനഭംഗം കൂടാതെ രാജസമക്ഷം ധരിപ്പിക്കേണ്ടതെന്നതിനെക്കുറിച്ച് ഉരുക്കഴിച്ച് പഠിക്കയായിരുന്നു.

ഉണി—അങ്ങിനെയൊക്കെ അന്യാപദേശരീതിയിൽ പറവാനൊന്നും എനിക്കുവയ്യ. ഞാൻ സത്യംപറയും എന്നാൽ അദ്ദേഹത്തിന്റെ പേരിൽ മറേറആക്ഷേപംകൊണ്ടുവരേണ്ടത് നിങ്ങളാണ്. അദ്ദേഹംപറയുന്നത്, അങ്ങിനെയായാലേ അത് ഭംഗിയാകൂവെന്നാണ്.

മാധ—അദ്ദേഹം പറയുന്നതുപോലെ കേൾക്കയാണ് നല്ലത്.

ഉണി—ഇനി അഥവാ വിചാരണക്കിടയിൽ ആദ്യം അദ്ദേഹം നമുക്ക് വിരോധമായി മറുഭാഗത്തേക്ക് ഗുണമായിപറഞ്ഞാലും അതിൽ ഏതുംതന്നെ അത്ഭുതപ്പെടരുതെന്നുംപറഞ്ഞിട്ടുണ്ട്. "മൂത്തവർവാക്കും മുതുനെല്ലിക്കയും മുമ്പിൽ കയ്ക്കും, പിന്നെ മധുൎക്കും" എന്നപറഞ്ഞപോലെ, അവസാനം വളരെ രസകരമാക്കിത്തീൎപ്പാനാണങ്ങിനെചെയ്യുന്നത് എന്നും പറകയുണ്ടായി.

"ഇതാ വേഗം വന്നുകൊൾവിൻ! തമ്പുരാൻെറ ഘോഷയാത്രക്കുള്ള വെടിയാണാകേൾക്കുന്നത്. കൊട്ടും കുഴലും ഇങ്ങടുത്ത് വന്നുതുടങ്ങി. ഇതാ ഈ അരങ്ങുത്തുക്കിപര വതാനിവിരിച്ച ക്ഷേത്രഗോപുരത്തിന്ന് കിഴക്കവശമുള്ള വഴിയിലും, അവിടുന്ന് പാദചാരേണയാണ് എഴുന്നള്ളുന്നത്. എന്നിട്ട് "മഞ്ഞളാൽത്തറ"ക്കൽവെച്ചാണത്രെ സങ്കടക്കാരുടെ ആവലാതികൾ കേൾക്കുന്നത്. അതിനാൽ നമുക്ക് വേഗം അങ്ങോട്ടുപോവുക. മാധവിക്കുട്ടിയെ ആദ്യംതന്നെ കാണരുത്. മുഖമാകെമൂടി തലയിലൊരു മുണ്ടിട്ടുകൊള്ളു. എന്നിട്ട് തമ്പുരാൻെറ ദൃഷ്ടിപതിയുന്ന ഒരിടത്ത് ചെന്ന് നമുക്ക സ്ഥാനമുറപ്പിക്കാം. പോക. വേഗം നടക്കു". എന്നിങ്ങിനെ വഴിയിൽവെച്ച് ഉത്സാഹം കൂട്ടിക്കൊണ്ട് കീഴ് ശാന്തിനമ്പൂതിരിയും നമ്മുടെ സങ്കടക്കാരികളുമൊന്നിച്ച് അവക്ക സഹായമായി രാജസന്നിധിയിലേക്ക് യാത്രയായി.

---

## അദ്ധ്യായം. XVII.

ഇരുഭാഗവും ജയജയഘോഷം പുറപ്പെടുവിച്ച് രാജദർശനത്തിൽ സീമാതീതമായ ഹർഷഭക്ത്യാദരങ്ങളോടുകൂടികാണപ്പെട്ടുന്ന പൌരാവലിയുടെ മദ്ധ്യത്തിലൂടെ, ക്ഷേത്രനടയിൽ കൂടി, തൻെറ എഴുന്നള്ളത്തിന്ന് തയ്യാറായിവന്ന അമ്പാരി, പല്ലക്ക്, നെററിപ്പട്ടംകെട്ടിയ ആന, ഇവയുടെ പുറകിലായി മഞ്ഞളാലുവരെ കാൽനടയായിത്തന്നെ, തൻെറ വലത്തുമിടത്തും കൈകളെന്നോണം പാശ്ചഭാഗേനടകൊള്ളുന്ന മങ്ങാടൻ, പാറനമ്പി ഇവ

രിരുവരുടെ നടുവിലായി, നമ്മുടെ മാനവിക്രമ യുവസാമൂതിരിപ്പാടുതമ്പുരാൻ, കൂറോടുകൂടി പ്രജാസമൂഹത്തെ വാത്സല്യപുരസ്സരം കടാക്ഷിച്ചുകൊണ്ട് മന്ദയാനംചെയ്യുന്നു. പുറകിലായിത്തന്നെ, അവിടുത്തെ സ്നേഹാദരത്തിന്ന് പാത്രങ്ങളായ ചില നമ്പൂതിരിമാരും, അവരുടേയും പിന്നിലുള്ള കൊത്തുവാൾ തുടങ്ങി മററുരാജകീയോദ്യോഗസ്ഥന്മാരോടൊപ്പം തന്നെ, നമ്മുടെ സർവ്വവ്യാപകശ്രമക്കാരനായ കേശവൻനായരും, മഞ്ഞളാൽവരെ അവിടുത്തെ അനുഗമിക്കുന്നുണ്ട്.

തമ്പു:—നമ്മുടെ പ്രവാസകാലം പ്രജകളെ അറിയിക്കാതെ, നമ്മുടെ പ്രാതിനിദ്ധ്യം വഹിച്ച് പ്രജാപരിപാലനം ചെയ്ത നിങ്ങളോട് എനിക്കുള്ള ബഹുമാനം ഞാനെങ്ങിനെയാണറിയിക്കുന്നത്?

പാറനമ്പിയും മങ്ങാടനും "അവിടുന്ന് ദീർഘായുഷ്മാനായി ഇനിയും പ്രജകളെ ഭരിപ്പാനായി നൂറു കൊല്ലം ജീവിക്കുമാറ് ദൈവം കടാക്ഷിക്കട്ടെ." എന്നാശീർവ്വദിച്ചു.

തമ്പു:—നാം നിങ്ങളുടെ നീതിപരിപാലനത്തെക്കുറിച്ച് അന്വേഷണം നടത്തിയപ്പോൾ, നിങ്ങളുടെ ഭരണത്തെക്കുറിച്ച് വളരെ നല്ല അഭിപ്രായമാണ് എങ്ങുനിന്നും കേട്ടത്. അതിനാൽ ഈ പൌരസമക്ഷം തന്നെ നമ്മുടെ ബഹുമാനവും, അവരുടെ നന്ദിയും, അഹിക്കുംപടി നിങ്ങൾക്ക് സിദ്ധിക്കുന്നതാണ്. അതിനാൽ പൊതുജനങ്ങളിൽ നിന്ന്, നിങ്ങളുടെ യോഗ്യതകൾ ഒരിക്കലും തന്നെ മറച്ചുവെപ്പാൻ പാടുള്ളതല്ല.

നമ്പി:—അവിടുന്ന് അടിയൻെറ കടപ്പാട് വീണ്ടും വ ദ്ധിപ്പിക്കുകയാണ്.

തമ്പു:—തൻെറ യോഗ്യതകഠം തന്നെ, നാം ഒളിച്ചുവെ ച്ചാലും ഒളിയാത്തമട്ടിൽ, ഉച്ചൈസ്സരംഘോഷിക്കുന്നു. അതിനാൽ അവയ്ക്കനുയോജിക്കുന്ന തരത്തിൽചെ മ്പുതകിട്ടിലെഴുതി, കാലാകാലത്തും നശിക്കാതിരിക്കു ത്തക്ക വിധത്തിൽ ഒരു സ്തുതിപത്രം, ഭാവിപൌരന്മാൎക്കു കൂടി വന്ദ്യമാം വണ്ണം പ്രസിദ്ധപ്പെടുത്തേണ്ടതായിരി ക്കേ, നാമതിനേ ഹൃദയഭിത്തികഠംക്കുള്ളിൽ ഗോപനം ചെയ്യുന്നത് തീൎച്ചയായും തന്നോട് പ്രവൎത്തിക്കുന്ന ഒരു പരാധമായിരിക്കും. അതിനാൽ തൻെറ പാണികളി ങ്ങോട്ടുനീട്ടു. അടുത്തുവരു, നമുക്ക് കൈകോൎത്തും, ചുമ ലോടു ചുമൽപിടിച്ചും, ആ ആൽത്തറവരെ സഹഗമ നംചെയ്യുക. എന്നിട്ട് നമ്മുടെ ഹൃദയത്തിൽ ഭവാനോ ടുള്ള ബഹുമാനം, ബാഹ്യമായി ഇത്തരം സ്നേഹവ്യാ പാരങ്ങഠം വഴിയായി പുറമേയ്ക്ക് സന്തുഷ്ടിയോടെ വഴിയുന്നത്. പ്രജാവൃന്ദം കാണട്ടെ, അതുപോലെത്ത ന്നെ നമ്മുടെ വാമഭാഗത്ത് മങ്ങാടനും നടക്കണം. വരൂ മങ്ങാടാ. നിങ്ങഠം രണ്ടുപേരും നമ്മുടെ ഉത്തമ സഹായികളാണ്.

ഇങ്ങിനെ ഓരോന്നുപറഞ്ഞ് „ഹസ്തേന ഹസ്തത ലമാത്തസുഖം ഗൃഹീത്വാ" തമ്പുരാനും നമ്പീശനുമൊ ത്ത് നടന്നു മഞ്ഞളാൽത്തറക്കലെത്താറായപ്പോഠം, കീഴ് ശാന്തിബ്രാഹ്മണനാൽ നീതയായ ഉണിച്ചിരിക്കുട്ടി തൊ ഴുകയ്യോടും കണ്ണീരോടും തൃപ്പാദസന്നിധിയിലേക്കടുക്കുന്ന തകാണുമായി.

ബ്രാഹ്മ:—ഇതാ തിരുമേനി. പോയി കാല്ക്കൽവീണു നിന
ക്ക് അവിടുത്തോടുണൎത്തിപ്പാനുള്ള സങ്കടങ്ങൾ ഉണ
ൎത്തിച്ചുകൊള്ളുക.

ഉണ്ണി:—(തമ്പുരാൻെറ അടുത്തണഞ്ഞ്) നീതിന്യായ പാ
ലകനായ പൊന്നു തിരുമേനി! അവിടുന്ന് കാത്തുര
ക്ഷിക്കേണമേ! പല അപരാധങ്ങളും കഷ്ടപ്പാടുകളും
അനുഭവിച്ച ഈ നായർ കിടാത്തിയിൽ കനിയേണ
മേ! അടിയൻ ഒരു കന്യകയെന്നു തിരുമുമ്പാകെ വി
ടകൊൾവാനും വയ്യാത്തനിലയിലായിരിക്കുന്നു. ഇങ്ങി
നെകഷ്ടത്തിലകപ്പെട്ട അടിയനിൽ ദയവുണ്ടാകേണ
മേ! അവിടുന്ന് അടിയൻെറ ആവലാതികൾ മുഴുവനും
കേട്ടു, അതിൽ ന്യായമായൊരു വിധി കല്പിക്കുന്നതുവ
രെ, ഇവിടുത്തെതൃക്കണ്ണ് മറെറാരിടത്തേക്കും വിടരുതേ!
എന്നിട്ട് ന്യായംപോലെ ഒരു വിധി കല്പിക്കണേ!

തമ്പു:—നിൻെറ സങ്കടമെന്ത്? അത് പറയുക! ആർ നി
ന്നെ ഉപദ്രവിച്ചു? എങ്ങിനെ? അതെല്ലാം ചുരുക്കിപ
റക. എന്നോടു വേണമെന്നില്ല. ഇതാനിങ്ങളുടെ പാ
റനമ്പീശനുണ്ടല്ലോ. അദ്ദേഹം നിൻെറ സങ്കടമെല്ലാം
കേട്ട് ന്യായമായ വിധികല്പിക്കും. എല്ലാം അദ്ദേഹ
ത്തോടുണൎത്തിച്ചുകൊള്ളുക.

ഉണ്ണി:—ഹാ! മഹാനായ തമ്പുരാനെ! ഇവിടുന്ന് പൂച്ചയു
ടെവശം വെണ്ണ സൂക്ഷിക്കാൻകൊടുപ്പാൻകല്പിക്കരുതെ!
അടിയൻെറ സങ്കടം തിരുമേനിതന്നെ കേൾക്കേണമേ!
അടിയൻ പറയുന്നത്കേട്ട് ഇവിടേയ്ക്കു വിശ്വാസം
വരുന്നില്ലെങ്കിൽ, ഇവിടുന്നടിയനെ ശിക്ഷിച്ചേക്കാം.
അല്ലെങ്കിൽ അടിയൻെറ സങ്കടംതീൎത്ത് അതിൻെറ

പ്രതിക്രിയ ഇവിടുന്ന് ചെയ്യുമെന്നും അടിയന്നു തീൎച്ചയാണ്. ഇവിടുന്ന് ഇത് കേൾക്കണേ! തിരുമേനി! അടിയൻ പറയുന്നത് മുഴുവനും കേൾക്കണേ!

പാറനമ്പി:—തിരുമേനി! ഇവളുടെബുദ്ധിക്കു നല്ല സ്ഥിരമില്ലെന്നു തോന്നുന്നു. ഇതിനിടെ അവൾ രാജ്യനീതിക്കനുസരിച്ച് തലവീൾപ്പെട്ട അവളുടെ ഒരു ജ്യേഷ്ഠനെ വീണ്ടുകൊടുപ്പാനായി അടിയന്റെ അടുത്ത് ആവലാതിയുംകൊണ്ടു മുമ്പൊരിക്കൽ വന്നിട്ടുണ്ട്.

ഉണ്ണി:—രാജനീതിക്കനുസരിച്ച്! അല്ലേ!!

പാറ. ന:—അവൾ മഹാ ധിക്കാരത്തോടുകൂടിയും അസംബന്ധമായുമാണ് സംസാരിക്കുന്നത്.

ഉണ്ണി:—മഹാ അസംബന്ധമെന്നും അസംഭാവ്യമെന്നും തോന്നുമെങ്കിലും, എത്രയും പരമാൎത്ഥത്തോടെ മാത്രമേ അടിയൻ വിടകൊൾകയുള്ളൂ. തിരുമേനി! ഈ നമ്പീശൻ അസത്യവാദിയാണ്. ഇത് അസംബന്ധമായിതോന്നില്ലേ? നമ്പീശൻ ഒരു കൊലപാതികിയാണ്, ഇതും അസംബന്ധമല്ലേ? നമ്പീശൻ ഒരു കുടിലവ്യഭിചാരിയാണ്. ഇതും അസംബന്ധമല്ലേ? പോരാ! ഒരു പൂച്ചസ്സന്ന്യാസിയും, ഒരു കന്യയുടേ ചാരിത്രഭഞ്ജകനുമാണ്. ഇതൊക്കെയും അസംബന്ധ മയമല്ലയോ?

തമ്പു:—അല്ലെന്നോ! പത്തുപ്രാവശ്യം അസംബന്ധമെന്നുപറയണം.

ഉണ്ണി:—അദ്ദേഹം പാറനമ്പീശനാണെങ്കിൽ, ഇതെല്ലാം അസംബന്ധമായി തോന്നുംപോലെതന്നെ, അത് അത്രയും സത്യവുമാണ്. പോരാ. ഇതെല്ലാം പത്തുപ്രാവ-

ത്യം സത്യമാണ്. എന്നുമവസാനിക്കുന്നതുവരേയും സത്യം തന്നെയാണ്.

തമ്പു:—ഇവളെക്കൊണ്ടുപോകട്ടെ. പാവം സാധു! അവളിതൊക്കെ ബുദ്ധിക്ക് സ്ഥിരമില്ലാഞ്ഞ് പറകയാണ്.

ഉണ്ണി:—ഹാ, പൊന്നുതമ്പുരാനെ! ഇവിടുന്നു അവിടെക്കും അടിയന്നും നിഷേധിപ്പാൻ വയ്യാത്ത പരലോകത്തെ വിചാരിച്ചിട്ടെങ്കിലും, അടിയന്നു ഭ്രാന്തുപിടിച്ചു പറകയാണെന്നരുളിച്ചെയ്യാതെ, അടിയന്റെ ആക്ഷേപത്തെ തള്ളിക്കളയാതിരിപ്പാൻ അടിയനിവിടുത്തോടപേക്ഷിക്കുന്നു. അസാധാരണമാണെന്നു മാത്രം തോന്നിക്കുന്ന ഒന്നിനെ അസാദ്ധ്യമാണെന്നു സ്ഥാപിക്കരുതേ! ഈ ലോകത്തിലുള്ള ഒരു മഹാ ദുഷ്ടനായ കള്ളന്ന്, ഈ പാറനമ്പീശനെപ്പോലെ, ഇത്ര ഗൌരവമായും, നിർദ്ദോഷനായും, സത്യസന്ധനായും, ഇത്ര ദൃഢവ്രതനായും നടക്കാമെന്നുള്ളത് അസാദ്ധ്യമല്ല. അതുപോലെതന്നെ ഈ പാറനമ്പീശന്നും തന്റെ ഉടുപ്പിലും, നടപ്പിലും സ്ഥാനത്തിലും, ആകൃതിയിലും എല്ലാം സത്യസന്ധനെന്നു തോന്നിക്കുന്ന ഒരു ഭയങ്കര തസ്കരനാണ്. അവിടുത്തെ രാജബുദ്ധി ഇത് വിശ്വസിക്കണേ! അടിയൻ ഈ പറഞ്ഞതൊന്നും ആയാളുടെ ദുഷ്കർമ്മങ്ങൾക്ക് മതിയായിട്ടില്ല. അടിയന്നിനിയും ദുസ്സംജ്ഞകൾ അറിയാമായിരുന്നെങ്കിൽ, അവയൊക്കയും ഇയാൾക്ക് ചേർച്ചയാകുമായിരുന്നു!

തമ്പു:—നാം സത്യമായി പറയുന്നു—ഇവൾക്ക് ഭ്രാന്താണെങ്കിൽ—നാം മററു പ്രകാരത്തിലൊന്നും വിശ്വസിക്കുന്നില്ല—അവളുടെ ഭ്രാന്തിന്ന് നല്ല തന്റേടമുള്ളതാ

യി തോന്നുന്നു. ഒന്നിന്ന്മേലെ മറെറാന്നു. ഇങ്ങിനെ കാൎയ്യകാരണന്യായേന മാത്രമാണിവരാം യുക്തിവാദം ചെയ്യുന്നത്.

ഉണി.—ഹാ! ദയാലുവായ പൊന്നുതിരുമേനി! അങ്ങിന്റെ ആലോചിക്കരുതെ! ആക്ഷേപവക്താവിന്റെ അസമത്വത്തെക്കരുതി അവിടുന്ന് ആലോചനയെ തന്നെ തള്ളിക്കളയരുതെ! എന്നാൽ അവിടത്തെ തിരുമനസ്സ്, തിരുമുമ്പാകെ ഒളിച്ചിരിക്കുന്ന വാസ്തവത്തെ വെളിപ്പെടുത്തി, സത്യംനടിക്കുന്ന കൃത്രിമത്വത്തെക്കണ്ടുപിടിച്ചു വിധികല്പിക്കേണമേ? ഈ പുറം പകിട്ടുകണ്ടൊന്നും വിശ്വസിക്കരുതെ!

തമ്പു:—ബുദ്ധിക്ക് സ്ഥിരതയുള്ള പലരും ഇത്രയും യുക്തിയായി വാദപ്രതിവാദം ചെയ്യാറില്ല. നീ എന്താണ് പറയുന്നത്?

ഉണി:—അടിയൻ, വ്യഭിചാരദോഷത്തിന്നു പാറനമ്പീശനാൽ വധശിക്ഷക്ക് വിധിക്കപ്പെട്ട കൈതമനെ ഗോവിന്ദൻകുട്ടിയുടെ ഉടൽ പിറന്നവളാണ്. ഗുരുവായൂർ അമ്പലത്തിൽ ഭജിപ്പാൻ പുറപ്പെട്ടുപോയ അടിയന്റെ അടുത്തേക്ക് ജ്യേഷ്ഠൻ ആളെ അയച്ചു വിവരമറിയിച്ചു. അങ്ങിനെ അയച്ചത് അടിയങ്ങളുടെ അയൽവാസിയായ കേശവൻനായരെന്നൊരാളെയാണ്.

അടുത്തുണ്ടായിരുന്ന കേശവൻനായർ ഇത്രയുംകേട്ടപ്പോൾ ഇടയിൽ,

കേ. നാ.—അതടിയനായിരുന്നു തിരുമേനി! ഇവിടുന്ന് കല്പിച്ചനുവദിക്കുന്നപക്ഷം അടിയനറിവുള്ളതു ഉണൎത്തിക്കാം. അടിയനാണ് ഗോവിന്ദൻകുട്ടി പറഞ്ഞയച്ചു

ഇവളെ ചെന്നു കണ്ടത്. എന്നിട്ടടിയനാണ്, അപ്പോ ൾതന്നെ ഇവൾ നേരിട്ടു പോയി പാറനമ്പി യജമാന നോട്, അവളുടെ സാധുജ്യേഷ്ഠൻ ഗോവിന്ദൻകുട്ടിക്ക് വേണ്ടി മാപ്പിന്നപേക്ഷിപ്പാൻപറഞ്ഞത്.

ഉണി:—അതെ, തിരുമേനി; ഇയാൾ തന്നെയാണത്.

തമ്പു:—(കേശവൻനായരോട്) നിന്നോട് പറവാനാ വശ്യപ്പെട്ടിട്ടില്ലല്ലോ.

കേ. നാ:—ഇല്ല. തിരുമേനി അടിയൻ മിണ്ടാതിരിക്കേണ മെന്നും അരുളിച്ചെയ്തില്ല.

തമ്പു:—എന്നാൽ ഇപ്പോൾ അങ്ങിനെ പറയുന്നു. എന്നാ ൽ ഇത് ശ്രദ്ധവെച്ചോ. നിനക്ക് സ്വന്തമായൊരവ സരം വരുമ്പോഴേക്ക് വേണ്ടമട്ടിൽ സംസാരിപ്പാനുള്ള ശക്തിതരുവാൻ ദൈവത്തോട് പ്രാർത്ഥിച്ചുകൊൾക.

കേ. നാ:—കല്പനപോലെ.

തമ്പു:—ആ കല്പന നിനക്കു തരും. അതോൎമ്മ വെച്ചുകൊ ള്ളുക.

ഉണി:—ഇദ്ദേഹം അടിയൻെറ കഥ ചിലതെല്ലാം പ റഞ്ഞു.

കേ. നാ:—ശരി.

തമ്പു:—അതു ശരിയായിരിക്കാം. എന്നാൽ നീ നിൻെറ സമയം വരുന്നതിന്നു മുമ്പ് പറയുന്നത് തെററാണ്. (ഉണിച്ചിരിയോട്) ആട്ടെ നീ തുടൎന്നുകൊൾക.

ഉണി:—അടിയൻ ഈ ദുഷ്ടഘാതകൻെറ അട്ടത്തേക്കുവി ടകൊണ്ടു.

തമ്പു:—ഇത് എളുതാണ്ട് ഭ്രാന്തു പുലമ്പുകയാണ്.

ഉണ്ണി:—അടിയന്നു മാപ്പുതരണേ! അടിയൻെറ സംബോധന സംഭാഷണ വിഷയത്തിന്നു് ഫലപ്പിക്കേണ്ടതാണ്.

തമ്പു:—ആട്ടെ; വീണ്ടും തെററുതീർത്തു. വിഷയം കേൾക്കട്ടെ.

ഉണ്ണി:—അടിയൻ അനാവശ്യവർണ്ണനകളൊന്നും കൂടാതെ ചുരുക്കി പറകയാണെങ്കിൽ, എങ്ങിനെ അടിയൻ യാചിച്ചുവെന്നും, തൊഴുതപേക്ഷിച്ചുവെന്നും, നമസ്കരിച്ചുവെന്നും, അതിന്നെയെല്ലാം അദ്ദേഹം എങ്ങിനെ ഖണ്ഡിച്ചുനിഷേധിച്ചു വെന്നും, അപ്പോൾ അടിയൻ വീണ്ടും എന്തെല്ലാം മറുപടി പറഞ്ഞുവെന്നും മററുമുള്ളത്—അതൊക്കെ വർണ്ണിക്കയാണെങ്കിൽ വളരെയുണ്ട്—ഒന്നും തന്നെ തിരുമനസ്സറിയിക്കുന്നില്ല. ഒടുവിൽ അതിൻെറ നിന്ദ്യമായ കലാശം തിരുമനസ്സിലേക്ക് ഉണർത്തിക്കുവാൻ അടിയന്നു ഇപ്പോൾ വ്യസനവും ലജ്ജയും തോന്നുന്നു. അവസാനം അടിയൻെറ ജ്യേഷ്ഠനെ വിടുവാൻ, പുരുഷസ്പർശംചെയ്യിട്ടില്ലാത്ത അടിയൻെറ പരിശുദ്ധമേനി, ഇയാളുടെ മൃഗീയവികാരങ്ങൾക്ക് ബലികൊടുത്തല്ലാതെ, വേറെ യാതോരു നിവൃത്തിയുമില്ലെന്ന് ഇയാൾ ശഠിച്ചുപറഞ്ഞു. അധികനേരത്തെ വാദപ്രതിവാദത്തിന്നുശേഷം അടിയൻെറ സോദരസ്നേഹം, അടിയൻെറ ആത്മാഭിമാനത്തെ കെടുക്കയാൽ അടിയൻ ഒടുവിൽ ആയാൾക്ക് കീഴടങ്ങി. എന്നു തൽക്കാലം പറഞ്ഞാൽ മതിയല്ലോ. എന്നാൽ തൻെറ ആഗ്രഹം സാധിച്ചതിൻെറ പിറേറന്നു രാവിലെതന്നെ ഈ ദുഷ്ടൻ അടിയൻെറ സാധു ജ്യേഷ്ഠൻെറ തലകൊണ്ട് കാണിപ്പാനൊരു കല്പന കൊടുക്കയാണുണ്ടായത്.

തമ്പു:—ഇത് വളരെ യോജിപ്പിച്ചിരിക്കുന്നുവല്ലോ.!

ഉണ്ണി:—യോജിച്ചതുപോലെതന്നെ ഇത് പരമാർത്ഥവുമാണ് പൊന്നുതമ്പുരാനെ!

തമ്പു:—കഥയല്ലാത്ത പെണ്ണേ! ഒന്നുകിൽ, നീ എന്താണ് സംസാരിക്കുന്നത് എന്നുതന്നെ നിനക്ക് രൂപമില്ല. അല്ലാത്തപക്ഷം, നീ എന്തോ ദുർവ്വിചാരത്തോടുകൂടി കല്പിച്ചുകൂട്ടി, അദ്ദേഹത്തിൻെറ യശസ്സിന്മേൽ മാലിന്യം ചേർക്കയാണ്. ഒന്നാമത് അദ്ദേഹത്തിൻെറ ന്യായസ്ഥത യാതൊരു കളങ്കവുമില്ലാത്തതാണ്. പിന്നെയൊന്നാലോചിക്കയാണെങ്കിൽ, തനിക്കുതന്നെ വന്നുചേരാവുന്ന കുററങ്ങൾക്ക് ഇദ്ദേഹം ഇത്ര പ്രബലമായ ഒരു നടവടി നടത്തുമെന്നാലോചിപ്പാൻ യാതൊരു ന്യായവുമില്ല. അദ്ദേഹംതന്നെത്താൻ അങ്ങിനത്തെ അപരാധം ചെയ്തിട്ടുണ്ടായിരുന്നുവെങ്കിൽ, നിൻെറ സോദരനെയും തന്നെപ്പോലെ കരുതി വിട്ടയക്കയല്ലാതെ നിഗ്രഹിപ്പാൻ ആജ്ഞാപിക്കയില്ല. നിന്നെ ആരോ ദുരുപദേശംചെയ്തയച്ചിരിക്കയാണ്. സത്യം പറക. ആരുടെ ഉപദേശപ്രകാരമാണ് നീ ഈ ആവലാതിയുംകൊണ്ടുവന്നത്?

ഉണ്ണി:—ഹാ! ഇത്രമാത്രമോ? എന്നാൽ, ആകാശത്തിലുള്ള കമ്മസാക്ഷികളെ! എനിക്ക് ക്ഷമ തന്ന്, കാലക്രമത്തിൽ ഇപ്പോൾ രൂപവേഷാദികൾകൊണ്ട് മറയ്ക്കപ്പെട്ട ഈ പാപത്തെ വെളിപ്പെടുത്തി പരമാർത്ഥം അറിയിച്ചുകൊടുക്കേണമേ! ജഗദീശ്വരൻ അവിടുത്തെ ആപത്തിൽനിന്ന് രക്ഷിക്കട്ടെ. ഇപ്രകാരം ആ

പരാധം സഹിച്ച അടിയൻ അവിശ്വാസ്യയായിവി
ടകൊണ്ടുകൊള്ളാം.

തമ്പു:— നി സന്തോഷത്തോടുകൂടിപോകാനാഗ്രഹിക്കു
മെന്ന് നമുക്കറിയാം. ആരവിടെ? ഇവളെ കാരാഗ്രഹ
ത്തിൽ കൊണ്ടുപോയി വെക്കട്ടെ! നമുക്ക് ഇത്രയും അ
ടുത്ത അധികാരസ്ഥനായ ഇദ്ദേഹത്തിൻെറ പേരിൽ
ഇങ്ങിനെയുള്ള അപ്പവാദദ്വേഷമെല്ലാമാരോപിക്കുന്ന
തിന്നു നാമനുവദിക്കയോ? തീൎച്ചയായും ഇതൊരു ക
പടനയമായിരിക്കണം. നിൻെറ ഉദ്ദേശ്യവും ഇങ്ങോട്ടു
ള്ള ആഗമനവും അറിഞ്ഞവരാരാണ്?

ഉണ്ണി:—അദ്ദേഹം ഇവിടേയുണ്ടെങ്കിൽ എത്ര നന്നായി
രുന്നു! ആ ആത്മാരാമസന്ന്യാസി!.

തമ്പു:—ആത്മാരാമനല്ല. അത് ഒരു വികൃതിസ്സന്ന്യാസി
യായിരിക്കണം. ആൎക്കറിയാം ആ ആത്മാരാമനെ.

കേ. നാ:—തിരുമേനി! ആയാളെ അടിയന്നറിയാം. ആ
യാൾ ഒരു കുസൃതിക്കാരൻ സന്ന്യാസിയാണ്. അടി
യനായാളെ കണ്ടുകൂടാ. ആയാളങ്ങിനത്തെ ഒരു
ഭിക്ഷു വേഷമല്ലാതെ, ഒരു സാധാരണക്കാരനായിരുന്നു
വെങ്കിൽ, തിരുമേനി, ഇവിടുന്ന് എഴുന്നെള്ളിയ കാല
ത്ത് ഇവിടുത്തേക്കെതിരായി ആയാൾ പറഞ്ഞ ചില
വാക്കുകൾക്കു, അടിയൻ ആയാളെ കഴുത്തിൽപിടി
ച്ച്കൊന്നിരുന്നു.

തമ്പു:—എനിക്കെതിരായ വാക്കുകളും! ഈയാൾ നല്ലൊ
രു സന്ന്യാസിയാണല്ലൊ! അതും യോജിപ്പുണ്ട്! എന്നി
ട്ട് ഈ സ്ത്രീയെ നമ്മുടെ പ്രതിനിധിക്കെതിരായി ഇ

ങ്ങോട്ടയക്കയും ചെയ്യുന്നു ! ആരവിടെ? ആ സന്ന്യാസിയെപോയിതിരഞ്ഞുപിടിക്കട്ടെ.

കേ. നാ:—ഇന്നലെ രാത്രിതന്നെ, തിരുമേനി! ഇവളെയും ആ സന്ന്യാസിയേയും അടിയൻ, കാരാഗൃഹവീഥിയിൽ കാണുകയുണ്ടായി. ഒരു കലഹപ്രിയനായ സന്ന്യാസിയാണയാൾ. ഒരുമഹാ കുണ്ടാമണ്ടിക്കാരൻ !

ഈ സംഭാഷണം കേട്ടുകൊണ്ടുനിന്നിരുന്ന കീഴ്ശാന്തിക്കാരൻ,

നമ്പൂതിരി:—മഹാരാജാവിന്നു മംഗളംഭവിക്കട്ടെ. ഞാൻഇവിടെ അരികെ നില്ക്കുന്നുണ്ടായിരുന്നു. ഇതുവരെയും മഹാരാജാവിൻെറ ചെവിയെ ദൂഷിപ്പിക്കുന്നത്കേട്ടു. ഒന്നാമത് ഈ സ്ത്രീ പരമാബദ്ധമായി അവിടുത്തെ പ്രതിനിധിയെ ദൂഷ്യാരോപണംചെയ്തു. ഭൂമിയിൽ ജനിക്കാത്ത വല്ലവരുടേയുമുണ്ടെങ്കിലേ, ഇദ്ദേഹത്തിൻെറ സ്പർശനമാകട്ടെ, ആക്രമമാകട്ടെ അവറ്റക്കു ഏററിട്ടുള്ളു.

തമ്പു:—നാമും അതിൽ ഒരുതരിമ്പും വിശ്വസിച്ചിട്ടില്ല. ഇവൾ പറയുന്ന ആ ആത്മാരാമസന്ന്യാസിയെ നമ്പൂതിരി അറിയുമോ?

നമ്പൂ:—അദ്ദേഹം ഒരു പുണ്യാത്മാവും പരിശുദ്ധനുമാണെന്ന് എനിക്കറിയാം. ഈയാൾ ഇവിടെ ഉണർത്തിച്ചപോലെ അദ്ദേഹം ഒരു കലഹപ്രിയനോ, അനാവശ്യകാൎയ്യങ്ങളിൽ തലയിടുന്നവനോ അല്ല. ഈയാളിവിടെ സാക്ഷിപ്പെടുത്തിയപോലെ, ഇവിടുത്തെപ്പററിയാതൊരു അപഖ്യാതിയും ആ സന്ന്യാസിവൎയ്യൻ ഇതുവരെ ഒരിക്കലും പറഞ്ഞിട്ടില്ലെന്നും എനിക്ക് ഉറപ്പുണ്ട്.

കേ. നാ.—പൊന്നുതമ്പുരാനെ! മഹാരാജദ്രോഹമായി പ്രസ്താവിച്ചിട്ടുണ്ട്. ഇവിടുന്ന് അടിയനുണർത്തിക്കുന്ന ത് വിശ്വസിക്കണേ!

നമ്പൂ:—ആട്ടെ. അതിന്നദ്ദേഹം തന്നെ തന്റെ നിരപരാധത്വം സമർത്ഥിപ്പാൻതക്കവണ്ണം തിരുമുമ്പാകെ എത്തിയേക്കാം. എന്നാൽ, ഈ സമയത്ത് അദ്ദേഹം എന്തോ ഒരസാധാരണജ്വരം ബാധിക്കയാൽ സുഖക്കേടിലാണ്. അദ്ദേഹത്തിന്റെ ഒരപേക്ഷപ്രകാരം, പാറപരമേശ്വരൻനമ്പിശന്റെ മേൽതന്നെ തീർച്ചയായും ചില ആക്ഷേപങ്ങൾ ഉണ്ടെന്നകേൾക്കയാൽ, അദ്ദേഹത്തിന്നറിയാവുന്നസത്യാസത്യങ്ങളെ തിരുമുമ്പാകെ അദ്ദേഹമെന്നപോലെ മൊഴികൊടുപ്പാനാണ് ഞാനിവിടെവന്നത്. ഞാനീപറയുന്ന അദ്ദേഹത്തിന്റെ മൊഴികൾ, അദ്ദേഹംവരുവാൻ സധിക്കുമ്പോൾ നേരിട്ട്ചോദിച്ച് വഴിപോലെ സത്യബോധപ്പെടുത്താവുന്നവയുമാണ്. ഒന്നാമത് ഈ മാന്യനായ മഹാനെ ഇത്രയും നിന്ദ്യമായി കുററാരോപണംചെയ്ത് പഴിച്ചതിന്ന്, അദ്ദേഹത്തെ സാധൂകരിപ്പാൻ വന്നിരിക്കുന്നവളാണിവൾ. അവളുടെ മുമ്പിൽവെച്ചുതന്നെ (മാധവിയെ ചൂണ്ടി) ഇവൾ, അവൾപറഞ്ഞതിനെ ഖണ്ഡിപ്പാനാണെത്തിയിരിക്കുന്നത്. എന്നുപറഞ്ഞ്മാധവിയെമുമ്പോട്ടുനയിച്ചു.

തമ്പു:—ആട്ടെ. നമ്പൂതിരി. അവൾക്ക് പറവാനുള്ളതെന്തെന്ന് ആദ്യംനമുക്ക് കേൾക്കു.

ഇതിനിടയിൽ രാജകീയഭടന്മാർ ഉണ്ണിച്ചിരിക്കുട്ടിയെ തിരുമുമ്പിൽ നിന്നുംകൊണ്ടുപോയിരിക്കുന്നു.

തമ്പു:—(പാറനമ്പിയെനോക്കി) ഇതൊക്കെ കാണുമ്പോൾ നിനക്ക് ചിരിവരുന്നില്ലേ പരമേശ്വരാ! ഹാ! ദൈവമെ, ഈവക വിഡ്ഢിപ്പാപികളുടെ നാട്യങ്ങൾ എത്ര കേമം! നമുക്കിവിടെ ഇരിക്കാം.

ഇപ്രകാരമരുളിച്ചെയ്തു് തമ്പുരാൻ തനിക്കിരിപ്പാനൊരുക്കി വിതാനിച്ചിട്ടുള്ള മണിപ്പന്തലിലെ മണ്ഡപത്തറമേൽ കയറിയിരുന്നു.

തമ്പു:—വരു. പരമേശ്വരാ. ഇതിൽ ഞാൻ നിഷ്പക്ഷനില കൈക്കൊള്ളാം. നിന്നെസ്സംബന്ധിച്ച ഈ കാൎയ്യത്തിൽ നീ തന്നെ ന്യായാധിപനായിക്കൊള്ളുക. ഇവളാണോ സാക്ഷി? നമ്പൂതിരി! ഒന്നാമതായി നാമവളുടെ മുഖമൊന്നുകാണട്ടെ. എന്നിട്ടുവാം സംസാരിക്കട്ടെ.

മാധവി:—(താൻ മുഖം മറച്ചിരുന്ന മൂടുപടമെടുക്കാതെ) തിരുമേനി അടിയന്നുമാപ്പുതരണേ. അടിയന്റെഭൎത്താവ് കല്പിക്കുന്നതുവരെ അടിയൻ മുഖം കാണിക്കയില്ല.

തമ്പു:—എന്ത് നീ വിവാഹിതയാണൊ?

മാധ:—അല്ല, തിരുമേനി!

തമ്പു:—നീ ഒരു കന്യയാണോ?

മാധവി:—അല്ല, തമ്പുരാനെ.

തമ്പു:—എന്നാൽ ഒരു വിധവയൊ?

മാധവി:—അതുമല്ല, പൊന്നുതിരുമേനി!

തമ്പു:—എന്ത്, എന്നാൽ നീ ആരുമല്ല കന്യയും വിധവയും ഭാൎയ്യയും ഒന്നുമല്ലെന്നോ?

കേ. നാ:—(പതുക്കെ) തിരുമേനി, എന്നാൽ ഇവളൊരുവ്യഭിചാരിണിയായിരിക്കാം. അങ്ങിനത്തവരിൽ പലരും ഒരു കന്യയും വിധവയും ഭാൎയ്യയുമൊന്നുമായിരിക്കയില്ല.

തമ്പു:—അവൻ മിണ്ടാതിരിക്കട്ടെ! അവന് സ്വയം പുലമ്പുവാൻ ഒരവസരം കൊടുപ്പാൻ നാം വഴിയാലോചിക്കുന്നുണ്ട്.

കേ. നാ:—തിരുമനസ്സിലെ കല്പനപോലെ.

മാധവി:—തിരുമേനി, അടിയന്റെ വിവാഹം കഴിഞ്ഞിട്ടില്ലെന്നു അടിയൻ സമ്മതിക്കുന്നു അതിന്നും പുറമേ അടിയൻ കന്യകയല്ലെന്നും സമ്മതിക്കാം. അടിയന്റെ ഭർത്താവിനെ അടിയൻ ഭർത്തൃഭാവത്തിൽ അറിഞ്ഞിട്ടുണ്ട്. എന്നാൽ അടിയന്റെ ഭർത്താവ് അടിയനെ അങ്ങിനെ എപ്പോഴെങ്കിലും അറിഞ്ഞിട്ടുണ്ടോ എന്ന് അദ്ദേഹത്തിന്നറികയില്ല.

കേ. നാ:—ആയാൾ വല്ലമദ്യമോമറൊ സേവിച്ചിട്ടുണ്ടായിരിക്കുമ്പോഴാം. അങ്ങിനെയായിരിപ്പാനേ വഴിയുള്ളൂ. എന്നാലൊന്നുമറികയില്ലല്ലൊ.

തമ്പു:—മിണ്ടാതിരിപ്പാൻ വേണ്ടിയെങ്കിലും നിയ്യും അങ്ങിനെയായാൽ എത്രനന്നായിരുന്നു!

കേ. നാ:—എറാൻ, തിരുമേനി.

തമ്പു:—ഇവൾ പാറപരമേശ്വരന്റെ സാക്ഷിയല്ല.

മാധ:—അടിയനത് വിടകൊൾവാൻവരുന്നു. തിരുമേനി ഇദ്ദേഹത്തിന്റെ മേൽ വ്യഭിചാരദോഷമാരോപിച്ചവൾ അതേവിധത്തിൽ തന്നെ, ആ സമയത്ത്, പരിപുഷ്ടപ്രണയവശയായി പരിരംഭണംചെയ്യുന്ന അടിയന്റെ ബാഹുക്കൾക്കിടയിലുണ്ടായിരുന്നുവെന്ന് അടിയൻ ശപഥം ചെയ്യുന്ന അടിയന്റെ ഭർത്താവിനെ വൃഥാനിന്ദനം ചെയ്യുകയാണ്.

പാ. ന:—ഇവൾ എന്നെക്കൂടാതെ വേറെ ചിലരേയും ആക്ഷേപിക്കുന്നുവോ?

മാധ:—ഞാൻ വേറെയാരെയും അറികയില്ല. തമ്പുരാനെ!

തമ്പു:—ഇല്ല! നീ പറഞ്ഞുകേട്ട നിന്റെ ഭർത്താവെന്ന്.

മാധ:—തിരുമേനി, പറഞ്ഞതു ശരിതന്നെ. അദ്ദേഹം അടിയന്റെ ദേഹസ്പർശമുണ്ടായിട്ടില്ലെന്നും, അപ്പോൾ ഉണിച്ചിരിക്കുട്ടിയുമായി സമ്മേളിച്ചുവെന്നും കരുതുന്ന ഈ പാറനമ്പീശനാണ്.

പാ. ന:—ഇതൊരസാധാരണശകാരമാണ്. നീ ഏതാണ്? ഞങ്ങൾ നിന്റെ മുഖമൊന്നു കാണട്ടെ.

"ഇപ്പോൾ എന്റെ ഭർത്താവ് എന്നോടാജ്ഞാപിച്ചു. ഇനി ഞാൻ പടമെടുക്കാം." എന്നും പറഞ്ഞ് തലമൂടിയിട്ടിരുന്ന വസ്ത്രം മാററി, മാധവി മുഖം എല്ലാവക്കും കാണുമാറ് പ്രത്യക്ഷമാക്കി. അതിന്നുശേഷം പാറനമ്പിയോട്,

മാധ:—ഹാ, കഠിനനായ നമ്പീശാ! ഇത് ഒരുകാലം അങ്ങേക്ക് കാണ്മാൻ കൌതുകമുണ്ടായിരുന്നുവെന്ന് ശപഥം ചെയ്ത ആ നിർഭാഗ്യമുഖം തന്നെയാണ്. ഇത് ഒരുകാലത്ത് ഒരു വാഗ്ദാനത്തോടെ അങ്ങയുടെ പാണിയിൽ അർപ്പിക്കപ്പെട്ട ആ ഭാഗ്യഹീനയായ കൈതന്നെയാണ്. ഇത് ഉണിച്ചിരിക്കുട്ടിയെ ചാരിത്ര്യവതിയാക്കിത്തീക്കുമാറ് അങ്ങയുടെ ഉദ്യാനഗൃഹത്തിൽ വെച്ച് അവളെന്ന സങ്കല്പത്തോടെ, അങ്ങ് പരിതൃപ്തമാംവണ്ണം ആസ്വദിച്ച ഭാഗ്യം കെട്ടദേഹവുമാണ്.

തമ്പു:—(നമ്പിയോട്) ഈ സ്ത്രീയെ നിനക്കറിയാമോ?

ഇടയിൽ കടന്നു,

കേ. നാ:—സമ്പക്കമുണ്ടായെന്നു അവൾ പറയുന്നു. സൂക്ഷിച്ചുപറയണം.

തമ്പു:—ഇതാ, നീ ഇനി ശബ്ദിക്കരുത്.

കേ. നാ:—ഏറാൻ. ഇല്ല തിരുമേനി.

പാ. ന:—തിരുമേനി, അടിയന് ഈ സ്ത്രീയെ അറിയാമെന്നു സമ്മതിക്കേണ്ടിവരുന്നു. ഏതാണ്ട് മൂന്നു നാല് കൊല്ലംമുമ്പു ചിലവിവാഹാലോചനനടക്കയുമുണ്ടായിട്ടുണ്ടു. പക്ഷേ, പിന്നീടതു് തീരെ വേണ്ടെന്നു വെക്കയുമുണ്ടായി. എന്തെന്നാൽ, അടിയന് കുറെ ധനസഹായം ചെയ്യാമെന്ന് പറഞ്ഞിരുന്ന തലശ്ശേരിന്നവർ പണിക്കരും മരിച്ചു. പിന്നെ ഒന്നുംതരാനാളുമില്ല. കിട്ടാൻവഴിയുമില്ല. അതിലും പ്രധാനമായി ഇവളുടെ നടപടിയൊക്കെ മഹാ അവമാനകരമായിട്ടാണെന്നു ദുഷ്കീർത്തിയും പരന്നിരുന്നു. ഈ കഴിഞ്ഞ മൂന്നുകൊല്ലത്തിന്നുള്ളിൽ, അടിയൻ ഇവളോട് സംസാരിക്കയാവട്ടെ, ഇവളെ കാണുകയാവട്ടെ, അവരം എന്തെങ്കിലും പറഞ്ഞു കേൾക്കയാകട്ടെ, ഉണ്ടായിട്ടില്ലെന്ന് അടിയനിതാ അടിയന്റെ ആത്മാഭിമാനത്തെ സാക്ഷിയാക്കി ശപഥം ചെയ്യുന്നു.

മാധ:—മഹാൻഭാവനായ തമ്പുരാനെ, വെളിച്ചം സൂർയ്യന്റേയും, ചൂട് അഗ്നിയുടേയും, വാക്ക് അർത്ഥത്തിന്റേയും, സത്യം പരമാത്മാവിന്റേയുമെന്നപോലെ അടിയൻ ഇദ്ദേഹത്തിന്റെ സഹധർമ്മിണിയാക്കി വാഗ്ദാനം ചെയ്യപ്പെട്ടവളാണ്. പൊന്നുതമ്പുരാനെ, ഈ കഴിഞ്ഞ ചൊവ്വാഴ്ച-മിനിഞ്ഞാന്ന് രാത്രി, ഇദ്ദേഹത്തിന്റെ ഉദ്യാനഗൃഹത്തിൽവെച്ച് അടിയനെ ഇദ്ദേഹം പത്നീഭാവേന പ്രാപിക്കയുംചെയ്തു. ഇതെല്ലാം സത്യമാണെങ്കി

ൽ മാത്രം അടിയൻ തൃപ്പാദസന്നിധിയിൽ നിന്നു എഴു ന്നേററാൽ മതി. അല്ലെങ്കിൽ ഇവിടെ വെച്ചുതന്നെ അ ടിയൻ എന്നെന്നേക്കും ഒരു ശിലാരൂപമായി മാറിക്കൊ ള്ളട്ടെ!

പാ. ന:—ഇതുവരെയും അടിയന്നു് ചിരിവന്നിരുന്നതേ യുള്ളൂ. ഇപ്പോൾ അടിയന് നീതിപരിപാലനത്തിനു ള്ള അധികാരം തരണം. ഇവിടെ അടിയന്റെ ക്ഷമ യും നശിച്ചിരിക്കുന്നു. ഈ ചേട്ടപെണ്ണുങ്ങൾ, അടിയ ന്നെതിരായി പ്രവർത്തിക്കുന്നമറേറതോ ഒരു പ്രബലശ ക്തിയാൽ, അടിയന്റെ നേക്ക് തൊടുക്കപ്പെട്ട അസ്ത്ര ങ്ങൾതന്നെയായിരിക്കണം. ഈ കള്ളികളെല്ലാം വെ ളിച്ചത്താകുവാനുള്ള അധികാരം തിരുമേനി അടിയ ന് കല്പിച്ചുതരണം.

തമ്പു:—തീർച്ചയായും. ഹൃദയപൂർവ്വം നാമങ്ങിനെ ചെയ്യു ന്നു. അവക്ക് നിന്റെ ഇഷ്ടം പോലെയുള്ള കഠിനശി ക്ഷ കൊടുത്തു വിടുകയും വേണം. ഛേ, കഥയില്ലാത്ത നമ്പൂതിരി! ഛേ, ആ ചോയ സ്ത്രീയോടുകൂടി ഒത്തുയോ ജിച്ച് പുറപ്പെട്ട ദുർവൃത്തയായസ്ത്രീ! നിങ്ങൾ വിചാരി ക്കുന്നുവോ, നിങ്ങൾ രണ്ടുപേരും സ്വർഗ്ഗത്തിലുള്ള സ കല ദേവന്മാരെയും പിടിച്ച് ആണയിട്ടാലും, അവ രാ ജാധികാരമേല്പിച്ച് രാജ്യം ഭരിച്ചിരുന്ന ഇദ്ദേഹത്തി ന്റെ യോഗ്യതക്കും, മാഹാത്മ്യത്തിന്നും എതിരായ തെളിവുകളാകുമെന്ന്? ഛേ, മങ്ങാടൻ! താനും നമ്മു ടെ പരമേശ്വരനോടൊന്നിച്ചിരുന്ന് ഇവനെ, ഈ അപവാദത്തിന്റെ മൂലം, അതെവിടുന്ന് പുറപ്പെട്ടു

വെന്ന്, കണ്ടുപിടിപ്പാൻ സഹായിക്കും. ഇവരെ ഇങ്ങോട്ടു പോരാൻ പ്രേരിപ്പിച്ച ഒരു സന്ന്യാസിയുണ്ടത്രെ. ആയാളെയും കൂട്ടിക്കൊണ്ടുവരട്ടെ.

നമ്പൂ:—അദ്ദേഹം ഇവിടെയുണ്ടായാൽ എത്ര നന്നായിരുന്നു! അതേ, അദ്ദേഹംതന്നെയാണീ സങ്കടക്കാരികളായ സ്ത്രീകളെ രാജസമക്ഷത്തിലേക്കയച്ചത്. അദ്ദേഹമെവിടെ താമസിക്കുന്നുവെന്ന് ഇവിടുത്തെ കൊത്തുവാൾക്കറിവുള്ളതിനാൽ ആയാൾക്കു അദ്ദേഹത്തെ കൊണ്ടുവരാൻ കഴിയും.

"എന്നാൽ പോയി ക്ഷണം കൂട്ടിക്കൊണ്ടുവാ" എന്നു പറഞ്ഞു കൊത്തുവാളെ അയച്ചു. ആയാൾ പോയഉടൻ,

തമ്പുരാൻ "ഇനി, സദ്വൃത്തനും എന്റെ പ്രതിനിധിയുമായ പരമേശ്വര, നീ തന്നെ നല്ലവണ്ണമാലോചിച്ചു നിന്നെ ബാധിച്ച ഈ അപവാദങ്ങളുടെ ഉത്ഭവം കണ്ടുപിടിച്ചു നിനക്ക് തോന്നുംവിധത്തിൽ ന്യായമായ ശിക്ഷ അപരാധികൾക്ക് വിധിച്ചുകൊള്ളുക. നാം അപ്പോഴക്കും അമ്പലത്തിൽ പോയി ഗുരുവായൂരപ്പനെ ഒന്നുകൂടി തൊഴുത് മടങ്ങിയെത്തിക്കൊള്ളാം. നിങ്ങൾ ഈ അപവാദവക്താക്കളുടെകാര്യം തീർച്ചയാക്കിയല്ലാതെ ഈ കൂടിയവരാരുംതന്നെ ഇവിടെനിന്നു അനങ്ങരുത്" എന്നും കല്പിച്ചു. "അത് അടിയങ്ങൾ തീർച്ചപ്പെടുത്തിക്കൊള്ളാം." എന്ന് മന്ത്രാടന്റെ മറുവടിയും കേട്ട്, പരിജനങ്ങളെയെല്ലാം വിട്ട് കാൽനടയായി തമ്പുരാൻ നേരെ ക്ഷേത്രത്തിലേക്കു എഴുന്നള്ളി. അതിന്നുശേഷം,

മന്ത്രാ:—ഹേ കേശവൻനായരെ, താൻ പറഞ്ഞില്ലേ, ആ

ത്മാരാമനെന്ന സന്ന്യാസി ഒരു അസത്ത്യവാനാണെന്ന് തനിക്കറിയാമെന്ന് ?

കേ. നാ:—ആയാളുടെ സത്ത്യം വേഷത്തിലേ ഉള്ളു. ആയാൾ തമ്പുരാനെക്കുറിച്ചുതന്നെ വളരെ നിന്ദ്യവാക്കുകളെല്ലാം പറകയുമുണ്ടായിട്ടുണ്ട്.

മഞ്ജ:—ആയാളിവിടെ വരുമ്പോഴേക്ക്, ഈ വക തെളിവുകളെല്ലാം ആയാളുടെമുമ്പിൽവെച്ചുതന്നെ ആയാൾക്കെതിരായിതരുവാനായി, താനായാൾ വരുന്നതുവരെ ഇവിടെനില്ക്കണം. നമുക്കും ഈ സന്ന്യാസിയെ വളരെ സൂക്ഷിക്കണം.

കേ. നാ:—ഞാനെവിടെ എപ്പോൾ വേണമെങ്കിലും തെളിവുകൊടുപ്പാൻ തയ്യാറാണ്.

മഞ്ജ:—ആ ഉണിച്ചിരിക്കുട്ടിയെ ഒന്നുകൂടി ഇങ്ങോട്ടുകൊണ്ടുവരട്ടെ. എനിക്കവളോട് നേരിട്ട്ചിലത് സംസാരിപ്പാനാണ്. (എന്നുപറഞ്ഞപ്പോഴക്ക് ഒരു പരിചാരകൻ പോയ്ക്കളഞ്ഞു.) „പിന്നെ, അങ്ങ് അവളോട് പലതെല്ലാം നേരിട്ട്ചോദിപ്പാനെനിക്കനുവാദംതരണം. എന്നിട്ട്ഞാനവളോട' എങ്ങിനെപെരുമാറുന്നുവെന്ന സൂക്ഷിച്ചുകൊള്ളു”വെന്ന് നമ്പിയോടും അനുവാദം ചോദിച്ചു. അതിന്ന് അദ്ദേഹം തലയാട്ടി.

ഇതിനിടയിൽ കേശവൻനായർ „അവൾപറഞ്ഞപോലെത്തന്നെ, മററാളെക്കാളും നന്നായി പെരുമാറുമെന്ന്തോന്നുന്നില്ല.” എന്നു തന്നെത്താൻ മന്ത്രിച്ചു.

പുറമേ കോൾക്കായ്കയാൽ,

മഞ്ജ:—എന്താ താൻ പറയുന്നത്?

16 MAR 19
MADRAS

കേ. നാ:— ഇവിടുന്ന് അവളെ രഹസ്യമായി വിളിച്ചു ചോദിച്ചാൽ, അവൾ വാസ്തവമൊക്കെ എളുപ്പത്തിൽ പറയുമെന്നാണ് ഞാൻ വിചാരിക്കുന്നത്. ഒരുസമയം പരസ്യമായിചോദിച്ചാൽ അവൾ ലജ്ജിച്ചുവെന്നും വരുന്നക്കാം.

മങ്ങാ:— ഞാനാരുമില്ലാത്തിടത്തേക്ക് അവളെവിളിച്ചു കൊണ്ടുപോകാം.

കേ. നാ:— അങ്ങിനെതന്നെയാണ് വേണ്ടത്. പെൺകിടാങ്ങളോട് പെരുമാറുമ്പോൾ മററാരുമുണ്ടാകാതിരിക്കയാണുത്തമം.

ഇങ്ങിനെ ഇവർതമ്മിൽ സംസാരിക്കുന്നതിന്നിടയിൽ ഉണിച്ചിരിക്കുട്ടിയെകൊണ്ടുവരുവാൻപോയ രാജപരിചാരകൻ, അവളെ കാരാഗൃഹത്തിൽവെപ്പാനായുണ്ടായ രാജശാസനാനുസാരം നേരെ രാജധാനിയിലേക്ക് പുറപ്പെട്ടുപോയിരുന്ന ഭടന്മാരെ തിരക്കികണ്ടെത്തി, മന്ത്രിയുടെ കല്പനപ്രകാരം അവരെവീണ്ടും മടക്കിക്കൊണ്ട് വിചാരണാസ്ഥലത്തെത്തി. ഉണിച്ചിരിക്കുട്ടിയെക്കണ്ടഉടൻ,

മങ്ങാ:— വരു. പെൺകിടാവെ, ഇതാ ഈ നില്ക്കുന്ന സ്ത്രീ നീ പറഞ്ഞത് മുഴുവൻ നിഷേധിക്കുന്നു. അതിന്നു നീ എന്തുത്തരംപറയുന്നു?

എന്നുചോദിച്ചപ്പോഴെക്കും, കേശവൻനായർ ക്ഷമ പൊറുക്കാതെ, „ഇതാവരുന്നു യജമാനനേ, ഞാൻപറഞ്ഞ കള്ളൻ" എന്നു നിലവിളിച്ച് ചാടിനേത്തത് നമ്മുടെ ആത്മാരാമസന്ന്യാസിയുടെനേക്കായിരുന്നു. കൂടെ കൊത്തുവാളുമുണ്ടായിരുന്നു

---

# അദ്ധ്യായം XVIII.

തന്റെ മന്ത്രിയുടെപേരിൽ അടിസ്ഥാനരഹിതമായ കുററങ്ങൾ ആരോപിക്കുന്നതിനാൽ, അത്തരം അപവാദകൎത്താക്കളെ യഥേഷ്ടം ശിക്ഷിക്കുന്നതിന്നുള്ള അനുജ്ഞയും അധികാരവും, പ്രതിയായ പാറനമ്പിക്ക് അദ്ദേഹത്തിന്റെ അപേക്ഷാനുസാരം നല്കി, തല്ക്കാലം ക്ഷേത്രത്തിലേക്കാണെന്നുപറഞ്ഞെഴുന്നള്ളിയ മാനവിക്രമനൃപവരൻ, ക്ഷേത്രത്തിൽപോയി, ക്ഷണം തീൎത്ഥവും പ്രസാദവും വാങ്ങിയതിൽപിന്നെ, മേൽശാന്തിയുടെ വസതിയിലേക്കാണ് ഏകാകിയായിപോയത്. അവിടെചെന്ന് തന്റെ സ്വകാൎയ്യമുറിയിൽപോയി, തന്നെകാത്തിരിക്കുന്ന കൊത്തുവാളുടെ കയ്യിൽതാൻ അപ്പോൾ അണിഞ്ഞിരുന്ന രാജകീയവസ്ത്രങ്ങളെല്ലാംകൊടുത്തു, താൻ മുമ്പുധരിച്ചിരുന്ന തൃതീയാശ്രമിയുടെ കാഷായവസ്ത്രരുദ്രാക്ഷമാല്യാദ്യലങ്കാരങ്ങളും, കൃത്രിമജടയും താടിയുമെല്ലാം ധരിച്ച്, മുഖമാകെ ഭസ്മവും പൂശി, അപ്പോൾതന്നെ നേരിട്ടുകണ്ട് പരിചയിച്ചിട്ടുള്ള കൊത്തുവാൾക്കുടി അസ്ഥാളിക്കത്തക്ക വേഷപ്പകൎച്ചയും സ്വരമാററവും വരുത്തി, ക്ഷണത്തിൽ അവിടെനിന്നും പുറപ്പെട്ടാണ് വിചാരണസ്ഥലത്തെത്തിയത്.

ആത്മാരാമസന്ന്യാസി അടുത്തെത്തിയ ഉടൻ വീണ്ടും അദ്ദേഹത്തെ ഭൎത്സിച്ചുകൊണ്ട് കേശവൻനായർ ഓരോന്ന് പുലമ്പുന്നതു കേൾക്കയാൽ ആയാളെ തടഞ്ഞു,

മങ്ങാടൻ:— നാംതന്നെ വിളിക്കുന്നതുവരെ താൻ അദ്ദേഹത്തോടൊന്നും സംസാരിക്കരുത്. അപ്പുറത്ത് പോ

യിനിൽക്കൂ. (സന്ന്യാസിയോട്) അങ്ങ് എത്തിയത് നല്ലസമയത്തായി. അടുത്തുവരൂ. അങ്ങയിൽ നിന്ന് ചിലതെല്ലാം അറിയേണ്ടതുണ്ട്. അങ്ങ് ഈ സ്ത്രീകളെ നമ്മുടെ രാജപ്രതിനിധിയായ പാറനമ്പി യജമാനനിൽ അപവാദം പരത്തുവാനായി പ്രേരിപ്പിക്കയുണ്ടായോ? അങ്ങ് അപ്രകാരം ചെയ്തിരിക്കുന്നുവെന്ന് അവർ പറയുന്നുണ്ട്.

നമ്മുടെ സന്ന്യാസിവേഷധാരിയായ തമ്പുരാൻ, തന്നെ ഒരു പ്രകാരത്തിലും തിരിച്ചറിവാൻ വഹിയാത്ത സ്വരമാററവും രൂപഗോപനവും ചെയ്തുകൊണ്ട് "അത്രു ശ്രുദ്ധകളവാണ്"

മങ്ങാ:—എന്ത്? അങ്ങയ്ക്ക് ഈ സ്ഥലമേതാണെന്നറിയാമല്ലൊ,

സന്ന്യാ:—ഈ മഹാസ്ഥാനത്തിനെ ഞാനാദരിക്കുന്നു. ചിലപ്പോൾ മഹാ പാപികളും തങ്ങളുടെ സിംഹാസന മാഹാത്മ്യംകൊണ്ട് വന്ദിക്കപ്പെട്ടുമാറുണ്ട്! രാജാവെവിടെ? നാം പറയുന്നത് അദ്ദേഹം കേൾക്കണം.

മങ്ങാ:—രാജാധികാരം ഇപ്പോൾ ഞങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. അതിനാൽ അങ്ങേക്ക് പറവാനുള്ളത് ഞങ്ങൾക്ക് കേൾക്കണം. എല്ലാം സത്യമായി പറയണം.

സന്ന്യാ:—ധൈര്യത്തോടെയെങ്കിലും പറയാം. (സ്ത്രീകളെ നോക്കി) ഹാ, സാധുക്കളെ! നിങ്ങൾ ആട്ടിൻകുട്ടിയെ തേടിയിട്ടാണോ ഇവിടെ കുറുനരിയുടെ വായിൽ എത്തിയത്? തമ്പുരാൻ പോയ്പ്പോയൊ? എന്നാൽ നിങ്ങളുടെ കാര്യവും പോയി. തമ്പുരാൻ നിങ്ങളുടെ വെളി

ഖിലായ ഈ പുനരാക്ഷേപത്തിന്ന് തീപ്പ് കല്പിക്കാതെ, ഇങ്ങിനെ നിങ്ങറം ആരേ ആക്ഷേപിക്കാൻ വന്നുവോ ആ ദുഷ്ടൻെറ വായിലേക്കുതന്നെ രണ്ടാമതും വിചാരണക്കു നിങ്ങളെ ഏല്പിച്ചയച്ചത് ഒരിക്കലും ന്യായമായില്ല.

കേ. നാ:— ഇവൻ തന്നെയാണാ കള്ളൻ. ഞാൻ മുമ്പെ പറഞ്ഞതിവൻ തന്നെയാണ്.

മങ്ങാ:— എന്താണിത്? എടോ കപടസ്സന്യാസി! താൻ ഈ സ്ത്രീകളെ പറഞ്ഞിളക്കി കള്ളസ്സത്യം ചെയ്യിച്ച് ഈ മാന്യൻെറ പേരിലില്ലാത്ത അപവാദങ്ങളെല്ലാം സൃഷ്ടിച്ച് ആക്ഷേപം കൊടുപ്പിച്ചതും പോരാതെ, അദ്ദേഹത്തിൻെറ മുമ്പിൽവെച്ചുതന്നെ ദുഷ്ടനെന്നു നിലവിളിച്ച് ശകാരിക്കയും ചെയ്യുന്നുവോ? എന്നിട്ടും തൃപ്തിവരാതെ, തിരുമനസ്സിലെത്തന്നെയും അന്യായം പ്രവൎത്തിക്കുന്നവനെന്നു ഭൎത്സിക്കയോ! ആരവിടെ? ഇവനെക്കൊണ്ടുപോകിൻ! എന്നിട്ടിവനെ ഭേദ്യം ചെയ്യുവിൻ! ഇവനെ അംഗം പ്രതി ചതക്കണം. വരട്ടെ. നമുക്ക് ഇവൻെറ ഉദ്ദേശ്യമെന്തെന്നറിക. എന്തേ പറഞ്ഞത് "ന്യായമായില്ലെന്നോ?"

സന്യാ:— ഇത്രകോപിക്കരുതെ! തമ്പുരാൻ, തൻെറ അവയവങ്ങളെ ചതച്ചുവെന്നു വരികയല്ലാതെ അത്രപോലും നമ്മുടെ ഒരു വിരൽ തൊടുകയില്ല. നാം അവിടുത്തെ ഒരു പ്രജയോ നാട്ടുകാരനോ അല്ല. നമ്മുടെ ഈ രാജ്യത്തുള്ള കൃത്യം, നമ്മെ ഒരു സന്ദൎശകനാക്കിത്തീൎത്തിരിക്കുന്നു. ഇവിടെ എല്ലാം പലവിധം അകൃത്യ

ങ്ങളും അധമ്മങ്ങളും അഴിമതികളും കൊണ്ട് രാജ്യമാകെ കലങ്ങിമറിഞ്ഞിരിക്കുന്നും ഈ രാജ്യത്ത് എല്ലാവിധം അകൃത്യങ്ങൾക്കമുള്ള പ്രബലങ്ങളായ നീതിമുറകളെഴുതിയ ഗ്രന്ഥവരികളെല്ലാം, അപരാധങ്ങൾ പ്രഭുക്കന്മാരാൽകൂടി അഭിനന്ദിക്കപ്പെട്ടും സഹായിക്കപ്പെട്ടുംവരികയാൽ, ക്ഷുരകനാൽ ഛേദിക്കപ്പെട്ട കൃതാക്കൾപോലെ, അത്ര അനാദരണീയമായും ഉപയോഗശൂന്യമായും പരിഹാസ്യമായും കാണപ്പെടുന്നും.

മങ്ങാ:—രാജനീതിക്കും അപവാദമോ? ഇവനെ ഉടൻ കൊണ്ടുപോയി കാരാഗൃഹത്തിൽ പാർപ്പിക്കണം.

പാ. ന:—മങ്ങാട്ടച്ചൻ! ഇവന്നെതിരായാരാണ് സാക്ഷിയുള്ളത്? (കേശവൻനായരെ നോക്കി) താൻപറഞ്ഞ ആൾ ഈയാൾ തന്നെയോ?

കേ. നാ:—അവൻ ഇവൻതന്നെയാണെജമാനനെ! (സന്യാസിയോട്) എടോ താടിക്കാരാ! ചങ്ങാതി ഇങ്ങോട്ടുവരൂ. തനിക്കെന്നെയറിയാമോ?

സന്യാ:—തൻെറ സ്വരംകൊണ്ട് നമുക്ക് തന്നെ ഓമ്മയുണ്ട്. തമ്പുരാനില്ലാത്തകാലത്ത് നാം കാരാഗൃഹവീഥിയിൽവെച്ച തന്നെക്കണ്ടിട്ടുണ്ട്?

കേ. നാ:—അങ്ങിനെയുണ്ടോ? അതുപോലെതന്നെ താൻ തമ്പുരാനെക്കുറിച്ചെന്തു പറഞ്ഞുവെന്നുംഓമ്മയുണ്ടോ.

സന്യാ:—(ആലോചിച്ച്) ഓക്കുന്നുണ്ട്.

കേ. നാ:—അതുവ്വോ? താൻ അന്ന് എന്നോട് പറഞ്ഞമട്ടിൽ, തമ്പുരാൻ ഒരു മാംസളുക്കാ, വഷളനും, ഭീരുവും മാറുമാണോ?

സന്ന്യാ:—താൻ നമ്മുടെ വാക്കായി പ്രഖ്യാപനം ചെയ്യുന്നതിന്ന് മുമ്പിൽ, നാം തമ്മിൽ ഒരു ആൾമാററം ചെയ്യേണ്ടതായിരുന്നു! താനങ്ങിനെയും, അതിലപ്പുറവും, അതിലും വഷളായും അവിടുത്തെക്കുറിച്ച് പറഞ്ഞുവെന്നത് വാസ്തവമാണ്.

കേ. നാ:—എട! നമശ്ശിവായക്കള്ളാ! എന്നിട്ട് അങ്ങിനെ പറഞ്ഞപ്പോൾ തന്നെ ഞാൻ ചിറിക്ക് ഒരു ചൊട്ടു ചൊട്ടിയതോർമ്മയില്ലേ?

സന്ന്യാ:—നാം നമ്മെയെന്നപോലെ തന്റെ തമ്പുരാനെയും സ്നേഹിക്കുന്നുണ്ടെന്ന് വാദിക്കുന്നു.

പാ. നാ:—ഇത് കേൾക്കു! ഈ പരമവഞ്ചകൻ, ഇക്കണ്ട രാജദ്രോഹകരമായ ശകാരങ്ങളൊക്കെക്കഴിച്ച് ഇപ്പോൾ, സൂത്രത്തിലെങ്ങിനെ കലാശിപ്പിക്കാൻ ശ്രമിക്കുന്നുവെന്ന് നോക്കുക!

മങ്ങാ:—ഇങ്ങിനെയൊരുവനെ സംസാരിപ്പാൻ തന്നെ അനുവദിക്കരുത്. ഇവനെ കൊണ്ടുപോയി ബന്ധനത്തിലിടട്ടെ. കൊത്തുവാളെവിടെ? ഇവനെക്കൊണ്ടുപോയി ബന്ധനത്തിലിട്ടു! എന്നിട്ട് ആ തുറുങ്കിനകത്ത് കിടന്നെല്ലുനുറുങ്ങട്ടെ. അവന്റെ ഇനിയൊരു ശബ്ദം കേൾക്കരുത്. ആ കഥയില്ലാത്ത പെണ്ണുങ്ങളേയും, അവരുടെ വിശ്വസ്തനായ ഉപദേഷ്ടാവിനേയും ഇവിടുന്ന് ആട്ടിപ്പായിക്കണം.

അപ്പോഴക്കും കല്പനയാദരിപ്പാൻ പുറപ്പെട്ട കൊത്തുവാളോട് ഉച്ചസ്വരത്തിൽ,

സന്ന്യാ:—നില്ക്കുവിടെ! വരട്ടെ. നില്ക്കു!

പാം ന:—എന്ത്. ഇവനെതിക്കുന്നുവോ? കേശവൻ നായരേ, കൊത്തുവാളെ സഹായിക്കു!

കേം നാ:—(അടുത്തണഞ്ഞ്) ഇങ്ങോട്ടു വാ! വരു. ഇവിടെ വാ! എന്താണിത്! എടാതാടിക്കാരൻഅറമുറിക്കള്ളാ ! നിൻെറ കാവിവസ്ത്രവും രുദ്രാക്ഷമാലയും ഇതൊക്കെ പറിച്ച് തീയിട്ടു ചുടണം. ഇങ്ങുവാ! നിൻെറ വെള്ളീററുകുറികളും ജടയുമെല്ലാം ഞാൻ കാണിച്ചുതരാം.

എന്നും പറഞ്ഞടുത്തണഞ്ഞ് പൊത്തും പിടിയും തുടങ്ങി. "നാടകം. പോകില്ലെന്നോ?" എന്നും പറഞ്ഞ് ഉന്തിത്തള്ളിയപ്പോഴക്കം അതാ ആ കൃത്രിമജടകളും, താടിയും, കാവിവസ്ത്രങ്ങളും നീങ്ങി! സർവ്വക്കം അത്ഭുതമാം വിധത്തിൽ മാനവിക്രമ സാമൂതിരിത്തമ്പുരാൻ തന്നെ തൻെറ രാജകീയ വേഷത്തിൽ പ്രത്യക്ഷനാകുന്നു!

തമ്പു:—നിയാണ് ഒരു രാജാവിനെ സൃഷ്ടിച്ച ഒന്നാമത്തെക്കള്ളൻ! കൊത്തുവാറ! ഒന്നാമതായി ഈ മൂന്നുപേരെയും വിടുക. അവക്ക് നാം തന്നെ ജാമ്യമാണ്. (കേശവൻ നായരോട്) നീ പോകരുത്. നിൻെറ സന്ന്യാസിക്കും നിനക്കും കൂടി രണ്ടുവാക്ക് സംസാരിക്കേണ്ടതുണ്ട്.

കേം നാ.—അത് തലവിശലിലും കവിഞ്ഞശിക്ഷ എന്തോ ആയിരിക്കും. എന്നു പറഞ്ഞു ഭയത്തോടെ കൈ മാറിൽ വെച്ചു.

തമ്പു:—(മങ്ങാട്ടച്ചനോട്) താൻ പറഞ്ഞതെല്ലാം നാം ക്ഷമിച്ചിരിക്കുന്നു. തൻെറസ്ഥാനത്തിനി നാമിരിക്കട്ടെ. (പാറനമ്പിയോട്) ഹേ! പ്രഭോ! അങ്ങയുടെ അനുവാ

ദത്തോടുകൂടി ഞാനൊന്നു ചോദിക്കട്ടെ. ഇനിയും ഈ സ്ഥാനത്തിരുന്ന് അങ്ങക്ക് കൃത്യനിർവ്വഹണം ചെയ്യാൻ തക്ക വാക്കോ, ബുദ്ധിയോ, അഥവാ, ധിക്കാരമോ തോന്നുന്നുണ്ടോ? അങ്ങിനെ തോന്നുന്നുണ്ടെങ്കിൽ നാം പറയുന്നത് മുഴുവനും കേൾക്കുന്നത് വരെ, അവിടെത്തന്നെ ഇരുന്നുകൊൾക. അതുവരെ താഴെ ഇറങ്ങേണ്ട.

സന്ന്യാസിയുടെ വേഷമഴിച്ചപ്പോൾ തമ്പുരാനെ അറിഞ്ഞഉടൻതന്നെ, ഇടിവെട്ടിയ മരംപോലെ നിശ്ചേഷ്ടനായ പാറനമ്പി, എന്തുചെയ്യേണ്ടുവെന്നറിയാതെ പരുങ്ങിത്തുടങ്ങി. അവസാനം സസംഭ്രമം എഴുന്നേററ് തമ്പുരാനോടായി,

പാ. ന:—അയ്യോ ഭീതിദനായ തമ്പുരാനെ! അടിയൻ ചെയ്ത അപരാധങ്ങളെക്കാളൊക്കയും വലുതായിട്ടുള്ളത്, അടിയൻെറ യാതൊരു കൃത്യങ്ങളും, ദൈവികശക്തിപോലെ അടിയൻെറ അകൃത്യങ്ങളെയെല്ലാം സൂക്ഷ്മമാനം ചെയ്തിരുന്ന തിരുമേനി അറിയില്ലെന്ന മൂഢബുദ്ധികൊണ്ട് അസ്ഡാളിച്ചതാണ്. അതിനാൽ ദയാലുവായ അവിടുന്ന്, അടിയൻെറ ലജ്ജാവഹമായ അപകൃത്യങ്ങളെ ഇനി വിചാരണചെയ്ത് വെളിവിലിടാതെ, അടിയൻെറ സർവ്വാപരാധസമ്മതത്തെ മാത്രം രേഖപ്പെടുത്തി, പൊടുന്നനവെഉള്ള വിധിയും, അതിനെ തുടന്ന് അതിവേഗത്തിൽ നടത്തുന്ന മരണദണ്ഡവും നല്കി, ഈ വിചാരണ അവസാനിപ്പിപ്പാൻ കരുണയുണ്ടാകേണമെന്നു മാത്രമാണ്, അടിയന്ന് തിരുമേനിയോട് യാചിപ്പാനുള്ളത്. അതിൽ കവിഞ്ഞോ,

അതിൽ കുറഞ്ഞോ യാതൊന്നുംതന്നെ അടിയൻ അ ത്ഥിക്കുന്നില്ല.

തമ്പു:—ഇവിടെ വാ, മാധവി! (നമ്പിയോട്) നീ ഈ സ്ത്രീയുമായി വിവാഹത്തിന്നുടമ്പടി ചെയ്യുകയുണ്ടായിട്ടുണ്ടൊ എന്നു പറ.

പാ. ന:—എറാൻ. തിരുമേനി, അടിയനങ്ങിനെ വാഗ്ദാനം ചെയ്തിട്ടുണ്ട്.

തമ്പു:—അതിനാൽ ആ ക്രിയ ഈ ക്ഷേത്രസന്നിധിയിൽവെച്ചുതന്നേ—ഭഗവൽസമക്ഷത്തിൽ സത്യമായി—ഇപ്പോൾത്തന്നെ നടത്തുക. നമ്പൂതിരിപോയി തീൎത്ഥവും പ്രസാദവും കൊടുത്ത് ഇവരെക്കൊണ്ടൊരു വിവാഹശപഥംചെയ്യിച്ചുവരു. നമ്മുടെ ആജ്ഞയാണ്. എന്നിട്ടിവിടെ ഇവരെ മടക്കിക്കൊണ്ടുവരു. കൊത്തുവാൾ ഇവൻെറകൂടെപോകട്ടെ.

തൽക്ഷണം അവർ നാലുപേരും നേരെ ക്ഷേത്രത്തിലേക്കുപോയി.

മഞ്ജാ:—തിരുമേനി! ഇതിൻെറ അസാധാരണത്വത്തേക്കാൾ, ഈ അവമാനത്തിലാണ് അടിയൻ അധികം അത്ഭുതപ്പെടുന്നത്.

തമ്പു:—ഇങ്ങുവാ. ഇട്ടിച്ചിരുതേവി! നിൻെറ സന്യാസി ഇപ്പോൾ നിൻെറ രാജാവായിരിക്കുന്നു. അപ്പോൾ നാം നിൻെറകാൎയ്യം പ്രസിദ്ധീകരിക്കയും നിന്നെ പരിപാവനയാക്കി സഹായിക്കയും ചെയ്യുമട്ടിൽതന്നെ, നാം വേഷംപോലെ ഹൃദയത്തെ ഏതും മാററാതെ, ഇപ്പോഴും നീ ഏല്പിച്ചപ്രകാരം നിൻെറ കാൎയ്യാൎത്ഥമായിത്തന്നേയാണ് ഇവിടേയും വന്നിരിക്കുന്നത്.

ഉണ്ണി:—പൊന്നുതിരുമേനി! അടിയനെ മാപ്പുതന്നു രക്ഷി ക്കേണമേ! ഇവിടുത്തെ ഒരു പ്രജയായ അടിയൻ അ റിയാതെ ഇവിടുത്തെ തൃച്ചേവടികളെ അടിയൻെറ കാൎയ്യാൎത്ഥമായി വിനിയോഗിക്കയും ക്ലേശിപ്പിക്കയും ചെയ്തുപോയി!

തമ്പു:—നിനക്ക് മാപ്പുതന്നിരിക്കുന്നു ഉണ്ണിച്ചിരിക്കുട്ടി! അതിനാൽ പ്രിയകന്യേ! ഇപ്പോഴും നീ നമ്മോട് മു മ്പേത്തെപ്പോലെതന്നെ സ്വാതന്ത്ര്യമായി പെരുമാറി ക്കൊൾക. നിൻെറസോദരൻെറ മരണം ഇപ്പോഴും നിൻെറ ഹൃദയത്തിലുണ്ടെന്ന് നമുക്കറിയാം. അവ ൻെറ ജീവനെ രക്ഷിപ്പാൻ മനഃപൂൎവ്വം അദ്ധ്വാനിച്ചി രുന്ന നാം, അപ്പോൾത്തന്നെ നമ്മുടെ പ്രച്ഛന്നരാജ്യ ശക്തിയെ കാണിച്ച് രക്ഷിക്കാതെ, അവനെ അപ്ര കാരംമരിപ്പാൻ വിട്ട് എന്തിനായിക്കൊണ്ടിങ്ങിനെ ഒളി വിൽ പാൎത്തിരുന്നുവെന്നും നീ അത്ഭുതപ്പെടുന്നുണ്ടാ യിരിക്കാം. ഹാ! കാരുണ്യവതിയായ കന്യേ! അവ ൻെറ മരണംനിമിത്തമുണ്ടായ ദ്രുതചിന്തയാണ്—പ ക്ഷേ ആ ആലോചന അല്പം വൈകിമാത്രമേ നമ്മുടെ ബുദ്ധിയിൽ പ്രവേശിച്ചുള്ളൂ—നമ്മുടെ ഉദ്ദേശ്യങ്ങളെ രൂപവൽകരിച്ചത്. എന്നാൽ അവന്ന് നിത്യശാന്തി യുണ്ടാകട്ടെ. മരണഭയംവേറിട്ട ജീവിതമാണ്, ഭയപ്പെ ട്ടുകൊണ്ട് കഴിയുന്ന ജീവിതത്തേക്കാൾ ഉത്തമമായിട്ടു ള്ളത്, എന്ന് നീ സമാധാനിച്ചുകൊള്ളുക. അതിനാ ൽ നിൻെറജ്യേഷ്ഠൻ ഭാഗ്യവാനായി!

ഉണ്ണി:—അടിയൻ അങ്ങിനെ സമാധാനിച്ചുകൊള്ളാം തിരുമേനി!

ഇങ്ങിനെ അല്പനേരം കഴിഞ്ഞപ്പോഴക്ക് ക്ഷേത്രത്തിൽപോയി ഭഗവദ്ദർശനംചെയ്ത് തീർത്ഥവുംപ്രസാദവും വാങ്ങി ബ്രാഹ്മണക്ക് ദക്ഷിണയുംനൽകി ഭഗവത്സന്നിധിയിൽവെച്ച് ആചാര്യോപദേശപ്രകാരം ദമ്പതിമാരായിക്കഴിഞ്ഞവരോ, ദമ്പതിമാരാകാൻ വാഗ്ദാനംചെയ്തവരോ ആയ പാറനമ്പിയും മാധവിക്കുട്ടിയും, കീഴ്ശാന്തിക്കാരൻ നമ്പൂതിരി, കൊത്തുവാൾ ഇവരൊന്നിച്ച്, തിരുമുമ്പിലെത്തി. പാറനമ്പിയെ കണ്ട ഉടൻ,

തമ്പു:—ഇനി പുതുതായി വിവാഹം കഴിഞ്ഞ് ഈ വരുന്ന വരൻ, സങ്കല്പംകൊണ്ടുമാത്രമാണെങ്കിലും, നിൻെറ അഭിമാനത്തിന്ന് ഭംഗംവരുത്തിയ അപരാധം, മാധവിക്കുട്ടിക്കുവേണ്ടി ഉണിച്ചിരിക്കുട്ടി ക്ഷമിക്കണം. എന്നാൽ അവൻ നിൻെറജ്യേഷ്ഠനെ നിഗ്രഹിപ്പാൻ വിധിച്ചതിനാൽ, പരിപാവനമായ ചാരിത്രത്തിൻെറ ഭഞ്ജനവും, വാഗ്ദാനലംഘനവും ഇങ്ങിനെ രണ്ടുമഹാപരാധങ്ങൾ, നിൻെറ ജ്യേഷ്ഠൻെറജീവിതത്തെ അപേക്ഷിച്ച്, ഇവൻ തന്നെ ചെയ്തിരിക്കയാൽ, രാജനീതിയുടെ കാരുണ്യംപോലും, സർവ്വക്കും കേൾക്കാവുന്ന തരത്തിൽ അവൻെറ ന്യായമായഭാഷയിൽത്തന്നെ ഇതാ ഘോഷിക്കുന്നു:—“ഗോവിന്ദൻകുട്ടിക്ക് ഒരുപരമേശ്വരൻ; മരണശിക്ഷക്ക് മരണശിക്ഷ” എന്ന്. വേഗതക്കുപകരം വേഗതതന്നെ; സാവധാനത്തിന്ന്സാവധാനവും; കൊടുത്തത്കിട്ടും. അങ്ങോട്ടുപോയവഴിതന്നെ ഇങ്ങോട്ടുമുള്ളത്. അതിനാൽ ഇനി ഒന്നുംതന്നെ സംശയിപ്പാനില്ല. പരമേശ്വരാ, നിൻെറ അപരാധം വെളിപ്പെട്ടിരിക്കുന്നു. ഇനി നീ അതില്ലെന്നു

നിഷേധിച്ചിട്ട് യാതൊരു ഫലവുമില്ല. അതിനാൽ നാം നിന്നെ ഗോവിന്ദക്കുട്ടിയെ നിഗ്രഹിച്ച ആ വാറംകൊണ്ടു തന്നെ, അതേ സ്ഥലത്തുവെച്ച് അത്രയും വേഗത്തിൽത്തന്നെ നിഗ്രഹിപ്പാനായി വിധികല്പിക്കുന്നു. ആരവിടെ ഇവനെ വേഗം കൊണ്ടുപോ!

മാധ:—അടിയൻെറ കരുണാനിധിയായ പൊന്നുതമ്പുരാനെ! അവിടുന്ന് അടിയന്ന് ഒരു ഭത്താവിനെത്തരാമെന്നിങ്ങിനെ "ആശകാട്ടി" പരിഹസിക്കരുതെ!

തമ്പു:—നിൻെറ ഭത്താവാണ് നിന്നെആശകാട്ടി പരിഹസിച്ചത്! നിൻെറ ആത്മാഭിമാനസംരക്ഷണത്തെ ആലോചിച്ച് ഞാൻ, നിങ്ങറം വിവാഹംചെയ്യുന്നതായിരിക്കും ഉചിതം എന്നുവിചാരിച്ചു. അല്ലെങ്കിൽ അവൻ കന്യയായനിന്നെ പ്രാപിച്ചതിനാൽ സിദ്ധിച്ച പരപുരുഷസ്പശദോഷം നിനക്ക് ഭാവിയിൽവരുവാനുള്ള ഭാഗ്യത്തിന്ന് വിഘ്നമായിത്തീരുന്നതാണ്. അപരാധകിയുടെ സ്വത്തു മുഴുവനും പണ്ടാരംവകയ്ക്കായി കണ്ടുകെട്ടുന്നതാകയാൽ, നമ്മുടേതായെങ്കിലും, അവ വിധവയായ നിനക്ക് ഇവനേക്കാറം നല്ല ഒരു രണ്ടാംവരനുണ്ടാകുവാനുള്ള സ്ത്രീധനമായുപയോഗിക്കുമാറാകുവാൻ, നാം ദത്തംചെയ്യുന്നു.

മാധ.—അടിയൻെറ പ്രിയപ്പെട്ട പൊന്നുതമ്പുരാനെ! അടിയൻ വേറെ യാതൊന്നും,—ഇതിലും നന്നായഒരു ഭത്താവിനെയും—ഒന്നുംതന്നേ അപേക്ഷിക്കുന്നില്ല.

തമ്പു:—അവനെ അപേക്ഷിക്കാതെ!—അതിൽ നാം ഉറച്ചുകഴിഞ്ഞു.

മാധവി "തിരുമനസ്സിലെ കാരുണ്യമുണ്ടായി"—എന്നു പറഞ്ഞ് കാല്ക്കൽവീണു നമസ്കരിക്കുന്നു.

തമ്പു:—നി വൃഥാ അദ്ധ്വാനിക്കമാത്രം ചെയ്യുന്നു. ആരവിടെ? അവനെ വേഗംകൊണ്ടുപോയിനിഗ്രഹിക്കട്ടെ. (കേശവൻനായരോട്) ഇനി ഇവൻെറ കാൎയ്യമാകട്ടെ.

മാധ:—(തൃപ്പാദത്തിൽ കിടന്നുരുണ്ടുകൊണ്ട്) അരുതേ തിരുമേനി! ഉണിച്ചിരിക്കുട്ടി! എൻെറ ഭാഗമൊന്നു കനിഞ്ഞപേക്ഷിക്കണേ. നീയും തമ്പുരാൻെറ കാല്ക്കൽവീഴു. ഇപ്പോൾ ഇതിൽമാത്രം എന്നെ സഹായിച്ചാൽ ഞാനുള്ളകാലവും ഞാനും എൻെറ സൎവ്വസ്വവും നിനക്കടിമപ്പെടുന്നതാണ്. ഒന്നവിടുത്തോടുണൎത്തിക്കൂ.

തമ്പു:—നീ യാതൊരുകഥയുമില്ലാതെ, ഒന്നും ആലോചിക്കാതെയാണവളോടിങ്ങിനെ യാചിക്കുന്നത്. ഈ സംഗതിയിൽ അവൾ ദയകൊണ്ടെങ്ങാനും വീണ് യാചിക്കുന്നതായാൽ, അവളുടെ ജ്യേഷ്ഠൻെറ പ്രേതം ശ്മശാനത്തിൽനിന്ന് ഓടിവന്ന് അവളെ ഭയപ്പെടുത്തി ഇവിടുന്നോടിക്കും.

മാധവി:—എൻെറ ഉണിച്ചിരിക്കുട്ടിയല്ലയോ! വരൂ. നീ എൻെറ അടുത്ത് വീണുനമസ്കരിച്ചാൽ മതി. നീ തൊഴുകയ്യായി നിന്നുകൊൾക. ഒന്നും പറയേണ്ട. ഞാൻ എല്ലാം പറഞ്ഞുകൊള്ളാം. വാല്മീകി മുതലായ മഹാന്മാർപോലും ആദ്യകാലങ്ങളിൽ ഓരോ ദുൎവൃത്തികൾ ചെയ്ത് പിന്നീട് നന്നായവരാണെന്ന് അഭിജ്ഞന്മാർ പറഞ്ഞുകേട്ടിട്ടുണ്ട്. ആദ്യം അവർചെയ്ത പാപത്തിന്ന് തക്കവണ്ണം പിന്നീടവർ അത്രമേൽ ഉൽകൃഷ്ടരായിത്തീ

ന്നിട്ടുമുണ്ട്. അതുപോലെതന്നെ എന്റെ ഭർത്താവും ഇനി നന്നാകാം. ഹാ ഉണ്ണിച്ചിരികുട്ടി! നീ എനിക്കുവേണ്ടി തമ്പുരാന്റെ കാല്ക്കൽ വീഴില്ലേ?

തമ്പു:—ഗോവിന്ദൻകുട്ടി മരിച്ചതിന്നാണവനിപ്പോൾ മരിക്കുന്നത്.

ഉണ്ണി:—മഹാശയനായ പൊന്നുതമ്പുരാനെ! (എന്നു പറഞ്ഞ് നമസ്കരിച്ച്) അവിടുന്ന് കല്പിച്ചു കനിയുമെങ്കിൽ ഈ വധശിക്ഷ വിധിക്കപ്പെട്ട മനുഷ്യനേ അടിയന്റെ സോദരൻ ജീവിച്ചിരുന്നെങ്കിൽ ആയാളെ ഏതുവിധം ഇവിടുന്ന് കരുതുമോ അപ്രകാരം തൃക്കൺ പാക്കാൻദയവുണ്ടാകേണമേ! എന്നു മാത്രമല്ല, ഇദ്ദേഹം അടിയനിൽ ദുർദൃഷ്ടി പതിപ്പിച്ചവരെക്കും, ഇദ്ദേഹത്തിന്റെ പ്രവൃത്തികളിലെല്ലാം തന്നെയും, ഒരുസത്യസന്ധത വ്യഞ്ജിച്ചിരുന്നുവെന്നടിയന്ന് തോന്നുന്നുണ്ട്. അടിയന്റെ ജ്യേഷ്ഠൻ, താൻ പ്രവത്തിച്ച കുററത്തിന്ന് നീത്യനുസാരമുള്ള ശിക്ഷയനുഭവിക്കമാത്രമേയുണ്ടായിട്ടുള്ളു. എന്നാൽ പാറനമ്പീശനോ,—അദ്ദേഹത്തിന്റെ ദുരുദ്ദേശ്യാനുസാരമുള്ള പ്രവൃത്തിനടന്നിട്ടില്ലല്ലോ. അതിനാൽ അതു മാർഗ്ഗമദ്ധ്യേനശിച്ച ഒരു ദുരുദ്ദേശ്യമായിത്തന്നെ കുഴിച്ചുമൂടേണ്ടതാണ്. മാനസിക പ്രവൃത്തികൾ ദൈഹികകർമ്മങ്ങളാകയില്ലല്ലോ. ഉദ്ദേശ്യങ്ങളോ വെറും ആലോചനകൾമാത്രം!

മാധ:—അത്രതന്നെയേ ഉള്ളൂ തമ്പുരാനേ!

തമ്പു:—നിങ്ങളുടെ അപേക്ഷകൊണ്ട് യാതൊരു ഫലവുമില്ല. നമ്മുടെ കല്പനകേട്ട് എഴുനീററ് നില്പിൻ!

ഇനിയും ഞാൻ മറെറാരുകുററം ഓൎത്തിരുന്നു. കൊത്തുവാൾ, എന്തുകൊണ്ടാണ് ഗോവിന്ദൻകുട്ടിയെ ഒരു അസാധാരണസമയത്ത് നിഗ്രഹിച്ചത്?

കൊത്തു:—അങ്ങിനെ ചെയ്യാനായിരുന്നു കല്പന. തിരുമേനി!

തമ്പു:—നിനക്കതിന്ന് ഒരു പ്രത്യേക തീട്ടൂരം ഉണ്ടായിരുന്നുവോ?

കൊത്തു:—ഇല്ല, തിരുമേനി! അത് സ്വകാൎയ്യദൂത് വഴിക്കാണ്.

തമ്പു:—അതിനാൽ നാം നിന്നെ പ്രവൃത്തിയിൽ നിന്ന് പിരിക്കുന്നു. നിൻെറ താക്കോൽ ഒക്കെ ഒഴിഞ്ഞുകൊടുക്ക്.

കൊത്തു:—അടിയന്ന് മാപ്പുതരേണമേ തിരുമേനി. അതൊരു കുററമാണെന്നടിയന്ന അപ്പോൾ തോന്നിയെങ്കിലും, അടിയന്നുറപ്പുണ്ടായില്ല. അടിയൻ അതിന്ന് പശ്ചാത്തപിക്കയും ചെയ്തു. അതിൽ പിന്നെ വേറെ ഒരു മഹാൻമായാലോചിച്ചപ്പോൾ, സ്വകാൎയ്യദൌത്യം കൊണ്ട് നിഗ്രഹിച്ചുകൂടെന്നറിവാകയാൽ, അടിയൻ ഇതുപോലെ തന്നെ വധിപ്പാൻ കല്പിച്ച മറെറാരുപുള്ളിയെ ജീവനോടെ രക്ഷിച്ചിട്ടുമുണ്ട്.

തമ്പു:—അതാരാണത്?

കൊത്തു:—അവൻെറ പേർ കോരപ്പനെന്നാണ്.

തമ്പു:—നീ ഗോവിന്ദൻകുട്ടിയെ ഇങ്ങിനെ ചെയ്തിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു! ആട്ടെ; അവനെക്കൊണ്ടുവാ. നാമവനെ ഒന്നു കാണട്ടെ.

ഈ കല്പനപ്രകാരം കൊത്തുവാൾ പോയി.

മങ്ങാ:—(പാറനമ്പിയെ നോക്കി) അങ്ങയെപ്പോലെ ഇത്ര ജ്ഞാനവും പഠിപ്പുമുണ്ടെന്നു ബോദ്ധ്യപ്പെട്ടിട്ടുള്ള ഒരാ ാം, ഇങ്ങിനെ താല്ക്കാലികക്ഷോഭത്തിനാൽ ധർമ്മപഥ ത്തിൽനിന്ന് വഴുതുകയും പിന്നീട്, അതേ അപരാധ ത്തിന്ന് തന്റെ മറെറാരു സഹജീവിക്ക് ക്രൂരതരമാം വിധത്തിലുള്ള വിധികല്പിക്കയും ചെയ്തതിൽ ഞാൻ വ ളരെ വ്യസനിക്കുന്നു.

പാ. ന:—അങ്ങയെപ്പോലുള്ള വക്കിപ്രകാരം വ്യസനിപ്പാ ൻ ഹേതുഭൂതനായിത്തീർന്നതിൽ ഞാനും വ്യസനിക്കുന്നു. എന്റെ പശ്ചാത്താപപ്പെടുന്ന ഹൃദയത്തെ ഈ ചിന്ത വല്ലാതെ കുത്തിത്തുളക്കയാൽ, ഞാൻ അവിടുത്തെ ദ യയെക്കാററം കാംക്ഷിക്കുന്നത് മരണത്തെയാണ്. അ തു ഞാനർഹിക്കയും, അതിന്നായി ഞാൻ പ്രാത്ഥിക്ക യും ചെയ്യുന്നു.

അവർ തമ്മിലിങ്ങിനെ അല്പനേരം സംഭാഷണം ചെ യ്തു കഴിഞ്ഞപ്പോഴേക്ക് കോരപ്പനെന്നവനേയും, തലയോ ടുകൂടി മുഖവും മൂടിക്കൊണ്ട് ഗോപാലൻകുട്ടിയേയും, ഗ ർഭിണിയായ കുഞ്ഞിലക്ഷ്മിയേയും, കൊണ്ട് കൊത്തുവാ ററം രാജസന്നിധിയിലെത്തി.

തമ്പു;—ഏതാണിതിൽ കോരപ്പൻ?

കൊത്തു:—"ഇവനാണ്, തിരുമേനി" എന്ന് ചൂണ്ടി ക്കാട്ടി.

തമ്പു:—ഇവനെക്കുറിച്ച് നമ്മോട് ഒരു സന്ന്യാസി പറക യുണ്ടായി. കോരപ്പാ, നിനക്ക് പാപിഷ്ടമായ ഒരാത്മാ വുണ്ടെന്നും, നീ ഇജ്ജന്മത്തുതന്നെ നിന്റെ പൂർവ്വദുഷ്ക ർമ്മങ്ങൾക്ക് പ്രായശ്ചിത്തമായി ചില വ്രതങ്ങളും അന

ഷ്ടാനങ്ങളുമെടുത്ത് പശ്ചാത്താപം തോന്നിയെങ്കിലല്ലാതെ നിന്നെ നിഗ്രഹിച്ചിട്ടും ഫലമില്ലെന്നും നീ മരണശിക്ഷക്ക് വിധിക്കപ്പെട്ടവനാണ്. നാം നിൻെറ ആ വക അപരാധങ്ങളെല്ലാം ഇപ്പോൾ മാപ്പു തന്നിരിക്കുന്നു. എന്നാൽ നീ മൂന്നു കൊല്ലക്കാലം ഈ മഹാക്ഷേത്രത്തിൽ തന്നെ ഈശ്വരഭജനം ചെയ്തു പാർത്ത് ഭാവിജീവിതമെങ്കിലും അന്യൎക്കുപകാരപ്രദമാക്കിത്തീൎക്കുവാൻ ശ്രമിക്ക്. നമ്പൂതിരി, ഇവന്ന് വേണ്ട ഉപദേശങ്ങളെല്ലാം അങ്ങുകൊടുത്ത് ഇവനെ നന്നാക്കണം. ആ തലമൂടിയ പുള്ളി ഏതാണ്?

കൊത്തു:—"ഇത് അടിയൻ രക്ഷിച്ചമറെറാരു തടവുപുള്ളിയാണ്. ഇവനെ ഗോവിന്ദൻകുട്ടിയുടെ തലപോയപ്പോൾ നിഗ്രഹിക്കേണ്ടതായിരുന്നു. ഇവൻ ഗോവിന്ദൻകുട്ടിതന്നെയാണോ എന്നു തോന്നിക്കും പോലെ അത്രഛായയുണ്ട്" എന്നും പറഞ്ഞ് മുഖത്തെ മറനീക്കി.

തമ്പു:—(ഉണിച്ചിരിക്കുട്ടിയോട്) ഇവൻ നിൻെറ ജ്യേഷ്ഠനെപ്പോലെ തോന്നപ്പെടുന്നുണ്ടെങ്കിൽ, അവന്ന് വേണ്ടി ഇവന്ന് മാപ്പു കൊടുത്തിരിക്കുന്നു. (എല്ലാവരും അന്ധാളിക്കുന്നു. തമ്പുരാൻ പരിഭ്രമിക്കുന്ന ഉണിച്ചിരക്കുട്ടിയോടു) ഇനി സുന്ദരിയായ നീ നിൻെറ പാണി നമ്മുടേതിലൎപ്പിച്ച്, നീ നമ്മുടേതായിരിക്കുമെന്ന് പറകയും വേണം. എന്നാൽ ഇവൻ എൻേറയും സോദരനായി. അതെല്ലാം നമുക്കിനി സാവകാശത്തിലാവാം. ഇതു കണ്ട് പരമേശ്വരൻ ഇപ്പോൾ രക്ഷപ്പെട്ടുവെന്ന് വിചാരിക്കുന്നു! അതാ, അവൻെറ കണ്ണിൽ ഒരു ചൈതന്യമുദി

ച്ചപോലെ നമുക്ക് തോന്നുന്നു! പരമേശ്വരാ, നിന്റെ ദോഷമെല്ലാം നിന്നെ വേർപിരിഞ്ഞിരിക്കുന്നു. നിന്റെ പത്നിയെ നീ നല്ലവണ്ണം പരിപാലിച്ചുകൊൾക. അവളാണ് നിന്നെ സംരക്ഷിച്ചത്. ഇന്നേദിനം നമുക്ക് ഒരു മാപ്പുനല്കുന്ന ദിനമായിരിക്കുന്നുവെങ്കിലും, ഒരുവൻ മാത്രമുണ്ട് നമുക്ക് ഒരു വിധത്തിലാലോചിച്ചാലുംമാപ്പു നല്കാൻ വയ്യാത്തവനായിട്ട്. (കേശവൻനായരോട്) എടോ, നമ്മെ ഒരു വിഡ്ഢിയായും, ഭീരുവായും, ആഡംബരഭ്രമക്കാരനായും, ഒരു കഴുതയായും, ഒരു ഭ്രാന്തനായുമെല്ലാം അറിഞ്ഞ്, നമ്മോട് പരിചയം നടിച്ചിന്നവനെവിടെ! നിന്റെ ഇത്തരം സ്തുതികൾക്ക് നാമെങ്ങിനെ അർഹനായി?

കേ. നാ:—തിരുമേനി. സത്യമായിട്ട് അടിയൻ അങ്ങിനെ അടിയന്റെ പതിവുപോലെ, ഒരു സൂത്രത്തിൽപറഞ്ഞുവിട്ടതാണ്. അല്ലാതെ ഒരു കാരണവുമുണ്ടായിട്ടല്ല. അതിന്നിവിടുന്ന് അടിയന്റെ കഴുത്ത് വെട്ടുന്നുവെങ്കിൽ അങ്ങിനെ ചെയ്യാം. അല്ല കൊരടാവ് കൊണ്ട് അടിക്കാനാണിവിടുത്തെ ഇഷ്ടമെങ്കിൽ അതുംചെയ്യാം.

തമ്പു:—ആദ്യം കൊരടാവുകൊണ്ടടിക്ക. എന്നിട്ട് കഴുത്തു വെട്ടുക. കൊത്തുവാൾ, ഈനാട്ടിലൊക്കെ ചെണ്ടകൊട്ടിയറിയിക്കണം: ഈ കാമഭ്രാന്തൻ വല്ല സ്ത്രീകളേയും വഞ്ചിച്ചിട്ടുണ്ടോ എന്ന്. അവൻതന്നെ ഒരിക്കൽ ശപഥം ചെയ്തു പറകയുണ്ടായി, അവൻ അനാഥമായി ഒരുവൾക്ക് ഒരു സന്താനമുണ്ടാക്കിയിരിക്കുന്നുവെന്ന്. അവൾ നമ്മുടെ മുമ്പാകെ ഹാജരായാൽ ഇവൻ അവ

ളെ പരസ്യമായി വിവാഹംചെയ്യണം. ആ ക്രിയ കഴിഞ്ഞാൽ അവനെ കൊരടാവുകൊണ്ടടിച്ചു ഒടുവിൽ തല വിശ്ശുകയും വേണം.

കേ. നാ:—അടിയനെക്കൊണ്ട് ഒരു കുലടയെ വേൾപ്പിക്കരുതെന്ന് അടിയൻ ഇവിടുത്തോടപേക്ഷിക്കുന്നു. ഇവിടുന്ന് തന്നെ അല്പംമുമ്പു ദയചെയ്ത് അരുളിച്ചെയ്തില്ലേ, അടിയനൊരു തമ്പുരാനെ സൃഷ്ടിച്ചുവെന്ന്? അതിന്നുപകരം ഇവിടുന്ന് അടിയനെക്കൊണ്ടു ഒരു കോമാളി കെട്ടിക്കരുതേ!

തമ്പു:—തീർച്ചയായും നീ അവളെ വിവാഹം ചെയ്യണമെന്ന് നാം ആജ്ഞാപിക്കുന്നു. നിന്റെ രാജദൂഷണമെല്ലാം നാം ക്ഷമിച്ചിരിക്കുന്നു. ആ കുററത്തിന്നു കണ്ടുകെട്ടേണ്ടുന്ന നിന്റെ സ്വത്തുക്കളെല്ലാം നാം നിനക്കായി വിട്ടുതന്നിരിക്കുന്നു. ആരവിടെ? അവളെ അന്വേഷിച്ചിവനെക്കൊണ്ടു പരസ്യമായി വിവാഹം ചെയ്യിക്കുന്നതുവരെ ഇവനെ ബന്ധനത്തിൽ പാർപ്പിക്കണം എന്നു നാം ആജ്ഞാപിക്കുന്നു.

കേ. നാ:—ഒരു വ്യഭിചാരിണിയെ വിവാഹം ചെയ്യിക്കുന്നതുകൊണ്ടുതന്നെ കൊല്ലാക്കൊല ചെയ്തുകഴിഞ്ഞു!

തമ്പു:—ഒരു രാജാവിനെ ദൂഷിച്ചതിന്ന് നീ ആ ശിക്ഷ അർഹിക്കുന്നുണ്ട്. ഇതുകേട്ട ഭടന്മാർ കേശവൻനായരേയുംകൊണ്ട് യാത്രയായി.

ഇങ്ങിനെ എല്ലാവരേയും സമാധാനപ്പെടുത്തി തമ്പുരാൻ അവസാനം (ഗോവിന്ദൻകിട്ടുയോട്) “നീ വിവാഹത്തിന്നു നിശ്ചയിച്ച വധുവുമായുള്ള ബന്ധം ക്ഷണത്തി

ൽ ദൃഢപ്പെടുത്തി അവളെ അവമാനത്തിൽ നിന്ന രക്ഷിക്കണം. മാധവിക്കുട്ടി, നിനക്കും സന്തോഷമായില്ലേ? പരമേശ്വരാ' നീ അവളെ നന്നായി സ്നേഹിക്കണം. അവളുടെ സ്വഭാവൌൽകൃഷ്ട്യത്തെ നാം പരീക്ഷിച്ചറിഞ്ഞിരിക്കുന്നു. ഹാ! സ്നേഹിതാ മങ്ങാടൻ! താങ്കളുടെ ഔൽകൃഷ്ട്യത്തിന്ന് നാം നന്ദി പറയുന്നു. പുറമേപ്രദൎശിപ്പിക്കുന്നതിലും അധികം നന്ദി നമുക്കുള്ളിലുണ്ട്. കൊത്തുവാൾ, നിന്റെ കൃത്യനിഷ്ഠക്കും, മന്ത്രഗോപത്തിന്നുമായി നാം നിനക്കു ഇതിലും ഉയൎന്ന പടിയിലുള്ള ഒരു ഉദ്യോഗം ഉടനെ തരുന്നതാണ്. (പാറനമ്പിയോട്) അന്നുരാത്രി മരിച്ച മററൊരു തടവുപുള്ളിയുടെ തല ഗോവിന്ദൻകുട്ടിയുടേതാണെന്നു പറഞ്ഞു നിന്നെ കാണിച്ചതിന്നു പരമേശ്വരാ! ഇവന്ന് മാപ്പുകൊടുക്കണം. എന്റെ ഏററവും പ്രിയപ്പെട്ട ഇട്ടിശ്രീദേവി! ഭവതിക്കു ഇതിലെല്ലാരിലും ഉപരിയായ ഒരു സ്ഥാനം എന്റെ ഹൃദയത്തിലുണ്ട്. അതിനാൽ ഭവതി അനുവദിക്കുന്നപക്ഷം, എന്റെ സൎവ്വസ്വവും ഭവതിക്കായും, ഭവതിയുടെ സൎവ്വസ്വവും എനിക്കായും എന്ന വിധം നമ്മുടെ നേത്യാരമ്മസ്ഥാനം കൈക്കൊണ്ട് ഭവതി നമ്മെ കൃതകൃത്യനാക്കേണമെന്നൊരപേക്ഷയേ എനിക്കുള്ളു. അതിനാൽ ആരവിടെ? അമ്പാരി കൊണ്ടുവരട്ടെ.

എന്നും കല്പിച്ച് താൻ മുമ്പിൽക്കൂട്ടി എഴുതിയറിയിച്ചിരുന്ന ഘോഷയാത്രക്കൊരുങ്ങി.

* * * * * *

ഈ തമ്പുരാന്റെ ശേഷം ഭാഗം കഥകളും മററും കേരളചരിത്രത്തിലോ, സാമൂതിരിരാജാക്കന്മാരുടെ ചരി

ത്രത്തിലോ, നോക്കി അറിഞ്ഞുകൊള്ളുക. എന്നാൽ 769 കുംഭത്തിൽ അവിടുന്നു നേത്യാരമ്മയെ സ്വീകരിച്ചിരിക്കുന്നുവെന്നും, അവക്ക് തൽസ്ഥാനചിഹ്നമായ കുത്ത് വിളക്ക് കല്പിച്ചു കൊടുത്തിരിക്കുന്നുവെന്നും മററും വിശ്വാസയോഗ്യമായ പഴയ ലക്ഷ്യങ്ങളിൽ നിന്നറിവാൻ കഴിഞ്ഞിട്ടുണ്ടെന്നുകൂടി പറഞ്ഞുകൊള്ളട്ടെ.

ശുഭം.

---

# ഈ ഗ്രന്ഥകൎത്താവിൻെറ മററു പുസ്തകങ്ങൾ.

| | |
|---|---|
| പത്മാവതി (ഒരു സാമുദായികാഖ്യായിക) | 1—8—0 |
| ടി. S. S. L. C. പരീക്ഷക്കായി സംഗ്രഹിച്ചത് | 1—0—0 |
| മനോഹരകഥകൾ (അഞ്ചെണ്ണംകൂടി) ... (വെവ്വേറെ) | 1—0—0 |
| കാലം കഴിഞ്ഞ കത്ത് ... ... ... | 0—4—0 |
| നാടകത്തിൽ നിന്ന് ലോകത്തിലേക്ക് .... | 0—3—0 |
| വിട്ടത്തി ചുററിച്ചു ... ... ... | 0—4—0 |
| കള്ളി മുട്ടിയാൽ കമനി ... ... | 0—4—0 |
| ഒരു വേഷപ്പകൎച്ച (Selected for the S. S. L. C, in 1927.) ... | 0—5—0 |
| **രസികൻ കഥാവലി.** | |
| I പ്ലോട്ടുണ്ടാക്കിക്കൊടുത്തു ... ... | 0—4—0 |
| II മൂന്നാം പ്രാഭവം ... ... ... | 0—6—0 |
| കിട്ടമ്മാമൻെറ കൈനേട്ടം (Selected for the S. S. L. C. Examination in 1930.) ... | 0—2—6 |
| **സൽക്കഥാ സഞ്ചിക:** | |
| മംഗളാന്തം ശുഭം സൎവ്വം. അഥവാ, നാഥനെ നേടിയ നാരി ... | 0—8—0 |
| അരണ്യപ്രേമം ... ... ... ... | 0—8—0 |
| ശ്രീദേവി രാഘവം ... ... ... | 0-12—0 |
| വിക്രമ നീതി ... ... ... ... | 0-12—0 |
| വ്യഥാ വിഷമം ... ... ... ... | 0-12—0 |

മാനേജർ.
സൽക്കഥാ സഞ്ചിക,
കുമരനല്ലൂർ, (*S. Malabar.*)

17 DEC 1962

MUL
066853